യാണ് ശുപാർശ ചെയ്യുന്നത്, "മേൽപദ്ധതി പ്രകാരം ധനസഹായം ലഭിച്ചിട്ടുള്ള ഗുണഭോക്താക്കൾ വളരെ പാവപ്പെട്ടവരാണ്. വായ്പ നൽകിയ തുക വീടു നിർമ്മിക്കുന്നതിനുതന്നെ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ തിരികെ അടയ്ക്കാനുള്ള തുക എഴുതിത്തള്ളുന്നതിൽ അപാകതയില്ല. എന്നാൽ മനഃപൂർവ്വം ലോൺ തുക തിരികെ അടയ്ക്കാതെ സർക്കാർ ധനസഹായം ദുരുപയോഗം ചെയ്തിട്ടുണ്ടെങ്കിൽ അവരുടെമേൽ നടപടിയെടുക്കേണ്ടതുണ്ട്." അവർക്ക് അനുകൂലമായ ഒരു റിപ്പോർട്ടാണ്. വീടിനുവേണ്ടിയാണ് യഥാർത്ഥത്തിൽ തുക ഉപയോഗിച്ചിട്ടുള്ളതെങ്കിൽ എഴുതിത്തള്ളണമെന്നാണ് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ശുപാർശ. ഈ വിഷയം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. അതുസംബന്ധിച്ച് ഏറെ താമസിക്കാതെ തീരുമാനമെടുക്കുന്നതാണ്.

VI. റിപ്പോർട്ട് സമർപ്പണം

1999-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : X-ാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ 1999-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

VII. നിയമ നിർമ്മാണകാര്യം

1999-ലെ കേരള ധനകാര്യബിൽ[+]

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 1999-ലെ കേരള ധനകാര്യബിൽ[+] സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : 'ബിൽ' പൊതുജനാഭിപ്രായം ആരായുന്നതിനായി 31.8.1999 വരെ സർക്കുലേറ്റു ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം.പി. വർഗ്ഗീസ് : 'ബിൽ' ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി : സർ, ഞാൻ ഈ ധനകാര്യബില്ലിനെ എതിർക്കുകയാണ്. അങ്ങ് അവതരിപ്പിച്ചിരിക്കുന്ന ഈ ധനകാര്യബില്ലിൽ, അങ്ങ് ബഡ്ജറ്റു പ്രസംഗത്തിൽ മുന്നോട്ടുവച്ച നികുതി നിർദ്ദേശങ്ങളാണ് അടങ്ങിയിരിക്കുന്നത്. പ്രധാനമായും അഞ്ച് മൂലനിയമങ്ങളിലുള്ള മാറ്റങ്ങളാണ് ഇന്ന് ഈ സഭയുടെ മുമ്പാകെ അവതരിപ്പിച്ചിരിക്കുന്നത്. ഒരു വ്യാമോഹം മാത്രമാണിത്. ഈ

[+] അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അഞ്ച് നിയമങ്ങളിലും വരുത്തുന്ന മാറ്റങ്ങളിലൂടെ നമ്മുടെ സംസ്ഥാനത്ത് റവന്യൂ വരുമാനം വർദ്ധിപ്പിച്ച് സംസ്ഥാനത്തെ സാമ്പത്തികമായി കരകയറ്റാമെന്ന അങ്ങയുടെ മോഹം വെറും വ്യാമോഹം മാത്രമാണെന്ന് ഞാൻ ചൂണ്ടിക്കാണിക്കുന്നു. സെയിൽസ് ടാക്സ് കളക്ഷൻ ഉൾപ്പെടെ നികുതിപിരിവുകളിൽ വരുമാനത്തിന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 1996 മുതൽ ഒരു ഡിക്ലൈൻ നേരിടുന്ന സംസ്ഥാനമാണ് നമ്മുടേത്. സെയിൽസ് ടാക്സ്-അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് ഇനങ്ങളിൽ നികുതി പിരിച്ചെടുക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് പിന്നോട്ടുപോയി. ബഡ്ജറ്റ് എസ്റ്റിമേറ്റ് മാത്രമല്ല ഞങ്ങളറിയാതെ, പൊതുജനങ്ങളറിയാതെ അങ്ങ് ഡിപ്പാർട്ടുമെന്റുകൾക്ക് കൊടുത്ത, സെയിൽസ് ടാക്സ് അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെന്റുകൾക്ക് കൊടുത്ത ഡിപ്പാർട്ടുമെന്റ് തലത്തിലുള്ള ടാർജറ്റ്പോലും അച്ചീവ് ചെയ്യാൻ കഴിഞ്ഞിട്ടില്ല എന്ന് കഴിഞ്ഞ ദിവസത്തെ ചർച്ചകളിൽ ഈ ഭാഗത്തുള്ള എല്ലാവരും ചൂണ്ടിക്കാണിച്ചു. അതുകൊണ്ടാണ് ഞാൻ ഈ ബില്ലിലെ നികുതിനിർദ്ദേശങ്ങളെ എതിർക്കുന്നത്. ടാക്സ് കളക്ഷനിൽ ഡിക്ലൈൻ സംഭവിച്ചത് കഴിഞ്ഞ മൂന്ന് വർഷക്കാലമാണ്. ഏറ്റവും ഒടുവിൽ അതിന്റെ പരമകാഷ്ഠയിൽ എത്തിയത് കഴിഞ്ഞ സാമ്പത്തികവർഷമാണ്. ഈ വർഷം അതിൽ നിന്ന് കരകയറാനുള്ള മോഹത്തോടെയാണ് ഈ ധനകാര്യ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതെങ്കിൽ ഇത് പാഴ്വേലയാണ്. അങ്ങയുടെ മോഹം വെറും വ്യാമോഹം മാത്രമാണ്. ഞാൻ സർച്ചാർജിലേയ്ക്കോ കാർഷികാദായ നികുതിയിലേയ്ക്കോ പ്രവേശന നികുതിയിലേക്കോ ഒന്നും കടക്കാൻ ആഗ്രഹിക്കുന്നില്ല. അതിലൊന്നും അങ്ങയുടെ മോഹങ്ങൾ പൂവണിയാൻ പോകുന്നില്ല എന്ന് ഞാൻ നേരത്തേ ചൂണ്ടിക്കാണിച്ചു. നമ്മുടെ ടാക്സ് വരുമാനത്തിന്റെ സിംഹഭാഗവും സംഭാവന ചെയ്യുന്ന 1963-ലെ ജനറൽ സെയിൽസ് ടാക്സ് ആക്ടിൽ അങ്ങു കൊണ്ടുവന്നിരിക്കുന്ന ഭേദഗതിയെക്കുറിച്ചുതന്നെയാണ് ഈ സഭയുടേയും അങ്ങയുടേയും ശ്രദ്ധക്ഷണിക്കുന്നത്. അങ്ങ് അപ്പലേറ്റ് ട്രൈബ്യൂണലിൽ ഒരു ജുഡീഷ്യൽ അംഗത്തെ വയ്ക്കുമെന്ന് ഈ ധനകാര്യ ബില്ലിലെ 3-ാം വകുപ്പിലെ സബ് ക്ലാസ്സ് 1-ൽ പറഞ്ഞിരിക്കുന്നു. ജുഡീഷ്യൽ അംഗം എന്ന ആ നിർദ്ദേശത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. നിശ്ചയമായും ട്രൈബ്യൂണലിൽ ഒരു ജുഡീഷ്യൽ അംഗം വന്നാൽ ഡിസിഷന്റെ മെരിറ്റിന് അത് വളരെയേറെ സഹായകരമാകും എന്ന കാര്യത്തിൽ സംശയമില്ല. അതിൽ എനിക്ക് അങ്ങയോട് നിർദ്ദേശിക്കാനുള്ളത് അതൊരു പൊളിറ്റിക്കൽ അപ്പോയിന്റുമെന്റ് ആകാതിരിക്കാൻ ആവശ്യമായ വകുപ്പുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനാവേളയിലെങ്കിലും ഈ ബില്ലിൽ ഉൾപ്പെടുത്തണമെന്നാണ്. ജുഡീഷ്യൽ അംഗമാകുമ്പോൾ ഹൈക്കോടതിയോടു ചോദിച്ചിട്ടുവേണം നിയമനം നടത്താൻ. അതാണ് എന്റെ ഒരു ഭേദഗതി നിർദ്ദേശം. ക്ലാസ്സ്-3, സബ്ക്ലാസ്സ്-2-ൽ പറഞ്ഞിരിക്കുന്നത് എന്താണ്? സംസ്ഥാനത്ത് ലേലത്തിൽ വിൽക്കപ്പെട്ടതും,- തേയിലയാണ് ലേലത്തിൽ വിൽക്കപ്പെടാറുള്ളത്- അത് ഫസ്റ്റ് പോയിന്റ് ടാക്സ് അടക്കം ഇംപോസ് ചെയ്യുമ്പോൾ 'ലേലത്തിൽ വിൽക്കപ്പെട്ടതും' എന്ന വാക്കുകൾ എന്തിനാണ് വിട്ടുകളഞ്ഞത്? തേയില ലേലത്തിലാണല്ലോ വിൽക്കുന്നത്. ദുരുദ്ദേശപരമായി ഡെലീറ്റു ചെയ്യാൻ ശ്രമിക്കുന്ന ഒരു കാര്യമായി ഞാൻ അതിനെ കാണുകയാണ്. അതു ദുരുദ്ദേശപരമാണ്. 'ലേലത്തിൽ വിൽക്കപ്പെട്ടതും' എന്നത് ഒഴിവാക്കിക്കൊണ്ടുള്ള ഭേദഗതി പിൻവലിക്കണം എന്നാണ് എന്റെ അഭ്യർത്ഥന. ഇനി മൂല നിയമത്തിലെ 7-ാം വകുപ്പിൽ വരുത്തിയിരിക്കുന്ന മാറ്റമാണ്. മൂലനിയമത്തിൽ 7-ാം വകുപ്പിൽ നടത്തിയിരിക്കുന്നത് ഏറ്റവും വലിയ

LIBRARY ARCHIVES Kerala Legislative Assembly

കള്ളക്കളിയാണ്. മൂല നിയമത്തിൽ പറയുന്ന ഭേദഗതി അനുസരിച്ച് സ്വർണ്ണ വ്യാപാരികൾക്ക് പുതിയ ശാഖകളിൽ കോമ്പൗണ്ട് ചെയ്യാനുള്ള അധികാര മുണ്ട്, അവകാശമുണ്ട്. 120 ശതമാനം കോമ്പൗണ്ട് ചെയ്യാം. പക്ഷെ സ്വർണ്ണ വ്യാപാരികൾ പുതിയ ശാഖകൾ തുടങ്ങുമ്പോൾ, പുതിയ വ്യാപാര സ്ഥാപന ങ്ങൾ തുടങ്ങുമ്പോൾ കോമ്പൗണ്ടു ചെയ്യുന്ന ടാക്സിന്റെ 25 ശതമാനം അട ച്ചാൽ മതി എന്നുപറഞ്ഞാൽ നികുതിവർദ്ധനവിനുവേണ്ടി, സംസ്ഥാനത്തിന്റെ സാമ്പത്തിക വരുമാനം വർദ്ധിപ്പിക്കാൻവേണ്ടി അങ്ങ് കൊണ്ടുവന്നിരിക്കുന്ന ഈ ധനകാര്യബില്ലിൽ ഒളിച്ചുവച്ചിരിക്കുന്നത് കേരളത്തിലെ സ്വർണ്ണ കച്ചവട ക്കാർക്ക് കോടിക്കണക്കിനു രൂപ കൊള്ളയടിക്കാനുള്ള അവസരമാണ് ചെറിയ പട്ടണങ്ങളിൽ, മാവേലിക്കര, പന്തളം അല്ലെങ്കിൽ കിളിമാനൂർ പോലെ യുള്ള സ്ഥലങ്ങളിൽ ഹെഡ് ഓഫീസുള്ള സ്വർണ്ണ വ്യാപാരി തിരുവനന്തപുരം നഗരത്തിലോ കൊല്ലത്തോ എറണാകുളത്തോ കോഴിക്കോട്ടോ അതുപോലെ യുള്ള വൻകിടനഗരത്തിൽ ഒരു ബ്രാഞ്ച് തുടങ്ങിയാൽ കിളിമാനൂരിലെ അല്ലെ ങ്കിൽ മാവേലിക്കരയിലെ ഹെഡ് ഓഫീസിൽ ലാസ്റ്റ് ഇയറിലെ വിൽപ്പനനികു തിയുടെ കോമ്പൗണ്ട് ചെയ്ത 120 ശതമാനത്തിന്റെ 25 ശതമാനം നൽകിയാൽ മതി എന്നുപറഞ്ഞാൽ അവിടെ വേറെ ഒരു കള്ളക്കളി കൂടിയുണ്ട്. പ്രഥമ വർഷത്തെ മാത്രമേ 25 ശതമാനം പറയുന്നുള്ളൂ. പ്രഥമവർഷം സെയിൽസിനും പർച്ചേസിനുമുള്ള ടാക്സാണ് 25 ശതമാനം എന്ന് നിജപ്പെടു ത്തിയിരിക്കുന്നത്. അമ്പതു കിലോ സ്വർണ്ണം അല്ലെങ്കിൽ നൂറു കിലോ സ്വർണ്ണം ആദ്യത്തെ വർഷംതന്നെ വാങ്ങി വയ്ക്കുന്നു എന്നിരിക്കട്ടെ. ഗവൺമെന്റിനു കിട്ടേണ്ട കോടിക്കണക്കിനു രൂപയാണ് അങ്ങ് ഈ നികുതി നിർദ്ദേശത്തിലൂടെ. ഈ ഭേദഗതിയിലൂടെ സംസ്ഥാന ഖജനാവിന് നഷ്ടപ്പെടു ത്തുന്നത് എന്ന കാര്യം വിസ്മരിക്കരുത്. അതുകൊണ്ട് ഒരു ബ്രാഞ്ചിൽ വലിയ വിൽപ്പന നടക്കും. വ്യാപാരികളെ ആശ്വസിപ്പിക്കാനുതകുന്ന നടപടി എന്ന നിലയിൽ ബ്രാഞ്ചുകൾക്ക് കോമ്പൗണ്ടഡ് ടാക്സിന്റെ 25 ശതമാനം എന്നുപറഞ്ഞുകൊണ്ട് വളരെ ലളിതമായ ഒരു നികുതിനിർദ്ദേശം സമർപ്പിക്കു മ്പോൾ അത് ഭീമമായ നഷ്ടം ഈ സംസ്ഥാനത്തിന് വരുത്തിവയ്ക്കും എന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. അത് അപ്രായോഗികമായ ഒരു കാര്യമാണ്. ഈ ക്ലാസ്സിൽത്തന്നെ പറയുന്നു, കോമ്പൗണ്ട് ചെയ്തവർ പ്രതിമാസം റിട്ടേൺ സമർപ്പിക്കണം എന്ന്. അങ്ങനെ റിട്ടേൺ സമർപ്പിക്കുമ്പോൾ യഥാർത്ഥത്തിൽ കൂടുതൽ നികുതിയുണ്ടെങ്കിൽ ആ അധിക നികുതി പ്രതിമാസ റിട്ടേണിനോ ടൊപ്പം നൽകേണ്ടതാണെന്നാണ് അങ്ങ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിരി ക്കുന്നത്. അത് നടക്കുന്ന കാര്യമാണോ? കോമ്പൗണ്ട് ചെയ്തുകഴിഞ്ഞാൽ പ്രതിമാസ റിട്ടേണിനോടൊപ്പം ഇനി അധിക നികുതി പിരിച്ചെടുത്തിട്ടുണ്ട ങ്കിൽത്തന്നെ ആ നികുതി അവർ കണക്കിൽ കാണിക്കുമോ? അവർ അധിക നികുതി റിട്ടേൺ സമർപ്പിക്കുമോ? അവർ അത് മറച്ചുവച്ചാൽ അത് കണ്ട ത്താനുള്ള എന്തെങ്കിലും സംവിധാനം ഇപ്പോൾ അങ്ങയുടെ കയ്യിലുണ്ടോ? ഇല്ല. അത് പ്രായോഗികമല്ലാത്ത, യാഥാർത്ഥ്യബോധമില്ലാത്ത ഒരു നിയമ ഭേദ ഗതിയാണ്. അത് നടപ്പിലാകാൻ പോകുന്നില്ല. ഇവിടെ കരാർ പണിക്കാർ കോമ്പൗണ്ട് ചെയ്യുമ്പോൾ രണ്ട് ശതമാനം സെയിൽസ് ടാക്സ് അടയ്ക്കുന്നു. റെയിൽവേ ട്രാക്ക്, കടൽഭിത്തി തുടങ്ങിയവയുടെ വർക്ക് കോൺട്രാക്ടുകൂടി ഇതിനകത്ത് ഉൾപ്പെടുത്തിയതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. പക്ഷേ അത് പറയുമ്പോൾ ഞാൻ ഒരു കാര്യം ചൂണ്ടിക്കാണിക്കുന്നു. അങ്ങ് ഒരു വലിയ തുകയാണ് ഇതിൽനിന്നും പ്രതീക്ഷിക്കുന്നത്. 1976 മുതൽ, ഭരണഘടനാ ഭേദ ഗതിയോടെ ഇന്ത്യ മുഴുവൻ നടപ്പിലാക്കിയ ഒരു പുതിയ നികുതിനിർദ്ദേശമാ

LIBRARY ARCHIVES Kerala Legislative Assembly

ണിത്. കോൺട്രാക്ട് വർക്കുകൾകൂടി, കരാറുകാരെക്കൂടി ഇതിനകത്ത് ഉൾപ്പെടുത്തിയിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തിന് കിട്ടേണ്ട പെന്റിംഗ് അസസ്മെന്റ് ഏറ്റവും കൂടുതലുള്ളത് കരാർരംഗത്താണ്. അത് നടപ്പിലാക്കാൻ ഓരോ ജില്ലയിലും ഓരോ അസ്സസിംഗ് അതോറിറ്റിയെ അങ്ങ് കൊടുത്തിട്ടുണ്ട്. പക്ഷേ ഇന്നത്തെ അഡ്മിനിസ്ട്രേറ്റീവ് സംവിധാനം ഉപയോഗിച്ച് കോൺട്രാക്ടർമാരുടെ സെയിൽസ്ടാക്സ് ചുമത്തിത്തീർക്കാൻ ഈ ഭേദഗതി കൊണ്ട് നടക്കുമോ? ഇന്നത്തെ സംവിധാനംവച്ച് നടക്കുമോ? അഡ്മിനിസ്ട്രേറ്റീവ് സംവിധാനം വിപുലീകരിച്ചാൽ മാത്രമേ അതിന് കഴിയൂ. ഞാൻ ഇതുമായി ബന്ധപ്പെട്ട് പറയുന്നുവെന്ന് മാത്രമേയുള്ളൂ. ഇപ്പോൾ അങ്ങ് കൊണ്ടുവന്നിരിക്കുന്ന ഭേദഗതിയനുസരിച്ച് 1999 ഡിസംബർ 31-ന് മുമ്പായി റിട്ടേൺ ഫയൽ ചെയ്ത് നികുതിയടയ്ക്കണമെന്ന് പറയുന്നത് നടപ്പിലാകാൻ പോകുന്നില്ല. രജിസ്ട്രേഷൻ ഫീസും ആക്ട് പ്രകാരമുള്ള നികുതിയും പലിശയും നൽകേണ്ടതില്ലെന്നാണ് അങ്ങ് ഈ ഭേദഗതിയിലൂടെ വ്യവസ്ഥ ചെയ്തിരിക്കുന്നത്. അത് പ്രാവർത്തികമാവുകയില്ല. 1999 ഏപ്രിൽ 1-വരെയുള്ള വർക്ക് കോൺട്രാക്ടേഴ്സിനാണ് ഡിസംബർ 31 വരെ സമയം കൊടുത്തിരിക്കുന്നത്. അത് പ്രാവർത്തികമാകാൻ പോകുന്നില്ല. ഈ വർക്ക് കോൺട്രാക്ടേഴ്സിന്റെ അസസ്മെന്റിന്റെ കാര്യം പറയുമ്പോൾ അങ്ങ് കാഷ്വൽ ട്രേഡേഴ്സിന് ആയിരം രൂപ രജിസ്ട്രേഷൻ ഫീസ് നിർബന്ധമാക്കിയിരിക്കുന്നു. രജിസ്ട്രേഷൻ മാത്രം പോരല്ലോ. അസ്സസ്മെന്റിനും വരുമല്ലോ. ഒരു കോൺട്രാക്ട് വർക്ക് നടത്തുമ്പോൾ ഏതെങ്കിലും ഒരു ചെറിയ സാധനം കൊണ്ടുവന്ന് സപ്ലൈ ചെയ്തു എന്നതിന്റെ പേരിൽ വെറും പട്ടിണിക്കാരനായ കാഷ്വൽ ട്രേഡറെ രജിസ്ട്രേഷന് നിർബന്ധിക്കുകയും അസ്സസ് ചെയ്തുകൊണ്ട് ഹരാസ്മെന്റിനുള്ള അവസരം കൊടുക്കുകയും ചെയ്യുന്നത് ദ്രോഹകരമായ നിലപാടാണ്. ആ നിലപാട് ഉപേക്ഷിക്കണം. അതുപോലെ ക്ലാസ്സ് 7-ൽ പറയുന്ന അരിയർ ഡിമാന്റിനെക്കുറിച്ച് പറയാം. കോടിക്കണക്കിന് രൂപയുടെ അരിയർ ഡിമാന്റുണ്ട്. അങ്ങ് നിയമസഭയിൽ പറഞ്ഞതനുസരിച്ച് ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾതന്നെ 700 കോടി രൂപ സെയിൽസ് ടാക്സ് ഇനത്തിൽ നൽകാനുണ്ട്. അരിയർ ഡിമാന്റിന്റെ കാര്യത്തിൽ അങ്ങ് ഒരു Amnesty Scheme ആണ് പ്രഖ്യാപിച്ചിരിക്കുന്നത്. അത് നടപ്പിലാകുമോ? കൊല്ലം സ്പെഷ്യൽ സർക്കിളിൽ അങ്ങയുടെ കൂടി ഉത്തരവനുസരിച്ച് അരിയർ ഡിമാന്റുകൾ പരിശോധിക്കാനായി, ഫയലുകൾ കണ്ടെത്താനായി, ഭീമമായ തുക ഐഡന്റിഫൈ ചെയ്യാനായി ഒരു പരിശോധന നടത്തിയപ്പോൾ സെയിൽസ്ടാക്സ് ജീവനക്കാർതന്നെ അതിനെ എതിർത്തില്ലേ? കൊല്ലം സ്പെഷ്യൽ സർക്കിളിൽ കശുവണ്ടി മുതലാളിമാരുടേതുൾപ്പെടെ നൂറുകോടി രൂപയുടെ നികുതി കുടിശ്ശിക പെന്റിംഗിൽ കിടക്കുമ്പോൾ അത് ഐഡന്റിഫൈ ചെയ്യാൻ ശ്രമം നടത്തിയപ്പോൾ സെയിൽസ്ടാക്സിലെ ജീവനക്കാർതന്നെ എതിർത്തു. അങ്ങ് കോട്ടയ്ക്കലിൽ അസുഖമായി കിടന്നപ്പോൾ അവിടെ വന്ന് അങ്ങയുടെ ഉത്തരവ് വാങ്ങി ഇത് തടയാൻ ശ്രമിച്ചത് സെയിൽസ്ടാക്സ് ഡിപ്പാർട്ടുമെന്റിലുള്ളവർ തന്നെയാണ്. തിരുവനന്തപുരത്ത് പെർഫോർമൻസ് ആഡിറ്റ് നടത്തി. തിരുവനന്തപുരത്ത് മൂന്നാം സർക്കിളിലാണ് പെർഫോർമൻസ് ആഡിറ്റ് നടത്തിയത്. കൊല്ലത്ത് സ്പെഷ്യൽ സർക്കിളിൽ നടത്തിയതുപോലെ തിരുവനന്തപുരത്ത് മൂന്നാം സർക്കിളിൽ നടത്തി. അവിടെയും ജീവനക്കാർ എതിർത്തു. ഈ ജീവനക്കാരുടെ മനോഭാവം വച്ചുകൊണ്ട് ജീവനക്കാരും ടാക്സ് കൊടുക്കേണ്ട കച്ചവടക്കാരും തമ്മിൽ ഒത്തുകളി പ്രകാരം പൂഴ്ത്തിവച്ചിരുന്ന ഫയലുകൾ ഐഡന്റിഫൈ ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് അരിയർ ഡിമാന്റുകൾ പുറത്തുകൊണ്ടുവരാൻ അങ്ങ് എന്ത് Amnesty സ്കീം പ്രഖ്യാപിച്ചാലും അങ്ങ് ബഡ്ജറ്റ് പ്രസംഗത്തിൽ വിഭാവനം ചെയ്യുന്ന പൊതുമേഖലാസ്ഥാപനങ്ങളിലെ 700 കോടി രൂപയല്ല, 'Amnesty' സ്കീമിലൂടെ അങ്ങ് ലക്ഷ്യം വയ്ക്കുന്ന 200 കോടി രൂപയിൽ ഒരു പൈസ പോലും കൊല്ലം സർക്കിളിലേയും തിരുവനന്തപുരം മൂന്നാം സർക്കിളിലേയും അനുഭവം വച്ചുകൊണ്ട്, പിരിച്ചെടുക്കാൻ കഴിയുകയില്ല. സ്വകാര്യ കമ്പനികൾ ടാക്സ് വെട്ടിപ്പ് നടത്തുന്നത് തടയാൻ കൊണ്ടുവന്ന ഭേദഗതികളെ ഞാൻ സ്വാഗതം ചെയ്യുകയാണ്; നല്ല നടപടികളാണ്. അതോടൊപ്പം നൽകേണ്ട നികുതി വസ്തുവിൻമേൽ ചാർജ്ജ്ചെയ്യാനുള്ള നടപടിയേയും ഞാൻ സ്വാഗതം ചെയ്യുകയാണ്. സ്വർണ്ണ വ്യാപാരികൾക്ക് പർച്ചേസ് ടാക്സ് ഒരു ശതമാനമായിരുന്നത് അര ശതമാനമാക്കി കുറക്കേണ്ട കാര്യമില്ല. അത് ഒരു ശതമാനമാക്കിത്തന്നെ നിലനിറുത്തണമെന്നാണ് എന്റെ അഭിപ്രായം. തേങ്ങാ പിണ്ണാക്കിന്റെ നികുതി 3 ശതമാനം എന്നുള്ളത് 6 ശതമാനം ആക്കി വർദ്ധിപ്പിക്കേണ്ട കാര്യമുണ്ടോ? സാധാരണക്കാരനെ ബാധിക്കുന്നതല്ലേ അത്? അതു പോലെ അപ്പീൽ ഫീസ് ചെറുകിട വ്യാപാരികളെ ബാധിക്കുന്നതായതുകൊണ്ടാണ് 100 രൂപ 200 രൂപയാക്കിയതും ട്രിബ്യൂണൽ ഫീസ് 250 രൂപ എന്നത് 500 രൂപയാക്കിയതും ചെറുകിടക്കാർ എതിർക്കുന്ന ഒരു നടപടിയാണ്. അതും നാമമാത്രമായ ഒരു വർദ്ധനവാണ്. അത് ഉപേക്ഷിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ അങ്ങ് എസ്.ആർ.ഒ. പ്രകാരം എസ്.എസ്.ഐ. യൂണിറ്റുകൾക്ക് ഉണ്ടായിരുന്ന 4 ശതമാനം നികുതി 6 ശതമാനം ആയി വർദ്ധിപ്പിച്ച നടപടി എസ്.എസ്.ഐ. യൂണിറ്റുകളുടെ നട്ടെല്ലൊടിക്കുന്നതാണ്. അത് പിൻവലിക്കണം. 3-ാം പട്ടിക totally tax exempted items -നെ സംബന്ധിച്ചുള്ളതാണ്. സെൻട്രൽ എക്സൈസ് താരിഫ് ആക്ടനുസരിച്ചുള്ള സാധനങ്ങളാണ് അതിനകത്ത് അങ്ങ് ചൂണ്ടിക്കാണിക്കുന്നത്. ടാക്സ് പിരിക്കുന്ന അസ്സസ്സിംഗ് ഉദ്യോഗസ്ഥൻമാർക്കുപോലും അത് എന്താണെന്ന് അറിയില്ല. അത് എന്ത് സാധനമാണെന്ന് പിരിക്കുന്ന സെയിൽസ്ടാക്സ് ഉദ്യോഗസ്ഥന് അറിയില്ല, വ്യാപാരിക്കറിയില്ല, നാട്ടുകാർക്ക് അറിയില്ല. അത് എന്താണെന്നത് സുതാര്യമാക്കണം. സാധനങ്ങളുടെ പേര് പ്രഖ്യാപിക്കണം. ഇവിടെ അപ്പീലിൽ കിടക്കുന്ന ഡിസ്പ്യൂട്ട് കേസ്സുകൾക്ക് ഒരു ഇളവ് അനുവദിച്ചുകൊണ്ട് ഡെപ്യൂട്ടി കമ്മീഷണറുടെ അടുത്താണെങ്കിലും അസിസ്റ്റന്റ് കമ്മീഷണറുടെ അടുത്താണെങ്കിലും, ട്രൈബ്യൂണലുകളിൽ ആണെങ്കിലും, ഹൈക്കോടതിയിലാണെങ്കിലും പെൻഡിംഗിൽ കിടക്കുന്ന കേസ്സുകൾക്ക് ഒരു സ്കീം പ്രഖ്യാപിച്ച്, പലിശ ഇളവ് പ്രഖ്യാപിച്ച് ആ കേസ്സുകൾ ഡിസ്പോസ് ചെയ്യാൻ ശ്രമിക്കണം. കെ.ജി.എസ്.ടി. ആക്ടിലെ 10-ാം വകുപ്പ് അനുസരിച്ച് കാലാകാലങ്ങളിൽ നികുതി കൂട്ടുകയും കുറയ്ക്കുകയും ചെയ്യുന്നത് ആളുകൾ അറിയുന്നില്ല, ഉദ്യോഗസ്ഥർ അറിയുന്നില്ല, കച്ചവടക്കാർ അറിയിക്കുന്നില്ല, നാട്ടുകാർ അറിയുന്നില്ല. ഇതെല്ലാം ക്രോഡീകരിക്കുന്നതിന് 1993-ൽ ശ്രീ. ഉമ്മൻ ചാണ്ടി ഒരു ശ്രമം നടത്തിയതാണ്. വീണ്ടും അത് മാറ്റിമറിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അത് ക്രോഡീകരിക്കാനുള്ള നോട്ടിഫിക്കേഷൻ ഇറക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ നികുതി നിർദ്ദേശങ്ങളെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. സി.പി. ബാലൻ വൈദ്യർ</u> : സർ, ഈ ധനകാര്യ ബില്ലിൽ അവതരിപ്പിച്ചിട്ടുള്ള നികുതി നിർദ്ദേശങ്ങളേയും നടപടികളേയും ഞാൻ സ്വാഗതം ചെയ്യുകയാണ്. നമ്മുടെ രാജ്യം അതീവ ഗുരുതരമായ ഒരു സാമ്പത്തിക പ്രതിസന്ധിയിൽക്കൂടി കടന്നുപോകുകയാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നില്ല. വ്യാപാരരംഗം ആകെ മരവിച്ച നിലയിലാണ്. ടാറ്റാ, ബെൻസ് കമ്പനികൾ 40 ശതമാനം ഉൽപ്പാദനം കുറച്ചു, അശോകാ ലൈലാന്റ് 40 ശതമാനം കുറച്ചു. മാരുതി കമ്പനി 25 ശതമാനം കുറച്ചു. ഇത് ഉരുക്കു വ്യവസായത്തേയും മറ്റ് എല്ലാ മേഖലകളേയും ബാധിക്കും. അവരുടെ ഉൽപ്പാദനം കുറച്ചു വെന്നു പറഞ്ഞാൽ അത്രയും വ്യാപാരം നമ്മുടെ രാജ്യത്ത് കുറയുന്നു എന്നാണ് അർത്ഥം. അതനുസരിച്ച് നമ്മുടെ സെയിൽസ് ടാക്സും അതുപോലുള്ള വരുമാനവും കുറയും. ഇത്തരം പ്രതിസന്ധി നമ്മുടെ രാജ്യം മൊത്തത്തിൽ നേരിടുന്ന ഒരു ഘട്ടത്തിൽ സാമ്പത്തിക രംഗത്ത് നമ്മുടെ സംസ്ഥാനത്തെ പിടിച്ചുനിർത്താൻ കഴിഞ്ഞുവെന്നുള്ളതിൽ, അതിന് നേതൃത്വം കൊടുത്ത ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. അതിന് സഹകരിച്ചിട്ടുള്ള ഉദ്യോഗസ്ഥരേയും ഞാൻ അഭിനന്ദിക്കുകയാണ്. കാരണം അതീവഗുരുതരമായ ഒരു പ്രതിസന്ധി 1991-ലെ നരസിംഹറാവു ഗവൺമെന്റ് തുടങ്ങിവച്ചു. അതിനേക്കാൾ കർശനമായ നടപടി ഇന്ന് ബി.ജെ.പി. ഗവൺമെന്റ് നമ്മുടെ രാജ്യത്ത് എടുത്തിട്ടുണ്ട്. ചില രംഗങ്ങളിൽ നമ്മുടെ വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ഞാൻ പരത്തി പറയണമെന്ന് ഉദ്ദേശിക്കുന്നില്ല. ഗവൺമെന്റ് ഭൂമി ലീസിന് കൊടുത്തതുമായി ബന്ധപ്പെട്ട്. അവരുടെ ലീസ് തുക വർദ്ധിപ്പിക്കുമെന്ന് നേരത്തെ തീരുമാനിച്ചിരുന്നതാണ്. അതിന്റെ നടപടി ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോയിട്ടില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് നടപ്പിലാക്കണം. ടാറ്റാ എസ്റ്റേറ്റ് പോലുള്ള സ്ഥാപനത്തിൽനിന്നും പരമാവധി വരുമാനം കിട്ടാൻ, ലീസ് ഭൂമി ആരുടെ കൈയിൽ ആയാലും അതിലെ വരുമാനം വർദ്ധിപ്പിച്ചെടുക്കാനുള്ള നടപടി എടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ധനകാര്യ വകുപ്പുമന്ത്രി കൈകാര്യം ചെയ്യുന്ന മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട് ഒന്ന് രണ്ട് കാര്യങ്ങൾ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ധനകാര്യ വകുപ്പ് തരണം ചെയ്യേണ്ട ചില പ്രധാനപ്പെട്ട പ്രശ്നങ്ങളുണ്ട്. അതിലൊന്ന് നമ്മുടെ സ്കൂളുകളിലെ ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകരുടെ പ്രശ്നമാണ്. മുൻകാലങ്ങളിൽ ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകരാണ് കായികതാരങ്ങളെ വളർത്തിക്കൊണ്ടുവന്നിരുന്നത്. ശ്രീമതി പി.ടി. ഉഷ പഠിച്ച സ്കൂളിൽ ഇന്ന് ഫിസിക്കൽ എഡ്യൂക്കേഷൻ നിർത്തലാക്കിയിട്ടുണ്ട്. ധനകാര്യ വകുപ്പ് നമ്മുടെ വരുമാനം പരമാവധി സ്വരൂപിച്ചെടുത്ത് ഇതുപോലുള്ള മേഖലകളിൽ ചെലവഴിക്കാൻ ഒരിക്കലും അമാന്തം കാണിക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ എസ്.എസ്.ഐ. യൂണിറ്റുകൾക്ക് ജനറേറ്റർ വാങ്ങിക്കുന്നതിന് സബ്സിഡി കൊടുക്കുമെന്ന് പറഞ്ഞിരുന്നത് ചിലർക്ക് കിട്ടിയിട്ടുണ്ട്. അതായത് ബാങ്കിൽനിന്നും ലോൺ എടുത്തവർക്ക് സബ്സിഡി കിട്ടിയിട്ടുണ്ട്. എന്നാൽ കെ.എഫ്.സി. എന്ന പൊതുമേഖലാസ്ഥാപനത്തിൽനിന്നും ലോൺ എടുത്തവർക്ക് സബ്സിഡി കിട്ടിയിട്ടില്ല. കെ.എഫ്.സി.യോട് കാണിച്ചിട്ടുള്ള ചിറ്റമ്മ നയം അവസാനിപ്പിച്ച് അതിൽനിന്നും ലോൺ എടുത്തവർക്കുകൂടി സബ്സിഡി കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇന്ന് നമ്മൾ ഈ ചർച്ചയിൽ പങ്കെടുക്കുന്ന സന്ദർഭത്തിൽ നമ്മുടെ രാജ്യം കാർഗിൽ യുദ്ധത്തിൽ അഭിമാനകരമായ വിജയം കൈവരിച്ചിരിക്കുകയാണ്. ഏതാണ്ട് 400-ഓളം ജവാൻമാർക്ക് വീരമൃത്യു വരിക്കേണ്ടിവന്നെങ്കിൽപ്പോലും കാർഗിൽ യുദ്ധത്തിൽ നമ്മുടെ രാജ്യം വിജയിച്ചിരിക്കുന്നു. അത് നമ്മുടെ രാജ്യത്തിന് അങ്ങേയറ്റം അഭിമാനകരവും അന്തസ്സുറ്റതുമാണ്. നമ്മുടെ ജവാൻമാർ വിജയത്തിലാണ്. ഇന്ത്യൻ ജനത ഒറ്റക്കെട്ടായി ഇന്ത്യൻ മിലിട്ടറിയുടെ പിന്നിൽ ഒരേമനസ്സോടുകൂടിനിന്ന് അവർക്ക് ആത്മവിശ്വാസം പകർന്നുകൊടുത്തതിന്റെ നേട്ടവും വിജയവുമാണ് അത്. എന്ത് അഭിപ്രായ വ്യത്യാസമു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടായാലും നമ്മുടെ രാജ്യത്തിന്റെ മണ്ണ് കാത്തുസൂക്ഷിക്കുന്നതിൽ ഇന്ത്യ ഒന്നാണ് എന്ന് തെളിയിച്ച സംഭവമാണിത്. അത് മാത്രമല്ല, നമ്മുടെ രാജ്യത്തിലെ പട്ടാളക്കാർ ഏറ്റവും ധീരൻമാരാണ്.. വലിയ യുദ്ധതന്ത്രം അറിയുന്നവരാണെന്ന് തെളിയിച്ചിട്ടുള്ള ഒരു സന്ദർഭം കൂടിയാണ് ഈ യുദ്ധം. ആ നിലയിൽ അതിൽ പങ്കാളികളായ മുഴുവൻ ആളുകളേയും ഞാൻ അഭിനന്ദിക്കുകയാണ്. 400-ഓളം ജവാൻമാർക്ക് ജീവത്യാഗം ചെയ്യേണ്ടിവന്നിട്ടുണ്ട്. ആ ജവാൻമാർക്ക് ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുകയാണ്. ഈ യുദ്ധത്തിന്റെ നേട്ടം മുതലെടുക്കാൻ ഒരു ഭാഗത്ത് ചില സ്വാർത്ഥകക്ഷികൾ പരിശ്രമിക്കുന്നു. അത് അൽപ്പത്വത്തിന്റെ സമീപനമാണ്. എന്താണ് ഈ യുദ്ധമെന്ന് അവർ മനസ്സിലാക്കിയോയെന്ന് എനിക്കറിയില്ല. ഞാൻ സൂചിപ്പിച്ചത് കാർഗിലെ ഒരു പ്രദേശം പാക് പട്ടാളക്കാർ പിടിച്ചെടുത്തു. പിടിച്ചെടുത്ത ആ പ്രദേശത്തെ മോചിപ്പിക്കാൻ നടത്തിയതാണ് ഈ യുദ്ധം. പാക് നുഴഞ്ഞുകയറ്റക്കാർക്ക് എങ്ങനെ ആ പ്രദേശം പിടിച്ചെടുക്കാൻ കഴിഞ്ഞു? ആ സന്ദർഭത്തിൽ നമ്മുടെ ഭരണാധികാരികൾ എന്ത് നടപടിയാണ് എടുത്തത്? ഇന്റലിജൻസ് വിഭാഗത്തിന് എന്തുകൊണ്ട് അത് മനസ്സിലാക്കാൻ കഴിഞ്ഞില്ല? ചില സ്വാർത്ഥതൽപ്പരരായ ആളുകൾ അതിന്റെ നേട്ടം മുഴുവൻ എടുക്കാൻ പ്രചാരവേല ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. 400-ഓളം ജവാൻമാരുടെ കുടുംബങ്ങളെ അനാഥമാക്കിയത് ഉൾപ്പെടെയുള്ള ഒരു സ്ഥിതിയിലേയ്ക്ക് എത്തിച്ച ശക്തികളെ തിരിച്ചറിയണം. അതിലേയ്ക്ക്, ഏറ്റവും കൊള്ളരുതാത്ത നടപടിയിലേയ്ക്ക് കൊണ്ടുപോയിട്ടുള്ള ഭരണാധികാരികളുടെ പ്രശ്നങ്ങൾകൂടി ഇതുമായി ബന്ധപ്പെട്ട് ചർച്ചചെയ്യേണ്ടതുണ്ട്. അതോടൊപ്പം പ്രധാനപ്പെട്ട ഒരു പ്രശ്നം സൂചിപ്പിക്കാനുള്ളത് ലോകത്തെ പല രാജ്യങ്ങളും ഈ യുദ്ധത്തിൽ നമ്മെ അനുകൂലിച്ചു. നമുക്ക് അവരോട് ബഹുമാനമുണ്ട്. ഞങ്ങളുടെ പാർട്ടി ഉൾപ്പെടെ ഇടതുപക്ഷ പാർട്ടികൾ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ മനസ്സിലിരിപ്പ് എന്തെന്ന് സൂചിപ്പിക്കാൻവേണ്ടി ശ്രമിച്ചിട്ടുണ്ട്. ഇപ്പോൾ പാക് പ്രധാനമന്ത്രി രാഷ്ട്രത്തോടായി ചെയ്തിട്ടുള്ള പ്രഭാഷണത്തിൽ കാർഗിൽ പ്രശ്നത്തിൽ അമേരിക്ക മദ്ധ്യസ്ഥത വഹിക്കുമെന്ന് അവർക്ക് ഉറപ്പുകൊടുത്തതായി പരസ്യമായി പ്രഖ്യാപിച്ചിട്ടുണ്ട്. അങ്ങനെയാണെങ്കിൽ അത് ഗുരുതരമായ ഒരു പ്രശ്നമാണ്. ഒരു മൂന്നാം ശക്തി കാശ്മീർ പ്രശ്നത്തിൽ ഇടപെടാൻ ഇന്നുവരെ ഇന്ത്യ അനുവദിച്ചിട്ടില്ല. ഇനി അനുവദിക്കുകയുമില്ല എന്നാണ് ഇന്ത്യാ ഗവൺമെന്റ് പരസ്യമായി പ്രഖ്യാപിച്ചിട്ടുള്ളത്. പാക് പ്രധാനമന്ത്രിയുടെ പ്രസ്താവന വന്നിട്ടും ഭരണാധികാരികളുടെ പ്രതികരണം പുറത്തുവന്നുകഴിഞ്ഞിട്ടില്ല. തീർച്ചയായും നമ്മുടെ രാജ്യത്തിന്റെ അഭിമാനം രക്ഷിക്കാൻ ഇന്ത്യയുടെ ഭൂപ്രദേശത്ത് മൂന്നാമതൊരു ശക്തിയുടെ ഇടപെടൽ ആവശ്യമില്ലെന്ന് തുറന്ന് പരസ്യമായി പ്രഖ്യാപിച്ച നിലയിൽ, ആ രീതിയിലുള്ള പ്രതികരണം ഇന്ത്യൻ ഭരണാധികാരികളുടെ ഭാഗത്തുനിന്നുണ്ടാകണം. അതിനുവേണ്ടി ജനങ്ങൾ അവരെ പ്രേരിപ്പിക്കണം. ഓർക്കാപ്പുറത്ത് ഒരു തെരഞ്ഞെടുപ്പിലേയ്ക്ക് നാം പോകുകയാണ്. കഴിഞ്ഞ ഏഴ്-എട്ട് കൊല്ലമായി നടപ്പാക്കിവരുന്ന സാമ്പത്തികനയവും അതിന്റെ ദുരന്തങ്ങളും ഉൾപ്പെടെ പറഞ്ഞ് അതിൽനിന്നും ഈ രാജ്യത്തിലെ ജനങ്ങളെ രക്ഷിക്കാനാവശ്യമായ നടപടി എടുക്കാൻ കഴിയുന്ന ഒരു ശക്തിയെ ഈ തെരഞ്ഞെടുപ്പിൽ അധികാരത്തിൽ കൊണ്ടുവരണം. നാം ഇന്ന് നേരിടുന്ന അപകടകരമായ ഈ സ്ഥിതിയിൽനിന്നും നമ്മുടെ രാജ്യത്തേയും ജനങ്ങളേയും രക്ഷിക്കാൻ നമുക്ക് കഴിയണം. അത്തരത്തിൽ ഒരു ശക്തിയാകാൻ മൂന്നാം മുന്നണിക്കു മാത്രമേ കഴിയുകയുള്ളൂ. അതുകൊണ്ട് അവരെ അധികാരത്തിൽ കൊണ്ടുവരാൻ കഴിയണം. കോൺഗ്രസ്സ് (ഐ) എടുത്ത അൽപ്പത്വത്തോടുകൂടിയ രാഷ്ട്രീയ വീക്ഷണമില്ലാത്ത ഒരു സമീപന

LIBRARY ARCHIVES Kerala Legislative Assembly

മാണ് ഒരു തെരഞ്ഞെടുപ്പിലേക്ക് നമ്മുടെ രാജ്യത്തെ ഇന്ന് എത്തിച്ചിരിക്കുന്നത്. ബി.ജെ.പി. ഗവൺമെന്റ് വീണപ്പോൾ ഐക്യമുന്നണിയുടെ അടിസ്ഥാനത്തിൽ ഒരു ഗവൺമെന്റുണ്ടാക്കാൻ കോൺഗ്രസ്സ് (ഐ) തയ്യാറായില്ല. തങ്ങൾക്ക് ഒറ്റയ്ക്ക് ഭരിക്കണമെന്ന സമീപനമാണ് കോൺഗ്രസ്സ് (ഐ) എടുത്തത്. ഈ തെരഞ്ഞെടുപ്പിന് അവസരമൊരുക്കിയത് ആ സമീപനമാണ്. ഐക്യമുന്നണി അടിസ്ഥാനത്തിൽ ഒരു ഗവൺമെന്റുണ്ടാക്കാൻ കോൺഗ്രസ്സ് തയ്യാറായിരുന്നുവെങ്കിൽ സ്ഥിതി മാറുമായിരുന്നു. മൂന്നാം മുന്നണി ഗവൺമെന്റ് ഉണ്ടാക്കണമെന്ന നിർദ്ദേശം വന്നു. മൂന്നാം മുന്നണി ഗവൺമെന്റുണ്ടാക്കണമെന്ന നിർദ്ദേശം വന്നപ്പോഴും, കോൺഗ്രസ്സ് (ഐ), തങ്ങളെ ഒറ്റയ്ക്ക് ഭരിക്കാൻ അനുവദിക്കുന്നില്ലെങ്കിൽ ഹിന്ദു ഫാസിസ്റ്റ് ശക്തിയായ ബി.ജെ.പി. ഭരിച്ചാലും തരക്കേടില്ല, രാജ്യത്ത് എന്ത് സംഭവിച്ചാലും തരക്കേടില്ല എന്ന സമീപനം എടുത്തതുകൊണ്ടാണ് ഹിന്ദു-ഫാസിസ്റ്റ് ശക്തിയുടെ കയ്യിൽ കെയർടേക്കർ ഭരണമാണെങ്കിലും, ഭരണം ഏൽപ്പിക്കപ്പെട്ടിട്ടുള്ളത്. അത് കോൺഗ്രസ്സ് (ഐ) എന്ന രാഷ്ട്രീയ പാർട്ടി എടുത്ത സമീപനത്തിന്റെ ഭാഗമാണ്. ബി.ജെ.പി.യുടെ ഭരണകാലത്ത് നമ്മുടെ രാജ്യത്തെ ന്യൂനപക്ഷ വിഭാഗങ്ങൾ അനുഭവിച്ച പ്രയാസങ്ങൾ നമുക്കറിയാം. ഏറ്റവും കൂടുതൽ പീഡനം അനുഭവിക്കേണ്ടിവന്നത് ക്രിസ്ത്യൻ ന്യൂനപക്ഷത്തിനാണ്. അതുപോലെ മുസ്ലീം ന്യൂനപക്ഷത്തിനും അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. നമ്മുടെ രാജ്യത്ത് ന്യൂനപക്ഷ വിഭാഗങ്ങൾ ഉത്കണ്ഠയോടുകൂടിയാണ്, ഭീതിയോടുകൂടിയാണ് ജീവിക്കുന്നത്. ഇത് കോൺഗ്രസ് സ്വീകരിച്ചിട്ടുള്ള നടപടിയുടെ ഭാഗമായാണ്. കോൺഗ്രസ്സിനോടൊപ്പം ന്യൂനപക്ഷവിഭാഗങ്ങൾക്ക് ഇതിനോട് എന്ത് സമീപനമാണ് ഉള്ളത്? മാണിസാർ ഇവിടെ പ്രസംഗിക്കുന്നുണ്ട്. ഹിന്ദു വർഗ്ഗീയവാദികൾ ക്രൈസ്തവ ന്യൂനപക്ഷത്തിന് നേരെ എടുത്ത നടപടികളെ സംബന്ധിച്ച് മാണിസാറിന്റെ അഭിപ്രായം എന്തെന്ന് തുറന്നു പറയണം. മാണിസാറിന്റെ കേരളാ കോൺഗ്രസ്സും ശ്രീ. ജേക്കബിന്റെ കേരളാ കോൺഗ്രസ്സും തമ്മിൽ അതിന്റെ ഒന്നാം റൗണ്ട് ചർച്ച നടത്തിക്കഴിഞ്ഞുവെന്ന് ശ്രീ. രാമൻപിള്ള പറഞ്ഞത് ഏഷ്യാനെറ്റിൽ കാണുകയുണ്ടായി. ബി.ജെ.പി. ഗവൺമെന്റുണ്ടായപ്പോൾ മാണിസാർ അങ്ങോട്ട് പുറപ്പെട്ടിരിക്കുന്നു. പണ്ടെന്നോ കേന്ദ്രത്തിൽ മന്ത്രിസ്ഥാനത്തിന് തയ്പ്പിച്ചുവച്ച കുപ്പായം ഉപയോഗപ്പെടുത്താൻ അന്ന് ശ്രമിച്ചതായ ഒരു വാർത്ത പത്രത്തിൽ വന്നു. മാണിസാർ അക്കാര്യം സഭയിൽ നിഷേധിച്ചതാണ്. ഇപ്പോൾ ശ്രീ. രാമൻപിള്ള പരസ്യമായി പറഞ്ഞിട്ടുണ്ട്. ഈ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനോടൊപ്പം നിൽക്കുന്ന മറ്റു പ്രസ്ഥാനങ്ങളോട് ഞാൻ ചോദിക്കുന്നു- മാണിസാർ ഉൾപ്പെടെ എടുക്കുന്ന ഈ സമീപനത്തോട് എന്താണ് മുസ്ലിം ലീഗിന്റെ അഭിപ്രായം? ബി.ജെ.പി.യുമായി മാണിസാർ നടത്തുന്ന ചർച്ച, മാണിസാറിന്റെ ഒറ്റപ്പെട്ട അഭിപ്രായമാണോ? അതല്ല, കോൺഗ്രസ് അധികാരപ്പെടുത്തിയതനുസരിച്ചാണോ? 1991-ലെ തെരഞ്ഞെടുപ്പിൽ ഉണ്ടാക്കിയതുപോലെ സീറ്റ് അഡ്ജസ്റ്റുമെന്റിനെ സംബന്ധിച്ച് ചുമതലപ്പെടുത്തിയതാണോ?

<u>ശ്രീ. കെ.എം. മാണി</u> : അങ്ങനെയുള്ളതിനെ ഞാൻ നിഷേധിക്കുന്നു. അങ്ങനെ യാതൊരു ചർച്ചയും നടന്നിട്ടില്ല. സുന്ദരിയായ പെൺകുട്ടികളെ കാണുമ്പോൾ പലർക്കും വിവാഹം കഴിക്കണമെന്ന് ആഗ്രഹം തോന്നും. അപ്പോൾ കോൺഗ്രസ്സിനെ കിട്ടണമെന്ന് ആഗ്രഹിക്കുന്ന പലരും ഈ രാജ്യത്ത് കാണും. പക്ഷേ ഞങ്ങളെ സംബന്ധിച്ചിടത്തോളം ഒരു ചർച്ചയുമില്ല. അവരുമായി ഒരു കൂട്ടുകെട്ടുമില്ല. ബഹുമാനപ്പെട്ട മെമ്പർ ഇങ്ങനെ അടിസ്ഥാനരഹിതമായി കാര്യങ്ങൾ പറയുന്നത് ഓർഡറിലാണോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.പി. ബാലൻ വൈദ്യർ : ലക്ഷക്കണക്കായ ആളുകൾ ഇന്നലെ ഏഷ്യാനെറ്റിൽ ശ്രീ. രാമൻപിള്ളയുടെ അഭിമുഖ സംഭാഷണം കേട്ടതാണ്. അങ്ങ് ഈ സഭയിൽ സത്യവിരുദ്ധമായ പ്രസ്താവന നടത്തരുത്. ശ്രീ. രാമൻ പിള്ള ഒന്നുമില്ലാതെ പറയില്ലല്ലോ. എന്തെങ്കിലും ഒന്ന് സംഭവിച്ചല്ലോ? ബി. ജെ.പി. എന്ന സുന്ദരിയെ കണ്ടപ്പോൾ അങ്ങേയ്ക്ക് കെട്ടണമെന്ന മോഹം ഈ വയസ്സുകാലത്ത് വന്നത് നിർഭാഗ്യകരമാണ്. അങ്ങയോടൊപ്പം നിൽക്കുന്ന ക്രിസ്ത്യൻ ന്യൂനപക്ഷത്തോടു അങ്ങ് കാണിക്കുന്നത് വഞ്ചനയാണ് എന്ന യാഥാർത്ഥ്യം കാണണം. ബി.ജെ.പി.യെ അധികാരത്തിലേയ്ക്ക് കൊണ്ടുവന്നി ട്ടുള്ളത് കോൺഗ്രസ്സാണ്. അക്കാര്യം ഞാൻ സൂചിപ്പിച്ചു. 1996-ലെ തെരഞ്ഞെടു പ്പിൽ കോൺഗ്രസ് എടുത്ത സമീപനമാണ് അതിനു കാരണം. 1996-ലെ തെര ഞ്ഞെടുപ്പിൽ ഒരു മൂന്നാം മുന്നണിക്കു മാത്രമേ ബി.ജെ.പി.യെ മാറ്റിനിർത്തി ഒരു ഗവൺമെന്റുണ്ടാക്കാൻ കഴിയുമായിരുന്നുള്ളൂ. ആ തെരഞ്ഞെടുപ്പിൽ ഒരു മൂന്നാംമുന്നണി ഉണ്ടായിരുന്നില്ല. മൂന്നാംമുന്നണി ഓരോ സംസ്ഥാനത്തും രൂപം കൊണ്ടുവരികയാണ്. കോൺഗ്രസ്സിന്റെ പിൻതുണ മൂന്നാം മുന്നണി അഭ്യർത്ഥി ച്ചത് ബി.ജെ.പി. എന്ന ഹിന്ദു-ഫാസിസ്റ്റ് ശക്തിയെ മാറ്റി നിറുത്തുന്നതിനാണ്. കോൺഗ്രസ്സ് പിന്തുണ നൽകിയത് ആ ലക്ഷ്യത്തോടുകൂടിയാണോ? ഹിന്ദു ഫാസിസ്റ്റുശക്തി എന്നതിന്റെ ആപത്ത് ന്യൂനപക്ഷത്തിന് എത്രത്തോളം അപക ടകരമാണെന്ന കാര്യം സംബന്ധിച്ച് കോൺഗ്രസ്സിന്റെ തലയിൽ ഇതുവരെ ധാര ണയുണ്ടായിട്ടില്ല. എന്റെ നാട്ടിൽ പത്തൻപതു കൊല്ലം മുമ്പ് മെരുവിനെ പിടി ക്കുന്ന ഒരു അഹമ്മദ് ഇക്കയുടെ കഥയുണ്ട്. അഹമ്മദ് ഇക്കയുടെ കൂട്ടിൽ ഒരു ദിവസം ഒരു മെരു കുടുങ്ങി. തൊട്ടടുത്ത വീട്ടിലെ കോരൻ എന്ന ആളിന്റെ തല യിൽ മെരുവുള്ള കൂട് ചുമപ്പിച്ചുകൊണ്ട് അഹമ്മദിക്ക ബാലുശ്ശേരി ചന്തയി ലേയ്ക്ക് മെരുവിനെ വിൽക്കാൻ കൊണ്ടുപോയി. കുറച്ച് അങ്ങോട്ട് നടന്ന പ്പോൾ അഹമ്മദ് ഇക്കായോട് കോരൻ ചോദിച്ചു; അല്ല, നമ്മൾ ബാലുശ്ശേരി ചന്തയിലേയ്ക്ക് പോകണമോ-എന്ന്. നമ്മൾ ചന്തയിലേയ്ക്കല്ലേ പുറപ്പെട്ടത്? നിനക്ക് എന്താ സംശയം എന്ന് അഹമ്മദ് ഇക്ക ചോദിച്ചു. എന്നാൽ പോകാ മെന്നു കോരൻ പറഞ്ഞു. അപ്പുറത്തെത്തി. ഒരങ്ങാടിയിൽ കൂടൊക്കെ ഇറക്കിവ ച്ചു. ചായ കുടിച്ചു. അപ്പോഴും കോരൻ ചോദിച്ചു ബാലുശ്ശേരിക്ക് പോക ണമോ-എന്ന്. ബാലുശ്ശേരിയിലേയ്ക്ക് എന്തിനാണ് പോകുന്നതെന്ന് ചോദിച്ചു. അപ്പോഴും ബാലുശ്ശേരിക്ക് പോകണമെന്ന് അഹമ്മദ് ഇക്ക പറഞ്ഞു. ബാലു ശ്ശേരി ചന്തയിൽ കൂടിറക്കി നോക്കുമ്പോൾ കൂട്ടിനകത്ത് മെരു ഇല്ല. കോരന്റെ തലയിൽ കൂടു പിടിച്ചുവച്ച് കുറച്ചു കഴിഞ്ഞപ്പോൾ കൂട്ടിൽ നിന്നും മെരു ചാടി പ്പോയിട്ടുണ്ട്. കോരന്റെ തലയിൽ മെരു ഇല്ലാത്തതുകൊണ്ടാണ് കോരൻ ഇടയി ക്കിടയ്ക്ക് ചോദിക്കുന്നത്- നമ്മൾ ബാലുശ്ശേരി ചന്തയിലേക്ക് പോകണമോ എന്ന്. അതുപോലെ കോൺഗ്രസ് (ഐ) 1996-ൽ ഐക്യമുന്നണിക്ക് പിൻതുണ നൽകിയപ്പോൾ ഹിന്ദു-ഫാസിസ്റ്റ് ശക്തിയുടെ ആപത്ത് കോൺഗ്രസ്സിന്റെ തല യിൽ ഉണ്ടായിരുന്നില്ല. ആ സമീപനമാണ് ഇപ്പോഴും കോൺഗ്രസ് (ഐ) സ്വീക രിക്കുന്നത്. മൂന്നാം മുന്നണി അധികാരത്തിൽ വന്നാൽ മാത്രമേ ഈ രാജ്യത്ത് ഹിന്ദു-ഫാസിസ്റ്റ് ശക്തിയെ തടുക്കാൻ കഴിയുകയുള്ളൂ. വിവിധ സംസ്ഥാനങ്ങ ളിൽ മൂന്നാം മുന്നണി രൂപപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആ മൂന്നാം മുന്നണി വരുന്ന തെരഞ്ഞെടുപ്പിൽ ഏറ്റവും വലിയ ശക്തിയായി ഏറ്റവും കൂടുതൽ പാർലമെന്റ് സീറ്റ് നേടി ഒരു മതേതര ജനാധിപത്യ ശക്തിയായി ഇൻഡ്യാ രാജ്യത്ത് ഉയർന്നുവരുമെന്നു മാത്രം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവ സാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.എം. മാണി : സർ, ഈ ധനകാര്യ ബില്ലിനെ ഞാൻ എതിർക്കുന്നു. ബഹുമാനപ്പെട്ട ബാലൻ വൈദ്യർ ധനകാര്യബില്ലിനെക്കുറിച്ച് ഒരു വാക്കും പറഞ്ഞില്ല; തെരഞ്ഞെടുപ്പും മറ്റു കാര്യങ്ങളുമായിരുന്നു പറഞ്ഞത്. ഏതായാലും ഞാൻ ധനകാര്യബില്ലിന്റെ ചർച്ചയിൽ ധനകാര്യങ്ങളെപ്പറ്റിമാത്രം ഒതുങ്ങി നിൽക്കുകയാണ്. പക്ഷേ ഒരു കാര്യം ഞാനാണ് പറയേണ്ടത്. എന്റെ പാർട്ടിക്ക് ബി.ജെ.പി.യുമായി യാതൊരു ബന്ധവുമില്ല. ബി.ജെ.പി.യെ പരാജയപ്പെടുത്തുകയെന്നത് എന്റെ പാർട്ടിയുടെ ലക്ഷ്യമാണ്. അതുകൊണ്ട് ഇങ്ങനെ അടിസ്ഥാനരഹിതമായ കാര്യങ്ങൾ വീണ്ടും വീണ്ടും ആവർത്തിച്ച് പറഞ്ഞ്, ആടിനെ പട്ടിയാക്കരുതെന്നു മാത്രമേ എനിക്ക് പറയുവാനുള്ളൂ. 1999-2000-ാം വർഷത്തിൽ ഗവൺമെന്റ് ലക്ഷ്യമിട്ടിരിക്കുന്ന അധിക വിഭവസമാഹരണം 396 കോടി രൂപയാണ്. 396 കോടി രൂപയിൽ ഇക്കൊല്ലത്തെ ബഡ്ജറ്റ് ഫിഗേഴ്സ് അനുസരിച്ച് നികുതി വരുമാനം 247 കോടി രൂപയാണ്. 247 കോടി രൂപയിൽ കുടിശ്ശിക പിരിച്ചുകൊണ്ടാണ് 200 കോടി രൂപ സംഭരിക്കാൻ ഉദ്ദേശിക്കുന്നത്. യഥാർത്ഥത്തിൽ പുതുതായി ക്രിയേറ്റ് ചെയ്യുന്ന നികുതി വരുമാനം 47 കോടി രൂപ മാത്രമാണ്. അപ്പോൾ പുതുതായി ക്രിയേറ്റ് ചെയ്യുന്ന 47 കോടി രൂപയ്ക്കു വേണ്ടി മാത്രമാണ് ഈ ധനകാര്യബിൽ അവതരിപ്പിച്ചിട്ടുള്ളത്. 47 കോടി രൂപ വളരെ ചെറിയ ഒരു സംഖ്യയാണ്. നിർഭാഗ്യവശാൽ ഈ ധനകാര്യബില്ലിൽ കൊണ്ടുവന്നിരിക്കുന്ന നിർദ്ദേശങ്ങൾ പലതും ചെറിയ ചെറിയ കാര്യങ്ങളാണ്. സാധാരണക്കാരന് അത് വലിയ ബുദ്ധിമുട്ടുണ്ടാക്കും. എന്നാൽ ഗവൺമെന്റിന് വലിയ വരുമാനം കിട്ടുകയുമില്ല. അത് ignore ചെയ്യാവുന്ന കാര്യമാണ്. എനിക്ക് അത് മാത്രമാണ് പറയുവാനുള്ളത്. സാധാരണക്കാരനെ വലയ്ക്കുന്ന കാര്യങ്ങളെപ്പറ്റി പറയുകയാണെങ്കിൽ ഇപ്പോൾ കെ.ജി.എസ്.ടി. ആക്ടിൽ ക്ലാസ് 3-ൽ ഫസ്റ്റ് ഷെഡ്യൂൾ ഭേദഗതി ചെയ്യാനായിട്ടുള്ള കുറെ നിർദ്ദേശങ്ങളാണ് സീരിയൽ നമ്പർ 35. തേങ്ങാപ്പിണ്ണാക്കിന്റെ നികുതി മൂന്നു ശതമാനത്തിൽനിന്നും 6 ശതമാനം ആക്കി. അതിൽ എന്ത് വരുമാനം കിട്ടും? തേങ്ങാപ്പിണ്ണാക്ക് കന്നുകാലികൾക്ക് കൊടുക്കുന്നതാണ്. കൂടുതൽ പാൽ കിട്ടുവാൻവേണ്ടി പശുക്കൾക്ക് തേങ്ങാപ്പിണ്ണാക്ക് കൊടുക്കുന്നു. പാവപ്പെട്ടവർ ചിലപ്പോൾ തേങ്ങാപ്പിണ്ണാക്ക് കഴിക്കുകയും ചെയ്യും. അതിന്റെ നികുതി 3 ശതമാനത്തിൽ നിന്നും 6 ശതമാനം ആക്കിയതുകൊണ്ട് ഒരു പ്രയോജനവുമില്ല. സീരിയൽ നമ്പർ 87-ൽ നോൺ ആൽക്കഹോളിക് ഡ്രിങ്ക്സിനെയാണ് പരാമർശിച്ചിരിക്കുന്നത്. അതിനെ ഭേദഗതി ചെയ്ത്, റീസ്ട്രക്ചർ ചെയ്ത് കൊണ്ടുവന്നിട്ടുണ്ടെങ്കിലും അതിൽ വലിയ കാര്യമൊന്നുമില്ല. ഇത് വ്യാഖ്യാനിച്ച് വ്യാഖ്യാനിച്ച് പറയുകയാണെങ്കിൽ ആരെങ്കിലും ബോട്ടിൽ ചെയ്തിട്ടുള്ള ഒരു ശീതള പാനീയം ആരെങ്കിലും കഴിച്ചാൽ തീർച്ചയായും അത് ടാക്സ് അട്രാക്ട് ചെയ്യും എന്നുള്ളതാണ് വേറൊരു കാര്യം. അത് പഴയ റേറ്റാണ്. കൂടിയിട്ടില്ല. അതുപോലെ കുടിവെള്ളത്തിന്റെ ടാക്സ്, പാനീയത്തിന്റെ ടാക്സ് എന്നിവ ഒക്കെ എടുത്തുകളയണം. എനിക്ക് ഏറ്റവും പ്രതിഷേധമുള്ളത് എസ്.എസ്. യൂണിറ്റിന്റെ കാര്യത്തിലാണ്. സംസ്ഥാനത്ത് ചെറിയ വ്യവസായങ്ങൾ ധാരാളം വളർന്നു വരണം. അവയ്ക്ക് നമ്മൾ ഇൻസെന്റീവാണ് കൊടുക്കേണ്ടത്. ഇൻസെന്റീവ് കൊടുക്കുന്നതിനുവേണ്ടിയാണ് ഇതിനുമുമ്പ് നിലവിലുണ്ടായിരുന്ന ഭേദഗതി വ്യവസ്ഥ differential rate of tax 4 ശതമാനം ആയിരുന്നു എസ്. എസ്.ഐ. യൂണിറ്റിന് ചുമത്തിയിരുന്നത്. മുകളിലുള്ള ടാക്സ് കുറച്ചു. പക്ഷേ താഴേക്കുള്ളത് കൂട്ടി. 4 ശതമാനം എന്നുള്ളത് 6 ശതമാനം ആക്കി ഉയർത്തി. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മുകളിലുള്ളവയുടെ ടാക്സ് കുറച്ച് താഴെയുള്ളതിന്റെ ടാക്സ് കൂട്ടി. 4 ശതമാനം എന്നുള്ളത് 6 ശതമാനമാക്കി

ഉയർത്തി. അതിന് അദ്ദേഹം പറയാൻ പോകുന്ന മറുപടി, 50 ലക്ഷം രൂപയും അതിനു മുകളിലുമുള്ള ടേണോവറുള്ള വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം ഉയർന്നുനിന്നിരുന്ന ടാക്സ് 6 ശതമാനത്തിലേയ്ക്ക് കുറച്ചു എന്നാണ്. പക്ഷെ താഴെ നിന്നിരുന്ന ടാക്സ് 4 ശതമാനമായിരുന്നത് 6 ശതമാനം ആക്കിയപ്പോൾ ചെറുകിട വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം അതു ബുദ്ധിമുട്ടുണ്ടാക്കി എന്നുള്ളത് ഒരു കാര്യമാണ്. അതുകൊണ്ട് എന്റെ അഭിപ്രായം ഏതൊക്കെ ചെറുകിട വ്യവസായങ്ങൾക്കാണോ 4 ശതമാനം ആയിരുന്നത് അത് ഉയർത്താൻ പാടില്ല അത് പഴയപടി 4 ശതമാനമായിത്തന്നെ നിലനിർത്തണം എന്നാണ്. ഷെഡ്യൂൾ 2-ൽ സീരിയൽ നമ്പർ 5-ൽ കോക്കനട്ടും, കൊപ്രയും രണ്ടുംകൂടി ഒരു സീരിയൽ നമ്പരാക്കി എന്നുള്ള വ്യത്യാസം മാത്രമാണ്. തേങ്ങയും കൊപ്രയുംകൂടി ഒന്നാക്കിയതിനുശേഷം ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന നിർദ്ദേശം, സംസ്ഥാനത്തിനകത്തു നടക്കുന്ന ആദ്യ വിൽപ്പനഘട്ടത്തിൽ 4 ശതമാനവും അവസാനം വാങ്ങൽ ഘട്ടത്തിൽ 4 ശതമാനവും എന്നാണ്. ഞാൻ ബഹുമാനപ്പെട്ട ശിവദാസമേനോനോട് ഒരു കാര്യം പറയാം. നമ്മുടെ സംസ്ഥാനത്തിനു പുറത്തുനിന്നും ധാരാളം പച്ചത്തേങ്ങ ആലപ്പുഴയിൽ കൊണ്ടുവരും. തേങ്ങവെട്ടുകാരാണ് അത് വെട്ടുന്നത്. നമ്മുടെ സംസ്ഥാനത്തിനു പുറത്തുനിന്നു തേങ്ങ കൊണ്ടുവന്നാൽ ലാഭമാണ്. എന്താണെന്ന് എനിക്കറിയില്ല. നമ്മുടെ സംസ്ഥാനത്ത് ഏതാണ്ട് 600 കോടി നാളികേരം ഉൽപ്പാദിപ്പിക്കുന്നുണ്ട്. എങ്കിൽപ്പോലും പുറത്തുനിന്നും തേങ്ങ കൊണ്ടുവന്ന്, തേങ്ങ വെട്ടുകാർ അത് വെള്ളകൊപ്രയാക്കി പ്രോസസ്സ് ചെയ്ത് വിൽക്കുന്നു. അപ്പോൾ കുറച്ചു ലാഭം ഉണ്ട്. അങ്ങനെ പ്രോസ്സസ് ചെയ്യുന്ന സംരംഭങ്ങളെ നമ്മൾ പ്രോൽസാഹിപ്പിക്കണം. എനിക്കു പറയാനുള്ളത് ഒരു പോയിന്റിലേ ടാക്സ് ഈടാക്കാവൂ എന്നാണ്. തേങ്ങ പുറത്തുനിന്നും കൊണ്ടുവന്ന് അത് വെട്ടി കൊപ്രയാക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം ഒരു പോയിന്റിൽ മാത്രം, അതായത് 4 ശതമാനമാക്കി നിലനിറുത്തുന്നതായിരിക്കും നല്ലത് എന്നാണ് എനിക്കു തോന്നുന്നത്. കേരളാ അഗ്രിക്കൾച്ചറൽ ഇൻകംടാക്സിനെ സംബന്ധിച്ചിടത്തോളം, ബഡ്ജറ്റിൽ പറയുന്നത് സെയിൽടാക്സ് കുടിശിക 30.9.1999-നകം മുതലും പലിശയുടെ 40 ശതമാനവും കൊടുക്കുന്നുവെങ്കിൽ സെറ്റിൽ ചെയ്യാം എന്നാണ്. അൽപ്പംകൂടി സമയം നീട്ടിക്കൊടുത്താൽ നല്ലതാണ് എന്ന് എനിക്കു തോന്നുന്നു. 30.9.99-നകം കുടിശ്ശിക മുതലും പലിശയുടെ 40 ശതമാനവുംകൂടി കൊടുത്താൽ കംപ്ലീറ്റ് സെറ്റിൽമെന്റ് ആകും. പക്ഷേ എനിക്ക് ഒരു കാര്യം പറയാനുള്ളത് കാർഷികാദായ നികുതിക്കാരോട് ഒരു ഡിസ്ക്രിമിനേഷൻ പാടില്ല എന്നാണ്. സെയിൽസ് ടാക്സ് കുടിശിക പലിശ 40 ശതമാനംകൂടി കൂട്ടിച്ചേർത്ത് വിൽപ്പന നികുതി കുടിശ്ശികക്കാർ കൊടുത്താൽ അത് ഗവൺമെന്റ് സെറ്റിൽ ചെയ്യും. What about Agricultural Income-tax payers? അഗ്രിക്കൾച്ചറൽ ഇൻകംടാക്സിനെ സംബന്ധിച്ചിടത്തോളം ഈ സെയിംഫെസിലിറ്റി വാസ്തവത്തിൽ ബഡ്ജറ്റിൽ പ്രഖ്യാപിക്കേണ്ടതായിരുന്നു. ബഡ്ജറ്റിൽ അത് പ്രഖ്യാപിച്ചില്ല. അതുകൊണ്ട് വിൽപ്പനനികുതി കുടിശികയ്ക്കു കൊടുത്തിരിക്കുന്ന ഫെസിലിറ്റി അഗ്രിക്കൾച്ചറൽ ഇൻകം ടാക്സിനുകൂടി കൊടുക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. രണ്ടാമതായിട്ട് അഗ്രിക്കൾച്ചറൽ ഇൻകം ടാക്സിനെ സംബന്ധിച്ചിടത്തോളം ഈ ബില്ലിലെ ടേബിളിൽ കൊണ്ടുവന്നിരിക്കുന്ന റബ്ബർകൃഷിക്കാർക്ക് കൊടുത്തിരിക്കുന്ന വലിയ ഒരു ആനുകൂല്യം മറ്റു കൃഷിക്കാർക്കും കൊടുക്കണം. 20 ഹെക്ടർ വരെ ഭൂമിയുള്ളവർക്ക് നികുതി കോമ്പൗണ്ട് ചെയ്യാം. നികുതി കോമ്പൗണ്ടിംഗിനുള്ള ഓപ്ഷൻ കൊടുത്തിരുന്നു. അത് ഇപ്പോൾ 500 ഹെക്ടറാക്കി കൊടുത്തിട്ടുണ്ട്. നല്ല കാര്യം.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ എന്റെ പ്രശ്നം അവിടെയല്ല. 500 ഹെക്ടറാക്കിക്കൊടുക്കുന്നത് ഗവൺമെന്റിന് ലാഭകരമാണ്. റബ്ബറിന് വില കുറഞ്ഞപ്പോൾ ഇൻകത്തിന്റെ അടിസ്ഥാനത്തിൽ നികുതി കൊടുക്കുകയാണ് കൃഷിക്കാർക്ക് നല്ലത്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വിസ്തൃതിയുടെ അടിസ്ഥാനത്തിലും നികുതി വസൂലാക്കുന്നുണ്ടെങ്കിൽ നല്ല കാര്യം. ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. പക്ഷെ എനിക്കു പറയാനുള്ളത്, കോമ്പൗണ്ടിംഗ് നികുതി റേറ്റ് ഒന്നുകൂടി കുറയ്ക്കണം എന്നാണ്. ബഹുമാനപ്പെട്ട മന്ത്രി ഇത്തവണത്തെ ബഡ്ജറ്റിൽ 100 രൂപ മാത്രമാണ് കുറച്ചത്. കോമ്പൗണ്ടിംഗ് നികുതിറേറ്റ്, റബ്ബറിനെ സംബന്ധിച്ചിടത്തോളം അഞ്ച് ഹെക്ടർ കൂടിക്കൂടി വരുമ്പോൾ 600 രൂപ, 1100 രൂപ, 1800 രൂപ, 2700 രൂപ ഇങ്ങനെയായിരുന്നു. 5x4= 20 ഹെക്ടർ. ആദ്യത്തെ 5 ഹെക്ടറിന് 600 രൂപ പിന്നത്തേതിന് 1100 രൂപ, പിന്നത്തേതിന് 1800 രൂപ, പിന്നത്തേതിന് 2700 രൂപ മൂലനിയമത്തിൽ പറഞ്ഞതിനേക്കാൾ 100 രൂപ കൂടി ഇപ്പോൾ ബഡ്ജറ്റിൽ കുറച്ചു. അത് 500 രൂപ, 1000 രൂപ, 1700 രൂപ, 2600 രൂപ എന്നിങ്ങനെ ആക്കി. ഓരോ സ്ലാബിലും 100 രൂപ വീതം റബ്ബർ കൃഷിക്കാർക്ക് കുറച്ചു. ഒരു കിലോ റബ്ബറിന് 65 രൂപ വിലയുണ്ടായിരുന്നിടത്ത് വില 25 ശതമാനമായി കുറഞ്ഞു. അങ്ങ് തന്നെ പറയുന്നു ഇവിടത്തെ നികുതി വരുമാനം കുറഞ്ഞതിന്റെ പ്രധാനപ്പെട്ട കാരണം റബ്ബറിന്റെ വിലയിടിവാണ് എന്ന്. എങ്കിൽ തീർച്ചയായും റബ്ബർകൃഷി മേഖലയിൽ നികുതി റേറ്റ് 50 ശതമാനമെങ്കിലും കുറയ്ക്കണം എന്നാണ് എന്റെ അഭിപ്രായം. ഓരോ സ്ലാബിലും പറഞ്ഞിരിക്കുന്ന നികുതിയുടെ ഇൻസിഡൻസ് 50 ശതമാനമെങ്കിലും കുറച്ചിട്ട് നികുതി റേറ്റ് റീസ്ട്രക്ചർ ചെയ്യണമെന്നുള്ളതാണ് എന്റെ അഭിപ്രായം. മറ്റൊരു കാര്യം, ഈ ഗവൺമെന്റ് നല്ല കാര്യം പറഞ്ഞിരുന്നു. പക്ഷേ ചെയ്യാൻ പറ്റിയിട്ടില്ല. നല്ല കാര്യം എന്നു ഞാൻ പറയുന്നത്, ഈ കൊല്ലത്തെ ബഡ്ജറ്റിൽ 40-ാ മത്തെ പേജിൽ 154-മത്തെ ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നത് 'കേന്ദ്ര ധനകാര്യമന്ത്രി 1998 സെപ്റ്റംബറിൽ സംസ്ഥാന മുഖ്യമന്ത്രിമാരുടേയും ധനകാര്യ മന്ത്രിമാരുടേയും ഒരു യോഗം വിളിച്ചുകൂട്ടുകയുണ്ടായി; ഈ യോഗത്തിൽ വിൽപ്പന നികുതിക്കും ഏകീകൃത നിരക്കുകൾ ഏർപ്പെടുത്തുന്നതിനുള്ള മാർഗ്ഗരേഖകൾക്കും വാല്യൂ ആഡഡ് ടാക്സ് ഏർപ്പെടുത്തുന്നതിന് സമയപരിധി നിർദ്ദേശിക്കുന്നതിന് മുഖ്യമന്ത്രിമാരുടെ ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചു. ഈ കമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞു. സംസ്ഥാന ഗവണ്മെന്റുകളും കേന്ദ്ര ഭരണപ്രദേശങ്ങളും ഏകീകൃത വിൽപ്പന നികുതി അടിസ്ഥാന നിരക്കുകൾ എത്രയും പെട്ടെന്ന് നടപ്പിൽ വരുത്തുവാൻ ശുപാർശ ചെയ്തു. നമ്മുടെ ഗവണ്മെന്റിന്റെ ഈ ശുപാർശകൾ അംഗീകരിക്കുകയും നിരക്കുകൾ പ്രാബല്യത്തിൽ വരുത്തുന്നതിന് സമയപരിധി നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്' എന്നാണ്. ഇത് എത്രയും വേഗം ഏകീകരിക്കണം എന്നാണ് എന്റെ അഭിപ്രായം. ഇത് കേരളത്തിന്റെ ഇന്ററസ്റ്റാണ്. അങ്ങനെയാണെങ്കിൽ നമ്മൾ സമയം ചോദിച്ചു ചോദിച്ച് ഡിലേ ചെയ്യിക്കാതെ മറ്റ് സംസ്ഥാനങ്ങളെല്ലാം കൂടി പെട്ടെന്ന് ഇതിന് ഒരു നിയമനിർമ്മാണം കൊണ്ടുവരണം. ഇപ്പോൾ മോട്ടോർ കാറിന് കേരളത്തിൽ 10 ശതമാനമാണ് നികുതി. കർണ്ണാടകയിൽ 8 ശതമാനം, തമിഴ്നാട്ടിൽ 11 ശതമാനം, ആന്ധ്രാപ്രദേശിൽ 16 ശതമാനം, പോണ്ടിച്ചേരിയിൽ 4 ശതമാനം. നമ്മുടെ ഇന്ററസ്റ്റ് എത്രയുംവേഗം ഏകീകൃത നികുതി നിരക്കുകൾ പ്രാബല്യത്തിൽ കൊണ്ടുവരിക എന്നുള്ളതായതുകൊണ്ട് നമ്മൾ മറ്റുള്ളവർക്ക് സമയം കൊടുക്കാൻ പാടില്ല. നമ്മൾ എത്രയുംവേഗം ഏകീകൃത നികുതി നിരക്കുകൾ കൊണ്ടുവരുന്നതിനുവേണ്ടിയുള്ള നടപടികളിലേക്ക് കടക്കണം. അതിനു വേണമെങ്കിൽ ഒന്നുകൂടി തെന്നിന്ത്യൻ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ ഒരുമിച്ചി

LIBRARY ARCHIVES Kerala Legislative Assembly

രുന്ന് കേന്ദ്രത്തെ സമീപിച്ചോ മറ്റോ ഏതെങ്കിലും നിലയിൽ എത്രയുംവേഗം ഇതിൽ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുകയാണെങ്കിൽ നമുക്കു നികുതി വരുമാനച്ചോർച്ച തടയുന്നതിനു കഴിയും.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, സതേൺ സോണിലെ സംസ്ഥാനങ്ങൾ പെട്ടെന്ന് ഇതിന് തയ്യാറാകുന്നില്ല എങ്കിൽ സതേൺ സോണിലെ സ്റ്റേറ്റുകളിൽ ഏറ്റവും ചുരുങ്ങിയ നികുതി എന്താണോ, ആ നികുതി ഇവിടെ ഇംപ്ലിമെന്റ് ചെയ്താലും ഇതിന്റെ പ്രയോജനം ലഭിക്കില്ലേ?

ശ്രീ. കെ.എം. മാണി : അതിപ്പോൾ യൂണിലാറ്ററലായി ചെയ്യണമെന്ന് ഞാൻ പറയുന്നില്ല. ഏതായാലും, ഇങ്ങനെ മുഖ്യമന്ത്രിമാർ ചേർന്നുകൊണ്ട് ഒരു തീരുമാനം എടുത്ത സ്ഥിതിക്ക് every State is binding..... അതുകൊണ്ട് ആന്ധ്രാപ്രദേശും, പോണ്ടിച്ചേരിയും യൂണിയൻ ടെറിറ്ററിയായ മാഹിയും എല്ലാം നികുതി ഏകീകരിക്കുന്നതിനെ സംബന്ധിച്ചിടത്തോളം .....

ശ്രീ. ടി. ശിവദാസമേനോൻ : മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിൽ ഇൻഡ്യയിലെ എല്ലാ സ്റ്റേറ്റുകളും, ഇൻക്ലൂഡിംഗ് പോണ്ടിച്ചേരി, യൂനാനിമസായിട്ട് അംഗീകരിച്ചതാണ്.

ശ്രീ. കെ.എം. മാണി : ചില വടക്കേ ഇൻഡ്യൻ സ്റ്റേറ്റുകളിൽ നടപ്പാക്കിക്കഴിഞ്ഞു എന്നു പറയുമ്പോൾ തെക്കേ ഇൻഡ്യൻ സ്റ്റേറ്റുകൾ മാത്രം നടപ്പാക്കാതെ ഇരിക്കുന്നു എന്നുമാത്രമല്ല, കേരളം കൂടുതൽ സമയം ചോദിക്കുകയുമാണ്. My objection is against that. കേരളം സമയം ചോദിക്കാൻ പാടില്ല എന്നുള്ളതിനാലാണ് ഞാൻ നിൽക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയുടെ ശ്രദ്ധയ്ക്കുവേണ്ടി ഒരു കാര്യം പറയാം. നമ്മുടെ ഗവണ്മെന്റിന് വരുമാനം കിട്ടുന്ന ഒരു വലിയ മാർഗ്ഗം ഞാൻ പറയാം. സർചാർജ് ഓൺ ടാക്സസ് ആക്ട് - ഈ ബിൽ അനുസരിച്ച് സർചാർജ് മറ്റുള്ളവരിൽ നിന്നും പിരിക്കാൻ പാടില്ല. അത് നല്ല നിർദ്ദേശമാണ്. സർചാർജ് കൊടുക്കേണ്ട ആൾ തന്നെ സർചാർജ് കൊടുക്കണം. സർചാർജ് കൺസ്യൂമേഴ്സിലേയ്ക്ക് പാസ് ഓൺ ചെയ്യാൻ പാടില്ല. സർചാർജ് കൊടുക്കാൻ ബാദ്ധ്യസ്ഥനായ വ്യക്തി തന്നെ അയാളുടെ ലാഭത്തിൽനിന്നും സർചാർജ് കൊടുക്കണം. നല്ല കാര്യം. ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

പക്ഷെ അങ്ങയുടെ ശ്രദ്ധയിൽ ഒരു കാര്യം കൊണ്ടുവരാനുള്ളത്, ടി.ഒ. ടി. യിൽ ഇതുപോലെ ഒരു വ്യവസ്ഥയുണ്ട്. ഓയിൽ കമ്പനി
[12 Noon] കളെ സംബന്ധിച്ചിടത്തോളം പറഞ്ഞിരിക്കുന്നത്, ഓയിൽ കമ്പനികൾ കൊടുക്കേണ്ട നികുതി എന്നു പറയുന്നത് All Oil companies at the rate of 4 percent on the turnover എന്നാണ്. നാല് ശതമാനം ടേൺ ഓവർ നികുതി കൊടുക്കണമെന്നു പറഞ്ഞിട്ട് സെയിൽസ് ടാക്സ് ആക്ട് സെക്ഷൻ 5-ൽത്തന്നെ പറഞ്ഞിട്ടുണ്ട് Notwithstanding anything contained in sub section 1 of section 22, no dealer shall collect from his purchase the turnover tax payable by him under the sub section. ഓയിൽ കമ്പനികൾ പെട്രോൾ പമ്പുകളിൽ നിന്നും കോടിക്കണക്കിന് രൂപ ടേൺ ഓവർ ടാക്സ് ആയി പിരിച്ചെടുക്കുകയും, അവർ അത് കൺസ്യൂമർക്ക് പാസ്-ഓൺ ചെയ്യുകയും ചെയ്തിരിക്കുന്നു. നമ്മുടെ നിയമമനുസരിച്ച് ഓയിൽ കമ്പനികൾ ചെയ്തിരിക്കുന്നത് നിയമലംഘനമാണ്. നിങ്ങളിപ്പോൾ കൊണ്ടുവന്നിരിക്കുന്ന പുതിയ പരിഷ്കാരമനുസരിച്ച് ഓയിൽ കമ്പനികൾ തട്ടിയെടുത്തിരിക്കുന്ന കോടിക്കണക്കിന് രൂപ

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരിലേയ്ക്ക് ഫോർഫീറ്റ് ചെയ്യണം. ഈ ധനകാര്യ ബില്ലിൽ സർചാർജ് ഫോർഫീറ്റ് ചെയ്യണമെന്ന് പറയുന്നതുപോലെതന്നെയാണത്. കൺസ്യൂമേഴ്സിൽനിന്നും പിരിച്ചിട്ടുള്ള സർചാർജ് വ്യാപാരികൾ ഫോർഫീറ്റ് ചെയ്യണമെന്ന് പറയുന്നതുപോലെതന്നെ ഓയിൽ കമ്പനികൾ കൺസ്യൂമേഴ്സിലേയ്ക്ക് പാസ് ചെയ്തിരിക്കുന്ന ടി.ഒ.ടി. അവർ തീർച്ചയായും ഗവണ്മെന്റിലേയ്ക്ക് ഫോർഫീറ്റ് ചെയ്യിക്കണം. അതിനുള്ള നടപടി അങ്ങ് സ്വീകരിക്കണം. കെ.ജി.എസ്.ടി. നിയമത്തിലെ സെക്ഷൻ 4(3) (c) -ൽ ഒരു ജുഡീഷ്യൽ മെമ്പറുടെ പേരുകൂടി കൂട്ടിചേർക്കണം. കേസിന്റെ ഡിസ്പോസലിനുവേണ്ടിയാണത്. എനിക്ക് ഒരു ഭേദഗതി നിർദ്ദേശം വയ്ക്കാനുള്ളത് ട്രിബ്യൂണലിലെ മെമ്പർമാർക്ക് ഒറ്റയ്ക്കാണെങ്കിലും ഇരുപത്തിഅയ്യായിരം രൂപ വരെയുള്ള കേസേ എടുക്കാനൊക്കൂ. രണ്ടു മെമ്പർ കൂടിയുള്ള ഡിവിഷൻ ബഞ്ചിന് ഒരു ലക്ഷം രൂപവരെ മാത്രമേ ജൂറിസ്ഡിക്ഷനുള്ളൂ. മറിച്ച് അപ്പലേറ്റ് അസിസ്റ്റന്റ് കമ്മീഷണർക്ക് അൺലിമിറ്റഡ് ജൂറിസ്ഡിക്ഷൻ ആണ്. എത്ര കോടി രൂപയുടെ കേസുകളും കേൾക്കാം. പക്ഷെ ട്രിബ്യൂണലിലെ മെമ്പർമാർക്ക് 25,000 മുതൽ 1,00,000 രൂപ വരെയുള്ള കേസ്സുകൾ മാത്രമേ ഉള്ളൂവെങ്കിൽ നിയമം ഭേദഗതി ചെയ്തുകൊണ്ട് രണ്ട് മെമ്പർമാരുടെ ബഞ്ചിന് അൺലിമിറ്റഡായിട്ടുള്ള ജൂറിസ്ഡിക്ഷൻ കൊടുക്കുന്നുവെങ്കിൽ നമ്മുടെ കേസ്സുകൾ തീർച്ചയായും കൂടുതൽ ഡിസ്പോസ് ചെയ്യാൻ കഴിയും. ഒരു പോയിന്റുകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഞങ്ങൾ ഈ ധനകാര്യ ബിൽ പാസ്സാക്കിത്തന്നാൽ മതിയോ? ധനകാര്യ ബില്ലിൽ പറയുന്ന രീതിയിൽ അഡീഷണൽ റിസോഴ്സ് മൊബിലൈസേഷൻ നടത്താനുള്ള ചുമതല ഈ ഗവണ്മെന്റിനുണ്ട്. നികുതി പിരിക്കാനുള്ള ചുമതല ഈ ഗവണ്മെന്റിനുണ്ട്. പക്ഷെ നിർഭാഗ്യകരമെന്നു പറയട്ടെ, ഈ ഗവണ്മെന്റ് 1997 മുതൽ കഴിഞ്ഞ മൂന്നുവർഷക്കാലം നികുതി പിരിവിന്റെ കാര്യത്തിൽ കടുത്ത ഉദാസീനത പ്രകടിപ്പിക്കുകയുണ്ടായി എന്നുള്ളതാണ് സത്യം. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ 1997-98-ലെ റിപ്പോർട്ടിൽ പറയുന്നത് 1997-98-ൽ സെയിൽസ്ടാക്സിൽ 191 കോടിരൂപയുടെ കുറവ് ഉണ്ടായി എന്നാണ്. അതായത് 5.86 ശതമാനത്തിന്റെ കുറവ്. അതുപോലെ സ്റ്റേറ്റ് എക്സൈസ് 124 കോടിരൂപയുടെ കുറവ്. ശതമാനക്കണക്കിൽ പറയുമ്പോൾ 29.83 ശതമാനത്തിന്റെ കുറവ്. അതുപോലെ സ്റ്റാംപ്സ് ആന്റ് രജിസ്ട്രേഷൻ 87 കോടിരൂപയുടെ കുറവ്. 26 ശതമാനത്തിന്റെ കുറവ്. രജിസ്ട്രേഷൻ 71 കോടി രൂപയുടെ കുറവ്; 48 ശതമാനത്തിന്റെ കുറവ്. ടാക്സസ് ഓൺ വെഹിക്കിൾസ് 41 കോടിരൂപയുടെ കുറവ്. 12 ശതമാനം കുറവ്. ഇതിനെ സംബന്ധിച്ച് വാസ്തവത്തിൽ ഒരുകാലത്തും ഇല്ലാത്ത കുറവുവരുന്നു. 1996-97-ൽ വിൽപ്പന നികുതി 2,753 കോടി രൂപയായിരുന്നു. തലേവർഷത്തേക്കാൾ 21 ശതമാനം ഗ്രോത്ത്. 1997-98-ൽ 3.106 കോടി രൂപയായി. തലേവർഷത്തേക്കാൾ 13 ശതമാനം ഗ്രോത്ത്. 1998-99-ൽ 3,387 കോടി രൂപ. തലേവർഷത്തേക്കാൾ 9 ശതമാനം ഗ്രോത്ത്. ഗ്രോത്ത് കുറഞ്ഞുകുറഞ്ഞ് 21 ശതമാനത്തിൽ നിന്ന് 9 ശതമാനത്തിലേയ്ക്ക് വന്നു. ഇതെല്ലാം റബ്ബർകർഷകന്റെ ചെലവിൽ പറ്റെഴുതരുത്. 21 ശതമാനത്തിൽനിന്ന് ഗ്രോത്ത് റേറ്റ് 9 ശതമാനത്തിലേയ്ക്ക് താണുവെങ്കിൽ ഇതൊരു പോരായ്മയാണ്. നികുതി വരുമാനത്തെ സംബന്ധിച്ചിടത്തോളം വലിയൊരു പോരായ്മയാണ്. അതുകൊണ്ട് ഇക്കാര്യം ഗുരുതരമായി കാണണമെന്നുമാത്രമാണ് എനിക്ക് പറയാനുള്ളത്. ഞാൻ നേരത്തേ വായിച്ചത് 1997-98-ലെ സി.ആന്റ് എ.ജി. റിപ്പോർട്ടാണ്. 1998-99-ൽ സെയിൽസ് ടാക്സ് ടാർജറ്റിനേക്കാൾ ആക്ച്വൽസിന് വലിയ വ്യത്യാസമുണ്ട്. ഒരു പക്ഷേ മന്ത്രി പറയും ഇത് എസ്റ്റി

LIBRARY ARCHIVES Kerala Legislative Assembly

മേറ്റാണ് എന്ന്. ശരിയാണ്. എസ്റ്റിമേറ്റിൽ വലിയ വേരിയേഷൻ വരാൻ പാടില്ല. ബഡ്ജറ്റ് ഫിഗേഴ്സിന് സാങ്റ്റിറ്റി ഉണ്ട്. സെയിൽസ് ടാക്സിനെ സംബന്ധിച്ച് 441 കോടി രൂപ ബഡ്ജറ്റ് എസ്റ്റിമേറ്റിനെക്കാൾ കുറഞ്ഞു. മോട്ടോർ വെഹിക്കിൾസിൽ 131 കോടി രൂപ കുറഞ്ഞു. സ്റ്റാമ്പ്സ് ആന്റ് രജിസ്ട്രേഷനിൽ 155 കോടി രൂപ കുറഞ്ഞു. 50 കോടി രൂപ എ.ആർ.എം. നടത്തുമെന്ന് ഈ ഗവണ്മെന്റ് പറയുകയുണ്ടായി. ആക്ച്വൽസ് വന്നപ്പോൾ അണ്ടർവാല്വേഷൻ ഇനത്തിൽ 15 കോടി രൂപ കിട്ടി. 35 കോടി രൂപയുടെ കുറവ്. അതുകൊണ്ട് നികുതി വരുമാനം പരിരക്ഷിക്കാൻ ശ്രമിക്കണം. ഞാൻ ഒരു വാക്കുകൂടി പറയട്ടെ. നമുക്ക് ഡിമാന്റ് ക്രിയേറ്റ് ചെയ്യണം. സെയിൽസ് ടാക്സ് ഉദ്യോഗസ്ഥന്മാർ പുതിയ പുതിയ ഡിമാന്റ് ക്രിയേറ്റ് ചെയ്ത് അസസ്മെന്റ് ഓർഡേഴ്സ് കൊടുത്തു എങ്കിൽ മാത്രമേ സർക്കാരിന് മുൻവർഷത്തേക്കാൾ കൂടുതൽ നികുതി കിട്ടുകയുള്ളൂ. ഞാൻ വളരെ ഗുരുതരമായ തെറ്റ് ഈ ഗവണ്മെന്റിന്റെ മേൽ ആരോപിക്കുകയാണ്. ഈ ഗവണ്മെന്റ് കഴിഞ്ഞ മൂന്നു വർഷക്കാലം ഡിമാന്റ് ക്രിയേഷന്റെ കാര്യത്തിൽ പുറകോട്ടുപോയി, പരാജയപ്പെട്ടു. ഉദാഹരണത്തിന് 1997-98-ലെ അരിയർ ഓഫ് അസസ്മെന്റ് 2,55,027 കേസ്സുകൾ ആണ്. പക്ഷെ 1997-98-ൽ അസസ്മെന്റ് പൂർത്തിയാക്കിയത് 1,32,285 കേസ്സുകളിൽ മാത്രമാണ്. അതിന്റെ ശതമാനമെടുത്താൽ 52 ശതമാനം. എന്നു പറഞ്ഞാൽ അവർ അസസ് ചെയ്യേണ്ട. ഡിമാന്റ് ക്രിയേറ്റ് ചെയ്യേണ്ട ടാർജറ്റിൽ 52 ശതമാനം മാത്രമാണ് അവർ നേടിയിട്ടുള്ളത് എങ്കിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത് നിങ്ങളുടെ സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിനെ അലർട്ട് ചെയ്ത് കൂടുതൽ ഡിമാന്റുകൾ ക്രിയേറ്റ് ചെയ്യിപ്പിച്ച് സർക്കാരിന് കൂടുതൽ വരുമാനമുണ്ടാക്കാൻ നിങ്ങൾക്ക് കഴിയണം എന്നാണ്. അതുപോലെതന്നെ പഴയ അരിയേഴ്സ് പിരിച്ചെടുത്ത് വരുമാനമുണ്ടാക്കാനും നിങ്ങൾക്ക് കഴിയും. ഈ ധനകാര്യ ബിൽ സഭ പാസ്സാക്കിത്തരുന്നു. പക്ഷെ ആത്മാർത്ഥതയോടുകൂടി പാസ്സാക്കിത്തരുന്നു എന്നു പറയുന്നതിൽ ഞങ്ങളുടെ പ്രതിഷേധമുണ്ട്. ഞങ്ങൾ എതിരായി വോട്ടു ചെയ്ത് ഈ നിയമസഭ നിങ്ങൾക്ക് പാസ്സാക്കിത്തരുന്നു. പക്ഷെ നിങ്ങൾക്ക് ഒരു ഉത്തരവാദിത്വം ഉണ്ട്. നിങ്ങൾ അവസരത്തിനൊത്ത് ഉയർന്ന് സർക്കാരിന്റെ വരുമാനം പരിരക്ഷിക്കാൻ ശ്രമിക്കണം. അത് ഉണ്ടായിട്ടില്ല. അതിൽ പ്രതിഷേധിച്ച് ഞാൻ ഈ ധനകാര്യ ബില്ലിനെ എതിർക്കുകയാണ്.

<u>ശ്രീ. സത്യൻ മൊകേരി</u> : സർ, ഞാൻ ഈ ധനകാര്യ ബില്ലിനെ അനുകൂലിക്കുകയാണ്. നമ്മുടെ രാജ്യം വളരെയധികം സാമ്പത്തിക പ്രതിസന്ധിയിൽ മുന്നോട്ടുപോകുന്ന ഘട്ടത്തിലാണ് നമ്മൾ ഈ ധനകാര്യ ബിൽ ഇവിടെ പാസ്സാക്കുന്നത്. സാമ്പത്തികമായി നമ്മുടെ രാജ്യത്ത് വന്നിട്ടുള്ള മാന്ദ്യത സംസ്ഥാനത്തിന്റെ റിസോഴ്സ് മൊബിലൈസേഷനെ ബാധിക്കുന്നുണ്ട്. അത് കഴിഞ്ഞകാല ഗവണ്മെന്റിന്റേയും ഇപ്പോൾ ഭരിക്കുന്ന ഗവണ്മെന്റിന്റേയും നയ വൈകല്യങ്ങൾമൂലം വന്നിട്ടുള്ള പ്രശ്നങ്ങളാണ്. ഈ ഗവണ്മെന്റിന് കാര്യക്ഷമതയില്ലാത്തതുകൊണ്ടാണ് റിസോഴ്സ് മൊബിലൈസേഷൻ കൃത്യമായി നടക്കാത്തതെന്ന് ശ്രീ. കെ.എം. മാണി പറഞ്ഞു. അങ്ങനെയാണോ? പൊതുവേ നമ്മുടെ രാജ്യത്ത് വന്നിട്ടുള്ള ആഗോള സാമ്പത്തികപ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്തും ഉണ്ടായ സാമ്പത്തിക മാന്ദ്യത, എല്ലാ മേഖലകളേയും ബാധിച്ചിട്ടുണ്ട്. അതിനകത്തുനിന്നുകൊണ്ട് ഈ സംസ്ഥാനത്ത് പരമാവധി റിസോഴ്സ് മൊബിലൈസ് ചെയ്യുന്നതിനുവേണ്ടിയുള്ള വലിയ ഒരു പരിശ്രമമാണ് നടക്കുന്നത്. അതിന്റെ ഭാഗമായിട്ടാണ് ഈ ധനകാര്യ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഇവിടെ പണം കണ്ടെ

LIBRARY ARCHIVES Kerala Legislative Assembly

ത്തുന്നതിന് പ്രതിപക്ഷം എതിരാണ്. പണം കണ്ടെത്തുന്നതിനുവേണ്ടി നടത്തിയിട്ടുള്ള പരിശ്രമങ്ങളെ പരസ്യമായി എതിർക്കുന്ന ഒരു സമീപനമാണ് പ്രതിപക്ഷത്തിന്റെ ഭാഗത്ത് ഉണ്ടായിട്ടുള്ളത്. എങ്ങനെ ഈ സംസ്ഥാനത്ത് കാര്യക്ഷമമായി ഭരണം മുന്നോട്ടു കൊണ്ടുപോകുവാൻ കഴിയും? നമ്മുടെ സ്റ്റേറ്റിന്റെ ഡെവലപ്മെന്റിന് ആവശ്യമായ റിസോഴ്സസ് എങ്ങനെ കണ്ടെത്തുവാൻ കഴിയുമെന്ന ആലോചിക്കുന്ന ഘട്ടത്തിൽ പുതിയപുതിയ മേഖലകളിലേയ്ക്ക് പോകേണ്ടതായിട്ടുണ്ട്. പുതിയപുതിയ മേഖലകളിൽ നികുതി കണ്ടെത്തുന്നതിനുള്ള പരിശ്രമമാണ് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ നടത്തിയിട്ടുള്ളത്. ഈ ഗവണ്മെന്റിന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരുന്ന വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പണം കണ്ടെത്തുന്നതിനുവേണ്ടിയുള്ള പരിശ്രമമാണ് ഇവിടെ നടത്തിയിട്ടുള്ളത്. കെട്ടിടങ്ങൾ കെട്ടുമ്പോൾ അവയ്ക്ക് ആഡംബര നികുതി ചുമത്തി ആ ഇനത്തിൽ കൂടുതൽ പണം സമാഹരിച്ച് സംസ്ഥാനത്തെ പാവപ്പെട്ട ആളുകൾക്ക് വീട് നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ഒരു വലിയ പദ്ധതിയാണ് ആഡംബരനികുതി എന്ന രീതിയിൽ കൊണ്ടുവന്നിട്ടുള്ളത്. അതിന് ആവശ്യമായ പണം കണ്ടെത്തുക എന്ന ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിലാണ് വലിയ കെട്ടിടങ്ങൾക്ക് ആഡംബര നികുതി ഈടാക്കുന്നതിനുവേണ്ടി ഗവണ്മെന്റ് തീരുമാനിച്ചത്. സെയിൽസ് ടാക്സ് കൃത്യമായി പിരിച്ചെടുക്കുന്നതിനുവേണ്ടി ഗവണ്മെന്റ് വലിയ പരിശ്രമങ്ങൾ നടത്തുന്നുണ്ട്. സെയിൽസ് ടാക്സ് ഉദ്യോഗസ്ഥന്മാർ വളരെ സിൻസിയറായി അവരിൽ അർപ്പിതമായിട്ടുള്ള ചുമതലകൾ നിർവഹിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമം നടത്തുന്ന ഘട്ടത്തിൽ അതിനെ ഫിസിക്കലായിപ്പോലും തടയുന്ന ചില സംവിധാനങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. സിൻസിയറായി ഈ ബില്ലിന്റെ അടിസ്ഥാനത്തിൽ നികുതി പിരിച്ചെടുക്കുന്നതിനുവേണ്ടിയുള്ള സൗകര്യങ്ങൾ സംസ്ഥാനത്ത് ഉണ്ടാകേണ്ടതായിട്ടുണ്ട്. ആ സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി സെയിൽസ്ടാക്സ് ഡിപ്പാർട്ടുമെന്റിന്റെ എഫിഷ്യൻസി കൂടുതൽ വർദ്ധിപ്പിക്കണം. എഫിഷ്യൻസി വർദ്ധിപ്പിക്കുക എന്നു പറഞ്ഞാൽ സെയിൽസ്ടാക്സ് പിരിച്ചെടുക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഫലപ്രദമായി നടപ്പാക്കുക എന്നാണ്. യഥാർത്ഥത്തിൽ പല കണക്കുകളും പറയുന്നത്, ഈ സംസ്ഥാനത്തുള്ള സെയിൽസ്ടാക്സിന്റെ വലിയൊരു ഭാഗം അക്കൗണ്ട് ചെയ്യപ്പെടാതെ പോകുകയാണ് എന്നാണ്. സ്വർണ്ണക്കച്ചവടമേഖലയിലായാലും വസ്ത്രനിർമ്മാണ മേഖലയിലായാലും പ്രധാനപ്പെട്ട മറ്റു ബിസിനസ് കേന്ദ്രങ്ങളിലും എല്ലാംതന്നെ യഥാർത്ഥ കണക്കുകൾ അക്കൗണ്ട് ചെയ്യുന്നില്ല. ശരിയായി അക്കൗണ്ട് ചെയ്യാത്തതുകൊണ്ട് ഭീമമായ സംഖ്യ ചോർന്നുപോകുന്നുണ്ട്. അതുകൊണ്ട് പൂർണ്ണമായ അർത്ഥത്തിൽത്തന്നെ സെയിൽസ് ടാക്സ് പിരിച്ചെടുക്കുന്നതിന് നമുക്ക് കഴിഞ്ഞാൽ വലിയ വരുമാനം കണ്ടെത്തുവാൻ കഴിയും. കോടതിയിൽ ധാരാളം ഡിസ്പ്യൂട്ടുകളുണ്ട്. ഹൈക്കോടതിയിലെ ഡിസ്പ്യൂട്ടുകൾ നീണ്ടുപോവുകയാണ്. നമ്മുടെ ഭാഗം വാദിക്കുന്ന ഗവണ്മെന്റ് വക്കീലന്മാർ കൃത്യമായി, ടൈംബൗണ്ടായി ജോലി നിർവഹിക്കാത്തതുകൊണ്ട് കേസുകൾ ഡിലേയാകുന്നുണ്ട്. പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റിയും മറ്റ് നിയമസഭാ കമ്മിറ്റികളും ഈ പ്രശ്നം പരിശോധിച്ച ഘട്ടങ്ങളിലൊക്കെ ഇക്കാര്യം ബോധ്യമായിട്ടുള്ളതാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം കുടിശ്ശിക പിരിക്കുന്നതിന് വലിയ എഫർട്ട് നടക്കുന്നുണ്ട്. സെയിൽസ് ടാക്സിനുവേണ്ടിമാത്രം പ്രത്യേക ആളുകളെ ചുമതലപ്പെടുത്തിക്കൊണ്ട് അതു പിരിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമം നടക്കുന്നുണ്ട്. ആ പരിശ്രമത്തിലൂടെ കേസുകൾ തീർപ്പുകല്പിക്കുവാൻ കഴിയുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ അരിയേഴ്സ് പരമാവധി ഈടാക്കുവാൻവേണ്ടിയുള്ള പരിശ്ര മവും നടക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ റിസോഴ്സ് മൊബിലൈസേ ഷൻ വളരെ കൃത്യമായി പ്രാവർത്തികമാക്കുവാൻവേണ്ടിയുള്ള പരിശ്രമത്തി നാണ് നമ്മുടെ സംസ്ഥാനത്ത് ധനകാര്യവകുപ്പുമന്ത്രി നേതൃത്വം കൊടുക്കു ന്നത്. അതുപോലെ മറ്റ് മേഖലകളിൽ പുതിയതായി നികുതിമാർഗ്ഗങ്ങൾ കണ്ടെത്തുവാൻവേണ്ടി, പാവപ്പെട്ട ആളുകൾക്ക് വലിയ ബുദ്ധിമുട്ട് ഇല്ലാതെ, നികുതിയില്ലാതെ ഭരണം നടത്തുവാൻ കഴിയുകയില്ല. ഏതു നികുതി നിർദ്ദേ ശത്തേയും എതിർക്കുക എന്നുള്ള സമീപനം ഈ ഗവണ്മെന്റിന്റെ വികസനവു മായി ബന്ധപ്പെട്ട ചർച്ചയിൽ ഗുണകരമല്ല. പ്രതിപക്ഷം അതു മനസ്സിലാക്കു ന്നത് നല്ലതാണ്. എന്തിനേയും എതിർക്കുകയാണ്. വികസനം നടക്കുന്നി ല്ലെന്ന് പറയുക. അത്തരം ഒരു സമീപനം ഉപേക്ഷിച്ചുകൊണ്ട് നമുക്ക് ആവ ശ്യമായ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്താൻ വേണ്ടിയുള്ള സമീപനങ്ങൾ കൈക്കൊള്ളണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ സംസ്ഥാനം അഗാധമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണ്. കേന്ദ്ര ഗവണ്മെന്റിന്റെ പൂർണ്ണമായ സഹായം ലഭിക്കാതെ നമുക്ക് അത് പരിഹരിക്കു വാൻ കഴിയുകയില്ല. റവന്യൂ കമ്മിയുടെ കാര്യം നമുക്ക് ചിന്തിക്കു വാൻപോലും കഴിയാത്ത വിധത്തിലാണ്. വെറുതെ പറഞ്ഞിട്ട് കാര്യമില്ല. കേന്ദ്രത്തിൽനിന്നും പ്ലാൻ സ്കീമിലെ ഫണ്ട് നമുക്ക് സമയാസമയങ്ങളിൽ ലഭിക്കുന്നില്ല. ഇപ്പോൾ നമ്മുടെ മുൻപിലുള്ള പ്രശ്നമതാണ്. കേന്ദ്രത്തിൽ ഗവണ്മെന്റ് മാറിയതോടുകൂടി വളരെ നെഗറ്റീവായിട്ടുള്ള അപ്രോച്ചാണ് സംസ്ഥാന ഗവണ്മെന്റിനോട് കേന്ദ്ര ഗവണ്മെന്റ് കാണിക്കുന്നത്. പ്ലാൻ സ്കീമിൽ കേന്ദ്രം ചെയ്യേണ്ട സഹായങ്ങൾ, നമുക്ക് കിട്ടേണ്ട അലോക്കേഷൻ എന്നിവ കൃത്യമായി ലഭിക്കാത്ത അവസ്ഥയാണ്. അതുകൊണ്ട് സംസ്ഥാന ത്തിന്റെ പൊതുവായ താൽപ്പര്യം സംരക്ഷിക്കുവാൻവേണ്ടി, വികസന ലക്ഷ്യ ങ്ങൾ നേടിയെടുക്കുവാൻവേണ്ടി കൂട്ടായ പ്രവർത്തനത്തിനു പ്രതിപക്ഷം സഹകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നമ്മുടെ താൽപ്പര്യം സംരക്ഷിക്കുന്ന ഒരു ഗവണ്മെന്റ് കേന്ദ്രത്തിൽ അധികാരത്തിൽ വരേണ്ടതായിട്ടുണ്ട്. ഇലക്ഷനെ നേരിടാൻ പോവുകയാണ്. ഇപ്പോൾ ധനകാ ര്യബില്ലിന്റെ ചർച്ചയാണെങ്കിലും അത്തരം പ്രശ്നങ്ങൾ നമ്മുടെ മുന്നിലുണ്ട്. ഈ സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന ഒരു ഗവ ണ്മെന്റ് കേന്ദ്രത്തിൽ അധികാരത്തിൽ വരേണ്ടതായിട്ടുണ്ട്. ഇന്ന് കേന്ദ്രം ഭരി ക്കുന്ന ബി.ജെ.പി. സർക്കാർ സംസ്ഥാനത്തിന്റെ സാമ്പത്തിക താൽപ്പര്യം ഉൾപ്പെടെയുള്ള താൽപ്പര്യങ്ങൾ സംരക്ഷിക്കുവാൻ സഹായകരമല്ല. അതി നൊക്കെ സഹായകരമാകുന്ന രീതിയിലുള്ള ഇലക്ഷൻ റിസൽട്ട് കേന്ദ്രത്തിൽ ഉണ്ടാക്കുവാൻ നാം പരിശ്രമിക്കണം.

<u>ശ്രീ. ജി. കാർത്തികേയൻ</u> : കേരളത്തിലെ മാത്രം ജനങ്ങളുടെ താല്പ ര്യത്തിനുവേണ്ടിയല്ല, ഈ രാജ്യത്തിന്റെ മുഴുവൻ താൽപര്യം സംരക്ഷിക്കുന്ന തിന് അങ്ങ് പറഞ്ഞ സ്ഥിതി സംജാതമാകണം. അതിനു കഴിയണം എന്നു പറഞ്ഞാൽ പോരാ. അതിനു നിങ്ങളുടെ പാർട്ടിയുടെ പോസിറ്റീവായിട്ടുള്ള സ്റ്റാന്റ് എന്താണ്?

<u>ശ്രീ. സത്യൻ മൊകേരി</u> : വളരെ ക്ളിയറാണ്. ഒരു തേഡ് ആൾട്ടർനേ റ്റീവ് ഈ രാജ്യത്ത് എമർജ് ചെയ്തുവന്നാൽ മാത്രമേ ശാശ്വതമായി പ്രശ്ന ങ്ങൾ പരിഹരിക്കുവാൻ കഴിയൂ. കോൺഗ്രസിന്റേയും ബി.ജെ.പി.യുടേയും സാമ്പത്തികനയങ്ങൾ ഒന്നുതന്നെയാണ്. പേറ്റന്റ് ബിൽ സംബന്ധിച്ച് പാർല

LIBRARY ARCHIVES Kerala Legislative Assembly

മെന്റിൽ ഡിബേറ്റ് നടക്കുമ്പോൾ അക്കാര്യം വളരെ വ്യക്തമായതാണ്. നയപര മായ കാര്യങ്ങളിൽ ബി.ജെ.പി. യും നിങ്ങളും തമ്മിൽ എന്താണ് വ്യത്യാസം? സാമ്പത്തികമേഖല പരിശോധിച്ചു നോക്കു. പേറ്റന്റ് ബില്ലിന്റെ കാര്യം പരി ശോധിച്ചാൽ നിങ്ങളും ബി.ജെ.പി. യും തമ്മിൽ വ്യത്യാസമില്ല എന്നു കാണാം.

ശ്രീ. ജി. കാർത്തികേയൻ : അതിന്റെ ഡിബേറ്റാണോ ഇത്? സാമ്പ ത്തിക കാര്യങ്ങളിൽ കോൺഗ്രസ്സും ബി.ജെ.പി. യും ഒന്നാണെന്ന് ബഹുമാന പ്പെട്ട അംഗം പറഞ്ഞാൽ, ഇതൊരു സംവാദമാണ്. അപ്പോൾ ധാരാളം കാര്യ ങ്ങൾ പറയേണ്ടിവരും. ഒരു വാക്കിൽ 'അതല്ല' എന്നു മാത്രമേ എനിക്ക് ഇപ്പോൾ പറയുവാൻ കഴിയൂ. കോൺഗ്രസ് വേറെ. ബി.ജെ.പി. വേറെ. അങ്ങ് പറഞ്ഞുപറഞ്ഞ് കോൺഗ്രസ്സിനേയും ബി.ജെ.പി.യേയും ഒന്നാക്കരുത്. കോൺഗ്രസ്സിനു കോൺഗ്രസ്സിന്റെ ഐഡന്റിറ്റിയുണ്ട്. ബി.ജെ.പി. ക്ക് ബി.ജെ. പി. യുടെ ഐഡന്റിറ്റിയുണ്ട്.

ശ്രീ. സത്യൻ മൊകേരി : കോൺഗ്രസും ബി.ജെ.പി. യും ഒരുപോ ലുള്ള പാർട്ടിയാണെന്ന് പറയുകയല്ല. കോൺഗ്രസ് സെക്യുലാർ പാർട്ടിയാണ്. പക്ഷേ സാമ്പത്തികനയത്തിന്റെ കാര്യത്തിൽ പാർലമെന്റിൽ നടത്തിയിട്ടുള്ള ചർച്ചകളിലും വോട്ടെടുപ്പിലുമൊക്കെ കോൺഗ്രസ് പാർട്ടിയും ബി.ജെ.പി. യും ഒരേ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. ജോസ് ബേബി : കോൺഗ്രസ്സിന് കോൺഗ്രസ്സിന്റേതായ ഐഡ ന്റിറ്റിയുണ്ടെന്ന് ബഹുമാനപ്പെട്ട ജി. കാർത്തികേയൻ ഇവിടെ പറയുകയുണ്ടാ യി. ഇവിടെ പ്രതിപക്ഷ നേതാവിനെ കാണാനില്ല. അദ്ദേഹം കുമാരി ജയലളി തയുടെ വീട്ടുപടിക്കൽ ഇപ്പോൾ വിളിക്കും. ഇപ്പോൾ വിളിക്കും എന്ന് കാത്തി രിക്കുകയാണ്. എപ്പോഴാണ് വിളിക്കുക എന്ന് അറിയാൻവേണ്ടി കാത്തുകിട ക്കുകയാണ്. എപ്പോഴാണ് ഉള്ളിലോട്ട് വിളിക്കുക എന്ന്. ഒരു പ്രാവശ്യം പറ്റി യില്ല, ഇറങ്ങിപ്പോകുവാൻ കുമാരി ജയലളിത പറഞ്ഞു. ഇപ്പോൾ രണ്ടാമത് വിളിക്കുവാൻവേണ്ടി കാത്തുകിടക്കുകയാണ് എന്നുള്ള വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജി. കാർത്തികേയൻ : തമിഴ്നാട് മുഖ്യമന്ത്രിയായിരുന്ന കുമാരി ജയലളിതയുമായി ശ്രീ. എ.കെ. ആന്റണി സംസാരിക്കുവാൻ പോയത് ശരിയാ ണ്. അദ്ദേഹത്തിന് കാത്തുനിൽക്കേണ്ടിവന്നു. ശ്രീ. സുർജിത് സിംഗും ശ്രീ. എ.വി. ബർദാനും കണ്ടതിനുശേഷമാണ് ശ്രീ. എ.കെ. ആന്റണിക്ക് അവരെ കാണേണ്ടിയിരുന്നത്. അതുകൊണ്ട് അദ്ദേഹം വെയ്റ്റു ചെയ്തു.

ശ്രീ. സത്യൻ മൊകേരി : രാജ്യത്തിന്റെ പൊതുവായ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന, ദേശീയ നയങ്ങൾ സംരക്ഷിക്കുന്ന, സംസ്ഥാനത്തിന്റെ സാമ്പ ത്തിക താല്പര്യങ്ങൾ സംരക്ഷിക്കുന്ന ഒരു ബദൽ നയത്തിന്റെ അടിസ്ഥാനത്തി ലുള്ള ഗവണ്മെന്റ് കേന്ദ്രത്തിൽ അധികാരത്തിൽ വന്നാൽ മാത്രമേ ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുക യുള്ളൂ. ഞാൻ അക്കാര്യം നേരത്തേ പറഞ്ഞിട്ടുണ്ട്. പ്ളാൻ അലോക്കേ ഷൻപോലും തടഞ്ഞുവയ്ക്കുന്ന സംവിധാനമാണ് ഇന്ന് കേന്ദ്രത്തിലുള്ളത്. ഒരു തേഡ് ആൾട്ടർനേറ്റീവ് നയത്തിന്റെ അടിസ്ഥാനത്തിൽ നയപരമായി ദേശീയ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു ബദൽ ഗവണ്മെന്റിനെ അധി കാരത്തിൽ കൊണ്ടുവരുന്നതിനുവേണ്ടിയുള്ള വലിയ പരിശ്രമമാണ് നമ്മുടെ സംസ്ഥാനത്ത് ആരംഭിക്കാൻ പോകുന്നത്. ആ പരിശ്രമമാണ് കേരളത്തിലെയും

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യയിലെയും ജനത ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തിനോടൊപ്പം അണിനിരക്കും എന്നുള്ള കാര്യത്തിൽ ഞങ്ങൾക്ക് ആർക്കും സംശയമില്ല.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : ബഹുമാനപ്പെട്ട സത്യൻ മൊകേരിയും ശ്രീ. ജോസ് ബേബിയും പറഞ്ഞ അഭിപ്രായങ്ങളൊക്കെ നിങ്ങളുടെ പാർട്ടിയുടെ അഭിപ്രായം ആയിരിക്കുകയില്ലായെന്നു വേണമല്ലോ വിശ്വസിക്കാൻ. കാരണം, ബഹുമാനപ്പെട്ട കെ.ഇ. ഇസ്മയിൽ ആ രീതിയിലാണല്ലോ കഴിഞ്ഞ ദിവസം പറഞ്ഞത്.

ശ്രീ. സത്യൻ മൊകേരി : സി.പി.ഐ. ഇൻഡ്യാ രാജ്യത്ത് ഉയർത്തിയിരിക്കുന്ന മുദ്രാവാക്യങ്ങളും ഈ ഇലക്ഷനിൽ ഉന്നയിക്കുന്ന രാഷ്ട്രീയ പ്രശ്നങ്ങളും മുദ്രാവാക്യങ്ങളും തന്നെയാണ് ഞങ്ങളിവിടെ അവതരിപ്പിച്ചത്.

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : ബഹുമാനപ്പെട്ട സത്യൻ മൊകേരി കോൺഗ്രസ്സിന്റെ നയങ്ങളെക്കുറിച്ച് പറഞ്ഞു. ആ സാമ്പത്തിക നയങ്ങളാണ് കഴിഞ്ഞ ഐക്യമുന്നണി മന്ത്രിസഭയിൽ ശ്രീ. ചിദംബരം നടപ്പാക്കിയിരുന്നതും അങ്ങയുടെ പാർട്ടിയിലെ മന്ത്രിമാർ അടക്കമിരുന്ന് പിന്തുണ കൊടുത്തതും.

ശ്രീ. സത്യൻ മൊകേരി : അങ്ങ് അത് ബോധപൂർവം പറയുകയാണോ? യു.എഫിന്റെ സാമ്പത്തികനയവും കോൺഗ്രസിന്റെ സാമ്പത്തിക നയവും വളരെ വ്യക്തമാണ്. പബ്ളിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം എങ്ങനെ നടപ്പിലാക്കണം എന്നതിനെക്കുറിച്ചുള്ള കോൺഗ്രസ്സിന്റെ നയവും യു.ഡി.എഫിന്റെ നയവും വളരെ വ്യക്തമായി ഇന്നലെ ഭക്ഷ്യവകുപ്പിന്റെ ഡിബേറ്റിൽ പറഞ്ഞതാണ്.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : യു.എഫ്. ഗവണ്മെന്റിന്റെ കാലത്ത് കോൺഗ്രസ്സിന്റെ നയത്തിൽനിന്നും ബി.ജെ.പി. യുടെ നയത്തിൽനിന്നും ഞങ്ങളുടെ നയത്തിൽ നിന്നും ജനതാദളിന്റെ നയത്തിൽനിന്നുമൊക്കെ വ്യത്യസ്തമായ ഒരു കോമൺ മിനിമം പ്രോഗ്രാമുണ്ടാക്കി. അതാണ് ആ ഗവണ്മെന്റ് നടപ്പിലാക്കിയത്.

ശ്രീ. സത്യൻ മൊകേരി : അതുകൊണ്ട് ഒരു കോമൺ മിനിമം പ്രോഗ്രാമിന്റെ അടിസ്ഥാനത്തിൽ, ഈ ഇലക്ഷനുശേഷമെങ്കിലും അത്തരം ഒരു നയത്തിന്റെ അടിസ്ഥാനത്തിൽ യുണൈറ്റഡ് ഫ്രണ്ട് പോലുള്ള ഒരു ഗവൺമെന്റിനെ അധികാരത്തിൽ കൊണ്ടുവരിക എന്നുള്ളതാണ് സി.പി.ഐ. യുടെ രാഷ്ട്രീയമായ ലക്ഷ്യം. ഇടതുപക്ഷ പാർട്ടികളുടെ രാഷ്ട്രീയമായ ലക്ഷ്യം. അങ്ങനെയൊരു ഗവണ്മെന്റിനെ അധികാരത്തിൽ കൊണ്ടുവരുന്നതിനുള്ള ഒരു സ്ട്രാറ്റജിയുണ്ട്. ആ സ്ട്രാറ്റജി പ്രധാനമായി വർഗ്ഗീയ വിപത്തിനെ നേരിടുക എന്ന നയത്തിന്റെ അടിസ്ഥാനത്തിലാണ് വർക്ക്-ഔട്ട് ചെയ്തിരിക്കുന്നത്. അതുകൊണ്ട് ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക താൽപ്പര്യങ്ങളെ, വികസന രംഗത്ത് നാം നേടിയെടുക്കുന്നതിനുവേണ്ടി ശ്രമിക്കുന്ന പ്രവർത്തനങ്ങളെ വിജയിപ്പിക്കുന്നതിനുവേണ്ടി ലെഫ്റ്റ് ഫ്രണ്ടിന് അല്ലെങ്കിൽ ജനാധിപത്യ പ്രസ്ഥാനങ്ങൾക്ക്, മതേതരത്വ പ്രസ്ഥാനങ്ങൾക്ക്, മതന്യൂനപക്ഷങ്ങൾക്ക് വലിയൊരു പങ്കു വഹിക്കാനുണ്ട്. ഇൻഡ്യയിലെ മതന്യൂനപക്ഷങ്ങൾക്കും അവരുടെ പ്രസ്ഥാനങ്ങൾക്കും ഈ രാജ്യത്ത് വളർന്നുവരുന്ന വിപത്തിനെ തടയുന്നതിന് രാജ്യത്തിന്റെ വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ പോസിറ്റീവായ പങ്ക് വഹിക്കാൻ കഴിയുമെന്നു മാത്രം പറഞ്ഞുകൊണ്ട്, തീർച്ചയായിട്ടും അത്തരം ഡെവലപ്മെന്റുകൾ ഞങ്ങൾ പ്രതീക്ഷിക്കുകയാ

LIBRARY ARCHIVES Kerala Legislative Assembly

ണെന്നു മാത്രം പറഞ്ഞുകൊണ്ട്, ധനകാര്യബില്ലിനെ അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ ഈ ധനകാര്യ ബില്ലിനെ എതിർക്കുകയാണ്. എതിർക്കുന്നതിന്റെ കാരണം ഞാൻ പറയുമ്പോൾ നിങ്ങൾക്ക് ബോധ്യമാകും. പ്രതീക്ഷാരഹിതവും ഇരുളടഞ്ഞതുമായ ഒരു പുതുയുഗത്തിലേയ്ക്ക് കേരളത്തിലെ ജനങ്ങളെ തള്ളിവിടുന്ന ഭാവനാശൂന്യമായ ഒരു ധനകാര്യബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. വികലമായ ധനകാര്യ മാനേജുമെന്റുകൊണ്ട് ഒരു ദശവർഷത്തെ കഠിനപ്രയത്നം കൊണ്ടുപോലും മെച്ചപ്പെടുത്താൻ കഴിയാത്ത നിലയിലേയ്ക്ക് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ തകർത്ത സർക്കാരാണിത്. ഇവിടെ അധികാരത്തിന്റെ മത്ത് തലയ്ക്ക് കയറിയ ഭരണക്കാർ അഹങ്കാരത്തിന്റെ കൂമ്പുമായി പ്രവർത്തിക്കുന്നു. എല്ലാ മേഖലയിലും മാർക്സിയൻ ഫാസിസം അടിച്ചേൽപ്പിക്കുകയാണ്. അതിന്റെ ഫലമായി നമ്മുടെ സംസ്ഥാനം അക്രമത്തിലേയ്ക്കും തോരാത്ത കണ്ണുനീരിലേയ്ക്കും തീരാകടത്തിലേയ്ക്കും വഴുതിവീഴുകയാണ്. ധനകാര്യ ബില്ലിലേയ്ക്കു കടക്കുന്നതിനുമുൻപുതന്നെ ആമുഖമായി ഒരു കാര്യം പറയട്ടെ. കടക്കെണിയിൽ കിടന്ന് നമ്മുടെ സംസ്ഥാനം വീർപ്പുമുട്ടുകയാണ്. അങ്ങനെ വീർപ്പുമുട്ടുമ്പോൾ മന്ത്രിമാർക്ക് ആഡംബരത്തിനുവേണ്ടി ഒന്നേകാൽ കോടി രൂപ മുടക്കി വിദേശ കാറുകൾ വാങ്ങാൻ ഗവണ്മെന്റ് പണം ധൂർത്തടിക്കുകയാണ്. ഈ ഗവണ്മെന്റിന് ധനകാര്യ ബിൽ കൊണ്ടുവരാനുള്ള അവകാശമുണ്ടോ? കേരളത്തെ സ്നേഹിക്കുന്ന ആളുകളാണ് അവർ. റോമാനഗരം കത്തിയെരിയുമ്പോൾ വീണ വായിച്ച നീറോ ചക്രവർത്തിയെപ്പോലും ലജ്ജിപ്പിക്കുന്ന ഭരണാധികാരികളല്ലേ ഇവിടെയിരിക്കുന്നത്? രാഷ്ട്രീയമായി കൂടുതൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. വിവിധ ഇനങ്ങളിലാണ് സർക്കാരിന് വരുമാനങ്ങൾ ലഭിക്കേണ്ടത്. നികുതി പിരിച്ചെടുക്കുന്നതാണ് അതിൽ പ്രധാനപ്പെട്ടത്. കൂടാതെ റവന്യൂ റിക്കവറി തുടങ്ങിയ വരുമാനമാർഗ്ഗങ്ങൾ, ആഭ്യന്തര വിഭവസമാഹരണം എന്നിവയുണ്ട്. ഇതൊക്കെ നോക്കേണ്ടത് ധനകാര്യ വകുപ്പിന്റെ മുഖ്യചുമതലയാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ചോദിക്കുകയാണ്. ഇവിടെ ഒരു ധനകാര്യ വകുപ്പുണ്ടോ? ഇവിടെയുള്ളത് ടാക്സേഷൻ വകുപ്പാണ്. അതിനപ്പുറത്തുണ്ടോ? ഒരു ധനകാര്യ വകുപ്പിന്റെ ചുമതല എന്താണ്? ആഭ്യന്തര വിഭവസമാഹരണമാണ് ധനകാര്യവകുപ്പിന്റെ ചുമതല. അതിനുള്ള ധനാഗമമാർഗ്ഗങ്ങൾ കണ്ടെത്തണം. അതിവിടെ ഇല്ല. ആ രംഗത്ത് ഈ ഗവണ്മെന്റ് പാടേ പരാജയപ്പെട്ടിരിക്കുന്നു. ഈ വക കാര്യങ്ങളെക്കുറിച്ച് ഇവിടെ വിശദമായ ഒരു ചർച്ച ഉണ്ടായിട്ടുണ്ടോ? ഇന്ന് ചോദ്യോത്തര സമയത്ത് സി.ഡി. റേഷ്യോയെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുകയുണ്ടായി. കേന്ദ്രത്തിന്റെ വിഹിതം കിട്ടിയിട്ടില്ലെന്ന് ശ്രീ. സത്യൻ മൊകേരി പറഞ്ഞു. ശരിയായിരിക്കാം. കേന്ദ്രത്തിന്റെ വിഹിതം കിട്ടിയില്ലെങ്കിൽ ഇതാണോ സ്വീകരിക്കേണ്ട സമീപനം? ഞാൻ അങ്ങയോട് ചോദിക്കുകയാണ്. കേന്ദ്രത്തിൽനിന്ന് അർഹമായ വിഹിതം കിട്ടിയില്ല എന്നുള്ളത് വസ്തുതയാണെങ്കിൽ നമുക്കൊരുമിച്ച് അങ്ങയുടെ നേതൃത്വത്തിൽ കേരളത്തിലെ മുഴുവൻ ആളുകളേയും സംഘടിപ്പിച്ചുകൊണ്ട് ശക്തമായ ഒരു സമരത്തിന് നേതൃത്വം കൊടുക്കാൻ തയ്യാറാണോ? ഇവിടെ ശ്രീ. സത്യൻ മൊകേരി ഞങ്ങളെ വെല്ലുവിളിച്ചു. ഞങ്ങൾ തയ്യാറാണ്. നിങ്ങൾ തയ്യാറാണോ? ശ്രീ. സത്യൻ മൊകേരിയെപ്പോലുള്ള ആളുകൾക്ക് അപ്പുറത്തിരിക്കുമ്പോൾ മാത്രമേ ഈ ചിന്ത വരുകയുള്ളൂ. ഇപ്പുറത്തിരിക്കുമ്പോൾ മറ്റൊരു ചിന്ത ആയിരിക്കും. അതാണ് ഇവിടെ നടക്കുന്നത്. ഈ ഗവണ്മെന്റിന്റെ നിലനിൽപ്പ്

LIBRARY ARCHIVES Kerala Legislative Assembly

എവിടെയാണെന്ന് അങ്ങ് ആലോചിക്കണം. ഈ ഗവൺമെന്റിന്റെ നില നിൽപ്പെന്ന് പറയുന്നത് മറുനാടുകളിൽ വിയർപ്പൊഴുക്കി പണിയെടുക്കുന്ന മറുനാടൻ മലയാളികളുടെ വിയർപ്പിന്റെ വിലയാണ്. അതല്ലേ ഈ ഗവ ണ്മെന്റിന്റെ നിലനിൽപ്പ്? അതിനപ്പുറം പണം സമാഹരിക്കാൻ ഈ ഗവ ണ്മെന്റിന് കഴിയുന്നുണ്ടോ? എല്ലാ മേഖലകളിലും കെടുകാര്യസ്ഥത നടമാടു ന്നു. നികുതി നിർദ്ദേശങ്ങളെ എന്തിനു വെറുക്കുന്നു എന്ന് ശ്രീ. സത്യൻ മൊകേരി ചോദിച്ചു. നികുതി പിരിച്ചില്ലെങ്കിൽ പണം കിട്ടുമോ എന്നും ചോദി ച്ചു. ശരിയാണ്. ഞങ്ങളാരും നികുതിനിർദ്ദേശങ്ങളെ എതിർക്കാറില്ല. പക്ഷേ അത് അപ്രായോഗികമാണെങ്കിൽ ഞങ്ങൾ എതിർക്കും. കൃഷിക്കാരെ ഇത്ര മാത്രം ദ്രോഹിക്കുന്ന നികുതിനിർദ്ദേശങ്ങൾ ഇവിടെ മുൻപ് ഉണ്ടായിട്ടുണ്ടോ? കാർഷികമേഖലയുടെ ഇന്നത്തെ സ്ഥിതി എന്താണ്? കാർഷിക മേഖല തകർന്നു തരിപ്പണമായിക്കിടക്കുന്നു. കൃഷിക്കാർക്ക് നന്നായി ശ്വാസം വിടാൻപോലും കഴിയുന്നില്ല. അതല്ലേ ഇന്നത്തെ സ്ഥിതി? അല്ലാതെ കൃഷി ക്കാരെ സഹായിക്കാൻ ഈ ഗവണ്മെന്റിന് എന്തെങ്കിലും പദ്ധതിയുണ്ടോ? ഒരു പദ്ധതിയുമില്ല.

<u>ശ്രീ. പി.സി. ജോർജ്</u> : 15 കൊല്ലത്തിനിടയ്ക്ക് നെൽക്കൃഷിക്കാർ ഇത്ര യധികം സന്തോഷിച്ച ഒരു കാലഘട്ടം ഉണ്ടായിട്ടുണ്ടോ? ആ സത്യം പറ യണ്ടേ? കുട്ടനാടൻ നെൽക്കൃഷിക്കാരുടെ അഭിപ്രായം എന്താണ്?

<u>ശ്രീ. ജോണി നെല്ലൂർ</u> : ബഹുമാനപ്പെട്ട പി.സി. ജോർജ് നിയമസഭ യ്ക്കകത്തുവച്ച് ഇതൊക്കെ പറയും. പക്ഷേ പുറത്തിറങ്ങിയാൽ ഇതു പറ യാൻ കഴിയില്ല. കേരളത്തിലെ റബ്ബർകൃഷിക്കാരുടേയും കുരുമുളകുകൃഷിക്കാ രുടേയും തെങ്ങുകൃഷിക്കാരുടെയും നെൽക്കൃഷിക്കാരുടേയും സ്ഥിതി എന്താണ്? ഡോ. കെ.സി. ജോസഫ് ഇവിടെയില്ല. കുട്ടനാടൻ മേഖലയിലെ നെൽക്കൃഷിക്കാരുടെ ബുദ്ധിമുട്ടുകളെക്കുറിച്ച് അദ്ദേഹം ഇവിടെ വന്ന് പറ യുന്ന പരാതികൾ ഞങ്ങൾ കേട്ടിട്ടുണ്ട്. അങ്ങനെ കാർഷികമേഖല തകർന്ന ടിഞ്ഞു നിൽക്കുമ്പോൾ, ആ കാർഷിക മേഖലയെ സംരക്ഷിക്കാൻ എന്തെ ങ്കിലും പദ്ധതിയുണ്ടോ? ഭാവനാപരമായി കേരളത്തിന്റെ പ്രശ്നങ്ങൾ കണക്കി ലെടുത്തുകൊണ്ട് അടിസ്ഥാനപരമായ ഒരു ബില്ലാണോ ഇവിടെ അവതരിപ്പി ച്ചിരിക്കുന്നത് എന്ന് ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ ചോദിക്കുകയാണ്. സഹകരിക്കേണ്ട മേഖലകളിലെല്ലാം സഹകരിക്കാൻ പ്രതിപക്ഷം തയ്യാറാണ്. നമുക്ക് പിരിഞ്ഞുകിട്ടേണ്ട തുക, നമ്മുടെ ഖജനാവിലേയ്ക്ക് വരേണ്ട തുക പിരിച്ചെടുക്കാൻ ഏതെല്ലാം മാർഗ്ഗം ഗവണ്മെന്റിന്റെ ഭാഗത്തുനിന്നുണ്ടായാലും അതിനെ സർവ്വാത്മനാ പിന്താങ്ങാൻ പ്രതിപക്ഷം തയ്യാറാണ്. ആഭ്യന്തര വിഭ വസമാഹരണത്തിന് നമുക്കെന്തെല്ലാം മാർഗ്ഗമുണ്ട്. പാവപ്പെട്ട കൃഷിക്കാരെ ദ്രോഹിക്കാതെ അത് ചെയ്യണം. വ്യാവസായികമേഖലയുടെ സ്ഥിതി എന്താണ്? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞത് എന്താണ്? വ്യാവസായികോൽപ്പാദനം 1998 ഏപ്രിൽ മുതൽ 1999 ജനുവരി വരെയുള്ള കാലഘട്ടത്തിൽ, മുൻവർഷം ഇതേ കാലയളവിലുണ്ടായി രുന്ന 6.9 ശതമാനം വളർച്ചാനിരക്കിൽനിന്ന് 3.3 ശതമാനത്തിൽ കൂപ്പു കുത്തി യതായി അദ്ദേഹം പറഞ്ഞിരിക്കുന്നു. ഇത്തരം സാഹചര്യത്തിൽ കേരളത്തിനു മുന്നോട്ടു പോകണ്ടേ? വ്യവസായം തുടങ്ങണ്ടേ? ഇവിടെ വ്യവസായം തുടങ്ങാൻ ആരു വരും? ഉള്ള വ്യവസായശാലകൾ മുഴുവൻ ഒന്നൊന്നായി അടച്ചുപൂട്ടുന്നു. ഇടിത്തീ വീണതു പോലെയാണ്. 'ഇടിവെട്ടിയവനെ പാമ്പുക ടിച്ചു' എന്നു കേട്ടിട്ടുണ്ട്. അതിനേക്കാളും കഷ്ടമല്ലേ വ്യവസായത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കാര്യം? വ്യവസായമേഖല തകർന്നിരിക്കുമ്പോൾ, എല്ലാ മേഖലകളും തകർന്നിരിക്കുമ്പോഴാണ് വൈദ്യുതി ചാർജിന്റെ വർദ്ധനവുകൂടി വന്നത്. വൈദ്യുതി ചാർജ് വർദ്ധനയെത്തുടർന്ന് എന്താണുണ്ടായിരിക്കുന്നത്. കേരളത്തിലെ വ്യവസായ ശാലകളൊന്നൊന്നായി അടച്ചുപൂട്ടിക്കൊണ്ടിരിക്കുന്നു. കേരളത്തിൽ നല്ലൊരു സംപദ് വ്യവസ്ഥയുണ്ടാകണമെങ്കിൽ, അങ്ങു പറയുന്ന കാര്യങ്ങൾക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ കേരളത്തിലെ വികസനപ്രവർത്തനങ്ങൾ മുന്നോട്ടു പോകണമെന്നു അങ്ങേയ്ക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ വിഭവസമാഹരണത്തിന്, അധിക വിഭവസമാഹരണത്തിന് ആഭ്യന്തരതലത്തിൽ എന്തെങ്കിലും ഒരു പദ്ധതി തയ്യാറാക്കണം. ഞാൻ ആദ്യം സൂചിപ്പിച്ചതു പോലെ ഇന്ന് ധനകാര്യ വകുപ്പ് കേവലം ഒരു ടാക്സേഷൻ വകുപ്പു മാത്രമായി അവശേഷിക്കുന്ന രീതിയോടു എനിക്ക് യോജിപ്പില്ല. ടാക്സേഷനു പകരം ഏതെല്ലാം വിധത്തിലാണ് ഇവിടെ നമുക്ക് വരുമാനം ഉണ്ടാക്കേണ്ടതെന്നു പരിശോധിച്ചു ആവശ്യമായ പദ്ധതിയുണ്ടാക്കണം. ഇവിടെ പ്ലാനിംഗ് ബോർഡുണ്ട്. പ്ലാനിംഗ് ബോർഡ് അതിന്റെ വഴിക്ക് പോകുന്നു. ഉദ്യോഗസ്ഥൻമാർ അവരുടെ വഴിക്ക് പോകുന്നു. മന്ത്രി ഇതിനിടയിൽ കിടന്നു വല്ലാതെ വിഷമിക്കുന്നു. അതല്ലേ ഇന്നത്തെ സ്ഥിതി? ഈ സ്ഥിതിക്ക് ഒരു മാറ്റമുണ്ടാകണമെങ്കിൽ പ്രതിപക്ഷത്തെയും കേരളത്തെ സ്നേഹിക്കുന്ന മുഴുവൻ ആളുകളേയും വിശ്വാസത്തിലെടുത്തുകൊണ്ട്, സജീവമായി ചർച്ച ചെയ്ത് ഈ പ്രശ്നത്തിനു പരിഹാരമുണ്ടാക്കാൻ ശ്രമിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ബഹുമാന്യനായ ബാലൻവൈദ്യർ സംസാരിച്ചപ്പോൾ മൂന്നാം മുന്നണി ഇന്ത്യാരാജ്യത്ത് ആവശ്യമാണെന്നു വളരെ ആവേശത്തോടുകൂടി പറഞ്ഞു. ഈ നിയമസഭയിൽ ഒരു രാഷ്ട്രീയ പാർട്ടിയുടെ അംഗം പ്രസംഗിക്കുമ്പോൾ ആ രാഷ്ട്രീയപാർട്ടിയുടെ തത്വത്തിനും നയത്തിനും എതിരായി പ്രസംഗിക്കുന്നത് ഓർഡറിലാണോ എന്നെനിക്ക് സംശയമുണ്ട്. മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പോളിറ്റ് ബ്യൂറോ മൂന്നാം മുന്നണി അപ്രസക്തമാണെന്നു തീരുമാനിച്ചിരിക്കുന്നു. അപ്പോഴാണ് അവിടെ മൂന്നാം മുന്നണിയാണ് പ്രസക്തമെന്ന് ശ്രീ.ബാലൻ വൈദ്യർ പറയുന്നത്. പിന്നെ എന്റെ പാർട്ടി ബി.ജെ.പിയുമായി എന്തോ ചർച്ച ചെയ്തു എന്ന് അദ്ദേഹം പറഞ്ഞു. ശ്രീ. ബാലൻവൈദ്യർ കാര്യമറിയാതെ സംസാരിക്കുന്നതിൽ എനിക്ക് ഖേദമുണ്ട്. എന്റെ പാർട്ടി ബി.ജെ.പി. യുമായി സംസാരിച്ചു എന്നു പറയുന്നത് അടിസ്ഥാനരഹിതമായ ഒരു പ്രസ്താവനയാണ്. സഭയെ തെറ്റിദ്ധരിപ്പിക്കാൻവേണ്ടി പറയുന്നതാണ്. എന്റെ പാർട്ടിയിലെ ആരെയും ബി.ജെ.പി യുമായി സംസാരിക്കുവാൻ ചുമതലപ്പെടുത്തിയിട്ടില്ല. ഞാൻ ആധികാരികമായി പറയട്ടെ, ഞാൻ നേതൃത്വം നൽകുന്ന കേരളാ കോൺഗ്രസ് പാർട്ടി ഇന്ന് ഐക്യജനാധിപത്യ മുന്നണിയുടെ ഭാഗമാണ്. കേരളത്തിൽ ഒരു മതേതര ഗവൺമെന്റ് ഉണ്ടാക്കുന്നതിനു വേണ്ടിയുള്ള പോരാട്ടത്തിലാണ് ഞങ്ങൾ. ബഹുമാനപ്പെട്ട പി. രാഘവനോടും ശ്രീ. ബാലൻവൈദ്യരോടും ഞാൻ ചോദിക്കട്ടെ, ഈ മൂന്നു വർഷക്കാലത്തെ നിങ്ങളുടെ ഗവൺമെന്റിന്റെ ചെയ്തികൾ ഈ തെരഞ്ഞെടുപ്പിൽ ചർച്ചാവിഷയമാക്കാൻ നിങ്ങൾ തയ്യാറുണ്ടോ? ഈ തെരഞ്ഞെടുപ്പുവേദിയിൽ അതിനു തയ്യാറാണെങ്കിൽ ഞങ്ങൾ നിങ്ങളെ വെല്ലു വിളിക്കുന്നു, നൂറിലേറെ സീറ്റുകളിൽ ഐക്യജനാധിപത്യമുന്നണി ഈ വരുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ, അസംബ്ളി തെരഞ്ഞെടുപ്പിൽ വിജയിച്ചുവരുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ആ വിധി അംഗീകരിച്ചുകൊണ്ട് രാജിവയ്ക്കാൻ നിങ്ങൾ തയ്യാറുണ്ടോ? ഈ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ഒരു

LIBRARY ARCHIVES Kerala Legislative Assembly

താൽപ്പര്യവുമില്ലാത്ത ഈ ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന ധനകാര്യ ബില്ലിനെ ഞാൻ ശക്തമായി എതിർക്കുന്നു.

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ ഈ ഫിനാൻസ് ബില്ലിനെ അനുകൂലിക്കുകയാണ്. ശ്രീ. ജോണി നെല്ലൂരും ശ്രീ. കെ.എം. മാണിയും ബി.ജെ.പി. യുമായി ചർച്ചചെയ്തില്ലായെന്നു പറയുമ്പോൾ ഞങ്ങളത് നിഷേധിക്കേണ്ടിവരുന്നതിന്റെ സാഹചര്യം ഇന്നലെ ഏഷ്യാനെറ്റിൽ കണ്ടതു കൊണ്ടാണ് ബി.ജെ.പി. യുടെ സമുന്നതനായ നേതാവ്, ബഹുമാനപ്പെട്ട കെ.എം.മാണിയുടെ പാർട്ടിയും ശ്രീ. ടി.എം. ജേക്കബിന്റെ പാർട്ടിയുമൊക്കെ ബി.ജെ.പി. യുമായി ചേർന്നുകൊണ്ടുള്ള പുതിയൊരു ശക്തി രൂപീകരിക്കുന്നതിനെക്കുറിച്ച് പറയുന്നത് ഞങ്ങൾ ഏഷ്യാനെറ്റിൽ ഇന്നലെ കണ്ടതാണ്.

ശ്രീ. കെ.എം. മാണി. സർ, കേരളാ കോൺഗ്രസ് എന്ന് ഇന്നലെ പറഞ്ഞത്, അതിൽ കേരളാ കോൺഗ്രസ് (ജെ) യും ബി.ജെ.പി. യുമായി ചർച്ച ചെയ്തുവെന്നാണ് ശ്രീ. രാമൻ നായർ പറഞ്ഞിരിക്കുന്നത്.

ശ്രീ. മോൻസ് ജോസഫ് : സർ, കേരളാ കോൺഗ്രസ് എന്നു പറഞ്ഞാൽ ബഹുമാന്യനായ പി.ജെ.ജോസഫ് നേതൃത്വം നൽകുന്ന കേരളാ കോൺഗ്രസ്, കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കൂടെ നിന്നുകൊണ്ട് മതേതര ശക്തികളെ ശക്തിപ്പെടുത്താനും ബി.ജെ.പി. യെ പരാജയപ്പെടുത്താനുംവേണ്ടി ഒന്നാം ശക്തിയായി നിൽക്കുകയാണ്, അത് കാണണം.

ശ്രീ. പി.സി. ജോർജ് : സർ, ഇവിടെ ഒരു തർക്കവുമില്ല, കേരളാ കോൺഗ്രസ് ഒന്നേയുള്ളൂ. അത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലാണെന്നു മാത്രം. ഇന്നലെ വളരെ വ്യക്തമായി ഏഷ്യാനെറ്റിലൂടെ ബി.ജെ.പി യുടെ നേതാവ് പറഞ്ഞിരിക്കുന്നത് കേരളാ കോൺഗ്രസ്സിന്റെ മാണി വിഭാഗവുമായി ചർച്ചചെയ്തു എന്നുതന്നെയാണ്. ബഹുമാന്യനായ കെ.എം.മാണി വളരെ ശക്തിയായി അത് നിഷേധിക്കുമ്പോൾ അതിലെന്തോ സത്യമുണ്ടെന്നു തോന്നുന്നു.

ശ്രീ. മോൻസ് ജോസഫ് : സർ, ഇവിടെ ഫിനാൻസ് ബില്ലിനെക്കുറിച്ച് സംസാരിച്ചപ്പോൾ ബഹുമാന്യനായ ജോണി നെല്ലൂർ പറഞ്ഞു. റോമാ നഗരം കത്തിയെരിയുമ്പോൾ വാഴവെട്ടാൻവേണ്ടി ശ്രമിച്ചവരെപ്പോലെയാണ് എൽ. ഡി.എഫ് എന്ന്. അതുപോലെ "പാമ്പുകടിയേറ്റവനു ഇടിവെട്ടി" എന്നു പറഞ്ഞു. എല്ലാം അദ്ദേഹത്തിന് തിരിഞ്ഞും മറിഞ്ഞും പോവുകയാണ്. ഞാൻ ചോദിക്കട്ടെ, 'റോമാസാമ്രാജ്യം കത്തിയെരിഞ്ഞപ്പോൾ വീണ വായിച്ചു' എന്നു പറയുന്നതിനു മുൻപ് റോമാസാമ്രാജ്യത്തിന് തീ വച്ചതാരാണെന്നതിനെക്കുറിച്ച് അന്വേഷിക്കണ്ടേ? റോമാസാമ്രാജ്യത്തിന് തീ വച്ചവരാണ് ഐക്യ ജനാധിപത്യമുന്നണി. റോമാസാമ്രാജ്യമെന്നു വിശേഷിപ്പിക്കുന്ന കേരളത്തിനെ തീവച്ചു നശിപ്പിച്ചതിനു ശേഷം ഇവർ മുരടിപ്പിച്ച കേരളത്തെ പച്ച പിടിപ്പിക്കാൻവേണ്ടി ഇവിടെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ നേതൃത്വത്തിൽ കേരളത്തെ കെട്ടിപ്പടുക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തുകയാണ്. ആ ശ്രമങ്ങളെ അതിന്റേതായ മാന്യതയോടുകൂടി ഉൾക്കൊള്ളാനുള്ള സമീപനം സ്വീകരിക്കുന്നതിനുപകരം രാഷ്ട്രീയപ്രേരിതമായി ഈ ഫിനാൻസ് ബില്ലിനെക്കുറിച്ചും യു.ഡി.എഫ് നേതാക്കൾ സംസാരിക്കുകയാണ്. ഇവിടെ കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ നടുവിൽ നിന്നുകൊണ്ടാണ് കമ്മി പരമാവധി കുറച്ച് നികുതി ദായകരെ ബുദ്ധിമുട്ടിക്കാതെ വിഭവസമാഹരണം നടത്താൻ ബഹുമാന്യനായ ധനകാര്യ

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുമന്ത്രി ശ്രദ്ധിച്ചിട്ടുള്ളത്. കേരളത്തിന്റെ ഗുരുതരമായ പ്രതിസന്ധിയുടെ ചിത്രം നമ്മുടെ മുന്നിൽ നിൽക്കുകയാണ്. ആ ഗുരുതരമായ സാഹചര്യങ്ങളെ നമുക്ക് വിമർശിക്കുവാൻ കഴിയില്ല. കേരളത്തിൽ ഇത്രമാത്രം വലിയ പ്രതിസന്ധി നിലനിൽക്കുമ്പോഴും 396 കോടി രൂപ അധിക വിഭവ സമാഹരണം നടത്തുവാൻവേണ്ടിയാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ശ്രമിച്ചിട്ടുള്ളത്. ഈ കാര്യത്തിൽ കേരളത്തിന്റെ സമഗ്ര വികസനമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ സമീപനം. ഈ സമഗ്ര വികസനം നടക്കണമെങ്കിൽ അധിക വിഭവ സമാഹരണം അനിവാര്യമാണ്. ഇക്കാര്യത്തിൽ ജനങ്ങളെ പരമാവധി ബുദ്ധിമുട്ടിക്കാതിരിക്കുക എന്നുള്ളതാണ് ഒരു ജനകീയ ജനാധിപത്യ മുന്നണി ഗവൺമെന്റിനു സ്വീകരിക്കാൻ കഴിയുന്ന നിലപാട്. അതിൽ ഏറ്റവും കൂടുതലായി സംസ്ഥാന ഗവൺമെന്റ് ശ്രദ്ധിച്ചിട്ടുണ്ടെന്നു നമുക്ക് കാണാൻ കഴിയും. അതുപോലെതന്നെ ഇവിടെ ചൂണ്ടിക്കാണിച്ച മറ്റൊരു പ്രധാനപ്പെട്ട ആരോപണം നികുതിപിരിവിന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് വീഴ്ച വരുത്തിയിരിക്കുന്നു എന്നുള്ളതാണ്. 1996-97 വർഷത്തെ സ്ഥിതി പരിശോധിക്കുമ്പോൾ സെയിൽസ് ടാക്സിന്റെ കാര്യത്തിൽ നികുതി പിരിവിൽ ഈ ഗവൺമെന്റ് വീഴ്ച വരുത്തി എന്നു പറയുന്നത് ഒരിക്കലും ശരിയല്ല. നിശ്ചയിച്ചിരുന്ന ടാർജറ്റിനേക്കാൾ കൂടുതൽ തുക പിരിക്കാൻ 1996-97 കാലഘട്ടത്തിൽ കഴിഞ്ഞിട്ടുണ്ട്. 2500 കോടി രൂപയാണ് ടാർജറ്റ് ഇട്ടിരുന്നത് 2772.28 കോടി രൂപ 1996-97 കാലഘട്ടത്തിൽ പിരിക്കാൻ കഴിഞ്ഞു. 1997-98 കാലഘട്ടത്തിൽ ടാർജറ്റ് നിശ്ചയിച്ചിരുന്നത് 3276 കോടി രൂപയാണ്. ആ ടാർജറ്റ് പൂർത്തിയാക്കാൻ കഴിയുന്ന നിലയിൽ നികുതി പിരിവ് നടത്താൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ 1998-99 കാലഘട്ടമാണ് ഇവിടെ ബുദ്ധിമുട്ട് പറഞ്ഞത്. നമ്മുടെ സംസ്ഥാനത്തെ ഇപ്പോഴത്തെ അവസ്ഥ എന്താണ്? യു.ഡി.എഫ്. നേതാക്കൻമാർക്ക് അത് വിസ്മരിക്കുവാൻ കഴിയുമോ? നമ്മുടെ സംസ്ഥാനത്തെ മാർക്കറ്റിൽ സാമ്പത്തികമാന്ദ്യം ഉണ്ടായിരിക്കുന്നു. അതുപോലെ ഉൽപ്പന്നങ്ങൾക്ക് വിൽപ്പനക്കുറവ് ഉണ്ടായിരിക്കുന്നു. ആ പ്രതിസന്ധിയുണ്ടായതിന്റെ കാരണമിതാണ്. കേരളത്തിൽ നികുതി പിരിവ് ഊർജ്ജിതമാക്കുന്ന കാര്യത്തിലൊന്നും ഒരഭിപ്രായ വ്യത്യാസവുമില്ല. നികുതി പിരിവ് ഊർജിതമാക്കാൻവേണ്ടി സംസ്ഥാന ഗവൺമെന്റ് കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കുന്ന ചിത്രമാണ് നമുക്ക് കാണാൻ കഴിയുക. ഈ വർഷത്തെ നികുതിപിരിവിന്റെ കുറവിനെക്കുറിച്ച് ഇവിടെ പറഞ്ഞു. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ നിശ്ചയിച്ചിരുന്നതിനേക്കാൾ കൂടുതൽ തുക ടാർജറ്റായി ഇപ്രാവശ്യം നിശ്ചയിച്ചു എന്നുള്ളത് നാം കാണേണ്ടതാണ്. 3828 കോടി രൂപയാണ് ഈ വർഷം നാം ടാർജറ്റായി നിശ്ചയിച്ചത്. കഴിഞ്ഞ രണ്ടുവർഷങ്ങളിൽ നിശ്ചയിച്ചതിനേക്കാൾ കൂടുതൽ തുക ടാർജറ്റായി നിശ്ചയിച്ചത് നികുതി പിരിവ് ഊർജിതപ്പെടുത്തണമെന്ന് ഈ ഗവൺമെന്റിനു താൽപ്പര്യമുള്ളതുകൊണ്ടാണ്. ജനങ്ങളെ ഒരു പരിധിക്കപ്പുറം ബുദ്ധിമുട്ടിക്കാൻ കഴിയില്ല. നികുതിപിരിവിന്റെ കാര്യത്തിൽ സാമ്പത്തികമാന്ദ്യം, ബുദ്ധിമുട്ടുകൾ, ജനങ്ങൾക്കുള്ള വിഷമങ്ങൾ അതെല്ലാം ഒരു ഭാഗത്തു നിൽക്കുമ്പോൾ അതുകൂടി പരിഗണിച്ചുകൊണ്ടാണ് നികുതി പിരിവിന്റെ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് പ്രവർത്തിച്ചതെന്ന് നമുക്ക് കാണാൻ കഴിയും. ഇവിടെ കൃഷിക്കാരന്റെ കാര്യം പറഞ്ഞു. കൃഷിക്കാരൻ ഉൾപ്പെടെയുള്ളവർ വിഷമിക്കുമ്പോൾ അവർക്ക് ബുദ്ധിമുട്ട് ഉണ്ടാകുമ്പോൾ ആ ദുഃഖങ്ങൾ ഏറ്റെടുക്കാതെ നികുതി പിരിവിന്റെ കാര്യത്തിലൊരു നിലപാട് സ്വീകരിക്കുന്നത് ശരിയല്ലെന്നുള്ള സമീപനംകൂടി ഇവിടെ പരിഗണിക്കേണ്ടതാണ്. അതുപോലെ ഭൂമിയുടെ രജിസ്ട്രേ

LIBRARY ARCHIVES Kerala Legislative Assembly

ഷന്റെ കാര്യത്തിൽ അത് മൂന്നിലൊന്നായി കുറഞ്ഞിരിക്കുന്ന സാഹചര്യമാണ്. ഇത്തരം കാര്യങ്ങളെല്ലാം പരിഗണിക്കേണ്ടതുണ്ട്. നമ്മുടെ സംസ്ഥാനത്ത് സാമ്പത്തിക മാന്ദ്യമുണ്ടായതിന്റെ മുഖ്യമായ കാരണം ദേശീയതലത്തിലുണ്ടായ കോൺഗ്രസ് ഗവൺമെന്റ് നടപ്പാക്കിയ സാമ്പത്തിക നയങ്ങളാണ്. ആ സാമ്പത്തികനയങ്ങളെക്കുറിച്ചു ഇവിടെ മിണ്ടാതിരിക്കുകയും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ സാമ്പത്തികനയങ്ങളെ വിമർശിക്കുകയും ചെയ്യുക എന്നുള്ളത് ഒരു ഇരട്ടത്താപ്പ് നയമാണ്. കേരളത്തിന്റെ കാർഷികമേഖലയിൽ സാമ്പത്തിക മാന്ദ്യമുണ്ടായതിന്റെ മുഖ്യമായ കാരണം കയറ്റിറക്കുമതി നയമാണ്. കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിയ സാമ്പത്തികനയങ്ങളുടെ ഭാഗമായി കേരളത്തിന്റെ കാർഷികമേഖല ഏറ്റവും കൂടുതൽ തകരുന്ന സ്ഥിതിവിശേഷമുണ്ടായി. ആ സ്ഥിതി വിശേഷമുണ്ടായപ്പോഴും കേരളത്തിലെ കൃഷിക്കാരെ സഹായിക്കാൻ കഴിയുന്ന നിലയിലുള്ള നിലപാടാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചത്. കൃഷിക്കാർക്ക് ആശ്വാസം നൽകാൻ കഴിയുന്ന നിലയിൽ സാമ്പത്തിക പ്രതിസന്ധിക്കിടയിൽനിന്നുകൊണ്ടും കൃഷിക്കാരെ സഹായിക്കാൻ സംസ്ഥാന ഗവൺമെന്റ് പരിശ്രമിക്കുകയാണ് ചെയ്തിട്ടുള്ളത്. സാമ്പത്തിക രംഗത്ത് ഗുരുതരമായ പ്രതിസന്ധിയിൽ നിൽക്കുമ്പോൾ ആ പ്രശ്നങ്ങളെ മുഴുവൻ അതിജീവിച്ചുകൊണ്ട് മുന്നോട്ടുപോകാൻ കഴിയുന്ന ഒരു സാഹചര്യമുണ്ടാകണമെങ്കിൽ കേരളത്തെ സഹായിക്കാൻ കഴിയുന്ന ഒരു ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരത്തിൽ വരണം. കോൺഗ്രസ് ഗവൺമെന്റ് കേന്ദ്രം ഭരിക്കുന്ന സമയത്ത് കേരളത്തോടു കാണിച്ചിട്ടുള്ള സമീപനമെന്താണ്? ബി.ജെ.പി. യുടെ ഗവൺമെന്റ് കേന്ദ്രം ഭരിക്കുന്ന സമയത്ത് കേരളത്തോട് കാണിച്ച മനോഭാവം എന്താണ്? കോൺഗ്രസ് ഗവൺമെന്റും ബി.ജെ.പി. ഗവൺമെന്റും കേരളത്തിൽ ഏറ്റവും കൂടുതൽ ദുരന്തങ്ങളുണ്ടാകുന്ന സാഹചര്യങ്ങൾ വരുത്തിവെച്ചു.

അദ്ധ്യക്ഷവേദിയിൽ മി. ചെയർമാൻ (ശ്രീ. സി.പി. ബാലൻ വൈദ്യർ)

കേന്ദ്ര ഗവണ്മെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാമ്പത്തികനയങ്ങൾ കോൺഗ്രസ് ഗവണ്മെന്റ് കൊണ്ടുവന്ന സാമ്പത്തിക നയങ്ങളാണ്. ആ നയങ്ങളാണ് ബി.ജെ.പി. ഗവണ്മെന്റ് തുടരുന്നത്. ഈ സാമ്പത്തികനയങ്ങളുടെ ഭാഗമായി ഏറ്റവും കൂടുതൽ ദു:ഖമനുഭവിച്ചത് കേരളമാണ്. കേരളത്തിന്റെ ദു:ഖങ്ങൾ പരിഹരിക്കാൻ കഴിയുന്ന തരത്തിൽ ദേശീയമുന്നണി ഒരു കാലത്ത് പ്രവർത്തിച്ചിരുന്നതുപോലെ, ഒരു മൂന്നാം ശക്തി നമ്മുടെ രാജ്യത്ത് വളർന്നു വരണം. മതേതരത്വത്തെ സംരക്ഷിക്കാൻ, ജനാധിപത്യത്തെ സംരക്ഷിക്കാൻ, സാമ്പത്തികമേഖലയിൽ പുതിയമാറ്റങ്ങളുണ്ടാക്കാൻ കഴിയുന്ന രീതിയിൽ കേരളത്തിന് ഗുണകരമാകുന്ന മൂന്നാംശക്തി കേന്ദ്രത്തിൽ അധികാരത്തിൽ വരാൻ കഴിയുകയെന്നുള്ളത് കേരളത്തിന്റെ സ്വപ്നമാണ്. ഇതുകൂടി നമുക്ക് പരിഗണിക്കേണ്ടതാണ്. നികുതി നിർദ്ദേശത്തിന്റെ കാര്യത്തിൽ കേരളത്തിന്റെ വികസനമാണ് രാജ്യത്തിന്റെ മുഖ്യലക്ഷ്യം.

നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുതീർക്കാനുള്ള കുടിശ്ശിക പൂർണ്ണമായും അടച്ചുതീർക്കാൻ കഴിയാതെ വീഴ്ച വരുത്തുന്ന സാഹചര്യങ്ങൾ ഇന്ന് നമ്മുടെ സംസ്ഥാനത്തുണ്ട്. ഇത് പിരിച്ചെടുക്കുന്ന കാര്യത്തിൽ, തുക നിശ്ചയിച്ചതിനുശേഷവും അതടയ്ക്കാതെ അനാസ്ഥ കാണിക്കുന്ന അവസരത്തിൽ അതിനെതിരെ വളരെ കർശനമായ നടപടികൾ സ്വീകരിക്കാൻ സംസ്ഥാന ഗവണ്മെന്റ് തയ്യാറാകേണ്ടതാണ്. അതുപോലെതന്നെ നികുതി വെട്ടിപ്പ് തടയുന്ന കാര്യത്തിൽ ഏറെക്കുറെ കർശനമായ നടപടികൾ ഗവണ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചിട്ടുണ്ട്. ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കി നികുതി പിരിവ് ഊർജ്ജിതമാക്കാനും നികുതിവെട്ടിപ്പ് തടയുവാനും സാഹചര്യങ്ങളുണ്ടാക്കണം. ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരമാവധി ഒഴിവാക്കി വിഭവസമാഹരണത്തിന് നേതൃത്വം നൽകുന്ന ഈ സംസ്ഥാന ഗവണ്മെന്റിന്റെ സമീപനത്തെ അഭിനന്ദിച്ചുകൊണ്ട്, ഈ ഫിനാൻസ് ബില്ലിനെ അനുകൂലിച്ചുകൊണ്ട്, നിർത്തുന്നു.

<u>ശ്രീ. സി.കെ. നാണു</u> : സർ, ഞാൻ ഈ ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. കേരളത്തിലും അതുപോലെതന്നെ ഇൻഡ്യയിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന വളരെയേറെ പ്രതികൂലമായ സാഹചര്യങ്ങളിലും ജനങ്ങൾക്ക് നൽകേണ്ട ആനുകൂല്യങ്ങളും അവകാശങ്ങളും നിഷേധിക്കാതെയും സർക്കാർ ജീവനക്കാർക്ക് ശമ്പളവർദ്ധനവും, അതുപോലെ നമ്മുടെ നാട്ടിലെ ആളുകൾക്ക് പെൻഷൻ ആനുകൂല്യങ്ങളും നൽകിക്കൊണ്ടും ഒരു ഗവണ്മെന്റെന്ന നിലയ്ക്ക് രാജ്യത്തിലെ പൊതുജനങ്ങളോടുള്ള ചുമതലകൾ ഈ ഗവണ്മെന്റ് പരമാവധി നിർവ്വഹിച്ചിട്ടുണ്ട്. അതിനുള്ള വിഭവസമാഹരണം നടത്തുന്ന അവസരത്തിൽ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നത് പരമാവധി ഒഴിവാക്കിക്കൊണ്ടുള്ള ഒരു സമീപനമാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ധനാഗമമാർഗ്ഗങ്ങൾക്കുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവലംബിച്ചിരിക്കുന്നത് എന്നുള്ളത് ഭരണപക്ഷത്തിരിക്കുന്ന ആളുകളുടെ പ്രസംഗത്തിൽ നിന്നുതന്നെ വ്യക്തമാണ്. മാത്രമല്ല പലപ്രാവശ്യം ധനകാര്യമന്ത്രിയായിരുന്ന ശ്രീ. കെ.എം. മാണി പോലും ഈ ബില്ലിനെക്കുറിച്ച് സംസാരിച്ച അവസരത്തിൽ അനാവശ്യമായി ജനങ്ങളെ ദ്രോഹിക്കുന്ന വിധത്തിൽ നികുതി ഈടാക്കിയെന്ന് പറഞ്ഞിട്ടില്ല. ഈ ധനകാര്യ ബില്ലിനെ എതിർക്കാൻ അദ്ദേഹംപോലും തയ്യാറായില്ല. 750 കോടിയോളം രൂപ 1997-മുതൽ നികുതിയിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്. ഈ സാഹചര്യത്തിൽ അത് പരമാവധി പിരിച്ചെടുക്കാൻ ശ്രമിക്കുന്നു. ഈ പരിശ്രമങ്ങളാണ് യഥാർത്ഥത്തിൽ ഗവണ്മെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകേണ്ടത്; ആ രൂപത്തിലുള്ള നടപടികളാണ് സ്വീകരിക്കുന്നത്. അദ്ദേഹം സൂചിപ്പിച്ചപോലെ സാമ്പത്തിക പ്രതിസന്ധിയുള്ള ഈ കാലഘട്ടത്തിൽ നമ്മുടെ നാട്ടിലെ പല വകുപ്പുകളും പല മേഖലകളും ഈ സാമ്പത്തിക പ്രതിസന്ധിയിലൂടെ നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഏഷ്യൻ വികസന ബാങ്ക് ഒന്നോ രണ്ടോ സംസ്ഥാനങ്ങളെ മാത്രമേ സാമ്പത്തികമായി സഹായിച്ചിട്ടുള്ളൂ. ആ ഏഷ്യൻ വികസന ബാങ്കുമായി സംസാരിച്ച് ഒന്നോ രണ്ടോ കൊല്ലം കൊണ്ട് ഈ സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി പണം ചെലവാക്കാൻ പറ്റുന്ന രൂപത്തിൽ അവരുമായി ചർച്ചകൾ നടത്തി, ഫലപ്രദമായ വിജയം കണ്ടെത്താൻ ധനകാര്യ വകുപ്പിന് സാധിച്ചിരിക്കുകയാണ്. ഇന്നത്തെ സാഹചര്യത്തിൽ കേരളം മാത്രമല്ല ഏഷ്യയിലെ മുഴുവൻ രാജ്യങ്ങളും പുതിയ സാമ്പത്തിക നയത്തിന്റെ ഭാഗമായി പ്രതിസന്ധി അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ള ഒരു കാലഘട്ടത്തിൽ ആ രാജ്യങ്ങളിലെ ജനങ്ങളെ ചൂഷണം ചെയ്തു ജനങ്ങളുടെ ശക്തമായ പ്രതിഷേധം അവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന അവസരത്തിൽ കേരളത്തിലെ ധനകാര്യവകുപ്പ് ചെയ്തിരിക്കുന്നത് ഒരു സാധാരണ കാര്യമില്ല. ഇവിടെ സർക്കാർ ജീവനക്കാരുടെ പ്രക്ഷോഭത്തിന്റെ ഇരമ്പലില്ല. പാവപ്പെട്ട ആളുകൾ സെക്രട്ടേറിയറ്റിന് മുമ്പിൽവന്ന് നിഷേധിക്കപ്പെട്ട അവകാശങ്ങൾ തിരിച്ചുനൽകണമെന്ന് പറഞ്ഞ് മുദ്രാവാക്യം വിളിക്കേണ്ടിവരുന്നില്ല. ഈ സമൂഹത്തിലെ ഒരു ചെറിയ വിഭാഗം സമ്പന്നൻമാരൊഴിച്ചുള്ള എല്ലാ ജനവിഭാഗങ്ങളേയും സംതൃപ്തരാക്കിക്കൊണ്ടുള്ള ഒരു സാമ്പത്തികസ്ഥിതിയുണ്ടാകാൻ ഈ ഗവണ്മെന്റ് ശ്രമിക്കുന്നു. ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലും

LIBRARY ARCHIVES Kerala Legislative Assembly

ഇത് സാധിക്കുന്നില്ല; കേന്ദ്ര ഗവണ്മെന്റിന് അത് സാധിക്കുന്നില്ല. അങ്ങനെയുള്ള ഒരു സാഹചര്യം കേരളത്തിലുണ്ടാകുന്നുവെന്നത് അഭിമാനകരമാണ്. ഇവിടെ സർക്കാർ ജീവനക്കാർക്ക് നൽകിയതുപോലെ ആനുകൂല്യങ്ങൾ നമ്മുടേതിനെക്കാൾ സാമ്പത്തികശേഷിയുള്ള പല സംസ്ഥാനങ്ങളിലും നൽകുന്നില്ല. അതുപോലെ കാർഷികോൽപ്പന്നങ്ങൾക്ക് ഇത്രയുമധികം വിലയിടിവുണ്ടായിട്ടുള്ള മറ്റൊരു സംസ്ഥാനവുമില്ല. ഇത്രയും വിലയിടിവ് ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങൾ അനുഭവിക്കുന്നില്ല. ഇപ്പോൾ പഞ്ചസാര ഉൽപ്പാദിപ്പിക്കുന്ന രാജ്യങ്ങളിൽ കരിമ്പിന് വിലയിടിവുണ്ടായിട്ടില്ല. കേരളത്തിൽ നാളികേരത്തിനും റബ്ബറിനും വിലയിടിഞ്ഞതുപോലെ കരിമ്പിനും ഗോതമ്പിനും വിലയിടിഞ്ഞിട്ടില്ല. കേരളത്തിൽ ഉണ്ടായതുപോലുള്ള തകർച്ച ഇൻഡ്യയിലെ മറ്റൊരു സംസ്ഥാനങ്ങളിലും ഉണ്ടായിട്ടില്ല. ഇങ്ങനെയൊരു സാഹചര്യമുണ്ടായിട്ടും ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ച സന്ദർഭത്തിൽ ആ ബഡ്ജറ്റിൽ ഈ സാഹചര്യങ്ങളെ മുഴുവൻ വിലയിരുത്തിക്കൊണ്ട് .....ശ്രീ. കെ. എം. മാണി ഇവിടെ തേങ്ങയുടെ വിലയിടിവിന്റെ കാര്യം പറഞ്ഞു. കേരളത്തിലുള്ള തേങ്ങയ്ക്ക് ഓയിൽ കണ്ടന്റ് കൂടുതലാണ്. തമിഴ്നാട്ടിലേയും, കർണ്ണാടകത്തിലേയും തേങ്ങയ്ക്ക് ഓയിൽ കണ്ടന്റ് കുറവാണ്. അപ്പോൾ കേരളത്തിലെ കൊപ്രയുമായി മിക്സ് ചെയ്താൽ സ്വാഭാവികമായും കേരളത്തിലടക്കം ഓയിൽ കണ്ടന്റ് കുറയാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട് അദ്ദേഹം പറഞ്ഞതുപോലെ അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊപ്ര കേരളത്തിൽ വരുന്ന അവസരത്തിൽ അതിന് നികുതി ഈടാക്കേണ്ടത് കേരളത്തിലെ കൊപ്രയുടെ അല്ലെങ്കിൽ നാളികേര കൃഷിയുടെ താൽപ്പര്യത്തിനാവശ്യമാണ്. എനിക്ക് പറയുവാനുള്ളത് ഇതൊക്കെ ഒരു വലിയ നയത്തിന്റെ ഭാഗമാണ് എന്നാണ്. ഈ സാമ്പത്തിക ഞെരുക്കത്തിൽ നിന്നും ഇൻഡ്യയും കേരളവും രക്ഷപ്പെടണമെങ്കിൽ സ്വീകരിക്കേണ്ട മാർഗ്ഗം എന്താണ്? ധനകാര്യബില്ലിനെ സംബന്ധിച്ച് ചർച്ച നടത്തുന്ന അവസരത്തിൽ നമ്മൾ ഒരു വലിയ പ്രതിസന്ധിയിലാണ്. ഈ സാഹചര്യത്തിലും കേരളത്തിന്റെ സാമ്പത്തികരംഗത്ത് വലിയ ആക്ഷേപമില്ലാത്ത വിധത്തിൽ മുന്നോട്ടുപോകാൻ സാധിക്കുന്നു. പൊതുമരാമത്ത് വകുപ്പിലായാലും മറ്റ് വകുപ്പുകളിലായാലും ആ വകുപ്പുകൾക്ക് ന്യായമായി മുന്നോട്ടു പോകാനാവശ്യമായ വിധത്തിൽ പുതിയ കോർപ്പറേഷനുകൾ രൂപീകരിച്ചുകൊണ്ട് ജോലികൾ നിർവഹിക്കാൻ പറ്റുന്ന സാഹചര്യമുണ്ടാക്കാൻ ശ്രമിക്കുന്നുണ്ട്. രജിസ്ട്രേഷൻ ഇനത്തിൽ കൂടുതൽ വരുമാനമുണ്ടാക്കാൻ ശ്രമിക്കുന്നു; അതുപോലെ വാഹന നികുതി ഇനത്തിൽനിന്നും വരുമാനമുണ്ടാക്കുവാൻ ശ്രമിക്കുന്നു. ടൂറിസം മേഖലയിലും കൂടുതൽ വരുമാനമുണ്ടാക്കാൻ ശ്രമിക്കുന്നു. ഈ പ്രതിസന്ധിയിൽ നിന്നും ആകാവുന്ന തരത്തിലൊക്കെ രക്ഷപ്പെടാൻ നമ്മൾ ശ്രമിക്കുന്നു. പക്ഷേ അധികകാലം ഈ വിധത്തിൽ നിൽക്കാൻ നമുക്ക് സാധിക്കുകയില്ല. അഞ്ചോ, പത്തോ കൊല്ലം മാത്രമേ ഈ പ്രതിസന്ധിയിലൂടെ ഈ രാജ്യത്ത് നമുക്ക് നീങ്ങാൻ പറ്റുകയുള്ളൂ. പാർലമെന്റിലേക്ക് തെരഞ്ഞെടുപ്പ് അടുത്തിരിക്കുന്ന ഈ ഘട്ടത്തിൽ, ഈ സാമ്പത്തികനയം കേരളത്തിലും ഇൻഡ്യയിലും അടിച്ചേൽപ്പിച്ച ഒരു സാഹചര്യമുണ്ട്. കോൺഗ്രസ്സ് (ഐ) സുഹൃത്തുക്കൾക്കറിയാം, പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കാലത്ത് സ്വീകരിച്ച സാമ്പത്തികനയത്തിൽനിന്നും വ്യത്യസ്തമായ നിലപാട് ഇൻഡ്യയിൽ സ്വീകരിച്ചു. അതിനെ സംബന്ധിച്ച് വിശദീകരിച്ച് പറയേണ്ടതില്ല. നമ്മൾ സ്വീകരിച്ചതിൽ നിന്നും വ്യത്യസ്തമായ ഒരു നയം കോൺഗ്രസ്സ് സ്വീകരിച്ചില്ലേ? ശ്രീ. നരസിംഹറാവു പ്രധാനമന്ത്രിയും, ഡോ. മൻമോഹൻസിംഗ് ധനകാര്യമന്ത്രിയുമായിരുന്ന അവസരത്തിൽ കോൺഗ്രസ്സ് (ഐ) സ്വീകരിച്ച സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly

നയം ജവഹർലാൽ നെഹ്റു സ്വീകരിച്ച സാമ്പത്തികനയങ്ങളിൽനിന്നും വ്യത്യസ്തമായിരുന്നില്ലേ? ഈ സാമ്പത്തികനയങ്ങളുടെ ഫലമായി ഇൻഡ്യയിലെ പത്തോ ഇരുപതോ ശതമാനം സാമ്പത്തികമായിട്ടു മുന്നിൽ നിൽക്കുന്നവർക്കു മാത്രമല്ലേ ഗുണമുണ്ടായത്? ശ്രീ. നരസിംഹറാവുവിന്റെ കാലഘട്ടം മുതൽ സ്വീകരിച്ചുവരുന്ന സാമ്പത്തികനയം അമേരിക്കയിലും യൂറോപ്പിലും സ്വീകരിച്ചതുപോലുള്ളതായിരുന്നില്ലേ. ശ്രീ. വാജ്പേയിയുടെ ഭരണവും അതുപോലെതന്നെയല്ലേ? ശ്രീ. ദേവഗൗഡയും, ശ്രീ. ഗുജ്റാളും പ്രധാനമന്ത്രിമാരായിരുന്ന അവസരത്തിൽ അതിന് മാറ്റമുണ്ടായിരുന്നില്ലേ? അതു മാറ്റാൻ ശ്രമിച്ച അവസരത്തിൽ ഡോ. മൻമോഹൻസിംഗിന്റെ ശാസനയുണ്ടായിരുന്നു. എന്താണെന്നോ? കോൺഗ്രസ്സ് (ഐ)യുടെ പിൻതുണ ഗവണ്മെന്റുകൾക്കുണ്ടാകണമെങ്കിൽ ഞങ്ങൾ സ്വീകരിച്ച സാമ്പത്തിക നയം.....

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ഡോ. മൻമോഹൻ സിംഗ് അങ്ങനെയൊരു ഡയറക്ഷൻ കൊടുത്തതിന്റെ രേഖ ബഹുമാനപ്പെട്ട മെമ്പർക്ക് ഈ സഭയിൽ വയ്ക്കാൻ പറ്റുമോ?

<u>ശ്രീ. സി.കെ. നാണു</u> : ഒരുപക്ഷേ നിയമസഭയിൽ റിക്കാർഡുകൾക്കു വേണ്ടി ആയിരിക്കും ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ചോദിക്കുന്നത്. അദ്ദേഹത്തിന് വളരെ വ്യക്തമായി അറിയാവുന്ന കാര്യമാണ്. ഡോ. മൻമോഹൻസിംഗിന്റെ സാമ്പത്തികനയത്തെ ഇൻഡ്യൻ പാർലമെന്റിൽ, കോൺഗ്രസിന്റെ പ്രവർത്തക സമിതിയിൽ ശ്രീ. പി. ചിദംബരം സ്വീകരിക്കേണ്ടിവന്ന പശ്ചാത്തലത്തെ സംബന്ധിച്ച് ഞാൻ പറഞ്ഞു. ദേവഗൗഡ, ഗുജ്റാൾ ഗവണ്മെന്റുകൾ നിലനിന്നത് കോൺഗ്രസ്സ് (ഐ)-യുടെ അടക്കം പിന്തുണ ഉള്ളതുകൊണ്ടാണ്. ആ ഗവണ്മെന്റുകൾക്ക് പിന്തുണ നൽകണമെങ്കിൽ നരസിംഹറാവുവിന്റെ കാലത്ത് സ്വീകരിച്ച സാമ്പത്തിക നയത്തിൽനിന്ന് മാറാൻ പാടില്ല. ദേവഗൗഡ-ഗുജ്റാൾ ഗവണ്മെന്റുകൾ നിലനിന്നത് വെറും സാമ്പത്തികനയങ്ങളുടെ അടിസ്ഥാനത്തിൽ അല്ല; ബി.ജെ.പി. യെ അധികാരത്തിൽനിന്ന് മാറ്റാനും മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കാനും മറ്റും വേണ്ടിയാണ്. ആ റിപ്പോർട്ട് നിലനിർത്തുന്നതിന് ആവശ്യമായ സാഹചര്യം നിലനിറുത്താൻ സ്വീകരിച്ച നയങ്ങൾ എന്തൊക്കെയാണെന്ന് എല്ലാപേർക്കും അറിയാമല്ലോ. ബഹുമാനപ്പെട്ട കെ.ആർ. ഗൗരിയമ്മയെ ഞാൻ ഓർമ്മിപ്പിക്കുകയാണ്; ശ്രീ. പി.വി. നരസിംഹറാവു പ്രധാനമന്ത്രിയായിരുന്നപ്പോൾ മണ്ഡൽ കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ നടന്നില്ല.

മണ്ഡൽ കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആദ്യമായി ഒരു നിയമനം നടത്തിയില്ലെങ്കിൽ ഇൻഡ്യയുടെ തലസ്ഥാനമായ ഡൽഹിയിലേക്ക് ഇല്ലായെന്ന് ശ്രീ. വി.പി. സിംഗ് പ്രഖ്യാപിക്കുകയുണ്ടായി. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി, സി.പി.ഐ., ജനതാദൾ അടക്കമുള്ള മറ്റ് ഇടതുപക്ഷ കക്ഷികൾ എല്ലാം പാർലമെന്റിൽ അതിന്റെകൂടെ നിന്നതിന്റെ ഫലമായി മണ്ഡൽ കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. പി.വി. നരസിംഹറാവുവിന് നിയമനം നടത്തേണ്ടിവന്നു. നിയമനം ലഭിച്ച ആ ആളിനെ മാലയിട്ടുകൊണ്ടാണ് ശ്രീ. വി.പി. സിംഗ് രണ്ടാമത് ഡൽഹിയിലേക്ക് വന്നത്. ഇതൊക്കെ ശ്രീമതി കെ.ആർ. ഗൗരിയമ്മയ്ക്ക് അറിയാവുന്ന കാര്യമാണ്. മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് ഇൻഡ്യയിൽ നടപ്പിലാക്കുന്ന കാര്യത്തിൽ അപ്പുറത്തും ഇപ്പുറത്തുമുള്ള ആളുകളെ വിലയിരുത്തിയാൽ, സഹായകരമായി നിന്നവരും പ്രചാരകരായി നിന്നവരും ഇപ്പുറത്തുള്ളവരാണ്; അപ്പുറത്തുള്ളവരല്ല. ഈ ധനകാര്യ ബില്ലിനെ അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ എ.വി. താമരാക്ഷൻ : സർ, 1999-ലെ കേരള ധനകാര്യബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള ബഹുമാനപ്പെട്ട അംഗങ്ങൾ നമ്മുടെ സംസ്ഥാനം നേരിടുന്ന അതീവ ഗുരുതരമായ സാമ്പത്തിക പ്രശ്നത്തിന്റെ പശ്ചാത്തലത്തെ സംബന്ധിച്ച് വിവരിക്കുകയുണ്ടായി. നമ്മുടെ സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തിന്റെ വരുമാന മാർഗ്ഗങ്ങളെല്ലാം അടഞ്ഞുകൊണ്ടിരിക്കുന്നു. വിൽപ്പനനികുതി എക്സൈസ് നികുതി ട്രാൻസ്പോർട്ട് നികുതി, രജിസ്ട്രേഷൻ ഫീസ്, വനം നികുതി തുടങ്ങി എല്ലാ നികുതികളും കുറയുകയാണ്. ഗവണ്മെന്റ് ചെലവുകൾ അനിയന്ത്രിതമായി വർദ്ധിക്കുന്നു. ഇതിന്റെ ഫലമായി കേരളത്തിൽ റവന്യൂ കമ്മി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 1999 മാർച്ചിൽ അവസാനിച്ച സാമ്പത്തികവർഷം കേരളത്തിന്റെ റവന്യൂ കമ്മി 2200 കോടി രൂപയ്ക്ക് മുകളിലാണ് എന്നാണ് എനിക്ക് കിട്ടിയ വിവരം. അടുത്ത വർഷം ഇത് 3000 കോടി രൂപയും അതിനടുത്ത വർഷം 4000 കോടി രൂപയും ആകാനാണ് സാധ്യത. ഈ സാഹചര്യത്തിൽ, ഈ സാമ്പത്തിക പ്രതിസന്ധിയിൽനിന്നും നമ്മുടെ സംസ്ഥാനത്തെ കരകയറ്റുന്നതിനെ സംബന്ധിച്ച് ഗൗരവമായി ചിന്തിക്കേണ്ടേ? ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഈ സംസ്ഥാനത്തെ സ്നേഹിക്കുന്ന, ഈ സംസ്ഥാനത്തോട് താൽപ്പര്യമുള്ള മുഴുവൻ രാഷ്ട്രീയ പ്രസ്ഥാനങ്ങളോടും എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, ഈ പ്രശ്നങ്ങളെ ഗൗരവമായി കാണണം, അതിന് സംസ്ഥാന ഗവണ്മെന്റ് തയ്യാറാകണം എന്നാണ്. നമുക്ക് ചെലവുകൾ കുറയ്ക്കണം. അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാനത്തിൽ ഇത്രയും ഉദ്യോഗസ്ഥന്മാർ കേരളത്തിൽ ആവശ്യമുണ്ടോ? ഉയർന്ന ഉദ്യോഗ തസ്തികകളിൽനിന്നും 30 ശതമാനം വെട്ടിക്കുറയ്ക്കാനുള്ള നടപടി സ്വീകരിക്കണം. ജോലി കണ്ടെത്തുന്നത് ഗവണ്മെന്റ് കൊടുത്തിട്ടല്ലേ? കാർഷിക-വ്യാവസായിക മേഖലകളുടെ വളർച്ചയിലൂടെയാണ് ഉദ്യോഗം കണ്ടെത്തേണ്ടത്. ഈ സംസ്ഥാനത്തിന് ഇന്നുള്ള ഉദ്യോഗസ്ഥന്മാർ ഇത്രയും ആവശ്യമുണ്ടോ? റിട്ടയർ ചെയ്യുന്നതിനനുസരിച്ച് 30 ശതമാനം തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിനുള്ള ധീരമായ നടപടികൾ ഗവണ്മെന്റ് സ്വീകരിക്കണം. എന്തിനാണ് ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാർക്ക് വാഹനം? ടി.എ. കൊടുത്താൽ പോരേ? എല്ലാപേർക്കും വാഹനം, അതിന് ഡ്രൈവർ, പിന്നെ മെയിന്റനൻസ് ഇനത്തിൽ എത്ര കോടി രൂപയാണ് ചെലവഴിക്കുന്നത്? അത്തരത്തിൽ കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിന് ഗവണ്മെന്റ് പരിശ്രമിക്കണ്ടേ? ഈ സംസ്ഥാനം തകരുകയാണ്. ഈ സന്ദർഭത്തിൽ എവിടെയൊക്കെ ചെലവുകൾ ചുരുക്കാമെന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കണ്ടേ? നമ്മുടെ നികുതിയേതര വരുമാനത്തെ സംബന്ധിച്ച് ഞാൻ കഴിഞ്ഞ മൂന്നു കൊല്ലങ്ങളായി ആവശ്യപ്പെടുന്ന കാര്യങ്ങളുണ്ട്. ഈ സംസ്ഥാനത്തെ കോടിക്കണക്കിന് ഉറുപ്പികയാണ് വൻകിട എസ്റ്റേറ്റ് ഉടമകൾ കുറഞ്ഞ പാട്ടത്തുക നൽകുന്നതിലൂടെ കൊണ്ടുപോകുന്നത്. നമുക്ക് കാര്യമായി എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ? ഒരു ഏക്കറിന് 1300 രൂപയോളം വച്ച് ഫാമിംഗ് കോർപ്പറേഷനിൽ നിന്നും ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും വനഭൂമിക്ക് പാട്ടത്തുക വാങ്ങിക്കുമ്പോൾ വെറും അഞ്ചു രൂപയ്ക്കു താഴെയുള്ള നിരക്കിൽ സംസ്ഥാനത്തെ ലക്ഷക്കണക്കിന് ഏക്കർ വനഭൂമി സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് നൽകിയത് അവരുടെ കൈവശം ഇരിക്കുകയല്ലേ? നമുക്ക് എന്ത് ചെയ്യാൻ കഴിയും? സമ്പന്ന വിഭാഗത്തിൽ നിന്നും വിദ്യാഭ്യാസ-ആരോഗ്യ രംഗങ്ങളിലെ സർക്കാർ സേവനങ്ങൾക്ക് പണം ഈടാ

LIBRARY ARCHIVES Kerala Legislative Assembly

ക്കേണ്ടേ? അതിനെക്കാൾ ഉപരിയായി ഈ സംസ്ഥാനത്ത് വിൽപ്പനനികുതി വർദ്ധിക്കണമെങ്കിൽ, രജിസ്ട്രേഷൻ ഫീ വർദ്ധിക്കണമെങ്കിൽ ജനങ്ങളുടെ കാര്യശേഷി വർദ്ധിക്കണം. ജനങ്ങളുടെ കയ്യിൽ വരുമാനം ഉണ്ടാക്കണം. വരുമാനമുണ്ടാകണമെങ്കിൽ പൊതുമേഖലയിലും സ്വകാര്യമേഖലയിലും വമ്പിച്ച മുതൽമുടക്ക് ഉണ്ടാകണം. ഇക്കാര്യത്തിൽ കേന്ദ്രത്തേയോ മറ്റാരേയുമോ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ഈ സംസ്ഥാനത്ത് ആ മേഖലയിൽ നമുക്ക് എന്തു ചെയ്യാൻ കഴിയുമെന്നതിനെ സംബന്ധിച്ച് നാം ആലോചിക്കേണ്ടതായിട്ടുണ്ട്. ധനകാര്യ വകുപ്പ് ഇക്കാര്യത്തിൽ ശ്രദ്ധിക്കുന്നുണ്ടോ? ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ കേന്ദ്ര ഗവണ്മെന്റിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിൽ നിന്നും വേൾഡ് ബാങ്കിൽ നിന്നുമൊക്കെ കിട്ടാവുന്ന ഇൻവെസ്റ്റുമെന്റുകളെ സംബന്ധിച്ച് പരിശോധന നടത്തുന്നതിന് ഫിനാൻസ് ഡിപ്പാർട്ടുമെന്റ് പ്രത്യേക സെൽ ഉണ്ടാക്കണ്ടേ? അത് മോണിറ്റർ ചെയ്യണ്ടേ? ഇതിന് ഗവണ്മെന്റിനെ അഡ്വൈസ് ചെയ്യേണ്ടത് പ്ലാനിംഗ് ബാർഡാണ്. ഇന്ന് കേരളത്തിൽ പ്ലാനിംഗ് ബോർഡ് ഉണ്ട്. പക്ഷെ ഇത്തരം കാര്യങ്ങളിൽ സ്റ്റേറ്റ് ഗവണ്മെന്റിനെ അഡ്വൈസ് ചെയ്യേണ്ട സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഇന്ന് ഉണ്ടോ? സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ജനകീയാസൂത്രണം നടപ്പിലാക്കുന്ന ഡിപ്പാർട്ടുമെന്റായി അധഃപതിച്ചിരിക്കുന്നു. ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിക്കുന്നു.,ഇതിന്റെ മാർഗ്ഗമെന്താണ്? ഈ സംസ്ഥാനത്തിന്റെ വരുംതലമുറയുടെ ഭാവി എന്താണ്? നാളെ കേരളത്തിനു വെളിയിൽപ്പോയി ജീവിതമാർഗ്ഗം തേടാൻ കഴിയുമോ? ഗൾഫ് രാജ്യങ്ങളിലെ തൊഴിൽസാദ്ധ്യത അടയുന്നു; അവിടെയുള്ള വരുമാനം കുറയുന്നു. ഈ സംസ്ഥാനം ആടി, തകർച്ചയിലേയ്ക്ക് പോകുന്നു. അത് കാണാൻ കഴിയുന്നില്ലെങ്കിൽ എങ്ങനെയാണ് കാര്യങ്ങൾ ശരിയാകുക? ഈ ഗവണ്മെന്റ് ഉണരണം, ധനകാര്യവകുപ്പ് ഉണരണം, ഓരോ വകുപ്പിനേയും മോണിറ്റർ ചെയ്യണം, ഇവിടെ ഉൽപ്പാദനം വർദ്ധിപ്പിക്കണം; ഇൻവെസ്റ്റ്മെന്റ് കൂട്ടണം. ഇൻവെസ്റ്റ്മെന്റ് കൂടുമ്പോഴേ ജനങ്ങളുടെ കയ്യിൽ പണം ഉണ്ടാവുകയുള്ളൂ. പണത്തിന്റെ ദൗർലഭ്യം കാണുന്നു. ചില ആളുകളുടെ കയ്യിൽ പണമുണ്ട്. ആ പണം വെളിയിൽ കൊണ്ടുവരാൻ കഴിയുന്നില്ല. മദ്യവ്യവസായികളുടെ കയ്യിലും കറപ്റ്റായ ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ കയ്യിലും കോടിക്കണക്കിന് രൂപയിരിക്കുന്നു. ആ പണം വെളിയിൽ കാണിക്കാൻ പറ്റുന്നില്ല. ജനങ്ങളുടെ കയ്യിൽ പണമില്ല. കടകമ്പോളങ്ങളിൽ കച്ചവടമില്ല. ഓട്ടോറിക്ഷ, ടാക്സി തുടങ്ങിയ വാഹനങ്ങൾക്ക് ഓട്ടമില്ല. സമ്പദ്ഘടന ആകെ തകർച്ചയിലേയ്ക്ക് പോകുന്നു. ഇത് ഗൗരവമായി കാണാൻ സംസ്ഥാന ഗവണ്മെന്റിന് കഴിയണം. അതിന് ശക്തമായ നടപടിയെടുക്കണം. ചിലപ്പോൾ പലർക്കും വേദനിച്ചെന്നിരിക്കും. ശക്തമായി നടപടി എടുത്തുകൊണ്ട്, ഈ സംസ്ഥാനത്തെ രക്ഷിച്ചുകൊണ്ട് മുന്നോട്ടു പോകാൻ ധനകാര്യ വകുപ്പുമന്ത്രിക്ക് കഴിയണമെന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തെ പിന്താങ്ങുകയാണ്.

<u>ശ്രീ. ടി. നാണുമാസ്റ്റർ</u> : സർ, ഈ ധനകാര്യ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. ഇവിടെ പല വിമർശനങ്ങളും ഉയർന്നുവന്നു. ഉള്ള സാഹചര്യങ്ങൾ ഉപയോഗിച്ച് നമ്മുടെ പരിമിതമായ സാമ്പത്തികപരിധിയിൽ നിന്നുകൊണ്ട് കടുത്ത സാമ്പത്തിക അച്ചടക്കം കർശനമായി പാലിക്കുന്ന ഒരു ഗവണ്മെന്റാണിത്. അതുകൊണ്ടാണ് നമുക്ക് പല രംഗങ്ങളിലും പിടിച്ചുനിൽക്കാൻ കഴിയുന്നത്. സ്വാഭാവികമായും എത്രയോ ക്ഷേമപദ്ധതികൾ നടപ്പാക്കുന്നു; പെൻഷൻ സമ്പ്രദായം നടപ്പാക്കുന്നു; അവശ ജനവി

[1 P.M]

LIBRARY ARCHIVES Kerala Legislative Assembly

ഭാഗങ്ങളെ സഹായിക്കുന്നതിനായി പ്രത്യേക പദ്ധതികൾ, സാമൂഹ്യക്ഷേമപദ്ധതികൾ ഇവയെല്ലാം തന്നെ പ്രത്യുല്പാദനപരമല്ലാത്ത മേഖലകളാണ്. മറ്റു സംസ്ഥാനങ്ങളിൽ അതില്ല. നമ്മുടെ വരുമാനത്തേക്കാൾ കൂടുതൽ പണം ഈ ഗവണ്മെന്റിന് ജനങ്ങൾക്കുവേണ്ടി ചെലവഴിക്കേണ്ടിവരുന്നു. മറ്റു സംസ്ഥാനങ്ങളിൽ എന്ത് പദ്ധതിയാണുള്ളത്? അവിടെ കർഷകത്തൊഴിലാളി പെൻഷൻ ഉണ്ടോ? ക്ഷേമപദ്ധതികൾ ഉണ്ടോ? തൊഴിലില്ലായ്മ വേതനമുണ്ടോ? ധാരാളം സാമൂഹ്യ ബാദ്ധ്യതകളുള്ള ഒരു ഗവണ്മെന്റാണിത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ലക്ഷക്കണക്കിന് ആളുകളെ സഹായിക്കാൻവേണ്ടി പ്രത്യുല്പാദനപരമല്ലാത്ത മേഖലകളിൽ ധാരാളം ചെലവുകൾ വേണ്ടിവരുന്നു. നമ്മുടെ വരവും ചെലവും തമ്മിൽ വളരെ അന്തരമുണ്ട്. റവന്യൂ ഇതര വരുമാനത്തിൽ കൂടുതൽ വർദ്ധനവ് ഉണ്ടാകേണ്ടി വരുന്നു. വരുമാനം വർദ്ധിപ്പിക്കുന്നതിന് ചിലപ്പോൾ ഗവണ്മെന്റിന് നികുതി കൂട്ടേണ്ടതായി വരും. ആ നികുതി ഒരു ഭാഗത്തുകൂടി കൂടുമ്പോൾ സാധാരണ ജനങ്ങൾക്കും കൃഷിക്കാർക്കും ആശ്വാസകരമായ നടപടികൾ മറുഭാഗത്തുകൂടി സ്വീകരിക്കുന്നുണ്ട്. തികഞ്ഞ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ടാണ് ഈ ഗവണ്മെന്റ് മുന്നോട്ടുപോകുന്നത്. അതേസമയം മറ്റൊരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത് നികുതിനയത്തെ സംബന്ധിച്ചാണ്. നമ്മുടെ ചെറുകിട വ്യവസായങ്ങളെ സംബന്ധിച്ച് ഇപ്പോൾ വികസനരംഗത്ത് നാം ജനകീയാസൂത്രണം നടപ്പാക്കുമ്പോൾ, ഗ്രാമീണ ജനങ്ങൾക്ക് തൊഴിലവസരം കൂടുതൽ കൂടുതൽ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ നമ്മൾ സ്വീകരിക്കുമ്പോൾ, ചെറുകിട ഉല്പാദകരെക്കൂടി സഹായിച്ച് നിലനിറുത്താൻ നമുക്ക് കഴിയണം. ചില വിമർശനങ്ങൾ വന്നു. 4 ശതമാനം നികുതി 6 ശതമാനമായി ഉയർത്തുമ്പോൾ നികുതിയുടെ വർദ്ധനവ് 50 ശതമാനം ആണെന്നത് സത്യമാണ്. അങ്ങനെ വരുമ്പോൾ ചെറുകിട ഉൽപ്പാദകരേയും ചെറുകിട വ്യവസായങ്ങളേയും സംരംഭകരേയും ഒക്കെ പ്രോത്സാഹിപ്പിക്കുന്ന ഒരു നയവും നമ്മൾ സ്വീകരിക്കണം. തമിഴ്നാട്ടിൽനിന്നുമൊക്കെ നികുതിയില്ലാതെ ചില ഉല്പന്നങ്ങൾ നമ്മുടെ നാട്ടിൽ വരുന്നു. അത് നാം നിരോധിക്കണം. യു.ഡി.എഫ്. ന്റെ കാലത്ത് എല്ലാറ്റിനും നികുതി വർദ്ധിപ്പിച്ചു. ഉപ്പിനും മുളകിനും നികുതി കൂട്ടിയില്ലേ? ഇവിടത്തെ ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾക്ക് നികുതി ചുരുക്കിക്കൊണ്ടുവരുകയും ചില ഇനങ്ങൾക്ക് നികുതി ഇളവ് ചെയ്തു കൊടുക്കുകയും ഒക്കെ ചെയ്തുകൊണ്ടാണ് ഈ ഗവണ്മെന്റ് മുന്നോട്ടു നീങ്ങുന്നത്. ഇത് എല്ലാവർക്കും അറിയാം. അതുകൊണ്ടാണ് നിങ്ങൾ അപ്പുറത്തിരിക്കുന്നത്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ശ്രീ. ജോണി നെല്ലൂർ പറഞ്ഞു, ഞങ്ങൾ 100 സീറ്റ് നേടി അധികാരത്തിൽ വരുമെന്ന്. കണ്ടല്ലോ. ഇന്നും ശ്രീ. ജോണി നെല്ലൂർ അത് ആവർത്തിച്ചു. വ്യാമോഹംകൊണ്ടിട്ട് കാര്യമില്ല. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തികഘടനയും സമ്പദ്ഘടനയും ഉപയോഗിച്ചുകൊണ്ട്, യാഥാർത്ഥ്യങ്ങളെ അംഗീകരിച്ചുകൊണ്ട് ജനോപകാരപ്രദമായ നടപടികളുമായി ഗവണ്മെന്റ് മുന്നോട്ടു പോകുമ്പോൾ നമ്മുടെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടിവരും. ആ അടിസ്ഥാനത്തിൽ ജനങ്ങളെ കൂടുതൽ കൂടുതൽ ബുദ്ധിമുട്ടിക്കാതെ അവർക്ക് ആശ്വാസം നൽകിക്കൊണ്ടുള്ള സാമ്പത്തിക നയമാണ് ഈ ഗവണ്മെന്റ് കൊണ്ടുവന്നിട്ടുള്ളത്. മറ്റൊരു കാര്യവും ഞാൻ ഈയവസരത്തിൽ പറയുന്നില്ല. ഈ ഗവണ്മെന്റ് കൊണ്ടുവന്നിട്ടുള്ള ഈ ധനകാര്യബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്.

<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> : ഈ ധനകാര്യ ബില്ലിനെ ഞാൻ പിന്താങ്ങുന്നു. സാമൂഹ്യ അവബോധത്തിൽ അധിഷ്ഠിതമായ ഒരു സാമ്പത്തിക സമീ

LIBRARY ARCHIVES Kerala Legislative Assembly

പനമാണ് ധനകാര്യവകുപ്പുമന്ത്രി സ്വീകരിച്ചിരിക്കുന്നത്. അത് വിജയിപ്പിക്കുന്നതിന് ആവശ്യമായ പിൻതുണ ഭരണ-പ്രതിപക്ഷ കക്ഷിഭേദമന്യേ നൽകേണ്ടതാണ്. കടുത്ത സാമ്പത്തികമാന്ദ്യം ഭാരതത്തെയാകെ ഗ്രസിച്ചിരിക്കുകയാണ്. അതിന്റെ ശക്തമായ അലയൊലികൾ കേരളത്തിലെ എല്ലാ മേഖലകളിലും വ്യാവസായിക - കാർഷിക - വാണിജ്യ - വ്യാപാരമേഖലകളിലെല്ലാം മുഴങ്ങിക്കൊണ്ടിരിക്കുകയാണ്. ഇൻഡ്യ ഒരു കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. അതിന്റെ ഭാഗമായി കേരളം തീർച്ചയായും ആ പ്രതിസന്ധിയുടെ പ്രത്യാഘാതങ്ങൾ അനുഭവിച്ചേ മതിയാകൂ. ഈയവസരത്തിൽ ഒരു കാര്യം സൂചിപ്പിക്കട്ടെ. ഇൻഡ്യ ഇങ്ങനെ തെറ്റായ സാമ്പത്തികനയം സ്വീകരിച്ചതിന്റെ ഫലമായി തെറ്റായ സാമ്പത്തികനയം എന്താണെന്ന്, അതിന്റെ പേര് വല്ലതും പറഞ്ഞുപോയാൽ കുറ്റബോധമാണ്. അതുകൊണ്ട് ആ വാക്കുകളൊന്നും ഞാൻ പറയുന്നില്ല. ചിലർക്ക് അത് അലർജിയാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോഴും കോടിക്കണക്കിന് രൂപ ചെലവഴിച്ച് പൊഖ്റാനിൽ അണുബോംബ് പൊട്ടിച്ച രാജ്യത്തിന്റെ സുരക്ഷിതത്വവും ശക്തിയും ജീവൻ ടോൺ കഴിച്ച് മസിലുപിടിച്ചു നിൽക്കുന്ന ഒരാളുടെ ചിത്രംപോലെ ഇൻഡ്യയുടെ സുരക്ഷിതത്വവും ശക്തിയും ലോകത്തെ കാണിച്ചുകൊടുത്തിരിക്കുന്നുവെന്ന് അവകാശപ്പെട്ടവരുടെ കാലത്താണ്, ഇപ്പോൾ ഇൻഡ്യക്ക് ദുരിതം വിതച്ചുകൊണ്ടുള്ള കാർഗിൽ യുദ്ധം ഉണ്ടായത്. അതു കഴിഞ്ഞ് ലാഹോറിലേക്ക് ബസ്സിൽ ഒരു വിനോദയാത്ര കൂടിയായപ്പോൾ ഇൻഡ്യ ഒരു വലിയ സംഭവമായി മാറി. നമ്മുടെ ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഒരു ജൈത്രയാത്ര നടത്തി വെന്നിക്കൊടി പാറിച്ച സമയത്ത് പാകിസ്ഥാനിൽ നിന്ന് നുഴഞ്ഞുകയറ്റക്കാർ ഇന്ത്യയിലേക്ക് കടക്കുകയായിരുന്നു. അവരെ കണ്ടുപിടിക്കുന്നതിനോ തക്കസമയത്ത് നടപടി സ്വീകരിക്കുന്നതിനോ കഴിഞ്ഞില്ല. സാമ്പത്തികനഷ്ടം ഉൾപ്പെടെയുള്ള ദുരിതങ്ങൾക്ക് പരിഹാരം കാണാതിരിക്കുന്ന ഒരു അവസ്ഥയിലാണ് കേരളത്തിന്റെ സാമ്പത്തിക കാര്യങ്ങളെ നിയന്ത്രിക്കുന്നതിന് ആവശ്യമായ ധനകാര്യ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. സാമൂഹ്യ ബോധത്തിൽ അധിഷ്ഠിതമായ ഒരു ബിൽ ആണ് ഇത് എന്ന് ഞാൻ നേരത്തേ പറയുകയുണ്ടായി. അതിനുള്ള കാരണം എന്താണ്? അതു മാത്രമല്ല, ഈ ധനകാര്യ ബിൽ അവതരിപ്പിക്കുമ്പോൾ മുൻ വർഷങ്ങളെ അപേക്ഷിച്ച് ഗവണ്മെന്റിന് ഒരു പ്രധാനപ്പെട്ട ബാദ്ധ്യത കൂടി ഏറ്റെടുക്കേണ്ടിവന്നു. അനിവാര്യമായ ബാദ്ധ്യത. അത് ജീവനക്കാരുടെ ശമ്പള വർദ്ധനവ് ആണ്. അത്യന്താപേക്ഷിതമായ കാര്യമാണ്. ന്യായമായ അവകാശവുമാണ്. പക്ഷേ ആ ബാദ്ധ്യത ഏറ്റെടുത്തുകൊണ്ട്, സന്തോഷത്തോടുകൂടി അത് ധനകാര്യവകുപ്പുമന്ത്രി നൽകിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് ഞാൻ ഇതിനെ പിന്തുണയ്ക്കുന്നത്. പ്രധാനമായിട്ടുള്ള ഒരു കാര്യം, ആസൂത്രിത വികസന തന്ത്രങ്ങൾക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള സമീപനമാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്നതാണ്. അതിന് സഹായകരമായ സാമ്പത്തിക സംവിധാനമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ടി. ശിവദാസമേനോൻ ആവിഷ്കരിച്ചിരിക്കുന്നത്. മൊത്തം പദ്ധതി അടങ്കലിൽ നിന്നും 1020 കോടി രൂപ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റായി നൽകുന്നു. സംസ്ഥാനാവിഷ്കൃത പദ്ധതികൾ നേരിട്ട് നടപ്പിലാക്കുന്നതിനുള്ള 87.90 കോടി രൂപയും ചേർത്ത് സ്വയംഭരണ സ്ഥാപനങ്ങൾക്ക് 1107.90 കോടി രൂപയാണ്. വാർഷിക പദ്ധതി അടങ്കൽ. ഇതുവഴി പദ്ധതിയുടെ നടത്തിപ്പിലെ ഗുണമേന്മയിലും ഉന്നതി വന്നിരിക്കുന്നു. ഇനി വേറൊരു പ്രധാനപ്പെട്ട കാര്യം ഉണ്ട്. ഈ കാലഘട്ടത്തിൽ കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്താണ്? വിവര സാങ്കേതിക വിദ്യയുടെ വളർച്ച, ഊർജ മേഖലയിലെ നേട്ടം, അതുപോ

LIBRARY ARCHIVES Kerala Legislative Assembly

ലെതന്നെ ധനകാര്യ വകുപ്പിന്റെ സാദ്ധ്യമായ പിന്തുണയോടുകൂടി പൊതുമരാമത്ത്, ജലസേചനം, ശുദ്ധജലവിതരണം, ഗതാഗതം, വിനോദ സഞ്ചാരം, വ്യവസായം, ഭക്ഷ്യം, കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, ആരോഗ്യം എന്നീ എല്ലാ മേഖലകളിലും കാര്യമായ നേട്ടങ്ങൾ കൈവരിക്കുകയാണ്. ഭവന നിർമ്മാണ പദ്ധതികളുടെ കാര്യം പ്രത്യേകം എടുത്തുപറയേണ്ടതാണ്. അതുപോലെ സാമൂഹ്യ വികസനം, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം എന്നിവ ഇത്ര കരുതലോടെ നിർവ്വഹിക്കുന്ന മറ്റൊരു സംസ്ഥാനം ഇൻഡ്യയിൽ ഉണ്ടോ എന്നുള്ള കാര്യം സംശയമാണ്. അതുപോലെതന്നെ ക്ഷേമപ്രവർത്തനം. ഇതൊക്കെ നിർവ്വഹിക്കുന്നതിന് ആവശ്യമായ തുക കണ്ടുപിടിച്ചേ മതിയാകൂ. അതിനുള്ള വിഭവ സമാഹരണം നടത്തിയേ മതിയാകൂ. സാധാരണക്കാരെ ബുദ്ധിമുട്ടിക്കാതെയുള്ള നികുതി നിർദ്ദേശങ്ങളിലൂടെയാണ് അതിനുള്ള പരിശ്രമം. സമസ്തമേഖലകളിലും ഉണ്ടായിട്ടുള്ള മുരടിപ്പുമൂലം സാധാരണഗതിയിൽ ലഭിക്കേണ്ട നികുതിപോലും ലഭിക്കുന്നില്ല. വാഹനത്തിന്റെ കാര്യം നേരത്തെ ഇവിടെ സൂചിപ്പിച്ചു. റ്റാറ്റാ കമ്പനി ഉൾപ്പെടെയുള്ള കാർ നിർമ്മാണ കമ്പനികൾ അവയുടെ ഉല്പാദനം കുറച്ചിരിക്കുന്നു; വിൽപ്പന കുറഞ്ഞിരിക്കുന്നു. അതുമാത്രമല്ല അന്യസംസ്ഥാനങ്ങളിൽനിന്നും പെർമിറ്റ് എടുത്തുകൊണ്ടുവന്നിട്ടാണ് ഇവിടെ കൂടുതൽ ആൾക്കാരും വാഹനങ്ങൾ ഓടിക്കുന്നത്. അങ്ങനെ പലതരത്തിൽ നികുതിയിൽ കുറവുവരുന്നു. കാർഷികാദായ നികുതിയിൽ കുറവുവരുന്നു. ഇങ്ങനെ പല മേഖലകളിലും സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി കിട്ടേണ്ടുന്ന നികുതികൾ കിട്ടാനുള്ള സാദ്ധ്യതകൾ കുറഞ്ഞുവരുമ്പോൾപോലും വളരെ ബുദ്ധിപൂർവ്വം അതായത് സാമ്പത്തിക മാനേജ്മെന്റ് ക്രമീകരണങ്ങൾ അതിന്റെ എക്കണോമിക് മാനേജ്മെന്റിലൂടെ കുറ്റമറ്റതാക്കി ക്രമാനുഗതമായി ഈ ഗവണ്മെന്റ് കൊണ്ടുപോകുന്നു. ഒരിടത്തും കുടിശ്ശിക വരുത്തിയിട്ടില്ല. ഒന്നിനും കുടിശ്ശിക വരുത്താതെ കുറേശ്ശേ "ഉള്ളതുകൊണ്ട് ഓണം പോലെ" കൊണ്ടുനടക്കാനുള്ള തന്ത്രമാണ് സ്വീകരിച്ചിരിക്കുന്നത്. അതിന് ധനകാര്യ മന്ത്രിയും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും അഭിനന്ദനം അർഹിക്കുന്നു എന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ സന്ദർഭത്തിൽ നികുതി പിരിവിനെക്കുറിച്ച്, ഒന്ന് രണ്ട് കാര്യങ്ങളാണ് ചൂണ്ടിക്കാണിക്കാനുള്ളത്. എനിക്ക് നികുതി പിരിവിൽ 750 കോടി രൂപയോളം പഴയ കുടിശ്ശികയുണ്ട്. ഈ നികുതിയെ സംബന്ധിച്ച് കോടതിയിൽ ധാരാളം കേസ്സുകളുണ്ട്. ആ കേസ്സുകൾ വളരെ വേഗം തീർപ്പാക്കി അർഹമായ നികുതി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. വേറൊന്ന് അസസ്മെന്റാണ്, ഞാൻ ഇപ്പോൾ മനസ്സിലാക്കുന്നത് അസസ്മെന്റ് നടക്കേണ്ടുന്ന ലക്ഷക്കണക്കിന് കേസ്സുകൾ അസസ്മെന്റ് നടത്തി എന്നുള്ളതാണ്. ഇനിയും ബാക്കി കാണുമെന്നാണ് എനിക്ക് തോന്നുന്നത്. അതുകൂടി പരിശോധിച്ച് അസസ്മെന്റ് നടത്തി കൃത്യമായി കിട്ടേണ്ടുന്ന നികുതി പിരിച്ചെടുത്ത് ഇവിടത്തെ ധന വിനിയോഗ കാര്യങ്ങൾ കൂടുതൽ നല്ല രീതിയിൽ കൊണ്ടുപോകാനുള്ള ശ്രമം വേണം. അത് നിർവ്വഹിക്കുമ്പോൾ എല്ലാ പ്രദേശത്തിന്റേയും എല്ലാ മേഖലയുടേയും സംതുലിതമായ വികസനം കൂടി കണക്കിലെടുക്കണം എന്നു പറഞ്ഞുകൊണ്ട് ഈ ധനകാര്യ ബില്ലിനെ ഒരിക്കൽകൂടി ഞാൻ പിന്താങ്ങുന്നു.

<u>ശ്രീമതി ഗിരിജാ സുരേന്ദ്രൻ</u> : സർ, ഞാൻ ഈ ധനകാര്യബില്ലിനെ അനുകൂലിക്കുകയാണ്. ഇന്ത്യാ രാജ്യം ഏറ്റവും വലിയൊരു ദുർഘടമായ പ്രതിസന്ധിയിലൂടെ മുന്നോട്ടുപോകുകയാണ്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റിന്റെ സ്തുത്യർഹമായ ധനകാര്യ മാനേജ്മെന്റ് നമ്മുടെ സാമ്പത്തിക മേഖലയെ ഒരു പൊട്ടിത്തെറിയിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly

രക്ഷിക്കുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യമാക്കിക്കൊണ്ട് വിഭവ സമാഹരണം നടത്തി ആവശ്യമായ ധനസഹായം ചെയ്തുകൊണ്ട് ഏറ്റവും നല്ല രീതിയിലാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റിന്റെ ഭരണം മുന്നോട്ടുകൊണ്ടുപോകുന്നത്. ഇത് സൂചിപ്പിക്കുമ്പോൾത്തന്നെ നമുക്കറിയാം, കേന്ദ്ര ഗവണ്മെന്റ് ഇത്തരം കാര്യങ്ങളോട് എടുക്കുന്ന സമീപനം, കേന്ദ്ര ഗവണ്മെന്റ് അവതരിപ്പിച്ച ബഡ്ജറ്റിൽക്കൂടിത്തന്നെ അതിലെ ഘടകകക്ഷികളുടെ വർഗ്ഗപരമായ സമീപനം തെളിയിച്ചിരിക്കുകയാണ്. സമ്പന്നർക്ക് ഏറ്റവും കൂടുതൽ ആശ്വാസം നൽകി അതിനുവേണ്ടി പാവങ്ങളുടെ തലയിൽ നികുതിഭാരം കെട്ടിവയ്ക്കുന്ന ഒരു സമീപനമാണ് അവരുടേത്. നമുക്ക് അത് കാണാൻ കഴിയുന്നതാണ്. സമ്പന്നൻമാർക്ക് സുഖമായി ജീവിക്കാനുള്ള വഴി ഒരുക്കുന്നതിനുവേണ്ടി അവരുടെമേൽ ഒരു പൈസപോലും പ്രത്യക്ഷനികുതി ചുമത്തിയിട്ടില്ല. അതോടൊപ്പംതന്നെ പരോക്ഷമായ നികുതി സാധാരണക്കാരന്റെ തലയിൽ കെട്ടിവയ്ക്കുകയാണ് കേന്ദ്രഗവണ്മെന്റ് ചെയ്തത്. എന്നാൽ കേരളത്തിലെ സാധാരണക്കാരെ നോവിക്കാതെ എല്ലാവർക്കും എല്ലാ രീതിയിലുമുള്ള ആശ്വാസ നടപടികൾ ലാഭമാക്കുന്നതിനുവേണ്ടിയുള്ള സമീപനമാണ് ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. അത് വിശദമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല, ഇവിടെ ആഡംബര നികുതിയെക്കുറിച്ച് സൂചിപ്പിച്ചു. വലിയ മണിമാളിക കെട്ടിടങ്ങൾക്കാണ് ആ നികുതി ചുമത്തിയിരിക്കുന്നത്. ആഡംബര നികുതി ചുമത്തുമ്പോൾതന്നെ ഇവിടെ 5 ലക്ഷം പേർക്ക് സ്വന്തമായ വീട് ഉണ്ടാക്കിക്കൊടുക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയും ഉണ്ടാക്കിയിട്ടുണ്ട്. അവർക്ക് ഭവന നിർമ്മാണത്തിനുവേണ്ടി കൊടുക്കുന്ന തുക 35,000 രൂപയായി ഉയർത്തി എന്നുപറയുമ്പോൾത്തന്നെ ഈ ഗവണ്മെന്റിന്റെ സമീപനം എന്താണെന്ന് വ്യക്തമാകുന്നതാണ്. കൃഷിക്കാർക്ക് വേണ്ടി ഒന്നും ചെയ്യുന്നില്ല എന്ന് ഇവിടെ സൂചിപ്പിച്ചു. 20 ഏക്കർ വരെയുള്ള റബ്ബർകൃഷിക്കാർക്ക് ഒരു വർഷത്തേക്ക് കാർഷികാദായ നികുതി ഇളവ് കൊടുത്തിരിക്കുകയാണ്. അതുപോലെ ക്ഷേമപദ്ധതികൾ. ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് പദ്ധതിവിഹിതത്തിന്റെ 40 ശതമാനം കൊടുത്തുകൊണ്ട് ഇവിടെ ഒരു പുനരുദ്ധാരണ വികസന സംസ്കാരം തന്നെ കെട്ടിപ്പടുത്തിരിക്കുകയാണ്. ആ പ്രവർത്തനം നമ്മുടെ രാജ്യത്ത്, മറ്റു സംസ്ഥാനങ്ങളുടെ മുൻപിൽ, ലോകരാഷ്ട്രങ്ങളുടെ മുൻപിൽ നമുക്ക് തല ഉയർത്തി നിൽക്കാനുള്ള ഒരവസരം തന്നെയാണ് സൃഷ്ടിച്ചിരിക്കുന്നത്. സാധാരണക്കാർക്കും, ഇടത്തരക്കാർക്കും അതുപോലെ അദ്ധ്വാനിച്ച് ജീവിക്കുന്ന എല്ലാവർക്കും അതിന് അവസരം സൃഷ്ടിച്ചിരിക്കുകയാണ്. ഇവിടെ അതെല്ലാം സൂചിപ്പിക്കുകയുണ്ടായി. ചെറിയ ചെറിയ ആശ്വാസങ്ങൾ കൊടുത്തുകൊണ്ടുള്ള ഒരു സമീപനമാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത്. വിഭവശേഷി ശുഷ്കമായിക്കൊണ്ടിരിക്കുകയും വികസനാവശ്യങ്ങൾ ക്രമാതീതമായി വളരുകയും ചെയ്യുന്ന സാഹചര്യത്തിൽ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ബാങ്കുകളിൽനിന്നുമുള്ള അധിക വിഭവ സമാഹരണത്തിന് സംസ്ഥാനത്തിന്റെ വികസന പ്രക്രിയയിൽ വലിയ പങ്ക് വഹിക്കാനുണ്ട്. 9-ാം പഞ്ചവത്സര പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ള 7 ശതമാനം വാർഷിക വളർച്ചാനിരക്ക് ആർജ്ജിക്കുന്നതിനുവേണ്ടി 52,000 കോടി രൂപയുടെ നിക്ഷേപമാണ് സമാഹരിച്ചിട്ടുള്ളത്. ഇതിൽ പൊതുമേഖലാ സംരംഭങ്ങളിൽ നിന്നും സ്വകാര്യമേഖലയിൽനിന്നും 36,000 കോടി രൂപയാണ് സമാഹരിക്കേണ്ടത്. അതിൽത്തന്നെ ഗണ്യമായ തുക ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ബാങ്കുകളിൽ നിന്നുമാണ് ശേഖരിച്ച് എടുക്കേണ്ടത്. ഐ.ഡി.ബി.ഐ.,

LIBRARY ARCHIVES Kerala Legislative Assembly

ഐ.സി.ഐ.സി.ഐ., എഫ്.സി.ഐ., എൽ.ഐ.സി., ജി.ഐ.സി., എൻ.സി. ഡി.സി., നബാർഡ് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ സംസ്ഥാനങ്ങൾക്ക് അനുവദിച്ച തുക കഴിഞ്ഞ രണ്ടു വർഷത്തേക്കാൾ മെച്ചമാണെന്ന് നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയും. 1997-98-ൽ സംസ്ഥാനങ്ങൾക്ക് അനുവദിച്ച വായ്പ 87.7 ശതമാനം വരും. 42,817 കോടി രൂപ പ്രധാനപ്പെട്ട 15 സംസ്ഥാന ങ്ങൾക്കായിട്ടാണ് വിതരണം ചെയ്തിട്ടുള്ളത്. അഖിലേന്ത്യാ തലത്തിലുള്ള വിതരണം 1997-98 ൽ 11,014 കോടി രൂപ, 29.1 ശതമാനമായി വർദ്ധിച്ചപ്പോൾ കേരളത്തിൽ അത് 3 കോടി രൂപ കുറയുകയാണ് ഉണ്ടായിട്ടുള്ളത്. 1996-97 ൽ വിതരണം ചെയ്തത് മൊത്തം തുകയുടെ 86.8 ശതമാനം വരുന്ന 32,838 കോടി രൂപയായിരുന്നു. വായ്പാ വിതരണത്തിൽ സിംഹഭാഗം വരുന്ന 21,003 കോടി രൂപയിൽ 11,231.4 കോടി രൂപ മഹാരാഷ്ട്രയ്ക്കും, 20 ശതമാനം വരുന്ന 9,772.5 കോടി രൂപ ഗുജറാത്തിനുമാണ് നൽകിയിട്ടുള്ളത്. സംസ്ഥാനങ്ങൾക്ക് മൊത്തമായി കൊടുക്കേണ്ടത് ഈ രണ്ട് സംസ്ഥാനങ്ങൾക്കുമായി കേന്ദ്രീകരി ച്ചിരിക്കുകയാണ് എന്നു കാണാം. നബാർഡ്, എൻ.സി.ഡി.സി. തുടങ്ങിയ സ്ഥാപനങ്ങളാണ് മറ്റ് സംസ്ഥാനങ്ങളെ സഹായിച്ച് ഭാഗീകമായിട്ടാണെങ്കിലും ന്യൂനത പരിഹരിക്കുന്നതിന് ശ്രമിച്ചിട്ടുള്ളത്. കേരളത്തിന്റെ വിഹിതം ഒരു ശതമാനമാണ്. 488.3 കോടി രൂപ ആസ്സാം കഴിഞ്ഞാൽ ഏറ്റവും കുറഞ്ഞ വായ്പാ ലഭ്യതയുള്ള സംസ്ഥാനം കേരളമാണ്. അതുപോലെതന്നെ ബാങ്കു കൾ വായ്പ അനുവദിക്കുന്ന കാര്യത്തിൽ 10-ാം സ്ഥാനത്താണ് കേരളം നിൽക്കുന്നത്. ഏതൊരു സമ്പദ്ഘടനയുടെ വികസനത്തിനും ബാങ്കുകൾക്ക് നിർണ്ണായകമായ പങ്കാണ് വഹിക്കാനുള്ളത്. ജനങ്ങളുടെ സമ്പാദ്യം നിക്ഷേപ മായി സ്വീകരിക്കുകയും പിന്നീട് വികസനപ്രവർത്തനങ്ങൾ നടത്തുന്നതി നായി വായ്പയായി അത് വിതരണം നടത്തുകയും ചെയ്യുക എന്നുള്ളതാണ് ബാങ്കുകളുടെ കടമ. ഓരോ നൂറു രൂപയും നിക്ഷേപമായി സ്വീകരിക്കുമ്പോൾ അതിൽ എത്ര രൂപ വായ്പയായി നൽകുന്നു എന്നതിനെ അടിസ്ഥാനമാക്കി യാണ് ബാങ്കുകളുടെ നിക്ഷേപ വായ്പാ അനുപാതം കണക്കാക്കുന്നത്. വായ്പാ-നിക്ഷേപ അനുപാതം ഉയർന്നതാണെങ്കിൽ ആ ബാങ്കുകൾ സമ്പ ദ്ഘടനയുടെ വികസനത്തിൽ നല്ല പങ്ക് വഹിക്കുന്നു, അത് തിരിച്ചാണെങ്കിൽ ആ പങ്ക് വഹിക്കുന്നില്ല എന്ന് നമുക്ക് വിലയിരുത്താൻ കഴിയും. 1998-ലെ 'ബാങ്കിംഗ് സ്റ്റാറ്റിസ്റ്റിക്സ് ഓഫ് കേരള' അനുസരിച്ച് 28,000 കോടി രൂപ കേരള ത്തിൽനിന്ന് നിക്ഷേപമായി സ്വീകരിച്ചപ്പോൾ വായ്പയായി നൽകിയത് 43 ശതമാനം മാത്രമാണ്, 12,401 കോടി രൂപ. കേരളത്തിലെ ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം കുറഞ്ഞു കുറഞ്ഞു വരുന്നു എന്നത് ഗൗരവ മായി കണക്കാക്കേണ്ടതാണ്. 1987-ൽ 66.6 ശതമാനമായിരുന്നത് 98-ൽ 43 ശത മാനമായി കുറഞ്ഞിരിക്കുന്നു. 1997-98 വർഷത്തിൽ ബാങ്കുകളിലെ നിക്ഷേപ ത്തിൽ ഏഴ് ഇരട്ടി വർദ്ധനവ് ഉണ്ടായപ്പോൾ വായ്പാ-നിക്ഷേപ അനുപാത ത്തിൽ 23.6 ശതമാനം കുറവാണ് ഉണ്ടായിട്ടുള്ളത്. തെക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളിൽവച്ച് ഏറ്റവും കുറവ് വായ്പാ നിക്ഷേപ അനുപാതം നില നിൽക്കുന്നത് കേരളത്തിലാണ്. 1999-ൽ തമിഴ്നാട്ടിൽ നിക്ഷേപം സ്വീകരിച്ചത് 32,486.97 കോടി രൂപയാണെങ്കിൽ വായ്പ നൽകിയത് 32,597 കോടി രൂപ യാണ്. 103 ശതമാനം വായ്പ നൽകിയിരിക്കുന്നു. ആന്ധ്രയിൽ 77.6 ശതമാനം കർണ്ണാടകയിൽ 71.5 ശതമാനം കേരളത്തിലാണെങ്കിൽ അത് 44.22 ശതമാന മാണ്. കേരളത്തിലെ കാർഷികമേഖലയോട് ബാങ്കുകൾ കാണിക്കുന്ന അവഗ ണന ഗൗരവമായിട്ടെടുക്കണം. 1991-ലെ കണക്കനുസരിച്ച് ബാങ്ക് നിക്ഷേപ ത്തിന്റെ 10.3 ശതമാനം മാത്രമാണ് കാർഷിക മേഖലയ്ക്ക് ബാങ്കുകൾ വായ്പ

LIBRARY ARCHIVES Kerala Legislative Assembly

യായി നൽകിയിരിക്കുന്നത്. 1997 ആയപ്പോൾ അത് 6.2 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. മുൻഗണനാമേഖല കൃഷിയും ചെറുകിട വ്യവസായവും ആണ്. അതിൽത്തന്നെ വിവിധ കൈത്തൊഴിലുകൾക്കുവേണ്ടി നൽകുന്നത് 1991-ൽ 25.6 ശതമാനം എന്നത് 20.2 ശതമാനമായിട്ടാണ് കുറഞ്ഞിരിക്കുന്നത്. വൈദ്യുതി വികസനത്തിന്റെ കാര്യത്തിൽ കേരളം കുറഞ്ഞ കാലം കൊണ്ട് വലിയ നേട്ടം കൈവരിച്ചു. പക്ഷേ വികസനത്തിന് ബാങ്കുകളുടെ പങ്കാളിത്തം ശോചനീയമായ അവസ്ഥയിലാണ്. നല്ല പലിശയും ഗവണ്മെന്റ് ഗ്യാരന്റിയും നൽകി ബാങ്കുകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുവേണ്ടി സംസ്ഥാന വൈദ്യുതി ബോർഡ് 1996-നും 98-നുമിടയ്ക്ക് അഞ്ച് നോൺ എസ്.എൽ. ആർ. ബോണ്ടുകൾ പുറപ്പെടുവിക്കുകയുണ്ടായി. മൊത്തം 976.41 കോടി രൂപയ്ക്കുള്ള ഈ ബോണ്ടിൽ ആയിരക്കണക്കിന് കോടി രൂപ കേരളത്തിൽ നിന്ന് നിക്ഷേപമായി സ്വീകരിക്കുന്ന ബാങ്കുകൾ എല്ലാം ചേർന്ന് നിക്ഷേപിച്ചത് 392.1 കോടി രൂപയാണ്. കേരളത്തിനകത്തും പുറത്തുമുള്ള എസ്.ബി.ടി. ബ്രാഞ്ചുകളിൽ കേരളത്തിൽ നിന്ന് 4552.12 കോടി രൂപ നിക്ഷേപമായി സ്വീകരിച്ചിട്ട് 1982.33 കോടി രൂപ, അതായത് 43.5 ശതമാനം വായ്പ മാത്രമാണ് കേരളത്തിന് നൽകിയത്. കേരളത്തിന് പുറത്തുള്ള 110 ശാഖകളിൽനിന്നും ശേഖരിച്ചത് 1069 കോടി രൂപയാണ്. പക്ഷേ അവർക്ക് അവിടെ വായ്പ നൽകിയിട്ടുള്ളത് 1449 കോടി രൂപയാണ്. അതായത് 135 ശതമാനം. ഇക്കാര്യം ഗൗരവമായി എടുക്കണം. കേരളത്തിൽനിന്ന് സമാഹരിച്ച തുക പുറത്ത് വായ്പയായി നൽകുന്നു. എസ്.ബി.ടി. ആണ് ഇത് ചെയ്തിരിക്കുന്നത്. ഇതു അനുവദിക്കാൻ പറ്റില്ല ഇതൊരു ഗൗരവതരമായ പ്രശ്നമാണ്. ഇക്കാര്യം കണക്കിലെടുത്തുകൊണ്ടുതന്നെ 1998 ഡിസംബറിൽ ബാങ്കിന്റെ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥൻമാരെയെല്ലാം വിളിച്ചുവരുത്തി പ്രശ്നം ചർച്ച ചെയ്തതാണ്. 1999 മാർച്ച് ആകുമ്പോൾ സി.ഡി. റേഷ്യോ ഉയർത്തുമെന്നു അവർ വാക്കു കൊടുത്തതാണ്. അത് ഉയർത്തിയില്ലെന്നു മാത്രമല്ല, വീണ്ടും പിന്നോക്കം പോകുന്ന ഒരു അവസ്ഥയാണുണ്ടായിട്ടുള്ളത്. ഇതു ഗൗരവമായി പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കേരളത്തിൽനിന്നും പണം സമാഹരിച്ച് കേരളത്തിന് പുറത്തു കൂടുതൽ വായ്പ കൊടുക്കുന്നത് ഒഴിവാക്കാൻ കഴിയണം. നമ്മൾ സമാഹരിക്കുന്ന പണത്തിന്റെ 95 ശതമാനവും കേരളത്തിൽത്തന്നെ വായ്പയായി നൽകുന്നതിനുവേണ്ട നടപടികളാണ് നമ്മൾ സ്വീകരിക്കേണ്ടത്. ഇതു കാരണം വ്യവസായികളാണെങ്കിലും കൃഷിക്കാരാണെങ്കിലും മറ്റുള്ള വിഭാഗത്തിൽപ്പെട്ട ജനങ്ങളാണെങ്കിലും വായ്പയെടുക്കുന്ന സമയംവരുമ്പോൾ കൂടുതൽ പലിശ കൊടുത്തുകൊണ്ട് ബ്ലേഡു കമ്പനികളെ ആശ്രയിക്കേണ്ട ഒരു സ്ഥിതിവിശേഷമാണുണ്ടാകുന്നത്. ഇങ്ങനെ വായ്പ ലഭിക്കാത്തതുകൊണ്ടുതന്നെ നമ്മുടെ സംസ്ഥാനത്തെ രൂക്ഷമായ തൊഴിലില്ലായ്മയ്ക്ക് കാര്യമായ പരിഹാരം കാണാൻ കഴിയുന്നില്ല. ആ അവസ്ഥയ്ക്ക് മാറ്റം വരണം. ബാങ്കിടപാടുകളെല്ലാം സമ്പന്നൻമാർക്കു മാത്രമാണെന്നുള്ള ഒരു ധാരണയുണ്ട്. അത് തിരുത്തണം. പാവങ്ങൾക്ക് പണം കടം കൊടുത്തുകഴിഞ്ഞാൽ അത് തിരിച്ചുകിട്ടില്ല എന്നു പറഞ്ഞുകൊണ്ട് കൊടുക്കാതിരിക്കുകയാണ്. റിക്കവറിയെന്നു പറഞ്ഞാലും നോട്ടീസ് വരുമ്പോഴും ഭയമുള്ളവരാണ് സാധാരണക്കാർ. അവർ മുണ്ടു മുറുക്കിയുടുത്തുകൊണ്ടായാലും പണം തിരിച്ചടയ്ക്കുന്നതിനുള്ള ശ്രമം പരമാവധി നടത്തും. എന്നാൽ സമ്പന്നന്മാർ അങ്ങനെയല്ല. അത്തരമൊരു കാഴ്ചപ്പാടോടുകൂടി നമ്മൾ കാര്യങ്ങൾ കാണണം. ഇപ്പോൾ ഇന്ത്യാ രാജ്യത്തെ കണക്കനുസരിച്ച് 45,000 കോടി രൂപ കിട്ടാക്കടമായി കിടക്കുകയാണ്. കേന്ദ്രഗവണ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly

അത് എഴുതിത്തള്ളുന്നതിനുവേണ്ടി ആലോചിക്കുമെന്നാണ് പറയുന്നത്. അങ്ങനെ സമ്പന്നർക്കുവേണ്ടി, അവർക്ക് ആശ്വാസം കൊടുക്കുന്നതിനുള്ള നടപടി എടുക്കാൻ കേന്ദ്രഗവണ്മെന്റ് ശ്രമിക്കുന്നു. അതാണ് നമ്മൾ കാണേണ്ടത്. ഇൻഡ്യാ രാജ്യത്തുള്ള ഒരു സംസ്ഥാനമായ കേരളത്തിൽത്തന്നെയാണ് നമ്മളും ജീവിക്കുന്നത്. ഈ ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിന്, സാധാരണക്കാർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടിയുള്ള നടപടികളാണ് സ്വീകരിക്കുന്നത്. അതു ശക്തമാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ രാജ്യത്ത് നികുതി വരുമാനം വളരെ പ്രധാനപ്പെട്ടതാണ്. നികുതി വരുമാനം നമുക്ക് കർശനമായി ഉറപ്പുവരുത്താൻ കഴിയണം. നികുതി ചോർച്ച ഭീമമായ തോതിൽ നടക്കുന്നുണ്ട്. നികുതി ചോർച്ച ഒഴിവാക്കികൊണ്ട് നമ്മുടെ സമ്പദ്ഘടന മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. പുത്തൻ സാമ്പത്തികനയം ആവിഷ്കരിച്ച് നടപ്പിലാക്കിയതിന്റെ ഫലമായിട്ടാണ് നമ്മുടെ സംസ്ഥാനം വലിയൊരു സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് പോകേണ്ടിവന്നത്. പുത്തൻസാമ്പത്തികനയം ആവിഷ്കരിച്ചത് ശ്രീ. നരസിംഹറാവു പ്രധാനമന്ത്രി ആയിരിക്കുമ്പോഴാണ്. പുരോഗതിയിൽ നിന്നും പുരോഗതിയിലേയ്ക്ക് കൊണ്ടുപോകാനുള്ള ഒരു മാർഗ്ഗമാണ്. തുടക്കത്തിൽ കുറച്ചു ബുദ്ധിമുട്ടുണ്ടെങ്കിലും പിന്നീട് അത് കുഴപ്പമില്ലാതെ പോകുമെന്നാണ് അദ്ദേഹം പറഞ്ഞത്. 1989-90-ൽ സർക്കാർ ഇറക്കിയ കണക്കനുസരിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ 34.3 ശതമാനമാണ്. 1994-95 ആയപ്പോൾ സർക്കാർ കണക്കനുസരിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ 34.6 ശതമാനമായി വർദ്ധിച്ചു. അപ്പോൾ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ എണ്ണം വർദ്ധിപ്പിക്കുന്നതാണോ പുരോഗതിയുടെ ലക്ഷണം? ആ സാമ്പത്തികനയം തന്നെയാണ് കൂടുതൽ ഉഷാറോടുകൂടി സ്വദേശി എന്ന തട്ടിപ്പുമുദ്രാവാക്യവുമായി ജനങ്ങളെ സമീപിച്ച് അധികാരത്തിൽ വന്ന ബി.ജെ.പി. നടപ്പിലാക്കുന്നത്. ഉദാരവൽക്കരണവും സ്വകാര്യവൽക്കരണവും എല്ലാംതന്നെ അതിന്റെ ഭാഗമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. വിദേശ വ്യാപാര സംഘടനകൾക്ക് പരിപൂർണ്ണമായി കീഴടങ്ങിയിട്ടുള്ള കയറ്റിറക്കുമതി നയത്തിന്റെ ബുദ്ധിമുട്ടുകളെല്ലാം തന്നെ സഭയിൽ വിവരിച്ചിട്ടുള്ളതാണ്. പൊതുമേഖലാസ്ഥാപനങ്ങളെ നശിപ്പിക്കുന്ന സമീപനം, പൊതുവിതരണ രംഗം നശിപ്പിക്കുന്നതിനുള്ള സമീപനം എന്നിവയെല്ലാം തന്നെ ആ നയങ്ങളുടെ ഭാഗമായി ഇൻഡ്യാ രാജ്യത്തെ ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അടുത്തുതന്നെ ഒരു തെരഞ്ഞെടുപ്പു വരാൻ പോകുകയാണ്. തെരഞ്ഞെടുപ്പു വരുമ്പോൾ തങ്ങളാണ് ഈ രാജ്യം ഭരിക്കാൻ അവകാശപ്പെട്ടവരെന്ന് പറഞ്ഞുകൊണ്ട് മുന്നോട്ടുവരുമ്പോൾ, ഞങ്ങൾക്ക് സൂചിപ്പിക്കാനുള്ളത് 46 കൊല്ലം ഇൻഡ്യാരാജ്യം ഭരിക്കാൻ അവസരം ലഭിച്ചിട്ട് ആ അവസരം ജനങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്താൻ കഴിയാത്ത കോൺഗ്രസ് പാർട്ടി, തങ്ങളാണ് രാജ്യം ഭരിക്കാൻ അവകാശപ്പെട്ടവരെന്നു പറയുമ്പോൾ, നിങ്ങളിൽനിന്നും ഈ രാജ്യം എന്താണ് പ്രതീക്ഷിക്കേണ്ടത്? 46 കൊല്ലം മൃഗീയ ഭൂരിപക്ഷത്തോടെ ഭരിക്കാൻ നിങ്ങൾക്ക് അവസരം ലഭിച്ചതാണ്. എന്നിട്ട് ജനങ്ങൾക്കുവേണ്ടി ഭരണം നടത്താൻ കഴിയാത്തവരാണ് നിങ്ങൾ. അഴിമതിയിൽ മുങ്ങിക്കുളിച്ച നിങ്ങളെ അവസാനം ജനങ്ങൾ മാറ്റിനിർത്തിയതാണ്. തങ്ങൾക്ക് അധികാരമില്ലാത്തതുകൊണ്ട് തന്നെ മറ്റാരും ഭരിക്കരുതെന്ന താൽപ്പര്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നിങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. നിങ്ങളുടെ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് 13 മാസമെങ്കിലും ബി.ജെ.പി. ക്ക് അധികാരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

തുടരാനും ഇപ്പോൾ കാവൽ മന്ത്രിസഭയായി തുടരാനും കഴിഞ്ഞിട്ടുള്ളത്. അതിനുള്ള അവസരം നൽകിയത് നിങ്ങളാണ്; അതിനാവശ്യമായ വളക്കൂറുള്ള മണ്ണൊരുക്കിയത് നിങ്ങളാണ്. ഇവിടെ ഭൂരിപക്ഷ വർഗ്ഗീയതയെയും ന്യൂനപക്ഷവർഗ്ഗീയതെയും മാറിമാറി താലോലിച്ചത് കോൺഗ്രസ്സിന്റെ ഭരണത്തിലാണ്. കോൺഗ്രസ് തന്നെയാണ് ഈ ഭീകരൻമാർ അധികാരത്തിൽ വന്നതിന് ഉത്തരം പറയേണ്ടത്. ആ നിങ്ങളാണു പറയുന്നത്, 'ഞങ്ങളാണ് അധികാരത്തിൽ വരാൻ അവകാശപ്പെട്ടവരെന്ന്.' മതന്യൂനപക്ഷങ്ങൾക്കെതിരെയുള്ള പീഡനങ്ങൾ കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിൽ, ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിൽ, കോൺഗ്രസ്സിനും ബി.ജെ.പി.ക്കും സ്വാധീനമുള്ള മേഖലകളിലാണ് ശക്തമായി നടക്കുന്നത്. ഇടതുപക്ഷപ്രസ്ഥാനത്തിന് മുൻതൂക്കമുള്ള പ്രദേശങ്ങളിലൊന്നും മതന്യൂനപക്ഷങ്ങൾ ആക്രമിക്കപ്പെടുന്നില്ലാ എന്ന് പറയാൻ എനിക്കു കഴിയും. അതുകൊണ്ടുതന്നെ രാജ്യത്തെ സ്നേഹിക്കുന്ന ജനങ്ങളെ സ്നേഹിക്കുന്ന ഇടതുപക്ഷപ്രസ്ഥാനത്തിന് സ്വാധീനമുള്ള ഒരു ഭരണമായിരിക്കണം അഖിലേന്ത്യാതലത്തിൽ വരേണ്ടത് എന്നാണ് എനിക്കു സൂചിപ്പിക്കാനുള്ളത്. അത്തരത്തിലുള്ള ഒരു ഭരണം വരുന്നതിനുവേണ്ടിയുള്ള പ്രവർത്തനമാണ് നമ്മൾ നടത്തേണ്ടത്. അഖിലേന്ത്യാതലത്തിൽ ഇടതുപക്ഷ മൂന്നാം മുന്നണിയുടെ ഭരണമാണ് വരേണ്ടത്. ഒരു മിന്നൽപ്പിണർ പോലെ പത്ത് മാസത്തെ ശ്രീ. വി.പി. സിംഗിന്റെ ഭരണം, 20 മാസത്തെ 'ശ്രീ. ദേവഗൗഡയുടെയും ശ്രീ. ഗുജ്റാളിന്റെയും ഭരണം' രാജ്യത്തെ ജനങ്ങൾക്കു..... മറക്കാൻ കഴിയില്ല. പൊടിപിടിച്ചുകിടന്ന മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് പുറത്തെടുത്തത് ശ്രീ. വി.പി. സിംഗിന്റെ ഭരണത്തിലാണ്. അത് നടപ്പിലാക്കാൻ തുടങ്ങിയപ്പോൾ ബി.ജെ.പി. യും കോൺഗ്രസ്സും ഒരുമിച്ചുതന്നെ എതിർത്തു. ആർക്കും അതു മറക്കാൻ കഴിയില്ല. അയോധ്യയിൽ രഥവുമായി പോയപ്പോൾ രഥചക്രങ്ങളുടെ അടിയിൽപ്പെട്ട് നിരപരാധികളായ മനുഷ്യൻമാർ ഉരുളാൻ തുടങ്ങിയപ്പോൾ എനിക്കു ഭരണമല്ല പ്രധാനം, പ്രധാനമന്ത്രി സ്ഥാനമല്ല പ്രധാനം. രാജ്യവും ജനങ്ങളുമാണ് പ്രധാനമെന്നു പറഞ്ഞുകൊണ്ട് ഭരണം പുല്ലുപോലെ വലിച്ചെറിഞ്ഞ് നമുക്കു മാതൃക കാണിച്ച ശ്രീ. വി.പി. സിംഗ് ഇവിടെയുണ്ട്. ശ്രീ. ഗുജ്റാളിനും ശ്രീ. ദേവഗൗഡയ്ക്കും ഭരണത്തിൽ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിഞ്ഞത്, പൊതുവിതരണരംഗത്ത് പകുതി വിലയ്ക്ക് റേഷനരി കൊടുക്കാൻ കഴിഞ്ഞ 30 കൊല്ലമായി തീരാതെകിടന്ന ബംഗ്ളാദേശിലെ നദീജല പ്രശ്നങ്ങൾ ആറുമാസം കൊണ്ട് പരിഹാരം കണ്ടത്, അയൽരാജ്യങ്ങളുമായി നല്ല ബന്ധം സ്ഥാപിച്ചെടുക്കാൻ കഴിഞ്ഞത്..... ഇവയെല്ലാം നമുക്ക് മറക്കാൻ കഴിയാത്ത കാര്യങ്ങളാണ്. കുറച്ചുകാലം കൊണ്ടാണെങ്കിലും ഈ രാജ്യത്തെ ജനങ്ങളുടെ മനസ്സിൽ ഇപ്പോഴും പച്ചപിടിച്ചു നിൽക്കുന്ന ആ ഭരണം കാഴ്ചവച്ച ആ പ്രസ്ഥാനം നേതൃത്വം നൽകുന്ന പാർട്ടി അധികാരത്തിൽ വരണം, അതിനുവേണ്ടിയുള്ള പ്രവർത്തനമാണ് നടത്തേണ്ടത് എന്നുമാത്രം പറഞ്ഞുകൊണ്ട് ധനകാര്യബില്ലിനെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

<u>മി. ചെയർമാൻ</u> : <u>(ശ്രീ. സി.പി. ബാലൻവൈദ്യർ)</u> : ഇന്നത്തെ ബിസിനസ് 1.30-ന് അവസാനിപ്പിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. അതുകൊണ്ട് 1.30-നു ശേഷവും സഭ തുടരുന്നതിനുവേണ്ടി സഭയുടെ അനുവാദം തരണമെന്ന് അപേക്ഷിക്കുകയാണ്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സഭ തുടരാം. ഞങ്ങൾക്ക് എതിർപ്പില്ല.

<u>മി. ചെയർമാൻ</u> : <u>(ശ്രീ. സി.പി. ബാലൻ വൈദ്യർ)</u> : ശരി. സഭ തുടരാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ധനകാര്യബില്ലിനെക്കുറിച്ച് സംസാരിക്കാൻ അവസരം തന്നതിനു നന്ദി. ഞാൻ ഈ ധനകാര്യ ബില്ലിനെ എതിർക്കുകയാണ്. 1999-2000 സാമ്പത്തിക വർഷത്തേയ്ക്കുള്ള കേരള സർക്കാരിന്റെ ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുള്ള ഒരു ബില്ലായതുകൊണ്ടാണ് എതിർക്കുന്നത്. ധനകാര്യ നിർദ്ദേശങ്ങളോടുതന്നെ ഞാൻ അനുകൂലമല്ല, പിന്നെയല്ലേ അതിനു പ്രാബല്യം നൽകുന്ന ബില്ലിനോട് അനുകൂലമാകേണ്ടത്. എനിക്കു മാത്രമല്ല, ശ്രീ. സി.പി. ബാലൻ വൈദ്യർക്കു പോലും യോജിപ്പുണ്ടായിരുന്നില്ല. ഉണ്ടായിരുന്നുവെങ്കിൽ അദ്ദേഹം എന്തെങ്കിലും സംസാരിക്കുമായിരുന്നു. ധനകാര്യ ബില്ലിനെ ഇനിഷ്യേറ്റ് ചെയ്ത് സംസാരിക്കാൻ അവസരം കിട്ടുന്നത് ഒരു വലിയ ബഹുമതിയാണെന്ന് ഇന്ന് രാവിലെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. മുരളിയോടു പറയുകയുണ്ടായി. ആ ബഹുമതി ഭരണപക്ഷത്തുനിന്നും പ്രസംഗിച്ച ശ്രീ. സി.പി. ബാലൻ വൈദ്യർക്കും കിട്ടിയതാണ്. പക്ഷേ അദ്ദേഹം മോട്ടോർ വാഹനവകുപ്പിലെ അഴിമതിയെക്കുറിച്ച് ഘോരഘോരം സഭയ്ക്കകത്തും പുറത്തും ഇതിനുമുൻപ് സംസാരിച്ചിട്ടുണ്ടെങ്കിലും അതു സംബന്ധമായി ഒന്നും സഭയ്ക്കകത്ത് ഇപ്പോൾ പറഞ്ഞില്ല. മോട്ടോർ വാഹനങ്ങൾക്ക് നിരവധി വർഷത്തെ ടാക്സ് ഒരുമിച്ച് അടയ്ക്കേണ്ടതിനെപ്പറ്റിയോ, മോട്ടോർ വാഹനങ്ങളിൽ പാചക വാതക ഗ്യാസ് ഉപയോഗിക്കുമ്പോൾ സ്വീകരിക്കേണ്ട സുരക്ഷാ ഏർപ്പാടുകൾ സംബന്ധിച്ചോ പാചകവാതക ഗ്യാസ് ഉപയോഗിക്കുന്നതിൽ നിയന്ത്രണം ഉണ്ടാകേണ്ടതിനെക്കുറിച്ചോ മത്സരഓട്ടത്തിന്റെ ഫലമായി അപകടം വരുത്തുന്നവരുടെ ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ചോ കോൺട്രാക്ട് കാര്യേജുകാർക്കുള്ള എൻഡോഴ്സുമെന്റുകൾ ബാങ്കിൽ തുക അടയ്ക്കുമ്പോൾത്തന്നെ കിട്ടണമെന്നുള്ളതിനെക്കുറിച്ചോ ശ്രീ. ബാലൻ വൈദ്യർക്ക് സംസാരിക്കാമായിരുന്നുവെങ്കിലും അദ്ദേഹം അതിനെക്കുറിച്ചൊന്നും പറഞ്ഞില്ല. ഈ സർക്കാരിന്റെ ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകാനായി അഞ്ച് നിയമങ്ങളിൽ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. 1957-ലെ കേരള നികുതികളിൻമേലുള്ള സർചാർജ് ആക്ടിന് മൂന്നു ഭേദഗതികൾ, 1963-ലെ കേരള പൊതു വിൽപ്പനനികുതി ആക്ടിന് 14 ഭേദഗതികൾ, 1975-ലെ കേരള കെട്ടിട നികുതി ആക്ടിന് മൂന്ന് ഭേദഗതികൾ, 1991-ലെ കേരള കാർഷികാദായ നികുതി ആക്ടിന് 7 ഭേദഗതികൾ, 1994-ലെ കേരള തദ്ദേശപ്രദേശങ്ങളിലേയ്ക്ക് സാധനങ്ങൾ പ്രവേശിപ്പിക്കുന്നതിൻമേലുള്ള നികുതി ആക്ടിന് രണ്ട് ഭേദഗതികൾ-ഇങ്ങനെ 29 ഭേദഗതികളാണ് അവതരിപ്പിച്ചിരിക്കുന്നത്. ഈ ഭേദഗതികളിൽ മഹാഭൂരിപക്ഷവും വെറും മണ്ടത്തരങ്ങളാണ് എന്ന് അറിയിക്കേണ്ടിവന്നതിൽ എനിക്ക് ഖേദമുണ്ട്. 1957-ലെ 11-ാം ആക്ടിൽ 7-ാം ഉപവകുപ്പിൽ "കെട്ടിടങ്ങളും പാലങ്ങളും റോഡുകളും" എന്ന വാക്കുകൾക്കുശേഷം "റെയിൽവെ ട്രാക്കുകളും കടൽഭിത്തികളും" എന്ന വാക്കുകൾ ചേർക്കേണ്ടതാണെന്ന ഭേദഗതിയുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഊണുകഴിക്കാൻ പോയെങ്കിലും എല്ലാ മന്ത്രിമാർക്കുവേണ്ടിയും എപ്പോഴും, സദാ ശ്രദ്ധചെലുത്തുന്ന ബഹുമാനപ്പെട്ട മന്ത്രി ശ്രീ. രാധാകൃഷ്ണൻ ഇവിടെ ഇരിക്കുന്നതുകൊണ്ട് ഞാൻ ഈ പറയുന്ന കാര്യങ്ങൾ അദ്ദേഹം വരുമ്പോൾ പറഞ്ഞുകൊടുക്കണമെന്ന് പ്രത്യേകം ഒരു അഭ്യർത്ഥനയുണ്ട്. ബില്ലിലെ പേജ് 3-ഉം 26-ഉം റഫർ ചെയ്താൽ മതി. " കെട്ടിടങ്ങളും പാലങ്ങളും റോഡുകളും" എന്ന വാക്കുകളേ ഇതിൽ ഇല്ല. 'കെട്ടിടങ്ങളും പാലങ്ങളും റോഡുകളും' എന്നു കഴിയുമ്പോൾ 'റെയിൽവേ ട്രാക്കുകളും കടൽഭിത്തികളും' എന്ന് ചേർക്കണമെന്നാണ് പറയുന്നത്. 'എന്നാലും', 'എന്നിരുന്നാലും',

'എന്നു മാത്രമല്ല' എന്നൊക്കെ ഭേദഗതി നടത്തണമെന്നുള്ള വമ്പൻ ഭേദഗതി കളുണ്ട്. അതിനെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. വേറൊരു ഭേദഗതിയു ണ്ട്, ബില്ലിൽ പേജ് ഏഴും നാൽപ്പത്തിയൊന്നും. അപേക്ഷയിൻമേൽ 250 രൂപ ഫീസ് ഈടാക്കുന്നത് 500 രൂപ ഫീസാക്കി വർദ്ധിപ്പിക്കേണ്ടതിനെക്കുറിച്ച് പറ യുന്ന ഭേദഗതിയാണത്. എവിടെയാണെന്നോ? അപേക്ഷയിൻമേൽ റവന്യൂ ബോർഡിനുള്ള റിവിഷൻ അധികാരങ്ങളാണ് മന്ത്രി പറയുന്ന ഈ 38-ാം വകുപ്പ്. ഇപ്പോൾ ഈ റവന്യൂബോർഡ് എവിടെയാണ്? റവന്യൂ ബോർഡ് എന്ന വെള്ളാനയെ നശിപ്പിച്ചില്ലേ? റവന്യൂബോർഡ് ഇല്ലാതായിട്ട് കൊല്ലം ഒന്നു കഴിഞ്ഞില്ലേ? എന്നിട്ട് റവന്യൂ ബോർഡിനുള്ള റിവിഷൻ അധികാരങ്ങൾ പറയുന്ന 38-ാം വകുപ്പിൽ 250 രൂപ ഫീസ് വാങ്ങിച്ചാൽപോരാ, 500 രൂപ ഫീസ് വാങ്ങണമെന്ന മഹത്തായ ഭേദഗതി സർക്കാർ കൊണ്ടുവന്നിരിക്കുന്നു! 26 (എ) ക്കുശേഷം (ബി) യും (സി) യും കൂട്ടിച്ചേർത്തിട്ടുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ഈ കൂട്ടിച്ചേർത്തതനുസരിച്ച് കൂട്ടായും പ്രത്യേകമായും നികുതി നൽകാൻ കമ്പനി ഡയറക്ടർമാർ ബാദ്ധ്യ സ്ഥരാണ് എന്നുള്ള കാര്യം പ്രത്യേകമായിട്ട് എടുത്തുപറയുന്നുണ്ട്. നല്ല കാര്യമാണ്. പക്ഷെ അതിനകത്ത് സഹകരണസംഘങ്ങളുടെ ഡയറ ക്ടർമാരും ഉൾപ്പെടും. ആ ഡയറക്ടർമാരുടെ കാര്യം വരുമ്പോൾ ഡയറ ക്ടർമാരിൽ ചില മിടുക്കൻമാർ പാപ്പരായിട്ട് മാറും, പാവങ്ങളായ ഡയറ ക്ടർമാരുടെ തലയിൽ ബാദ്ധ്യത വരാനുള്ള സാദ്ധ്യതയും വരും. അതിനെക്കു റിച്ചൊക്കെ ഞാൻ അങ്ങനെ പറയാൻ കാരണം, ഇവിടെ സഹകരണമേഖല യുമായി ബന്ധപ്പെട്ട് കാശ് ഇഷ്ടംപോലെ വാങ്ങിക്കുന്നുണ്ട്. സഹകരണമേഖ ലയിൽ നിന്നും ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ നിക്ഷേപിച്ച 100 കോടി രൂപ എന്ന് തിരിച്ചുകൊടുക്കുമെന്ന് 24.3.99-ൽ ഇവിടെ മറുപടി കിട്ടേണ്ട ഒരു ചോദ്യമുണ്ടായിരുന്നു. 15 ശതമാനം പലിശയിനത്തിൽ എന്തുതുക കൊടുക്കേ ണ്ടിവരുമെന്ന് ഇപ്പോൾ അറിയാൻ കഴിയുകയില്ല എന്ന ഒരു മറുപടിയാണ് സർക്കാരിന്റെ ഭാഗത്തുനിന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി തന്നിട്ടുള്ളത്. 15 ശതമാനം പലിശനിരക്കിൽ എന്ത് തുക വരുമെന്ന് കണക്കുകൂട്ടാൻ പറ്റുകയി ല്ലെന്ന് പറയുമ്പോൾ നിക്ഷേപിച്ചത് ട്രഷറി സേവിംഗ് അക്കൗണ്ടിലാണെങ്കിൽ 6 ശതമാനമാണ് സാധാരണഗതിയിലുള്ള പലിശ. അത് 15 ശതമാനം നിര ക്കിൽ അവർക്ക് കൊടുക്കുമെന്ന് പുതുക്കി നിശ്ചയിക്കുമ്പോൾ എന്ത് മാന ദണ്ഡം സ്വീകരിച്ചുകൊണ്ടാണ് ഗവണ്മെന്റ് ഈ വ്യത്യാസം വരുത്തിയിരിക്കു ന്നത്? ഓവർ ഡ്രാഫ്റ്റ് എടുത്താൽ 18 ശതമാനം ഗവണ്മെന്റിന് കൊടുക്കണം. അതിന്റെ ലാഭം നോക്കിയിട്ടാകാം, എനിക്ക് അറിയുകയില്ല. പക്ഷേ, ആവക കാര്യങ്ങളൊക്കെ വിശദീകരിക്കാൻ ബാദ്ധ്യസ്ഥമായ സർക്കാർ ഈവക ഏർപ്പാടുകളെക്കുറിച്ച് 'കമ' എന്നൊരക്ഷരം മിണ്ടാത്തതുകൊണ്ടാണ് ആക്ടിൽ 26 (എ) ക്കുശേഷം (ബി) യും (സി) യും കൂട്ടിച്ചേർക്കുമ്പോൾ അങ്ക ലാപ്പുണ്ടാകുന്നത്. 12-ാമത്തെ ഒരു ഭേദഗതിയുണ്ട്. 39-ാം വകുപ്പിൽ അത് തീർത്തും അവ്യക്തമാണ്. "ഏതെങ്കിലും ഉദ്യോഗസ്ഥൻ" എന്ന വാക്കു കൾക്കുപകരം ചില വാക്കുകൾ കൂട്ടിച്ചേർക്കേണ്ടതിനെപ്പറ്റിയാണ് പറയുന്നത്. ഒറിജിനൽ ബില്ലിൽ "ഏതൊരു" എന്നാണോ അതോ "ഏതെങ്കിലും" എന്നാണോ എന്നൊക്കെ പറഞ്ഞിട്ട് "ഏതെങ്കിലും" എന്നാക്കണമെന്നാണ് പറയുന്നത്. പക്ഷേ മാറ്റേണ്ട കാര്യം പറയുമ്പോൾ 28-ാം വകുപ്പ് 4-ാം ഉപവ കുപ്പ് (സി) പ്രകാരം "ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മിഷണർ പാസ്സാക്കിയ ഒരു ഉത്തരവിനെതിരെ ആക്ഷേപം ഉന്നയിക്കുന്ന ഏതൊരാളും" എന്ന വാക്കു കളും അക്കങ്ങളും ബ്രാക്കറ്റുകളും വിട്ടുകളയേണ്ടതാണെന്ന് പറയുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എന്താണ് ആ ഉത്തരവെന്ന് ബഹുമാനപ്പെട്ട സഭാംഗങ്ങൾക്ക് അറിയാനുള്ള അവകാശമുണ്ട്. ബില്ലിൽനിന്നുള്ള പ്രസക്തഭാഗങ്ങൾ ഉദ്ധരിച്ചിരിക്കുന്നിടിത്ത് ഈ ഉത്തരവിന്റെ വിശദവിവരങ്ങൾ ഇല്ല. ഒരു ഉത്തരവ് വിട്ടുകളയണമെന്ന് പറയുമ്പോൾ വിട്ടുകളയേണ്ടത് എന്താണെന്ന് അറിയാതെ ചുമ്മാ വിട്ടുകളയാൻ ബുദ്ധിമുട്ടുണ്ട്. ഇത് ധനകാര്യ ബിൽ അല്ലേ? അതുകൊണ്ട് അതു സംബന്ധമായുള്ള വിശദവിവരങ്ങൾ വേണം. വാളൻപുളി, കൊടംപുളി, തേങ്ങാപ്പിണ്ണാക്ക്, പ്രഷർക്കുക്കർ, നോൺസ്റ്റിക് കുക്കുവെയർ എന്നിവയ്ക്കു വരെ പുതിയ നികുതി ഏർപ്പാടുകൾ വന്നിരിക്കുകയാണ്. കഴിഞ്ഞ ദിവസം ശ്രീമതി ലതാദേവി ഇവിടെ, ഭക്ഷ്യവിഭവങ്ങൾ വിലകുറച്ചുകിട്ടുന്നു എന്നതുമായി ബന്ധപ്പെടുത്തി വാതോരാതെ സംസാരിച്ചിട്ട് സ്ത്രീകൾക്ക് ഒരു പുത്തൻ ശോഭയാണെന്നൊക്കെ പറഞ്ഞു. ആ ശോഭ കൂടാൻ പോവുകയാണ്. വാളൻപുളിക്കും കൊടംപുളിക്കും തേങ്ങാപ്പിണ്ണാക്കിനും നോൺസ്റ്റിക്ക് കുക്കുവെയറിനും പ്രഷർകുക്കറിനുമൊക്കെ നികുതി വരുന്നുണ്ട്.

<u>ശ്രീ. പി. രാഘവൻ</u> : വാളൻപുളിക്കും, കൊടംപുളിക്കുമുള്ള നികുതി മുൻപുണ്ടായിരുന്നത് ഈ ഗവണ്മെന്റ് കുറയ്ക്കുകയാണ് ചെയ്തത് എന്നുള്ള വസ്തുത അങ്ങേയ്ക്കറിയാമോ?

<u>പ്രൊഫ. സാവിത്രി ലക്ഷ്മണൻ</u> : ബിൽ വായിച്ചുനോക്കിയിട്ട് അങ്ങ് ഇനി പിന്നാലെ സംസാരിക്കുമ്പോൾ നമുക്ക് തീരുമാനിക്കാം ഏത് രീതിയിലൊക്കെയാണ് ഇതിന് വ്യത്യാസം വരുത്തിയിരിക്കുന്നതെന്ന്. വാളൻപുളിക്കും കൊടംപുളിക്കും മാത്രമല്ല, മറ്റുചില ബ്രാന്റഡ് ആയിട്ടുള്ള സാധനങ്ങൾക്കും നികുതി ചുമത്തുന്നതിനെക്കുറിച്ചൊക്കെ പറയുന്നുണ്ട്. മേളം മസാലയെക്കുറിച്ച് പെണ്ണുങ്ങൾക്കൊക്കെ അറിയാവുന്ന കാര്യമാണ്. ഓടിപ്പിടഞ്ഞ് ജോലി സ്ഥലത്തേയ്ക്കൊക്കെ പോകേണ്ടിവരുമ്പോൾ കൂട്ടാൻ വയ്ക്കാനായി ഉപയോഗിക്കുന്ന ഒരു സാധനമാണ് ഇത്. പുതിയ നിർദ്ദേശം വന്നതോടുകൂടി ഈ മാർച്ചിനുശേഷം മേളം മസാലക്കാരൻ 46-ൽ ചില്വാനം ലക്ഷം രൂപ ടാക്സ് അടച്ചുകൊള്ളണമെന്ന് പറഞ്ഞിരിക്കുകയാണ്. ഇതിൽ സങ്കടമുണ്ട്. കാരണം, നികുതി പിരിക്കേണ്ടിടത്തു നിന്ന് പിരിക്കാതെ പെണ്ണുങ്ങൾക്ക് കഷ്ടപ്പാടുണ്ടാക്കുന്ന ഇനങ്ങളിലേയ്ക്ക് ശ്രദ്ധ തിരിയുന്നത് ഈ സർക്കാരിന് ഭൂഷണമല്ലെന്ന് തറപ്പിച്ച് പറയാൻതന്നെ ഞാൻ ആഗ്രഹിക്കുന്നു. തേയിലയെ നികുതിയിൽ നിന്നും ഒഴിവാക്കിയല്ലോ? തേയിലയെ ഒഴിവാക്കിയതുപോലെ കൊടമ്പുളിക്കും വാളൻപുളിക്കും എന്തുകൊണ്ട് നികുതി ഒഴിവാക്കിക്കൂടാ? അതുപോലെ മേളംമസാലപോലുള്ള പൊടിയായ ഇനങ്ങളുണ്ട്. പൊടിച്ചുവരുന്ന സാധനങ്ങളായ മുളക്, മല്ലി എന്നിവ ബ്രാൻഡ് നെയിമിൽത്തന്നെ വിൽക്കാനുള്ള അനുവാദം എന്തുകൊണ്ട് നൽകാൻ പാടില്ല? കമ്മി ബഡ്ജറ്റിനെക്കുറിച്ച് എല്ലാവരും പറഞ്ഞു. ശ്രീ. സത്യൻ മൊകേരി പറഞ്ഞത് സമ്മതിച്ചുതരുമല്ലോ? പ്രൊഫസർ താമരാക്ഷൻ പറഞ്ഞത്, അദ്ദേഹം പറഞ്ഞു എന്നുള്ളതുകൊണ്ട് സമ്മതിച്ചില്ലെങ്കിലും ശ്രീ. സത്യൻ മൊകേരി പറഞ്ഞത് കൂട്ടാക്കും. 1996-97 വർഷത്തിൽ 2025 കോടി രൂപയുടെ കമ്മി ബഡ്ജറ്റ് എന്ന് ഇക്കണോമിക് റെവ്യൂവിൽ പറഞ്ഞിരിക്കുന്നു, ഇപ്പോൾ കമ്മി ഒരു സ്ഥിരം പ്രതിഭാസമായി മാറി. സർക്കാരിനെക്കുറിച്ച് സർക്കാർ അച്ചടിച്ച രേഖയാണ്. ഇപ്പോൾ കമ്മി ഒരു സ്ഥിരം പ്രതിഭാസമായി മാറി. ഈ സ്ഥിരം പ്രതിഭാസത്തെ ഇനിയെങ്കിലും അധഃപതിപ്പിക്കരുത്. കടബാദ്ധ്യത കൂടിക്കൂടി വരികയാണ്. ആ കടബാദ്ധ്യതയെക്കുറിച്ച് പറയുന്നതിനുമുൻപ് എനിക്ക് ഒരു കാര്യം പറയാനുണ്ട്. "തികച്ചും സ്വാഭാവികവും അനുക്രമവുമായ" എന്നൊരു വിശദീകരണം ധന

LIBRARY ARCHIVES Kerala Legislative Assembly

കാര്യ വകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്. അതിനെക്കുറിച്ച് ഞാൻ പിന്നെ പറയാം. വെറും 14471.71 കോടി രൂപയാണ് കടബാദ്ധ്യത. കഴിഞ്ഞ വർഷം കേരളത്തിന്റെ ആളോഹരി കടം 4029 രൂപ. ഈ വർഷം കേരളത്തിന്റെ ആളോഹരി കടം 4667 രൂപ. 1998-99-ൽ കടമെടുത്തത് 1988 കോടി രൂപയാണെങ്കിൽ അതിൽ 1961 കോടിരൂപയും, അതായത് 97 ശതമാനവും ഉപയോഗിച്ചത് കടം തിരിച്ചടയ്ക്കാനാണ്. 1988 കോടി രൂപ കടം എടുത്തു. അതിൽനിന്ന് 1961 കോടി രൂപ കടം തിരിച്ചടയ്ക്കാൻ ഉപയോഗിക്കുകയും ചെയ്തു. ഒരു കുഞ്ഞ് ഇപ്പോൾ ജനിക്കുമ്പോൾ 4667 രൂപയുടെ കടബാദ്ധ്യതയുമായിട്ടാണ് ജനിക്കുന്നതെന്നുള്ള നൊമ്പരപ്പെടുത്തുന്ന സത്യമുണ്ട്. കേരളത്തിന്റെ കണക്കാണ് ഞാൻ പറയുന്നത്. അഖിലേന്ത്യാ കണക്ക് വേറെയാണ്. ഇക്കണോമിക് റെവ്യൂവിൽ പറഞ്ഞിരിക്കുന്ന കണക്കാണ് ഞാൻ വായിച്ചത്. പണ്ട് ഒരു മഹാകവി പാടിയിട്ടുണ്ട് 'അടിയന് ഇനിയുമൊരു ജന്മമുണ്ടെങ്കിൽ അത് അടിമുടി നിന്നിലാകട്ടെ തായേ' എന്ന്. ആ മഹാകവി ഇപ്പോൾ വന്നു പിറക്കുകയാണെങ്കിൽ ഉണ്ടാകുന്ന കടം 4667 രൂപ. ഇത് പിറവിയുടെ ആദ്യമുഹൂർത്തത്തിൽത്തന്നെയാണ്. ഇവിടെ ഒരു കോടിയോളം ജനസംഖ്യയുണ്ടല്ലോ. വളരെ സോഷ്യലിസമാണ്. 4667 രൂപയേ ഒരാൾക്കു വരുന്നുള്ളൂ. ഞാൻ ഇങ്ങനെ പറയാൻ കാരണം 1734-ാം നമ്പർ ചോദ്യത്തിന് ഉത്തരമായി ശ്രീ. ആര്യാടനും ശ്രീ. തങ്കച്ചനും ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഒരു മറുപടി കൊടുത്തിട്ടുണ്ട്. കടബാദ്ധ്യത ഇത്രയധികം വർദ്ധിക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ എന്നുള്ളതാണ് ചോദ്യം. ഒരു അദ്ധ്യാപകൻ കൂടിയായിരുന്ന ബഹുമാനപ്പെട്ട മന്ത്രി എത്ര കൃത്യമായിട്ടാണെന്നോ മറുപടി തന്നത്. 1991 മാർച്ച് അവസാനം മുതൽ 1996 മാർച്ച് അവസാനം വരെയുള്ള കടബാദ്ധ്യതയുടെ വളർച്ചാ നിരക്ക് 1996-97, 1997-98 എന്നീ കാലയളവിൽ ഉണ്ടായിട്ടുള്ള കടബാദ്ധ്യതയുടെ വർദ്ധനവുമായി താരതമ്യം ചെയ്യുമ്പോൾ തികച്ചും സ്വാഭാവികവും അനുക്രമവുമാണ് എന്നാണ്. സ്വാഭാവികവും അനുക്രവുമായിട്ടുള്ള വളർച്ച. ഇങ്ങനെ സ്വാഭാവികവും അനുക്രമവുമായിട്ടുള്ള വളർച്ചയിൽ 1991 മാർച്ച് 31 തുടങ്ങി 1996 മാർച്ച് 31 വരെ 5703.81 കോടി രൂപയേ കടം വന്നിട്ടുള്ളൂ. അഞ്ചു കൊല്ലംകൊണ്ട് 5703.81 കോടി രൂപ, നിങ്ങളുടെ ഭരണക്കാലത്ത് രണ്ട് കൊല്ലം കൊണ്ടുമാത്രം 3802.76 കോടി രൂപ വർദ്ധിച്ചു. അതായത് ഇപ്പോൾ 14471.71 കോടി രൂപ നിങ്ങൾ അധികാരത്തിൽ കയറുമ്പോൾ 10668.95 കോടി രൂപ. കൃത്യമായ കണക്കാണ് പറഞ്ഞത്. രണ്ടു കൊല്ലം കൊണ്ട് വർദ്ധിച്ചത് മന്ത്രി പറഞ്ഞതുപോലെ സ്വാഭാവികവും അനുക്രമവുമായതുകൊണ്ടാകാം. എക്കണോമിക് റിവ്യൂവിൽ ഈ വർദ്ധനവിന്റെ ശതമാനത്തിന്റെ കണക്കു പറയുന്നുണ്ട്. 1990-91-ൽ ആഭ്യന്തര ഉല്പാദനത്തിന്റെ 3.47 ശതമാനം കടബാദ്ധ്യതയുമായിട്ടാണ് നിങ്ങൾ ഇറങ്ങിപ്പോയത്. അന്ന് ഞങ്ങൾ അധികാരത്തിൽ കയറുമ്പോൾ നിങ്ങൾ ഉണ്ടാക്കിവച്ച കടബാദ്ധ്യത 3.47 ശതമാനം. അത് ആദ്യത്തെ വർഷം തന്നെ 1.62 ശതമാനം കുറച്ചു. 3.47 ശതമാനം എന്നുള്ളത് 2.41 ശതമാനം, 1.96 ശതമാനം, 1.89 ശതമാനം, 1.82 ശതമാനം 1.62 ശതമാനം എന്നിങ്ങനെ പെർസെന്റേജ് ക്രമാനുഗതമായി കുറയ്ക്കുകയാണ് ചെയ്തത്. എന്നിട്ടോ വീണ്ടും 1995-96-ൽ അത് 2.26 ശതമാനം ആയി. 1997-98-ൽ പിന്നെയും വർദ്ധിച്ചു. എന്താണ് ഇങ്ങനെ? ഞങ്ങൾ ഇങ്ങനെ കുറയ്ക്കാനും നിങ്ങൾ കൂട്ടാനും സ്വാഭാവികവും അനുക്രമവുമായ കടബാദ്ധ്യത കൂടിക്കൂടി വരുമ്പോൾ കണ്ണടച്ച് ഇരുട്ടാക്കരുത്. ആരാണ് ബഹുമാനപ്പെട്ട മന്ത്രിക്ക് ഇങ്ങനെയുള്ള ഉത്തരങ്ങൾ എഴുതി കൊടുക്കുന്നത് എന്ന് എനിക്കറിയില്ല. പടവലങ്ങ താഴോട്ടു വളരുന്നതുപോലെയാണ് വളർച്ച എന്നേ എനിക്കു

LIBRARY ARCHIVES Kerala Legislative Assembly

പറയാൻ പറ്റൂ. ഭരിക്കാൻ അറിയുന്നവർ ഭരിക്കണം. അല്ലെങ്കിൽ ഇതും ഇതിനപ്പുറവും ഒക്കെ വരും. ഇത് എങ്ങനെ നികത്താം. ഈ ബുദ്ധിമുട്ട് എങ്ങനെ അതിജീവിക്കാം എന്ന് അറിയാൻ നമുക്ക് എല്ലാവർക്കും താല്പര്യമുണ്ട്. ആ താല്പര്യം വച്ചിട്ടാണ് ശ്രീ. ഡൊമിനിക് പ്രസന്റേഷനും ഞാനുംകൂടി ഒരു ചോദ്യം ചോദിച്ചത്. ബഹുമാനപ്പെട്ട മന്ത്രി തന്ന ഉത്തരം, സർക്കാർ വാഹനങ്ങളുടെ ഇന്ധനച്ചെലവ്, പുതിയ തസ്തികകൾ സൃഷ്ടിക്കൽ, യാത്രാപ്പടി, പുതിയ ടെലിഫോൺ കണക്ഷനുകൾ, പുതിയ വാഹനങ്ങൾ വാങ്ങൽ തുടങ്ങിയവയിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്നാണ്. എന്താണ് നിയന്ത്രണം? ശ്രീ. പാലൊളി മുഹമ്മദ് കുട്ടിക്ക് ഫോർഡ് കാർ, ശ്രീ. പി.ജെ. ജോസഫിന് പ്യൂഷേ പോര, ലാൻസർ വേണം. ശ്രീ. ടി.കെ. രാമകൃഷ്ണന് ഓപ്പൽ ആസ്ട്ര വേണം. ശ്രീ. ഇസ്മായിലിന് മിസ്തുബിഷി വേണം. ഇതെല്ലാം അനുവദിക്കുന്ന ടൂറിസം മന്ത്രിക്ക് അംബാസിഡർ കാർ മതി. ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രി ആയിരുന്നപ്പോൾ ഒരു അപകടത്തെത്തുടർന്ന് അദ്ദേഹത്തിന് റോഡിലൂടെ സഞ്ചരിക്കാൻ സുഖകരമായ ഒരു വാഹനം എന്നു കരുതി ഒരു ബെൻസ് കാർ വാങ്ങിയപ്പോൾ എന്തായിരുന്നു ഇവിടെ ബഹളം. മന്ത്രിമാർക്ക് കാറുകൾ വാങ്ങുന്നതിനും 1.25 കോടി രൂപ വേണ്ടിവന്നു എന്ന് ബഹുമാനപ്പെട്ട മന്ത്രി ശിവദാസമേനോൻ പറഞ്ഞില്ലേ? നീന്തൽ കുളത്തെപ്പറ്റി എത്ര ആക്ഷേപം വന്നു. നീന്തൽ കുളത്തിൽ പട്ടിയാണോ ഇപ്പോൾ കുളിക്കുന്നത്? കഴിഞ്ഞ മൂന്നു വർഷമായി പട്ടിക്ക് കുളിക്കാനായി നീന്തൽകുളം നന്നാക്കാൻ എത്ര കാശ് ചെലവാക്കുന്നുണ്ട് എന്ന് ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. വാഹനങ്ങൾ ആവശ്യമുള്ള വകുപ്പുകളിൽ വാഹനങ്ങളില്ല. പതിനാറു പോലീസ് സ്റ്റേഷനുകളിൽ വാഹനങ്ങളില്ല. ഉദ്യോഗസ്ഥൻമാർക്ക് വാഹനങ്ങൾ കൊടുക്കേണ്ടതിനെപ്പറ്റി പ്രൊഫ. താമരാക്ഷൻ ഇവിടെ പറഞ്ഞു. ഉദ്യോഗസ്ഥൻമാർക്ക് വാഹനങ്ങളില്ല. ടെലിഫോൺ സൗകര്യം ഇല്ല. സർക്കാർ ചെലവാണെങ്കിൽ യു.ഡി.എഫ്.ന്റെ കാലത്ത് ശരാശരി ഒരു മന്ത്രിക്ക് 3366 ലക്ഷം രൂപ. ആദ്യത്തെ രണ്ടര കൊല്ലത്തിൽ ഇവിടെ കിട്ടിയ ഉത്തരമാണ്. എൽ.ഡി.എഫിന്റെ ഒരു മന്ത്രിക്കുവേണ്ടി 7154 രൂപ പ്രതിശീർഷം സർക്കാരിന് ചെലവുണ്ട്. സർക്കാർ ചെലവു വരെ കൂടുതലാണ്. മന്ത്രിമാരുടെ എണ്ണം കുറച്ചതുകൊണ്ട് കാര്യമില്ല. 19 മന്ത്രിമാരുണ്ടായിരുന്നിട്ടും ഒരു മന്ത്രിക്ക് നേരത്തേ സൂചിപ്പിച്ച അത്രയുമാണ് ചെലവ്. ഇത്തരത്തിൽ കെടുകാര്യസ്ഥത കാണിക്കുന്ന, വരുമാന സ്രോതസ്സുകളെ സംബന്ധിച്ചിടത്തോളം സാധാരണക്കാരന്റെ വയറ്റത്തടിക്കുന്ന ഒരു നയമാണ് നിങ്ങൾക്കുള്ളത്. ഇലക്ട്രിസിറ്റി ചാർജ് അതിഗംഭീരമായി വർദ്ധിപ്പിച്ചു. നികുതി പിരിച്ചെടുക്കുന്നതിൽ കാര്യമായ ഏർപ്പാടുകളൊന്നും നടത്താത്ത, ഗൗരവപൂർവ്വമായ നിർദ്ദേശങ്ങളൊന്നുമില്ലാത്ത ഈ ധനകാര്യ ബില്ലിനെ ഞാൻ ശക്തമായി എതിർക്കുന്നു.

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) ; സർ, 1999-2000 വർഷത്തേയ്ക്കുള്ള ഈ ധനകാര്യബില്ലിനെ ഞാൻ പിന്താങ്ങുകയാണ്. നിരവധി വികസന പ്രവർത്തനങ്ങൾ ഈ ഗവണ്മെന്റ് നടപ്പാക്കി. ജീവനക്കാരുടെ ശമ്പള പരിഷ്കരണം തുടങ്ങി നിരവധി തൊഴിലാളിക്ഷേമ പദ്ധതികളും ജനക്ഷേമകരമായ മറ്റു പ്രവർത്തനങ്ങളും ഈ ഗവണ്മെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതിന്റെയൊക്കെ ഫലമായി വലിയ സാമ്പത്തിക ബാദ്ധ്യതയാണ് ഈ ഗവണ്മെന്റിന് ഏറ്റെടുക്കേണ്ടിവന്നത്. ഈ ഗവണ്മെന്റ് അധികാരത്തിൽ വരുന്ന സമയത്ത് കഴിഞ്ഞ ഗവണ്മെന്റ് ചാരായ നിരോധനം ഏർപ്പെടുത്തിയതുമൂലം ഖജനാവിലേക്ക് വരേണ്ട കോടിക്കണക്കിന് രൂപ ഇല്ലാതാക്കിയിരുന്നു. അങ്ങനെ ഏറ്റവും രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി ഉണ്ടായിരു

LIBRARY ARCHIVES Kerala Legislative Assembly

ന്നിട്ടും ഇപ്പുറത്തിരിക്കുന്നവർ പറയുന്നതും അപ്പുറത്തിരിക്കുന്നവർ പറയുന്നതുമായ വികസന പ്രവർത്തനങ്ങൾ യാതൊരു പിശുക്കും വിവേചനവും കൂടാതെ ഈ ഗവണ്മെന്റ് ഏറ്റെടുത്തു. അങ്ങനെയുള്ള ഈ സർക്കാരിന്റെ ഖജനാവ് സമ്പന്നമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. എങ്കിൽ മാത്രമേ ഇനിയും വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ കഴിയൂ. സാധാരണക്കാരന്റെ തലയിൽ ഒരു നയാപൈസയുടെ സാമ്പത്തിക ബാദ്ധ്യത അടിച്ചേൽപ്പിക്കാതെയാണ് ഈ ഗവൺമെന്റ് വിഭവസമാഹരണം നടത്താൻ തീരുമാനിച്ചിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് വൻതോതിൽ നികുതിവെട്ടിപ്പിലൂടെ സർക്കാരിനെ പറ്റിക്കുന്ന തിമിംഗലങ്ങളെ പിടികൂടാനാണ് വരുമാനവർദ്ധനവിന്റെ കാര്യത്തിൽ സർക്കാർ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളത്. അതുകൊണ്ടു മാത്രം ഖജനാവ് സമ്പന്നമാകുമെന്ന് എനിക്ക് അഭിപ്രായമില്ല. നികുതിപിരിവ് കാര്യക്ഷമമാക്കണം. ആകർഷകമായ നിക്ഷേപങ്ങൾ സംസ്ഥാന സർക്കാരിന് സ്വീകരിക്കാൻ കഴിയാത്ത രൂപത്തിലുള്ള അവസ്ഥയുണ്ട്. അതുമായി ബന്ധപ്പെടുത്തിക്കൊണ്ട് നമ്മുടെ ട്രഷറി സംവിധാനത്തിൽ അടിസ്ഥാനപരമായ മാറ്റം വരുത്തണം. കോൺട്രാക്ടർമാരുടെ ബിൽ മാറൽ, ജീവനക്കാരുടെ ശമ്പളം മാറൽ, പെൻഷൻകാർക്ക് പെൻഷൻ കൊടുക്കൽ തുടങ്ങിയവയ്ക്ക് മാത്രമുള്ള ഒരു സ്ഥാപനമായി ഇന്ന് ട്രഷറികളുടെ പ്രവർത്തനം അധഃപതിപ്പിച്ചിരിക്കുന്നു. കുറേക്കാലമായി അനുവർത്തിച്ചുപോരുന്ന ഒരു അവസ്ഥാവിശേഷമാണിത്. അതിൽ മാറ്റം വരണം. നമ്മുടെ സംസ്ഥാനത്തെ നിക്ഷേപകരെ ആകർഷിക്കാൻ കഴിയുന്ന രൂപത്തിൽ ട്രഷറി ബാങ്കിംഗ് സംവിധാനത്തിൽ ആധുനികവൽക്കരണവും കാര്യക്ഷമതയും കൈവരിക്കാൻ കഴിഞ്ഞാൽ ഒരു പരിധിവരെ നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കാൻ കഴിയുമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. നിക്ഷേപകർക്ക് ഏറ്റവും വേഗത്തിലും എളുപ്പത്തിലും പണമിടപാട് നടത്താൻ കഴിയാവുന്ന രൂപത്തിലുള്ള ഒരു സംവിധാനം ട്രഷറി ബാങ്കിംഗ് മേഖലയിൽ കൊണ്ടുവരാൻ കഴിഞ്ഞാൽ ഖജനാവിലുള്ള വരുമാനം വർദ്ധിപ്പിക്കാൻ കഴിയുമെന്ന് മാത്രമല്ല, സാമ്പത്തിക പരാധീനത ഒരു പരിധിവരെ പരിഹരിക്കാനും കഴിയും. ഇന്നത്തെ സ്ഥിതിയെന്താണ്? ഇന്ന് നമ്മുടെ സംസ്ഥാനത്തിലെ ജനങ്ങളുടെ വരുമാനത്തിന്റെ ചെലവ് കഴിച്ചുള്ള മിച്ചം നിക്ഷേപമായി സ്വീകരിക്കുന്ന ബാങ്കുകൾ അതിൽ ഏറിയ പങ്കും നമ്മുടെ സംസ്ഥാനത്തിന്റെ സാമൂഹ്യ മാറ്റങ്ങൾക്കും വികസനോൻമുഖമായിട്ടുള്ള പ്രവർത്തനങ്ങൾക്കും വേണ്ടി ഉപയോഗിക്കുന്നതിനുപകരം അന്യസംസ്ഥാനങ്ങളിലേക്ക് അത് ഒഴുകിക്കൊണ്ടിരിക്കുകയാണ്. ആ അവസ്ഥയിൽ ഒരു മാറ്റം വരുത്താൻ കഴിയണം. ആ അവസ്ഥയിൽ മാറ്റം വരുത്താനും അതിൽ ഇടപെടാനും ഗവണ്മെന്റിന് കഴിയണമെങ്കിൽ സർക്കാരിന്റെ മെഷീനറിയായിട്ടുള്ള ട്രഷറി ബാങ്കിംഗ് സംവിധാനത്തിൽ കാതലായ മാറ്റം, അടിസ്ഥാനപരമായിട്ടുള്ള മാറ്റം വരുത്തിക്കൊണ്ടുമാത്രമേ കഴിയൂവെന്നുള്ളതാണ് എന്റെ അഭിപ്രായം. അതിനുവേണ്ടി ട്രഷറി ബാങ്കിംഗിന് പ്രത്യേകം കൗണ്ടറുകൾ ട്രഷറികളോട് അനുബന്ധിച്ച് തുറക്കണം. അതുപോലെ ട്രഷറിയിൽ ആധുനികവൽക്കരണവും സൗകര്യങ്ങളും വർദ്ധിപ്പിക്കണം. ഇപ്പോൾ ട്രഷറികൾക്ക് സ്വന്തമായി കെട്ടിടങ്ങളില്ല; ആവശ്യത്തിനുള്ള ജീവനക്കാരില്ല. മറ്റ് സൗകര്യങ്ങളൊന്നുമില്ലാതെതന്നെ പരാധീനതകളുടെ പര്യായമായി സം സ്ഥാന ഗവണ്മെന്റിന്റെ നിയന്ത്രണത്തിലുള്ള ട്രഷറി സ്ഥാപനങ്ങൾ നിൽക്കുകയാണ്. മറിച്ച് അപ്പുറത്താണെങ്കിൽ നിക്ഷേപകരെ ആകർഷിക്കാൻ കഴിയുന്ന വിധത്തിൽ ബാങ്കുകൾ അത്യന്താധുനികമായിട്ടുള്ള പല സൗകര്യങ്ങളുമേർപ്പെടുത്തിക്കൊണ്ട് നിക്ഷേപകരെ അങ്ങോട്ട്

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കുകയാണ്. ട്രഷറി സൗകര്യങ്ങൾ മെച്ചപ്പെടുത്തി, ആധുനികവൽക്കരണം നടത്തി, നിക്ഷേപകർക്കും മറ്റ് പണമിടപാടുകാർക്കും ട്രഷറിയിൽ ബാൻ ഇല്ലാത്ത രൂപത്തിൽ, ജനങ്ങൾക്ക് സൗകര്യപ്രദമായ രൂപത്തിൽ അതിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കണം. അതുപോലെതന്നെയാണ് നികുതിപിരിവ് കാര്യക്ഷമമാക്കേണ്ട പ്രശ്നം. സെയിൽസ്ടാക്സ് ആയാലും ശരി, അഗ്രികൾച്ചർ ഇൻകം ടാക്സായാലും ശരി കാർഷികമേഖലയിലുള്ള ഗുരുതരമായിട്ടുള്ള പ്രതിസന്ധി ആ മേഖലയിൽനിന്നുള്ള വരുമാനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. എന്നാൽ വിൽപ്പനനികുതിയുമായി ബന്ധപ്പെട്ടുകൊണ്ട് വിൽപ്പന നികുതി വർദ്ധിപ്പിക്കലല്ല പ്രധാനം. ഈ ഗവണ്മെന്റ് ഒരു നയാ പൈസ വർദ്ധിപ്പിച്ചിട്ടില്ല. പക്ഷെ നിരക്ക് വർദ്ധിപ്പിക്കുകയെന്നുള്ളതിനേക്കാൾ ഉപരി കൂടിശ്ശിക പിരിച്ചെടുക്കാനുള്ള പ്രവർത്തനത്തിനാണ് ഈ ഗവണ്മെന്റ് ഏറ്റവും കൂടുതൽ മുൻഗണന കൊടുക്കേണ്ടത്. വിവിധ സംസ്ഥാനങ്ങളിൽ വ്യത്യസ്തമായ രൂപത്തിലുള്ള, ഏകീകരണമില്ലാത്ത രൂപത്തിലുള്ള, നികുതിഘടനയാണ് ഇപ്പോഴുള്ളത്. അതിന്റെ ഭാഗമായിട്ടുള്ള ചോർച്ചകൾ നികുതിവരുമാനവുമായി ബന്ധപ്പെട്ടുകൊണ്ട് നമ്മൾ അനുഭവിക്കുന്നുണ്ട്. അന്തർ സംസ്ഥാന ഇടപാടുകളുമായി ബന്ധപ്പെട്ടുകൊണ്ട് കോടിക്കണക്കിന് രൂപയുടെ നികുതി ചോർച്ച സംസ്ഥാനത്തിനുണ്ടാകുന്നുണ്ട്. അത് ഒരു പരിധിവരെ പരിഹരിക്കുന്നതിനു വേണ്ടി എല്ലാ സംസ്ഥാനങ്ങൾക്കും ഏകോപിപ്പിച്ച രൂപത്തിലുള്ള ഒരു നികുതിഘടന ഉണ്ടാക്കിയെടുക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനത്തിന് ഗവണ്മെന്റ് മുൻ കൈയെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ സെയിൽസ്ടാക്സ് ചെക്ക്പോസ്റ്റുകൾ. സെയിൽസ്ടാക്സ് ചെക്ക് പോസ്റ്റുകൾ എക്കാലത്തും അഴിമതിയുടെ കേന്ദ്രങ്ങളാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം ശക്തമായിട്ടുള്ള ഇടപെടൽ നടത്തിയതിന്റെ ഭാഗമായി ചില ക്രമീകരണങ്ങളൊക്കെ വരുത്തിയതിന്റെ ഭാഗമായി ഒരു പരിധിവരെ ചെക്ക്പോസ്റ്റുകളിലെ അഴിമതി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും അത് ഇപ്പോഴും തുടരുന്നുണ്ട്. ചെക്ക്പോസ്റ്റുകളിലെ അഴിമതിക്കെതിരായി കർശനമായിട്ടുള്ള നടപടി സ്വീകരിക്കാൻ കഴിയണം. അതുപോലെ സെയിൽസ്ടാക്സിന്റെ അസസ്മെന്റ് തയ്യാറാക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥൻമാർ കാണിച്ചുകൊണ്ടിരിക്കുന്ന ബോധപൂർവ്വമായിട്ടുള്ള അലംഭാവം. അത് കേരളത്തിലെ ഖജനാവിന് സഹായകമാകുന്നില്ല. അത് കേരളത്തിൽ നികുതിചോർച്ചയുണ്ടായിക്കൊണ്ടിരിക്കുന്ന, ഖജനാവിനെ പറ്റിച്ചുകൊണ്ടിരിക്കുന്ന വൻതിമിംഗലങ്ങൾക്ക് ഇന്ന് ആശ്വാസമായിക്കൊണ്ടിരിക്കുകയാണ്. അതിന് നമ്മുടെ ഉദ്യോഗസ്ഥർ കൂട്ടുനിൽക്കുന്ന ഒരു സാഹചര്യമുണ്ട്. കാലാകാലങ്ങളിൽ അസസ്മെന്റുമായി ബന്ധപ്പെട്ടുകൊണ്ട് സമയബന്ധിതമായി അത് ചെയ്തുതീർക്കാത്തതിന്റെ ഭാഗമായിട്ടുള്ള വരുമാനക്കുറവ് നമ്മുടെ ഖജനാവിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. 1994-95 വർഷത്തെ അസസ്മെന്റ് ഇന്നത്തെ നിയമമനുസരിച്ച് 31.3.99-ന് ടൈംബാർ ആകേണ്ടതാണ്. എന്നാൽ ഈ സഭയ്ക്ക് തന്നെ അത് 31.3.2004 വരെ നീട്ടിക്കൊടുക്കേണ്ട ഒരവസ്ഥയുണ്ടായി. അതിന്റെ ഭാഗമായിട്ടുണ്ടാകുന്ന നഷ്ടം ഈ ഗവൺമെന്റിനാണ്. ഉദ്യോഗസ്ഥന്മാരുടെ അലംഭാവംകൊണ്ടാണ് ഈ അസസ്മെന്റ് കൃത്യമായി നടത്താൻ കഴിയാത്തത്. അതുപോലെതന്നെ 1995-96-ലെ അസസ്മെന്റ് 31.3.2000 ആകുമ്പോഴേക്കും ടൈംബാർ ആകും. ഈ രൂപത്തിൽ നിരവധി വൻ കേസുകൾ കാലാവധിക്കകം നമുക്ക് പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ ഭാഗമായി നമുക്ക് വൻ നഷ്ടമുണ്ടാകുന്നുണ്ട്. അത്തരം കേസുകളിൽ അടിയന്തിരമായി, തീർപ്പ് കൽപ്പിക്കാൻ കഴിയാവുന്ന

LIBRARY ARCHIVES Kerala Legislative Assembly

രൂപത്തിലുള്ള ഇടപെടൽ നടത്താൻ ഗവണ്മെന്റിന് കഴിയണം. ഇവിടെ എം. ആർ.എഫ്. പോലുള്ള നിരവധി വൻകിട സ്ഥാപനങ്ങൾ 1994-95 മുതൽ അവ
[2. P.M] രുടെ അസസ്മെന്റ് പൂർത്തീകരിക്കാതെ കിടക്കുകയാണ്. വൻകിട സ്ഥാപനങ്ങൾ സംസ്ഥാന ഖജനാവിലേക്ക് സെയിൽസ്ടാക്സ് ഇനത്തിൽ തരേണ്ട കുടിശിക അസസ്മെന്റിന്റെ പേരിൽ കൊടുക്കുന്നില്ല. അക്കാര്യത്തിൽ ഗൗരവമായിട്ടുള്ള ഇടപെടൽ ഗവണ്മെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ അപ്പലേറ്റ് ട്രൈബ്യൂണലിന്റെ പ്രവർത്തനം. അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ചെയർമാൻ മാത്രമാണ് ജൂഡിഷ്യറിയിൽ നിന്നുള്ളത്. അത് നല്ല കാര്യം തന്നെയാണ്. ഒരു പരിധിവരെ അഴിമതിയെ ചെറുക്കാനുള്ള ഒരു സാഹചര്യമു ണ്ടാകുന്നുണ്ട്. എന്നാൽ വിവിധ ജില്ലകളിലായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ചില ബഞ്ചുകളിലൊന്നുംതന്നെ ജുഡീഷ്യറി യുടെ പ്രാതിനിധ്യമില്ല. അവിടെ ഒരു ഉദ്യോഗസ്ഥ മെമ്പറും അക്കൗണ്ട്സ് മെമ്പറും മാത്രമാണുള്ളത്. കള്ളന്റെ കൈയിൽ താക്കോൽ ഏൽപ്പിക്കുന്നതിന് സമമാണ് ആ ബഞ്ചുകളുടെ പ്രവർത്തനം. കച്ചവടക്കാർക്കും വ്യവസായി കൾക്കുംവേണ്ടി കമ്മിഷൻ വ്യവസ്ഥയിൽ നികുതി ഇളവുചെയ്ത് കൊടു ക്കുന്ന അവസ്ഥ ഇന്നുണ്ട്. നമ്മുടെ കോടതികളിലൊക്കെ എം.എ.സി.ടി. കേസുകൾ കമ്മിഷൻ വ്യവസ്ഥയിലാണ് നടത്താറുള്ളത്. അതുപോലെ കമ്മി ഷൻ വ്യവസ്ഥയിൽ ഇളവുകൾ വൻകിടക്കാർക്ക് ചെയ്തുകൊടുക്കുന്നുണ്ട്. അത് തടയാൻ കഴിയണം. ആ രൂപത്തിൽ നടക്കുന്ന നികുതിചോർച്ച തടയാ നുള്ള ധീരമായ നടപടികൾ ഗവണ്മെന്റ് സ്വീകരിക്കണം. ട്രൈബ്യൂണലിന്റെ എല്ലാ ബഞ്ചുകളിലും ജുഡീഷ്യറിയുടെ പ്രാതിനിധ്യം ഉറപ്പാക്കാനുള്ള നടപടി സ്വീകരിക്കണമെന്നുള്ള അഭിപ്രായമുണ്ട്. അതുപോലെതന്നെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യാപാരി വ്യവസായികളെ സഹായിക്കുന്ന തിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള സെയിൽസ്ടാക്സ് നിയമം 17(4) വകുപ്പ് ചെറുകിട വ്യാപാരികളെ സംബന്ധിച്ചിടത്തോളം വിൽപ്പനനികുതി ഉദ്യോഗ സ്ഥൻമാരുടെ പീഢനത്തിൽനിന്നും അവരെ സഹായിക്കുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഒരു ഭേദഗതിയാണ്. ഇന്ന് വ്യാപാരികൾ കണക്ക് കൊടു ക്കുന്നതിന് അതിസങ്കീർണ്ണമായ പ്രശ്നങ്ങൾ അതിന് തയ്യാറാക്കേണ്ട രേഖക ളുമായി ബന്ധപ്പെട്ടുകൊണ്ട് അനുഭവിക്കുന്നുണ്ട്. അത് ലളിതവൽക്കരിക്കാൻ കഴിയണം. അങ്ങനെ കഴിയാത്തതിന്റെ ഭാഗമായി ഇന്ന് ആ വകുപ്പ് ഓപ്റ്റ് ചെയ്തിട്ടുള്ള വ്യാപാരികളുടെ എണ്ണം വളരെ കുറഞ്ഞിരിക്കുകയാണ്. ഈ വകുപ്പ് കൂടുതൽ വ്യാപാരികൾക്ക് ഓപ്റ്റ് ചെയ്യുന്നതിന് കൂടുതൽ സഹായക മായ രൂപത്തിൽ വ്യവസ്ഥകൾ ലഘൂകരിക്കുന്നതോടൊപ്പംതന്നെ ഈ വകു പ്പിന്റെ ഗുണവശങ്ങൾ, വകുപ്പുകൊണ്ടുള്ള ആനുകൂല്യങ്ങൾ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരിലും എത്തിക്കാൻ കഴിയാത്ത അവസ്ഥയാണ്. ഈ വകുപ്പിന്റെ പ്രാധാന്യവും അതിന്റെ ഗുണവശവും കച്ചവടക്കാരെ ബോദ്ധ്യപ്പെ ടുത്താൻ കഴിയുന്ന തരത്തിലുള്ള നടപടികൾ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ ഈ വകുപ്പ് ഓപ്റ്റ് ചെയ്തിട്ടുള്ള വ്യാപാരികളുടെ 1996-97 വർഷത്തെ അസസ്മെന്റ് ഇപ്പോഴും പെൻഡിംഗിലാ ണ്. അതിനു കാരണം ബോർഡ് തന്നെയാണ്. കാരണം ഈ വകുപ്പ് ഓപ്റ്റ് ചെയ്യുന്ന വ്യാപാരികളുടെ 20 ശതമാനം checking നുവേണ്ടി ബോർഡ് നിശ്ച യിച്ചുകൊടുത്താൽ മാത്രമേ അസസ്മെന്റ് ഉദ്യോഗസ്ഥൻമാർക്ക് അത് ചെയ്യാൻ കഴിയുകയുള്ളൂ. പലപ്പോഴും ബോർഡ് തന്നെ അതിന് വിമുഖത കാണിക്കുന്നുണ്ട്. ബോർഡിന്റെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെയും

LIBRARY ARCHIVES Kerala Legislative Assembly

അലംഭാവംകൊണ്ട് പലപ്പോഴും അസസ്മെന്റ് ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് കാലതാമസം വരുന്നതുകൊണ്ട് ഗവണ്മെന്റിന് വലിയ നഷ്ടം ഉണ്ടാകുന്നുണ്ട്. ഈ പോരായ്മകൾ പരിഹരിച്ചുകൊണ്ട് നൂറ് കണക്കിന് വികസന പദ്ധതികൾ, ജനോപകാരപ്രദമായിട്ടുള്ള ക്ഷേമപ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ട് വലിയ സാമ്പത്തിക ബാദ്ധ്യത ഏറ്റെടുത്തിട്ടുള്ള ഈ ഗവണ്മെന്റിനെ സാമ്പത്തികമായി സഹായിക്കാൻ കഴിയണമെങ്കിൽ സർക്കാരിന് കിട്ടേണ്ട ഇത്തരം കുടിശ്ശികകൾ കൃത്യമായി ഖജനാവിലേയ്ക്ക് എത്തിക്കാനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കണം. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം അച്ചടക്കമുള്ള സാമ്പത്തിക മാനേജ്മെന്റ് നടപ്പിലാക്കിയതുവഴി കേരളത്തിൽ എന്തെല്ലാം സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടായാലും ശരി വലിയ പ്രശ്നങ്ങളില്ലാത്ത രൂപത്തിൽ, നമ്മുടെ സംസ്ഥാനത്ത് ആർക്കും ബുദ്ധിമുട്ട് ഇല്ലാത്ത രൂപത്തിൽ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. അതുകൊണ്ടാണ് ഈ ധനകാര്യബിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. അതുകൊണ്ട് ഇതിനെ ഞാൻ പിന്താങ്ങുന്നു.

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : സർ, ഈ ധനകാര്യ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനും ചെലവുകൾ പരമാവധി കുറച്ചുകൊണ്ടു വരുന്നതിനും സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് കൂടുതൽ ആക്കം കൂട്ടുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള നിരവധി നടപടികളാണ് ഇപ്പോൾ എടുത്തുകൊണ്ടിരിക്കുന്നത്. ഇവിടെ പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. പൊതുവേ നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടുള്ള ശമ്പളവർദ്ധനവിനെത്തുടർന്നും ഡി.എ. കൊടുത്തതിനെത്തുടർന്നും മറ്റ് പല രീതിയിലും ചെലവുകൾ കൂടിവരുന്നുവെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. സംസ്ഥാന വരുമാനത്തിൽ അതിനനുസൃതമായി അധിക വിഭവ സമാഹരണത്തിനുവേണ്ടിയുള്ള ശക്തമായ നടപടികൾ ഉണ്ടായാലേ നമുക്ക് പിടിച്ചു നിൽക്കാൻ കഴിയുകയുള്ളൂ. അതിന് അടിസ്ഥാനപരമായ മാറ്റങ്ങൾ ഇനിയും ഉണ്ടാകണം. സ്റ്റേറ്റ് ഗവണ്മെന്റുകൾ വളരെ ശക്തമായി അതിനുവേണ്ടി ഇനിയും പ്രവർത്തിക്കേണ്ടതുണ്ടെന്നാണ് എന്റെ അഭിപ്രായം. 5-ാം ശമ്പള കമ്മിഷൻ റിപ്പോർട്ട് അനുസരിച്ച് വളരെയേറെ ചെലവുകൾ വന്നു. സംസ്ഥാന ജീവനക്കാരുടെ ശമ്പള വർദ്ധനവിൽ വന്ന അധികച്ചെലവുകൾ വഹിക്കാൻ കേന്ദ്രഗവണ്മെന്റിൽനിന്നും നമുക്കൊന്നും കിട്ടുന്നില്ല. നമുക്കുള്ള സെയിൽസ്ടാക്സ് കുറഞ്ഞു, എക്സൈസ് വരുമാനവും കുറഞ്ഞു. അതല്ലാതെ കൂടുതലായി വരുമാനമുണ്ടാക്കാൻ കഴിയുന്ന നടപടികൾ ഏതൊക്കെ മേഖലകളിൽ ഉണ്ടാക്കാൻ കഴിയുമെന്നുള്ളതിനെപ്പറ്റി ആലോചിക്കണം. വാണിജ്യ നയത്തിന്റെ ഫലമായി ഉണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധി, അതിനെത്തുടർന്ന് നമ്മുടെ സെയിൽസ് ടാക്സിൽ വരുന്ന വരുമാനക്കുറവ്, ഇക്കാര്യങ്ങളൊക്കെ നമ്മൾ പല സന്ദർഭത്തിലും ഇവിടെ പറഞ്ഞിട്ടുള്ളതാണ്. കേന്ദ്ര നയത്തെത്തുടർന്ന് റബ്ബറിന് ഉണ്ടായ വിലയിടിവുമൂലം എത്രയോ കോടി രൂപയാണ് നമുക്ക് വരുമാനത്തിൽ കുറവു വരുന്നത്. കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവിന്റെ കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചതാണ്. എക്സൈസിൽ ഉണ്ടായ വരുമാനക്കുറവ്. ഇതിന്റെയൊക്കെയുള്ളിൽ നിന്നുകൊണ്ട് സാമ്പത്തിക അച്ചടക്കത്തിലൂടെ പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടുപിടിച്ച് സംസ്ഥാനത്തെ സാമ്പത്തിക തകർച്ചയിൽ നിന്നും രക്ഷിക്കാനുള്ള, പിടിച്ചു നിർത്താനുള്ള ഭഗീരഥ ശ്രമമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നടത്തിക്കൊണ്ടിരിക്കുന്നത്. അദ്ദേഹം അതിൽ വിജയിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇനി ഈ പ്രവർത്തനങ്ങൾക്ക് കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

ശക്തി പകരാൻ നമുക്ക് കഴിയണം. കൂടുതൽ വരുമാനമുണ്ടാക്കാനുള്ള പല മാർഗ്ഗങ്ങളെക്കുറിച്ചും പല നിർദ്ദേശങ്ങളും വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി കൊണ്ടുവന്ന പുതിയ ലീസ് വർദ്ധനവ് നമ്മുടെ സംസ്ഥാനത്ത് ഒരു പുതിയ അനുഭവമാണ്. ഇത് കുറേ വർഷമായി പറഞ്ഞുകൊണ്ടിരുന്ന കാര്യമാണ്. അതിനുള്ള നിയമനിർമ്മാണം ഈ സഭ നടത്തി. അതുപോലെ ഇനി ഏതൊക്കെ മാർഗ്ഗത്തിലൂടെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയുമെന്ന് നോക്കണം. നികുതിയും നികുതി കുടിശ്ശികയും പിരിച്ചെടുക്കുന്നതിനുള്ള ശക്തമായ നടപടികൾ ഉണ്ടാകണം. ഗൾഫ് വരുമാനം കുറഞ്ഞുവരുന്ന സാഹചര്യം കൂടി കണക്കിലെടുക്കുമ്പോൾ നമ്മൾ ദീർഘവീക്ഷണത്തോടു കൂടിയും കരുതലോടുകൂടിയും വേണം നടപടികളെടുക്കാൻ എന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ പദ്ധതികൾ പൂർത്തീകരിക്കുന്ന കാര്യം. ഡിമാന്റ് ചർച്ചയിൽ വളരെ ശക്തമായി രണ്ട് ഭാഗത്തുനിന്നും വന്ന ഒരു പൊതുഅഭിപ്രായമാണ്. നമ്മുടെ പദ്ധതികൾ നീണ്ടുപോകുന്നു. വൈദ്യുതിയുടേതായാലും ജലസേചനത്തിന്റേതായാലും ശുദ്ധജലവിതരണത്തിന്റേതായാലും നമ്മുടെ പദ്ധതികൾ നീണ്ടുപോകുന്നതിന്റെ ഫലമായി നമുക്ക് വലിയ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നു. അതിന്റെ ഫലമായി കൂടുതൽ ചെലവ് വരുന്നുവെന്നു മാത്രമല്ല, ഉൽപ്പാദനം സമയത്തു നടക്കാത്തതിന്റെ ഫലമായി ഉൽപ്പാദനത്തിലൂടെ ഉണ്ടാക്കിയെടുക്കാവുന്ന ലാഭം ഇല്ലാതാകുന്നു. ഇങ്ങനെ രണ്ട് വഴിയിലുമുള്ള നഷ്ടമാണ് അതിന്റെ ഫലമായിട്ടുണ്ടാകുന്നത്. അതുകൊണ്ട് പദ്ധതികൾ സമയത്ത് പൂർത്തീകരിക്കുകയാണ് വേണ്ടത്. വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെടുത്തി ഒരു പ്രധാനപ്പെട്ട കാര്യം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ പല നിർദ്ദേശങ്ങളും വന്നു. വാളൻപുളിയുടേയും കുടംപുളിയുടേയും നികുതിയുടെ കാര്യം പ്രൊഫ. മീനാക്ഷി തമ്പാൻ സൂചിപ്പിച്ചു. ഗവണ്മെന്റ് തന്നെ അത് ആലോചിക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുപോലെ തേങ്ങാപ്പിണ്ണാക്കിന് നികുതി കുറയ്ക്കണം. നമ്മുടെ സംസ്ഥാനത്തെ എസ്.എസ്.ഐ. യൂണിറ്റുകളിൽനിന്നും ചെറുകിട യൂണിറ്റുകളിൽ നിന്നും വൻകിട യൂണിറ്റുകളുമായി ബന്ധപ്പെട്ട് ഉൽപ്പാദിപ്പിക്കുന്ന കറി പൗഡർ മറ്റ് സാധനങ്ങൾക്കുമുള്ള നികുതി കുറയ്ക്കണം. അത് എത്രത്തോളം കുറയ്ക്കാൻ കഴിയുമോ അത്രത്തോളം കുറയ്ക്കണം. കേരളത്തിൽ ഉണ്ടാക്കുന്ന ബിസ്ക്കറ്റുകൾക്കും മിഠായികൾക്കും ടാക്സ് വർദ്ധനവ് വന്നു. അത് കുറയ്ക്കേണ്ടത് കുറയ്ക്കണം. നമ്മുടെ കണക്കനുസരിച്ച് 200 കോടി രൂപയുടെ ബിസ്ക്കറ്റും മിഠായിയുമാണ് ഈ സംസ്ഥാനത്ത് വിറ്റഴിക്കുന്നത്. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ ഉണ്ടാകണം. കേരളത്തിലെ വളരെ പ്രധാനപ്പെട്ട ഒരു പൊതുമേഖലാ സ്ഥാപനമാണ് ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്. സിമന്റ് പെയിന്റ് ഉണ്ടാക്കുന്ന ഒരു സ്ഥാപനമാണ്. 12.5 ശതമാനം സെയിൽസ് ടാക്സും 16 ശതമാനം എക്സൈസ് ഡ്യൂട്ടിയും ആയി 28.5 ശതമാനം ആണ് ഇന്ന് അവർക്കുള്ള നികുതി. എന്നാൽ ഇപ്പോൾ ബഡ്ജറ്റിലെ വ്യവസ്ഥയനുസരിച്ച് എസ്.എസ്.ഐ. യൂണിറ്റുകൾ ഉണ്ടാക്കുന്ന സിമന്റ് പെയിന്റിന് നികുതി 6 ശതമാനമായി കുറച്ചു. അതിന്റെ ഫലമായിട്ട് ഈ പൊതുമേഖലാ സ്ഥാപനത്തിന് മാർക്കറ്റിൽ പിടിച്ചുനിൽക്കാൻ ബുദ്ധിമുട്ടുണ്ട്. സിമന്റ് പെയിന്റ് ഉണ്ടാക്കുന്നത് വനിതാ വ്യവസായ യൂണിറ്റുകളാണ്. വനിതകൾക്ക് തൊഴിൽ കൊടുക്കുന്ന ചില യൂണിറ്റുകളുണ്ടാകും. വൈറ്റ് സിമന്റാണ് അവർ മാർക്കറ്റ് ചെയ്യുന്നത്. വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണിത്. ട്രാവൻകൂർ സിമന്റ്സിന്റെ ചെയർമാൻ ശ്രീ. എബ്രഹാമും ബോർഡ് മെമ്പർ ശ്രീ. കാനം

LIBRARY ARCHIVES Kerala Legislative Assembly

രാജേന്ദ്രനും ഉൾപ്പെടെയുള്ള തൊഴിലാളി നേതാക്കന്മാരൊക്കെ അവരുടെ അനുഭവം ഞങ്ങളോട് പറഞ്ഞത് അവർക്ക് മാർക്കറ്റിൽ പിടിച്ചുനിൽക്കാൻ ബുദ്ധിമുട്ടായിരിക്കും, അതുകൊണ്ട് അവരുടെ നികുതി കുറയ്ക്കണമെന്നാണ്. അതുകൊണ്ട് പ്രത്യേകമായി അക്കാര്യം ചൂണ്ടിക്കാണിക്കുകയാണ്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിന്റെ കാര്യം ശ്രീ. നാരായണൻ പറഞ്ഞു. ഈ നികുതി മൂലം ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിൽ ഉണ്ടായ പ്രശ്നത്തെ സംബന്ധിച്ച് ഞാൻ ആവർത്തിക്കുന്നില്ല, നികുതിയുമായി ബന്ധപ്പെട്ട് പറയുമ്പോൾ നമ്മുടെ സംസ്ഥാനത്തുണ്ടാകുന്ന തകർച്ച, ആഗോളവൽക്കരണത്തിന്റെ ഫലമായി കേരളത്തിലെ കാർഷികോൽപ്പന്നങ്ങൾക്കു മാത്രമല്ല നമ്മുടെ വ്യവസായ മേഖലയ്ക്ക് മുഴുവൻ ഉണ്ടാക്കിയ തകർച്ച മറ്റ് പല സന്ദർഭങ്ങളിലും ചൂണ്ടിക്കാണിച്ചതുപോലെ 10,000 കോടി രൂപയുടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികളാണ് വിൽക്കാൻ തീരുമാനിച്ചത്. കേരളത്തിൽ വളരെ ലാഭകരമായി നടന്നുവരുന്ന ലാറ്റക്സ് ഉൾപ്പെടെയുള്ള, രാജ്യത്തിന്റെ സമ്പത്ത് ഉൽപ്പാദനത്തിലും തൊഴിൽ നൽകുന്നതിനും വലിയ പങ്ക് വഹിക്കുന്ന പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിൽക്കാൻ കാവൽ മന്ത്രിസഭ തീരുമാനിച്ച് നടപടികളായി. ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ ടൂറിസം ഡിപ്പാർട്ടുമെന്റ്, ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യ, ഇൻഡ്യൻ എയർലൈൻസ്, ഇയർ ഇൻഡ്യ, ഇ.എസ്.ഐ കോർപ്പറേഷൻ തുടങ്ങിയ രാജ്യത്തെ വലിയ പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെ സ്വകാര്യവൽക്കരിക്കാൻ നടത്തുന്ന നടപടി വളരെ ദൂരവ്യാപകമായ അപകടമുണ്ടാക്കുന്നതാണ്. 5000 കോടി രൂപയുടെ ഓഹരിയാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് അധികം താമസിയാതെ വാജ്പേയി ഗവൺമെന്റ് സ്വകാര്യമേഖലയ്ക്ക് കൈമാറിയത്. ഇപ്പോൾ കാവൽ ഗവൺമെന്റ് 10,000 കോടി രൂപയുടെ സ്വകാര്യവൽക്കരണം ടെലികോം മേഖലയിലേക്ക് എത്ര ദ്രുതഗതിയിൽ നടത്തുന്നു. മന്ത്രിസ്ഥാനത്തുനിന്നും ശ്രീ. ജഗ്മോഹനെ മാറ്റുന്നു. രാഷ്ട്രപതി പോലും അതിൽ അസംതൃപ്തി പ്രകടിപ്പിച്ചതായി പത്രവാർത്തയുണ്ട്. ഇതുപോലെ ഓരോ നടപടികൾ. എഫ്.എം. റേഡിയോ സ്വകാര്യവൽക്കരിക്കാനുള്ള നടപടികളായി. വളരെ ശക്തിയായി ഈ രാജ്യത്ത് ജനാധിപത്യവ്യവസ്ഥകളേയും രാഷ്ട്രീയ പ്രസ്ഥാനങ്ങളേയും കീഴ്വഴക്കങ്ങളേയുമൊക്കെ പുച്ഛിച്ചുകൊണ്ടാണ് കേന്ദ്ര മന്ത്രി ശ്രീ. പ്രമോദ് മഹാജൻ ഒരു ദിവസം രാത്രി പ്രഖ്യാപനം നടത്തിയത്. നടപടികളെടുത്തുകൊണ്ടിരിക്കുന്നു എന്ന്. ഞാനൊരു പ്രധാനപ്പെട്ട കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇത് പറയുക മാത്രമല്ല, ശ്രീ. ജഠ്മലാനി കഴിഞ്ഞ ദിവസം പാലക്കാട് വന്നു. നെല്ലിയാമ്പതി എന്നു പറയുന്നത് കേരളത്തിന്റെ വലിയ ഒരു ടൂറിസ്റ്റ് സമ്പത്താണ്. വളർന്നു വരുന്ന, വികസിച്ചു വരുന്ന പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി മേഖലയിൽ കേരള ഗവൺമെന്റിനെ അറിയിക്കാതെ പാലക്കാട് ജില്ലയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും ജില്ലാ കളക്ടറേയും അറിയിക്കാതെ ഒരു സ്വകാര്യ രഹസ്യ സന്ദർശനത്തിന് ശ്രീ. ജഠ്മലാനി വന്നു; ചർച്ചകൾ നടത്തി. ഇത് ഒരു പ്രധാനപ്പെട്ട പത്രം റിപ്പോർട്ട് ചെയ്തതാണ്, നെല്ലിയാമ്പതിയിൽ വന്ന് ഒരു വലിയ പദ്ധതി ആസൂത്രണം ചെയ്തു. അത് നമ്മുടെ സ്റ്റേറ്റ് ഗവൺമെന്റ് അറിയേണ്ട. ബി.ജെ.പി. സർക്കാരിന്റെ നടപടികൾ ഓരോന്നും അങ്ങനെയല്ലേ? ഇതൊന്നും സ്റ്റേറ്റ് ഗവൺമെന്റിനോടാലോചിക്കേണ്ടേ? കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ സംബന്ധിച്ച് തുടർന്നു വരുന്ന നടപടിക്രമങ്ങളൊക്കെ മാറ്റി ഏകപക്ഷീയമായ നടപടികൾ കേന്ദ്രം സ്വീകരിക്കുകയാണ്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഈ സഭയിൽ പറഞ്ഞു, കേരള

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ കാസർഗോഡ്, വയനാട് ജില്ലകളിൽ അവർ ആരംഭിക്കാൻ തീരുമാനിച്ച 'രാഷ്ട്ര പുനർനിർമ്മാണ വാഹിനി യോജന' യെപ്പറ്റി ബി.ജെ.പി. എല്ലാ മേഖലയിലും കാവി പുതപ്പിക്കുകയാണ്. 80 ലക്ഷം ചെറുപ്പക്കാരെയാണ് അവർ റിക്രൂട്ട് ചെയ്തത്. 80 ജില്ലകളിലാണ്. അവർക്ക് എല്ലാ സഹായവും നൽകുന്നു. എത്ര കോടി രൂപയാണ്? ഇപ്പോൾ രണ്ടാം ലേബർ കമ്മിഷനെ പ്രഖ്യാപിച്ചു. രണ്ടാം ലേബർ കമ്മിഷനെന്നു കേൾക്കുമ്പോൾ തൊഴിലാളി പ്രവർത്തകരായ ഞങ്ങളൊക്കെ സ്വാഗതം ചെയ്യേണ്ടതാണ്. പക്ഷേ ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുന്നില്ലെന്നു മാത്രമല്ല ഇത് ധിക്കാരപരമായ നിലപാടായിട്ടാണ് ഞങ്ങൾ കാണുന്നത്. എന്തിനാണ് രണ്ടാം ലേബർ കമ്മീഷൻ ഉണ്ടാക്കിയത്? അതിൽ സെൻട്രൽ ട്രേഡ് യൂണിയൻ പ്രതിനിധികൾ ആരുമില്ല. ഇപ്പോൾ ഈ കാവൽ മന്ത്രിസഭ രൂപീകരിച്ചതിൽ കേന്ദ്ര തൊഴിലാളി സംഘടനകളെയൊക്കെ ഒഴിവാക്കി. മറിച്ച് പുതിയ നയങ്ങളുടെ അടിസ്ഥാനത്തിൽ ഇൻഡ്യയിലെ നിയമനങ്ങളിൽ മാറ്റം വരുത്താൻ പിരിച്ചുവിടലും അടച്ചുപൂട്ടലും ഓഹരി വിൽപ്പനയും സാധൂകരിക്കാൻ കഴിയുന്ന വിധത്തിൽ ഇൻഡ്യയിൽ ഒരു രണ്ടാം ലേബർ കമ്മിഷനെ ഏകപക്ഷീയമായി രൂപീകരിച്ചിരിക്കുകയാണ് കേന്ദ്ര ഗവൺമെന്റ്. ആഗോളവൽക്കരണം, ഓഹരി വിൽപ്പന, പ്രത്യേകിച്ചും 10,000 കോടി രൂപയുടെ ഓഹരി വിൽക്കൽ നടപടി, ഏകപക്ഷീയമായ ലേബർ കമ്മിഷന്റെ രൂപീകരണം തുടങ്ങി ഈ രാജ്യത്തിന്റെ സാമ്പത്തിക അടിത്തറ തകർക്കുന്ന ഈ നടപടികൾക്കെതിരായി ഈ വരുന്ന 16-ാം തീയതി ഇൻഡ്യയിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾ, ഇൻഡ്യയിലെ ഇടതുപക്ഷ പാർട്ടികൾ പ്രതിഷേധദിനമായി ആചരിക്കുകയാണ്. ഈ ദിനാചരണത്തിൽ പങ്കെടുക്കണമെന്ന് ഞാൻ കോൺഗ്രസ്സുകാരായ സ്നേഹിതന്മാരോട് അഭ്യർത്ഥിക്കുകയാണ്. ബി.ജെ.പി.യുടെ നയങ്ങൾക്കെതിരായ ഈ സമരത്തിൽ നിങ്ങളുടെ പങ്കാളിത്തമുണ്ടാകണം. പറഞ്ഞിട്ട് കാര്യമില്ല, പറഞ്ഞാലും കേൾക്കില്ല, കൊണ്ടാലും അറിയില്ല. ഇപ്പോൾ പറയുന്നത് എന്താണ്? ശ്രീ. എ.കെ. ആന്റണിയുടെ പ്രസ്താവനയാണ്-പറയുന്നത് എന്താണ്? 'ഞങ്ങൾ ഒറ്റയ്ക്ക് ഭരിക്കും. ഞങ്ങൾ ഒറ്റയ്ക്ക് ജയിക്കും' ആരോടാണ് പറയുന്നത്? ഈ രാജ്യത്തെ ജനങ്ങൾ വിശ്വസിക്കുമോ? ശ്രീ. സത്യൻ മൊകേരി ഒരു കാര്യം രാവിലെ ഇവിടെ ചൂണ്ടിക്കാണിച്ചു. കോൺഗ്രസ്സിന്റെ സ്ഥിതിയെന്താണ്? 14 മാസങ്ങൾക്കു മുമ്പല്ലേ യു.പി.യിൽ 85 സീറ്റിൽ 75 സീറ്റിലും കെട്ടിവച്ച കാശ് പോയത്? കോൺഗ്രസ്സിന്റെ കാശാണ്. നാലു ലക്ഷം വോട്ടിന്റെ ഭൂരിപക്ഷം. രണ്ടു ലക്ഷത്തിന് ജയിച്ചു എന്ന് പറഞ്ഞ് ആനപ്പുറത്തിരുന്ന് ഞെളിയേണ്ട; അഹങ്കരിക്കേണ്ട. 1985-ൽ 75 സീറ്റിലും കെട്ടിവച്ച കാശ് പോയ പാർട്ടിയാണ് കോൺഗ്രസ്. എന്താണ് മഹാരാഷ്ട്രയിൽ? ശ്രീ. ശരദ്പവാർ ഉയർത്തിയ കോൺഗ്രസ്സിൽ, കോൺഗ്രസ്സുകാരൊക്കെ ശ്രീ. ശരദ്പവാറിന്റെ കൂടെ പോയി എന്നല്ലേ പറയുന്നത്? മഹാരാഷ്ട്രയിൽ ഇന്ന് കോൺഗ്രസ്സിന്റെ സ്ഥിതി എന്താണ്? പിന്നെ എവിടെ നിന്നു കിട്ടും ഒറ്റയ്ക്ക് ഭരിക്കാൻ? അവസാനം ശ്രീ. എ.കെ. ആന്റണിയുടെ പ്രസ്താവന. രണ്ടു ദിവസം മുമ്പ് പറയുകയാണ്. 'തെരഞ്ഞെടുപ്പിനുശേഷം ഒറ്റയ്ക്ക് ഞങ്ങൾക്ക് ഭൂരിപക്ഷം കിട്ടില്ല' എന്ന്. ഇപ്പോൾ ശ്രീ. എ.കെ. ആന്റണിക്ക് വെളിപാടുണ്ടായി. അദ്ദേഹം പറയുന്നു, തെരഞ്ഞെടുപ്പിനുശേഷം ഞങ്ങൾ ഐക്യമുന്നണി രൂപീകരിക്കും എന്ന്. ആര് നിങ്ങളെ വിശ്വസിക്കും? ശ്രീ. രാമചന്ദ്രൻ മാസ്റ്റർ പ്രസംഗിക്കുമ്പോൾ പറയണം. ശ്രീമതി സോണിയാഗാന്ധി 272 പേരുടെ പിന്തുണയുണ്ടെന്നു എഴുതി കൊടുത്ത് രണ്ടാഴ്ച കഴിഞ്ഞപ്പോൾ താഴേക്ക് പോയില്ലേ? ആരാണ് നിങ്ങളെ വിശ്വസിക്കുന്നത്? ബെൻസിലാലിനെ കയ്യൊ

LIBRARY ARCHIVES Kerala Legislative Assembly

ഴിയേണ്ടി വന്നില്ലേ? മറുപടി പറയണം. ഹരിയാനയിൽ ബെൻസിലാലിന് പിന്തുണ കൊടുത്തു. ബെൻസിലാലിനെ ബി.ജെ.പി.യിൽ നിന്ന് മാറ്റി. കോൺഗ്രസ്സ് പറയുന്നതൊക്കെ കേൾക്കണം തിട്ടൂരം കൊടുത്തു. ബെൻസിലാൽ പറഞ്ഞില്ലേ? ഇപ്പോൾ നടക്കില്ല. കോൺഗ്രസ്സും ബെൻസിലാലും തെറ്റി. ഏത് സ്റ്റേറ്റിൽ? ശ്രീമതി ജയലളിതയുടെ കാര്യം ഇവിടെ പറഞ്ഞു. സി.പി.ഐ. പോയില്ലേ? സി.പി.ഐ.ഉം സി.പി.ഐ.(എം)-ഉം ഐക്യമുണ്ടാക്കി. ക്ഷണിച്ച് പോയതാണ്. ക്ഷണിക്കാതെ പോയി അവിടെ ചെന്ന മുട്ടുമടക്കി കിടക്കുകയല്ല. ഇന്ദിരാഗാന്ധിയും എം.ജി. രാമചന്ദ്രനും ഭരിച്ചിരുന്ന കാലത്ത് ഒരു പാക്കേജുണ്ടത്രേ. മൂന്നിൽ രണ്ടുഭാഗം സീറ്റ് കോൺഗ്രസ്സിന് പാർലമെന്റിലും അസംബ്ലിയിൽ വന്നാൽ മൂന്നിൽ രണ്ടു ഭാഗം സീറ്റ് തമിഴ്നാട്ടിൽ ജയലളിതയുടെ പാർട്ടി (എ.ഐ.എ.ഡി.എം.കെ) യ്ക്കും കിട്ടണമെന്നായിരുന്നു അത്. കാലം പോയി അഞ്ചു സീറ്റ്പോലും തമിഴ്നാട്ടിൽ കിട്ടാൻ പോകുന്നില്ല. അവിടെ നാലാളുണ്ട് ശ്രീമാൻ എ.കെ.ആന്റണി തമിഴ്നാട്ടിൽ പോയി പെറ്റ് കിടക്കുകയാണ്. ഇന്നും അദ്ദേഹം തമിഴ്നാട്ടിൽ ജയലളിതയുടെ മുമ്പിൽ പോയി. അഞ്ചു സീറ്റിനു വേണ്ടി ലാലുപ്രസാദ് യാദവിന്റെ മുമ്പിൽ പോയി. അഞ്ച് സീറ്റിൽ കഷ്ടിച്ച് കഴിഞ്ഞ പ്രാവശ്യം കടന്നുകൂടി. അഞ്ച് സീറ്റിന് യാചിച്ചു നിൽക്കുകയാണ്. അതുകൊണ്ട് എവിടെനിന്ന് വരും? കോൺഗ്രസ്സിന്റെ ഈ വമ്പ് പറച്ചിൽ, കോൺഗ്രസ്സിന്റെ ഈ അഹങ്കാരം, ആനപ്പുറത്തിരുന്നുള്ള ഞെളിയൽ അവസാനിപ്പിക്കണം. ശ്രീമാൻ എ.കെ. ആന്റണി ഒരു കാര്യമെങ്കിലും യഥാർത്ഥത്തിൽ പറഞ്ഞല്ലോ. ഒറ്റയ്ക്ക് ഞങ്ങൾക്ക് ഭൂരിപക്ഷം കിട്ടില്ല, ഒറ്റയ്ക്ക് ഞങ്ങൾക്ക് ഭൂരിപക്ഷമില്ല; ഞങ്ങൾ ഒറ്റയ്ക്ക് ഏറ്റവും വലിയ കക്ഷിയാകും എന്ന്. ഈ നിലപാടുമായി കോൺഗ്രസ്സ് പോയാൽ ഏറ്റവും വലിയ കക്ഷിയാകാനും പോകുന്നില്ല. ബി.ജി.പി. യെ കാവൽ മന്ത്രിസഭയായി തുടരാൻ അനുവദിച്ച, രാജ്യത്തോടു ചെയ്ത, ദേശത്തിനോട് ചെയ്ത, രാജ്യത്തിന്റെ ദേശാഭിമാനത്തെപ്പോലും ചോദ്യം ചെയ്യുന്ന വിധത്തിലുള്ള, നിങ്ങളുടെ ഈ നടപടിയല്ലേ ഈ കാവൽ മന്ത്രിസഭ? കഴിഞ്ഞ നാലഞ്ചു മാസമായി രാജ്യത്തിന്റെ ജനാധിപത്യത്തേയും പാർലമെന്ററി വ്യവസ്ഥകളേയുമെല്ലാം പുച്ഛിച്ചു കൊണ്ട് എടുത്തുകൊണ്ടിരിക്കുന്ന നടപടികളെല്ലാം നിങ്ങളുടെ നടപടികളുടെ ഫലമായല്ലേ? അതുകൊണ്ടുതന്നെയാണ് ഇടതുപക്ഷ ജനാധിപത്യ മതേതര ശക്തികൾ മൂന്നാം മുന്നണി യാഥാർത്ഥ്യമാക്കാൻ വേണ്ടിയുള്ള അതിശക്തമായ പരിശ്രമങ്ങൾ നടത്തുന്നതും ആഗ്രഹിക്കുന്നതും. 1967 കാലഘട്ടം മറക്കരുത്. സാവിത്രി ടീച്ചർ അന്ന് പാർട്ടിയിലുണ്ടായില്ല. പക്ഷെ ചരിത്രം പഠിക്കണം.1967-ൽ എട്ട് ഒൻപത് സീറ്റ്-ഒരു റോയിൽ ഇരിക്കാനുള്ള സീറ്റുണ്ടായില്ല. 1967-ൽ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മതേതര ശക്തികൾ എല്ലാം ഒന്നിച്ചുനിന്നുകൊണ്ട് ഐതിഹാസികമായ വിജയം നേടിയ ഒരു സംസ്ഥാനമാണ് കേരളം. ആ കേരളം, ഇൻഡ്യൻ പാർലമെന്റിലേക്ക് ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തിന്റെ കരുത്ത് വർദ്ധിപ്പിക്കാൻ 20-ൽ 20 സീറ്റും നേടാനുള്ള അതിശക്തമായ പ്രവർത്തനം ആർജ്ജവത്തോടുകൂടി നടത്തിയിട്ടാണ് ഞങ്ങൾ ഈ തെരഞ്ഞെടുപ്പിലേക്ക് ഇറങ്ങുന്നത്. ഞാൻ നിർത്തുന്നു. അതുകൊണ്ട് ഇനിയെങ്കിലും ഇതൊക്കെ കേട്ട് അൽപ്പമെങ്കിലും ആലോചനയുണ്ടാകട്ടെ എന്നു കൂടി പറഞ്ഞുകൊണ്ട് ഈ ധനകാര്യ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. സംസ്ഥാന ഗവൺമെന്റ് എടുക്കുന്ന നടപടികളെ ഒന്നുകൂടി പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി</u> : സർ, ഈ ധനകാര്യബില്ലിനെ എതിർക്കുന്നു. ധനകാര്യബില്ലിനെ സംബന്ധിച്ച് കണക്കുകളും മറ്റും ഉദ്ധരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ പരാമർശങ്ങൾ നടത്തി. ഞാൻ കണക്കുകളിലേയ്ക്കൊന്നും അധികം കടക്കുന്നില്ല. നമ്മുടെ നാട് വലിയ സാമ്പത്തിക പ്രതിസന്ധിയിലാണ്. കടങ്ങൾ വർദ്ധിക്കുന്നു. നികുതിവരുമാനങ്ങൾ പലതിലും കുറയുന്നു. നികുതി വരുമാനത്തിൽ പ്രതീക്ഷിച്ചത്ര വർദ്ധനവ് ഇല്ലാതിരിക്കുന്നു. ഇതെല്ലാം ഗവൺമെന്റ് കാണണമെന്നാണ് എനിക്ക് അടിവരയിട്ട് പറയുവാനുള്ളത്. നാട്ടിലുള്ള ധനപരമായ സംഭവവികാസങ്ങൾ ഗവൺമെന്റ് കാണാതിരിക്കരുത്. നികുതിവരുമാനം കൂടണമെങ്കിൽ നികുതി തരേണ്ടവന്റെ ക്രയശക്തി കൂടണം. ക്രയശക്തി എവിടെ നിൽക്കുന്നു എന്നുള്ളത് ദീർഘമായി വരച്ചു കാണിക്കാൻ എനിക്ക് സമയമില്ല. ഞാൻ ഒന്നുരണ്ടു ഉദാഹരണങ്ങൾ മാത്രം പറയാം. ഈ നാട്ടിലെ ജനങ്ങളുടെ പ്രധാനപ്പെട്ട ഒരു വരുമാനമാർഗ്ഗമാണ് കൃഷി. ഞാൻ അതിലേയ്ക്കൊന്നും അധികം കടക്കുന്നില്ല. പ്ലാന്റേഷൻ കോർപ്പറേഷൻ ഉൽപ്പാദിപ്പിക്കുന്ന ഒരു കിലോ റബ്ബറിന് ഉൽപ്പാദനച്ചെലവ് അമ്പത്തിരണ്ടര രൂപയാണ്. തെങ്ങിന്റെ കാര്യം ഇതിൽനിന്നും വ്യത്യസ്തമല്ല. ഇതിൽനിന്നും വ്യത്യസ്തമല്ല കുരുമുളക്. അടയ്ക്ക വ്യത്യസ്തമായിരിക്കാം. നെല്ലിന്റെ അവകാശവാദവും ഇവിടെ കേട്ടു. അതും ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. സെയിൽടാക്സ് കിട്ടണമെങ്കിൽ സാധനങ്ങൾ വാങ്ങണം. സാധനങ്ങൾ വാങ്ങാനുള്ള ക്രയശക്തി അവനുണ്ടോ? തൊഴിലവസരങ്ങൾ വർദ്ധിക്കണമെങ്കിൽ അതിനാവശ്യമായ നിലപാട് ഉണ്ടാകണം. ദൂരക്കാഴ്ചയോടുകൂടി ഇതു കണ്ടിട്ടുണ്ടോ? കൃഷിയോടനുബന്ധമായ വ്യവസായങ്ങൾ നടത്തി കൃഷിയേയും മനുഷ്യപ്രയത്നത്തേയും ഉപയോഗപ്പെടുത്തി വിദേശത്തുനിന്നും വല്ലതും നേടാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ? നികുതി കുടിശ്ശിക കൂടിവരുന്നു. ഈ കുടിശ്ശിക പിരിച്ചെടുക്കാൻ വളരെ അനാകർഷണീയമായിട്ടാണ് ചില ഒഴിവുകൾ വച്ചിട്ടുള്ളത്. 40 ശതമാനം പലിശ കുറഞ്ഞതുകൊണ്ടൊന്നും ക്രയശക്തിയില്ലാത്തവന് നികുതി അടയ്ക്കാൻ കഴിയുകയില്ല. കാർഷികാദായ നികുതിയുടെ സ്ഥിതി എന്താണ്? അവൻ അടയ്ക്കാത്തത് തട്ടിപ്പിനുവേണ്ടിയല്ല. അടയ്ക്കാൻ കഴിയാത്തതുകൊണ്ടാണ്. കഴിയാത്തവരോട് എങ്ങനെ നികുതി വസൂലാക്കും? ഈ 40 ശതമാനം കിഴിവ്കൊണ്ട് അത് സാധിക്കുമോ? സെയിൽടാക്സ് കച്ചവടക്കാരൻ തരേണ്ടതല്ല. ഇരക്കുന്നവൻ വരെ വാങ്ങുന്ന സാധനങ്ങൾക്ക്..... ഒരു പിരിവുകാരൻ എന്നുള്ള നിലയ്ക്ക് ഏൽപ്പിച്ചിട്ടുള്ള ഫണ്ടാണ്. അത് നമുക്ക് പൂർണ്ണമായും ലഭിക്കണം. ഇത് ലഭിക്കാതിരിക്കുന്നതിൽ, 52 കൊല്ലം പിന്നിട്ടിട്ടും നികുതിദായകനും ഉദ്യോഗസ്ഥനും തമ്മിലുള്ള ഒരു രഞ്ജിപ്പ് ഉണ്ടായിട്ടില്ല എന്ന് വ്യക്തമാക്കുന്നു. ഞാൻ മനസ്സിലാക്കുന്നത് പരിഷ്കൃത രാജ്യങ്ങളിലൊക്കെ നികുതിതട്ടിപ്പ് നടത്തുന്നത് വളരെ അധാർമ്മികമാണ് എന്നാണ്. സമൂഹത്തിൽ ആ നില വരണം. അതിന് ഇന്നത്തെ സമീപനങ്ങൾ മാറ്റണം. ഈ കണക്കുകളൊക്കെ വച്ച് ബുദ്ധിമുട്ടുന്നതിനു പകരം..... എനിക്ക് സാമ്പത്തിക ശാസ്ത്രത്തിലോ നികുതിഘടനയിലോ ഒരു വിവരവുമില്ല. വിൽപ്പനനികുതി ഏകമുഖമാക്കിയാൽ എത്ര ക്ലറിക്കൽ ജോലി കുറയും. എത്ര റിട്ടേൺസിന്റെ പ്രയാസങ്ങൾ കുറയും. ഇതൊന്നും ചെയ്തുകൂടെ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ജനങ്ങളുടെ ക്രയശക്തി മനസ്സിലാക്കി നികുതിഘടനയിൽ മാറ്റം വരുത്തണം, ഗൾഫ് രാജ്യങ്ങളാണ് ഇന്നത്തെ വരുമാനമാർഗ്ഗങ്ങളിലൊന്ന്. അത് അപകടത്തിലേയ്ക്ക് നീങ്ങിയിരിക്കുകയാണ്. എണ്ണയുടെ വില 50 ശതമാനം കുറഞ്ഞിരിക്കുന്നു. അറബികൾ വെപ്രാളത്തിലാണ്. വിസകൾ മടക്കിക്കൊടുത്ത് ആളുകളെ പറഞ്ഞയയ്ക്കുന്നു. ഒരു വിസ പോലും പുതിയതായി കിട്ടാനുള്ള പരിതഃസ്ഥിതിയില്ല. ഇതുംകൂടി വന്നാൽ നമ്മുടെ സാമ്പത്തികഘടന എവിടെയെത്തും എന്നുള്ളത് ഗവൺമെന്റ് ചിന്തിച്ച്

LIBRARY ARCHIVES Kerala Legislative Assembly

അതിനനുസരിച്ചുള്ള പദ്ധതികൾ ഉണ്ടാക്കിയില്ലാ എങ്കിൽ നമ്മുടെ സാമ്പത്തിക ഘടനയിൽ ഉണ്ടാകുന്ന അപകടം വളരെ ദുർഘടം ആയിരിക്കും. ബാങ്ക് നിക്ഷേപവും ആ നിക്ഷേപത്തിൽ നിന്ന് ഇവിടെ ചെലവാക്കുന്ന ലോൺ ശതമാനത്തെക്കുറിച്ചുമൊക്കെ ഇവിടെ പറഞ്ഞു. ഞാൻ അടിവരയിട്ടു പറയുന്നു, ബാങ്ക് നിക്ഷേപം ഗണ്യമായി കുറയും. അതും വികസനത്തെ പ്രതികൂലമായി ബാധിക്കും. ഇന്ന് വികസനകാര്യങ്ങൾക്കുള്ള ചെലവ് വളരെ കൂടിയിട്ടുണ്ട്. സിമന്റിന്റേയും കമ്പിയുടേയും വില കുറഞ്ഞത് കണക്കിലെടുക്കാതെയല്ല ഞാൻ പറയുന്നത്. തൊഴിലാളിക്കു കൊടുക്കേണ്ട വേതനം ഒട്ടും കുറയ്ക്കാൻ കഴിയില്ല. അങ്ങനെയാണ് അവൻ വാങ്ങുന്ന സാധനത്തിന്റെ വില. ഇതനുസരിച്ച് നടക്കുമ്പോൾ വികസനകാര്യങ്ങൾ കുറയും. വികസനകാര്യങ്ങൾ കുറഞ്ഞാൽ അത് പണത്തെ പ്രതികൂലമായി ബാധിക്കും. ഇതെല്ലാം ഒരു അവലോകനം നടത്തി നമ്മുടെ രാജ്യത്തെ സമ്പദ്ഘടനയെ രക്ഷിച്ചെടുക്കാൻ ഒരു വിദഗ്ദ്ധമായ സമീപനം ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഇൻഡ്യയിൽ വന്നുചേർന്നിട്ടുള്ള ഫാസിസ്റ്റ് സംവിധാനത്തെ പ്രതിരോധിക്കാൻ ഞാൻ ഉൾക്കൊള്ളുന്ന പാർട്ടി മറ്റാരേക്കാളും മുൻകൈയെടുത്ത്, ഇവിടേയും പുറത്തും നിരന്തരമായ ശ്രമം നടത്തി. 25 ശതമാനം വോട്ടാണ് ബി.ജെ.പി.ക്കും സഖ്യകക്ഷികൾക്കുംകൂടി കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കിട്ടിയിട്ടുള്ളത്. 75 ശതമാനം വോട്ട് കിട്ടിയത് ബി. ജെ.പി. ഭരിക്കരുത് എന്ന് പറയുന്നവർക്കാണ്. ഇത് ഏകീകരിക്കാൻ സമയമായില്ലേ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. 'സമയമായില്ലേ' എന്ന് ചോദ്യത്തിന് വളരെ പ്രസക്തിയുണ്ട്. ജനാധിപത്യത്തിൽകൂടിയാണ് ഫാസിസ്റ്റ് ശക്തികൾ അധികാരത്തിൽ വന്നത്. അത് ജനാധിപത്യ സംവിധാനം കൊണ്ടുതന്നെ പ്രതിരോധിക്കണം. ഫാസിസം അതിന്റെ മൂർദ്ധന്യതയിൽ എത്തിയാൽ ജനാധിപത്യം ഉണ്ടോ? എന്നേക്കാൾ പഠിച്ചവരാണ് അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർ. ഞാൻ ചോദിക്കട്ടെ, എന്താണ് ഫാസിസം? ജർമ്മനിയിൽ നാം അതു കണ്ടു. 20 ലക്ഷം ജൂതന്മാരെയാണ് കൊന്നൊടുക്കിയത്. ഒരു തോക്കിന്റെ ഉണ്ടയും ജൂതനുവേണ്ടി വിനിയോഗിക്കരുത്. അതുകൊണ്ട് ഗ്യാസ് സിലിണ്ടറിൽ ഇട്ട് ഉരുക്കിക്കളയുകയാണ് ഹിറ്റ്ലർ ചെയ്തത്. അതുകൊണ്ടും അവസാനിച്ചില്ല. പൂർണ്ണമായും ജന്മംകൊണ്ട് ഞങ്ങൾ ശ്രേഷ്ഠരാണെന്നും ലോകം ഞങ്ങളുടെ കീഴിൽ നിൽക്കണം എന്നുമുള്ള അഭിലാഷത്തിൽ മുന്നോട്ടു പോയി. എന്തുണ്ടായി? ഇറ്റലിയെ കിട്ടി, ടോജോവിനെ കിട്ടി. ലോകമഹായുദ്ധം നടത്തികളയാം. ലോകമഹായുദ്ധത്തിൽ ഈ ചുറ്റുപാട് വന്നിട്ടില്ലായിരുന്നുവെങ്കിൽ ലോകം ഫാസിസത്തിന് അടിമയാകുമായിരുന്നു. ഈ ഫാസിസം ഇനി ഭൂലോകത്ത് നഗ്നനൃത്തം നടത്തുമെന്ന് ആർക്കും തോന്നിയില്ല. അത് ഭാരതത്തിലാണ് ഉണ്ടായത്. ഞാൻ ഇതു പറയുന്നത് അടിവരയിട്ടാണ്. യൂറോപ്പിനേക്കാളും ഏഷ്യയിലേയും ആഫ്രിക്കയിലേയും മറ്റ് രാജ്യത്തേക്കാളും എല്ലാം, മറ്റ് രാജ്യങ്ങൾ പലതിനേക്കാളും.....

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ഉന്നയിച്ചത്. ടോജോ, മുസ്സോളിനി തുടങ്ങിയ ശക്തികൾ ഫാസിസത്തിനെതിരായി ഏറ്റവും വലിയ ചെറുപ്പുനിൽപ്പ് നടത്തി. രണ്ട് കോടി ചെമ്പടയെ കുരുതികൊടുത്തു കൊണ്ട്.....

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : അത് ഞാൻ പറയാൻ പോകുകയാണ്. ഇവിടെ ഒരിക്കൽക്കൂടി പറഞ്ഞാൽ ആവർത്തനമാകും എന്നുവച്ചാണ്

LIBRARY ARCHIVES Kerala Legislative Assembly

പറയാതിരുന്നത്. കമ്മ്യൂണിസം സാമ്രാജ്യത്വത്തിന് എതിരാണ്. സോവിയറ്റ് യൂണിയൻ ആ യുദ്ധത്തിൽ ഏർപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ ആ സാമ്രാജ്യത്വത്തോടൊപ്പം ചേർന്ന് ലോകഭൂപടം തന്നെ കാണില്ലായിരുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. രണ്ടരക്കോടി ജനങ്ങളെയാണ് കുരുതി കൊടുത്തത്. അപ്പോഴേയ്ക്കും ആറ്റംബോംബ് കണ്ടുപിടിച്ചു. അതിനാണ് പ്രതിരോധിക്കാൻ കഴിഞ്ഞത്. ചരിത്രകാലവും ചരിത്രാതീതകാലവും എടുത്തുനോക്കിയാൽ ഇൻഡ്യയ്ക്ക് മഹത്തായ ഒരു പാരമ്പര്യം ഉണ്ടെന്നു കാണാൻ കഴിയും. ഈ പാരമ്പര്യമെല്ലാം കളഞ്ഞുകുളിച്ച് ഈ രാജ്യം ഫാസിസത്തിന്റെ നീരാളിപിടിത്തത്തിൽ അമരുമ്പോൾ ഈ ധാർമ്മികശക്തി ഇത്ര ഉണർന്നാൽ മതിയോ എന്നു ചോദിക്കുമ്പോൾ ഇതു നമ്മളെ നശിപ്പിക്കും എന്നുള്ള ഒരു ധാരണ വന്നിട്ടുണ്ട്. ദേശസ്നേഹപരമായ ഒരു സമീപനമാണ് ഞങ്ങളുടേത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സോവിയറ്റ് റഷ്യ, അതുപോലെ ചെമ്പട ഈ യുദ്ധത്തിൽ എന്നാണ് പങ്കാളികൾ ആയത്? ബ്രിട്ടൺ, അമേരിക്ക തുടങ്ങിയ രാജ്യങ്ങൾ ഹിറ്റ്ലറുമായി പോരാടുമ്പോൾ സാമ്രാജ്യത്വ യുദ്ധമാണ്. എന്ന് പറഞ്ഞ് നിൽക്കുകയും, പിന്നീട് ഹിറ്റ്ലറുമായി കൈകോർത്തുപിടിച്ച് ചില പ്രദേശങ്ങൾ കൈയിൽ വയ്ക്കുകയും ചെയ്തു. അതിനുശേഷം, റഷ്യയുടെ പ്രദേശത്തേയ്ക്ക് കയറിയതിനുശേഷം മാത്രമാണ് മഹാസഖ്യത്തിൽ ചേർന്ന് റഷ്യ യുദ്ധത്തിൽ പങ്കാളിയായത് എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : ഞാൻ ഒന്നുകൂടി പറയാം. സഖ്യകക്ഷികൾ ആക്രമിച്ചപ്പോഴാണ് സോവിയറ്റ് യൂണിയനിലും യുദ്ധം ഉണ്ടായത്. ഭക്ഷണത്തിനുവേണ്ടി ഗോതമ്പ് വയലുകൾ ആക്രമിച്ചു. അത് ഒരു വസ്തുതയാണ്. എനിക്ക് ആ ചരിത്രം അറിയാം.

ശ്രീ. ടി. ശിവദാസമേനോൻ : സർ, ആ സമയം ഹിറ്റ്ലറുടെ പട കിഴക്കോട്ടു വയ്ക്കുന്നതിനുപകരം പടിഞ്ഞാറോട്ടു വച്ചു. തക്കസമയത്ത് ഹിറ്റ്ലറെ ആക്രമിച്ചു. ഹിറ്റ്ലർ കുതിച്ചു വന്നു. ലെനിൻഗ്രാഡ് വരെ എത്തി. ചരിത്രത്തിലെ എഴുതപ്പെട്ട സത്യങ്ങളൊന്നും മാറാൻ പോകുന്നില്ല, ബഹുമാനപ്പെട്ട ആര്യാടൻ.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : എനിക്ക് ആ ചരിത്രം അറിയാം. പക്ഷേ സോവിയറ്റ് യൂണിയന്റെ ആ യുദ്ധത്തിലുള്ള പങ്ക് നിർണ്ണായകയമായിരുന്നു എന്നുള്ളത് ഒരു വസ്തുതയാണ്. എങ്ങനെ പങ്കെടുത്തു എന്നുള്ളതിനെ സംബന്ധിച്ച്....ഗോതമ്പ് വയലുകളെ ആക്രമിച്ചപ്പോഴാണ്. ഹിറ്റ്ലറുമായി അനാക്രമണസന്ധിയായിരുന്നു. ഹിറ്റ്ലർ നടപ്പാക്കുന്നത് ഫാസിസ്റ്റ് സാമ്രാജ്യത്വമാണെന്ന് അറിഞ്ഞുകൊണ്ടല്ല ആ സഖ്യം എന്നുള്ളത് ഞാൻ നിഷേധിക്കുന്നില്ല.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : ബ്രിട്ടൻപോയി സന്ധിയുണ്ടാക്കിയ സമയത്ത് റഷ്യ പറഞ്ഞുകൊണ്ട്, ഒന്നിച്ച് സന്ധിയുണ്ടാക്കുന്നതിന് വിപരീതമായിട്ട് ബ്രിട്ടൻ ഹിറ്റ്ലറുമായിട്ട് സന്ധിയുണ്ടാക്കിയതിനുശേഷമാണ് റഷ്യ ഹിറ്റ്ലറുമായിട്ട് സന്ധി ഉണ്ടാക്കിയത്.

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : അതു ശരിയാണ്. ബ്രിട്ടൻ സന്ധിയുണ്ടാക്കിയതിനുശേഷമാണ് സോവിയറ്റ് യൂണിയനുമായി സന്ധിയു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടാക്കിയത്. അത് ഞാൻ സമ്മതിക്കുന്നു. പക്ഷേ, ആ യുദ്ധത്തിൽ ബ്രിട്ടൻ രാഷ്ട്രത്തോട് പറഞ്ഞത് ഞാൻ ഓർക്കുകയാണ്. 'ഇതിനെ പ്രതിരോധിക്കാൻ, ഈ പാരമ്പര്യമുള്ള നാട്ടുകാർക്ക് എനിക്ക് കൊടുക്കാനുള്ളത് കണ്ണുനീരും ചോരയും മാത്രമാണ്' എന്നായിരുന്നു. ഞാൻ പറയട്ടെ: ഭാരത ഭൂപ്രദേശം വളരെ പവിത്രമാണ്. ഈ പവിത്രമായ സ്ഥലത്ത് ഇവർ അധികാരമുറപ്പിച്ച പ്പോൾ ഉണ്ടാകാവുന്ന സംഭവവികാസങ്ങൾ ജർമ്മനിയുടെ ചരിത്രത്തിൽ നിന്നും നമുക്കറിയാം; കഴിഞ്ഞ തെരഞ്ഞെടുപ്പ് വാഗ്ദാനത്തിൽനിന്നും നമുക്കറിയാം. തെരഞ്ഞെടുപ്പ് വാഗ്ദാനം അതിലേയ്ക്ക് എത്തിക്കുന്ന കാര്യങ്ങളാണ് സവിസ്തരം പ്രതിപാദിച്ചിട്ടുള്ളത്. ബജ്റംഗ്ദളും..... എന്നിക്കവരുടെ പേരൊന്നും അറിഞ്ഞുകൂടാ, അടിയന്തിരമായി നടപ്പാക്കിയ വിധ്വംസക സംവിധാനങ്ങൾ എന്താണ്? ഇരിക്കാൻ സ്ഥലം കിട്ടുന്നതിനുമുമ്പ് പറഞ്ഞത് ബി.ജെ.പി. വിരുദ്ധൻമാരുടെ സഖ്യം കൊണ്ടാണ് ഭരിക്കുന്നത് എന്ന്. ഞങ്ങൾ പറഞ്ഞു ഇതുണ്ടാക്കണം എന്ന്. ഇത് മുസ്ലീങ്ങളെ നാമാവശേഷം ചെയ്യുമെന്നുള്ളതുകൊണ്ടുമാത്രമല്ല ഞങ്ങൾ പറഞ്ഞത്. ഇത് ഈ രാജ്യത്തിന് ആപത്താണ്. ഇവിടെ മുസ്ലീങ്ങൾക്ക് മാത്രമല്ല ആപത്ത്. ഇവിടെ ശൂദ്രർ എന്നുപറയുന്നവർക്ക് യാതൊരു വിധത്തിലുള്ള അവകാശവും കൊടുക്കുകയില്ലായെന്ന് അസന്നിഗ്ധമായി പറയുന്നു. ശൂദ്രനല്ലാത്തവൻ ഈ കേരളത്തിലുള്ളത് വിരലുകൊണ്ട് എണ്ണാവുന്നതുമാത്രമാണ്. അപ്പോൾ ഇതിന്റെ നഗ്നതാണ്ഡവം, ഈ രാജ്യത്ത് വർണ്ണാധിപത്യം, മൂന്നു വർണ്ണങ്ങൾ ഭരിക്കുക. പിന്നോക്കജാതിക്കാരും ശൂദ്രരും എന്താണ് പറയുന്നതെന്നറിയാമോ? ഞാനിവിടെ പറയാൻ മടികാണിക്കുന്നില്ല. വിൽക്കാം, പണയം വയ്ക്കാം. കമ്മ്യൂണിസ്റ്റുകാരനും, മുസ്ലീങ്ങളും ക്രിസ്ത്യാനികളും ഇവിടെ ഇറക്കുമതി ചെയ്തതാണ്. ഇവിടെ പ്രവർത്തിക്കാൻ അനുവദിക്കുകയില്ല. ഇതിന് ഞങ്ങൾ ഉറ്റുനോക്കുന്നത് എല്ലാവരേയുമാണ്. ഇതിൽ ഇത് സംഭവിക്കണം. ഇത് ഞങ്ങൾക്ക് ആപത്ത് വരുത്തുന്നതല്ല. ഒരു വിഭാഗത്തിനും ആപത്ത് വരുത്തുന്നതിനല്ല. ചരിത്രത്തിനു മുമ്പുള്ള കാലഘട്ടത്തിൽ പുരാണങ്ങളിൽ കാണുന്ന ഇൻഡ്യ മഹത്വമാണ്. ഒരു കാരണവശാലും ഈ ഫാസിസ്റ്റുകൾക്ക് മലീമസപ്പെടുത്താനുള്ളതല്ല ഈ രാജ്യം. ഇതു മനസ്സിലാക്കണം. ബ്രീട്ടീഷുകാരനോട് സ്വാതന്ത്ര്യം വാങ്ങാൻ നമ്മൾ എന്താണ് ചെയ്തത്? കോൺഗ്രസ്കാരനും, കമ്മ്യൂണിസ്റ്റുകാരനും മെമ്പറല്ലേ? മുസ്ലീംലീഗുകാർ മെമ്പറല്ലേ? സോഷ്യലിസ്റ്റുകാരൻ മെമ്പറല്ലേ? ഒന്നിച്ച് അണിനിരന്ന് മുന്നോട്ടുവന്നു, സ്വാതന്ത്ര്യം വാങ്ങി. ഈ രാജ്യത്തിന്റെ ദേശീയത എവിടെപ്പോയി? ഈ സന്ദർഭത്തിൽ നമുക്ക് ഇതെല്ലാം മറന്നുകൂടേ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ഇലക്ഷൻ ആസന്നമായി. ഞങ്ങളുടെ ആകാംക്ഷ ഞങ്ങൾ നശിച്ചുപോകുന്നതിൽ മാത്രമല്ല. ഞാനൊരിക്കൽ പറഞ്ഞു. ഈ രാജ്യത്തിന്റെ പവിത്രത നിലനിൽക്കണം. അതിന് ജനാധിപത്യ മാർഗ്ഗത്തിൽ ഉപയോഗിക്കാനുള്ള മാർഗ്ഗം ഇതാ വിളംബരം ചെയ്തിരിക്കുന്നു- ഇലക്ഷൻ. വിശാലമായി ചിന്തിക്കണം. പോകണം. കഴിഞ്ഞകാലത്ത് ആരാണ് കുറ്റക്കാരൻ, ആരാണ് ഇതിന്റെ കാരണക്കാരൻ എന്നൊന്നും വിശകലനം ചെയ്തിട്ട് കാര്യമില്ല. പ്രായോഗികതയാണ് കാര്യം. ആ പ്രായോഗികതയിലേയ്ക്ക് നീങ്ങണം എന്നാണ് എനിക്ക് പറയാനുള്ളത്. ഇന്നത്തെ സംവാദത്തിൽ ഒരു കാര്യംകൂടി വ്യക്തമാക്കാൻ ഞാൻ ബാധ്യസ്ഥനാണ്. ന്യൂനപക്ഷ പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം കാര്യങ്ങൾ മനസ്സിലാക്കാതെ പരാമർശങ്ങൾ നടത്തും. ജനാധിപത്യ തത്വശാസ്ത്രം ഞാൻ പഠിച്ചിട്ടില്ല. പഠിച്ചവർ ആ ഭാഗത്തുമുണ്ട്, ഈ ഭാഗത്തുമുണ്ട്. എനിക്ക് പറയാനുള്ളത് ജനാധിപത്യ തത്വശാസ്ത്രം പറയുന്നത്, ന്യൂനപക്ഷങ്ങൾ സംതൃപ്തരായെങ്കിൽ മാത്രമേ ആ

LIBRARY ARCHIVES Kerala Legislative Assembly

രാജ്യങ്ങളിൽ ജനാധിപത്യം ജീവിക്കുന്നുള്ളുവെന്നുള്ളതാണ്. ന്യൂനപക്ഷങ്ങൾ സംതൃപ്തരായിരിക്കണം. ഇതിൽ സംതൃപ്തി വേണ്ടത് ന്യൂനപക്ഷ വിഭാഗങ്ങൾക്കാണ്. സംതൃപ്തരാണെന്ന് നിങ്ങൾ പറഞ്ഞാൽ പോര. അവർ സംതൃപ്തരാകണം. അങ്ങനെ സംതൃപ്തരാക്കുന്ന ചുറ്റുപാടിൽ നേടിയെടുക്കേണ്ട കാര്യങ്ങൾക്കുവേണ്ടി സംഘടിച്ച് പ്രവർത്തിക്കുന്നതിനെ എന്തിനോടോ ഉപമിച്ചുപറയുന്നത് രാഷ്ട്രീയം പഠിക്കാഞ്ഞിട്ടാണ്, അനുഭവമില്ലാഞ്ഞിട്ടാണ് എന്ന് ഞാൻ പറയുന്നതിൽ പരിഭവിക്കരുത്. ഇതാണ് യാഥാർത്ഥ്യം ന്യൂനപക്ഷപ്രശ്നങ്ങളിൽനിന്ന് ഒരു അണുപോലും വ്യതിചലിച്ച് 52 വർഷത്തെ ചരിത്രത്തിൽ ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗ് ഏതെങ്കിലും ഒരു കാര്യം ചെയ്തുവെന്ന് തെളിയിക്കാൻ ഞാൻ വെല്ലുവിളിക്കുന്നു. സാധ്യമല്ല. ആ രൂപത്തിൽ പ്രവർത്തിക്കുന്ന ഒരു കക്ഷിയെ സംബന്ധിച്ച് 'യജമാനനും എനിക്കും പത്ത്' എന്നുള്ള അർത്ഥത്തിൽ വ്യാപരിക്കുന്നത് പഠിക്കാഞ്ഞിട്ടോ അല്ലെങ്കിൽ കാര്യങ്ങൾ മനസ്സിലാക്കാഞ്ഞിട്ടോ ആണ് എന്ന് ഞാൻ അഭിപ്രായപ്പെടുകയാണ്. ഇവിടെ ന്യൂനപക്ഷ പ്രശ്നങ്ങളില്ലേ? അവരുടെ ആവശ്യങ്ങളില്ലേ? ഇൻഡ്യയിൽ 43 മുസ്ലീം കേന്ദ്രീകൃത ജില്ലകളുണ്ട്. ആ ജില്ലകളിൽ ജമ്മുവും കേരളവും ഒഴിച്ചുള്ളതിന്റെ എട്ടുവർഷത്തിനുമുമ്പുള്ള കണക്കേ എന്റെ കൈയിലുള്ളൂ. ഇൻഡ്യൻ ശരാശരിയിൽ 17 മുതൽ 35 വരെയാണ് മുസ്ലീം ജനസംഖ്യ നിൽക്കുന്നത്. അതിൽ ബംഗാളുണ്ട്. യു.പി. യുണ്ട്, ബീഹാറുണ്ട്. ഇത് സംസാരിക്കുന്ന കണക്കാണ്. ആകെ 6 ജില്ലയേയുള്ളൂ; ഇവിടുത്തെ കഥ പറയാം. കേരളം വളരെ പുരോഗമനപരമായ സ്റ്റേറ്റല്ലേ? എന്താണിവിടെ? 6.8 ശതമാനം ജോലിയാണ് മുസ്ലീങ്ങൾക്ക് കിട്ടിയിട്ടുള്ളത്. പതിനൊന്നോ, പന്ത്രണ്ടോ ശതമാനം റിസർവേഷനുണ്ട്. കിട്ടിയോ? എന്തുകൊണ്ട് കിട്ടിയില്ല? യോഗ്യതയുള്ളവരില്ല. യോഗ്യതയുള്ളവർ എന്തുകൊണ്ട് ഉണ്ടായില്ല? മെറിറ്റിൽ മത്സരിച്ച് പരീക്ഷയിൽ ജയിക്കാൻ കഴിഞ്ഞില്ല. അവന് സ്ഥാപനമുണ്ടെങ്കിൽ പാസ്സ് മാർക്ക് മാത്രം വാങ്ങിയെന്നുവരാം. സൗകര്യമുണ്ടാക്കിയോ? ഒരു കാലത്ത് ഞങ്ങൾക്ക് പഠിക്കണ്ടായെന്നു തോന്നി. ഇപ്പോൾ പഠിക്കണമെന്നു തോന്നി. ഞങ്ങൾക്ക് സ്ഥാപനമില്ല. എന്താണ് ഇതിന്റെ മാർഗ്ഗം? പഠിക്കണ്ടേ? ഇതിൽ ഇവരുടെ സ്ഥിതി വ്യത്യസ്തമാണോ? പറയത്തക്ക നിലയ്ക്കൊന്നും ഇതിൽനിന്നും വ്യത്യസ്തമല്ല. ഇവിടെ എന്തു നടപ്പാക്കും. എയ്ഡഡ് സ്ഥാപനങ്ങൾ കൊടുക്കാൻ ഗവണ്മെന്റിന്റെ കൈയിൽ പണമില്ല. അൺഎയ്ഡഡ് സ്ഥാപനങ്ങൾ കച്ചവടവുമാണ്. ഈ കച്ചവടമെല്ലാം മാറ്റി അത് സംശുദ്ധമാക്കാൻ ആർക്കാണ് ഉത്തരവാദിത്വം? ഭരണകൂടത്തിനല്ലേ? ഇതൊന്നു സംശുദ്ധമാക്കിക്കൂടേ? ഇത് സംശുദ്ധമാക്കിയിട്ട് സമൂഹത്തിൽ ഒപ്പം നിൽക്കുന്ന പ്രക്രിയയിൽ നിങ്ങളൊന്നും ചെയ്യാത്തവർ, സംഘടിക്കുകയും വേണ്ട എന്നു പറഞ്ഞാൽ ഈ ശരാശരി 17-ൽ നിൽക്കുകയില്ലേ ഞങ്ങൾ ചെയ്യുക. നിങ്ങൾ സൗകര്യം ചെയ്തുതരുമോ? ഇല്ല. ഈ ഗവണ്മെന്റ് ചെയ്ത കാര്യം നിങ്ങൾക്ക് കേൾക്കണോ? ഈ ഗവണ്മെന്റ് പ്ലസ്ടു കൊടുത്തു. പിന്നോക്കസമുദായത്തിന് എത്ര കൊടുത്തു? മുന്നോക്കസമുദായത്തിന് എത്ര കൊടുത്തു? പരിചിന്തനം ചെയ്തിട്ടുണ്ടോ? ഞങ്ങളുടെ ഈവക കാര്യങ്ങൾ കേൾക്കാനുള്ള ക്ഷമപോലും നിങ്ങൾ കാണിച്ചിട്ടുണ്ടോ? ഇല്ല. മുസ്ലീങ്ങളുടെ ചുറ്റുപാടിലിരിക്കാൻ ഇതാ എല്ലാ ഏജൻസികളും രംഗത്തു വന്നിരിക്കുന്നു. 43 ജില്ലകൾക്ക് മുസ്ലീം കേന്ദ്രീകൃത ജില്ലകൾ എന്ന നിലയ്ക്ക് ചില പദ്ധതികൾ (ഏരിയാ ഇൻഡസ്ട്രീസ് പ്രോഗ്രാം) ഞങ്ങൾ ഭരണത്തിൽ പങ്കുവഹിച്ചപ്പോൾ ഇവിടെ നിന്നും ശുപാർശ ചെയ്തുപോയി. കുറെ ബിൽഡിംഗുകളുണ്ടായി എന്നുള്ളതല്ലാതെ അത് ഇന്ന് ത്രിശങ്കുസ്വർഗ്ഗത്തിലല്ലേ? കുട്ടികളെ

LIBRARY ARCHIVES Kerala Legislative Assembly

പഠിപ്പിച്ചവൻ കുടുങ്ങിയില്ലേ? എത്ര ചോദ്യം ഇവിടെ ചോദിച്ചു. എത്ര ഉത്തരം പറഞ്ഞു 'പരിഗണനയിലുണ്ടെന്ന്' എന്തെങ്കിലും ചെയ്തോ? മദ്രസ്സകളെ പറ്റിയുള്ള ചോദ്യത്തിന് ഇപ്പോൾ കൊടുത്ത ഉത്തരമാണ് എന്നെ വല്ലാതെ വിഷമിപ്പിച്ചത്. മദ്രസ്സകളെപ്പറ്റിയുള്ള ഒരു ചോദ്യത്തിന് ഉത്തരം പറഞ്ഞത് 'അത് നയപരമായ ഒരു കാര്യമായതിനാൽ ക്യാബിനറ്റിൽ വയ്ക്കണം എന്നാണ്' ഇൻഡ്യാ ഗവണ്മെന്റ് തന്ന പണം അർഹതയുള്ള അപേക്ഷകന് കൊടുക്കാൻ ക്യാബിനറ്റിൽ വയ്ക്കുന്നത് എന്തിനാണ്?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : അത് കൊടുക്കാൻ ക്യാബിനറ്റിൽ വച്ച് തീരുമാനിച്ചുകഴിഞ്ഞു. അത് റിലീസ് ചെയ്തു.

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : നിങ്ങൾ അപേക്ഷ ക്ഷണിച്ചോ? അഖിലേന്ത്യാതലത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങൾ ഭരണത്തിൽ പങ്കുവഹിച്ചപ്പോഴല്ലാതെ അപേക്ഷ ക്ഷണിച്ചോ?

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : ബഹുമാനപ്പെട്ട ശിവദാസമേനോൻ പറഞ്ഞത് തീരുമാനിച്ചു എന്നാണ്. തീരുമാനിക്കുവാൻ വൈകിയതിന്റെ ഫലമായി കേന്ദ്രത്തിൽനിന്നും മദ്രസ്സകൾക്ക് രണ്ടാമത് കിട്ടുന്ന ഇൻഫ്രാസ്ട്രക്ച്ചർ നിങ്ങൾ നശിപ്പിച്ചു. 1996-ൽ ഇവിടെ കിട്ടിയ പണം നിങ്ങൾ 1999 വരെ പിടിച്ചുവച്ചു, എന്നിട്ട് ഇപ്പോൾ കൊടുത്തു എന്നുപറയുന്നതിന്റെ അർത്ഥം സമുദായാടിസ്ഥാനത്തിൽ കേന്ദ്ര ഗവണ്മെന്റിൽനിന്നും കിട്ടുന്ന പണം മൂന്നുകൊല്ലം ലാപ്സാക്കി എന്നാണ്.

ശ്രീ. ടി. ശിവദാസമേനോൻ : അങ്ങനെ ലാപ്സാക്കിയിട്ടില്ല.

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : വിദ്യാഭ്യാസ സ്കീമിന്റെ കഥയാണ് ഞാൻ പറഞ്ഞത്. പിന്നെയും നിവേദകസംഘം വന്നിരിക്കുന്നു. എന്തെങ്കിലും ഒന്ന് ചെയ്യണ്ടേ? ഞാൻ ചോദിക്കട്ടെ. ഇത്തരം കാര്യങ്ങളിൽ എടുത്തുപറയത്തക്ക രീതിയിൽ ന്യൂനപക്ഷ സംഘടനകൾ അനുഭവിക്കുന്ന ബുദ്ധിമുട്ടും വൈഷമ്യങ്ങളും സംബന്ധിച്ച് എല്ലാപേരും ഒരു പരിചിന്തനം നടത്തിയോ? അതു സംബന്ധിച്ച് എന്തെങ്കിലും ചെയ്തോ? ഈ നാട്ടിലെ ജനങ്ങളോട് പറഞ്ഞോ? പിന്നെ എന്ത് ന്യൂനപക്ഷ-പിന്നോക്ക പ്രേമമാണ് പറഞ്ഞത്?

മി. സ്പീക്കർ : പ്ലീസ്, പ്ലീസ്...

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : സാധാരണ എനിക്ക് ഒരു പതിവുണ്ട്. ചെയറിൽ നിന്നും വിലക്കിയാൽ ഞാൻ ഉടൻതന്നെ നിർത്തും. ഇനിയും കാര്യങ്ങൾ പറയുവാൻ ഉണ്ട്. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. ഒരിക്കൽ കൂടി ഈ ബില്ലിനെ എതിർക്കുന്നു.

ശ്രീ. പി. രാഘവൻ : സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണ്. 1999-2000-മാണ്ടിലേക്കുള്ള ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങൾക്ക് നിയമപ്രാബല്യം നൽകുന്ന ബില്ലായതുകൊണ്ടാണ് ഞാൻ ഇതിനെ അനുകൂലിക്കുന്നത്. കേരളത്തെ 21-ാം നൂറ്റാണ്ടിലേക്ക് നയിക്കുന്ന ഒരു ബഡ്ജറ്റാണ് കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട ടി. ശിവദാസമേനോൻ ഇവിടെ അവതരിപ്പിച്ചത്. ഇൻഡ്യാരാജ്യത്തിന്റെ സാമ്പത്തികസ്ഥിതിയിൽ നിന്നുകൊണ്ട് മാത്രമേ കേരളത്തിൽ ഒരു ബഡ്ജറ്റ് അവതരിപ്പിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് നമുക്ക് അറിയാം. കോടിക്കണക്കിനു രൂപയുടെ, ലക്ഷക്കണക്കിന് രൂപയുടെ, കൃത്യമായി പറയുവാൻ കഴിയില്ല. ഇൻഡ്യാ ഗവണ്മെന്റിന്റെ വിദേശ കടം നിലനിൽക്കുന്ന അവസരത്തിലാണ് കേരള ഗവണ്മെന്റ് ബഡ്ജറ്റ് അവത

LIBRARY ARCHIVES Kerala Legislative Assembly

രിപ്പിച്ചത്. 10-16 ആയിരം കോടിയോളം രൂപയുടെ കടം കേരളത്തിൽ നില നിൽക്കുകയാണ്. ഈ കടങ്ങളുടെയൊക്കെ നടുക്ക് നിന്നുകൊണ്ട് കേരള ത്തിൽ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്ക് പരമാവധി ക്ഷേമം നടപ്പിലാക്കു വാൻവേണ്ടി സാധിക്കുമെന്ന ലക്ഷ്യത്തോടെയുള്ള ഒരു ബഡ്ജറ്റാണ് ബഹുമാ നപ്പെട്ട ടി. ശിവദാസമേനോൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. കേരളത്തിലെ സമസ്ത മേഖലകളിൽ ഉണർവിന്റെയും വികസനത്തിന്റെയും പ്രഭാപൂരം പര ത്താൻ സാധിച്ച ഒരു ബഡ്ജറ്റായിരുന്നു ശ്രീ. ടി. ശിവദാസമേനോന്റേത്. ബി. ജെ.പി. ഗവണ്മെന്റ് 10,000 കോടി രൂപയുടെ നികുതിബാധ്യതകൾ ഇൻഡ്യ യിലെ ജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ചപ്പോൾ കേരളത്തിലെ മഹാഭൂരി പക്ഷം വരുന്ന ജനങ്ങളുടെമേൽ ഒരു നയാപൈസയുടെ നികുതിബാധ്യത പോലും ഏൽപ്പിക്കാതെയാണ് കഴിഞ്ഞ ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചതെന്ന് നമുക്ക് എല്ലാപേർക്കും അറിയാം. അതുപോലെ തന്നെയാണ് ഈ ബില്ല് അവ തരിപ്പിച്ചതും. സാധാരണക്കാരായ ജനങ്ങൾക്ക് നിരവധി ക്ഷേമസൗകര്യങ്ങൾ ഇതിനകത്ത് നൽകിയിട്ടുണ്ട്. നിരവധി ക്ഷേമനിധികളും പെൻഷൻ പദ്ധതി കളും മറ്റ് ആനുകൂല്യങ്ങളും ഈ ഗവണ്മെന്റ് പ്രഖ്യാപിച്ച് നടപ്പിലാക്കിക്കഴി ഞ്ഞിരിക്കുകയാണ്. മുൻ ഗവണ്മെന്റ് കുടിശ്ശികവച്ച കർഷകത്തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം ഇവ എല്ലാം തന്നെ കൊടുത്തുതീർത്തി രിക്കുകയാണ്. ഭവന നിർമ്മാണരംഗത്ത് വലിയ വിപ്ലവമാണ് നടത്തിക്കൊ ണ്ടിരിക്കുന്നത്. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട മുഴുവൻ ആൾക്കാർക്കും 2000-മാണ്ടാകുമ്പോഴേക്കും വീടുണ്ടാക്കികൊടുക്കുവാൻ ആവശ്യമായിട്ടുള്ള പദ്ധതി ഈ ഗവണ്മെന്റ് രൂപീകരിച്ചിട്ടുണ്ട്. 5 ലക്ഷം വീടുകളാണ് ഈ ഗവ ണ്മെന്റിന്റെ കാലാവധിക്കുമുമ്പ് പൂർത്തിയാക്കുവാൻ പോകുന്നത്. അതിൽ 1,09,000 വീടുകൾ നിർമ്മിച്ചുകൊടുത്തുകഴിഞ്ഞു. പിന്നോക്ക വിഭാഗത്തിൽപ്പെ ടുന്ന മുഴുവൻ ആൾക്കാർക്കും വീടുണ്ടാക്കി കൊടുക്കുന്നതിന് സമഗ്രമായ ഒരു പദ്ധതിക്കാണ് ഈ ഗവണ്മെന്റ് രൂപം കൊടുത്തിരിക്കുന്നത്. കശുവണ്ടി, കയർ, കൈത്തറി തുടങ്ങിയ എല്ലാ മേഖലകളിലും പെൻഷൻ പ്രഖ്യാപിക്കു കയും കുടിശ്ശിക കൊടുത്തുതീർക്കുകയും ചെയ്തു. അവരുടെ പെൻഷൻ തുക വർദ്ധിപ്പിച്ചു കഴിഞ്ഞിരിക്കുന്നു. ഭക്ഷ്യ സബ്സിഡിയെ സംബന്ധിച്ച് വളരെ വിശദമായി ഇന്നലെ ഇവിടെ സംസാരിച്ചു. ഈ ഗവണ്മെന്റ് ഭക്ഷ്യ സബ്സിഡി പൂർണ്ണമായി കൊടുത്തുകൊണ്ട് മാർക്കറ്റിംഗ് ഇന്റർവെൻഷൻ എന്ന പദ്ധതി നടപ്പിലാക്കി വിലനിലവാരം പിടിച്ചുനിർത്താൻ, വില കുറച്ചു കൊണ്ടുവരാൻ ഏർപ്പാട് ചെയ്തു. കർഷകരെ സഹായിക്കുന്നതിനുവേണ്ടി ആവശ്യമായിട്ടുള്ള നിരവധി പ്രവർത്തനങ്ങൾ കാർഷികരംഗത്ത് ഈ ഗവ ണ്മെന്റ് നടപ്പാക്കി. ഇതിനെല്ലാം പണം വേണ്ടേ? പുതിയ നികുതികളെ സംബ ന്ധിച്ച് പ്രതിപക്ഷത്തുള്ള അംഗങ്ങൾ പറഞ്ഞു, പിണ്ണാക്കിനു നികുതി വേണ്ട, കൊടംപുളിക്ക് നികുതി വേണ്ട എന്നൊക്കെ. ഈ നികുതികളൊന്നും ഈ ഗവണ്മെന്റ് പുതിയതായി കൊണ്ടുവന്നതല്ല. പിണ്ണാക്കിനും കൊടംപുളിക്കു മൊക്കെ നികുതികുറയ്ക്കുകയാണ് ഈ ഗവണ്മെന്റ് ചെയ്തത്. എന്നിട്ട് പ്രൊഫ: സാവിത്രി ലക്ഷ്മണനെപ്പോലുള്ളവർ പറയുന്നത് ഈ ഗവ ണ്മെന്റാണ് നികുതി കൊണ്ടുവന്നതെന്നാണ്. മുമ്പ് 10 ശതമാനം നികുതി ഉണ്ടായിരുന്നത് 4 ശതമാനമായി കുറയ്ക്കുകയാണ് ഉണ്ടായത്. നിങ്ങൾ കൊണ്ടുവന്ന നികുതി കുറയ്ക്കുകയാണ് ഈ ഗവണ്മെന്റ് ചെയ്തത് എന്ന് മനസ്സിലാക്കണം. അതുപോലെ പിന്നോക്ക വിഭാഗത്തിനുവേണ്ടി ക്ഷേമവകുപ്പ് രൂപീകരിച്ചത് ഈ ഗവണ്മെന്റ് വന്നതിനുശേഷമാണ്. ന്യൂനപക്ഷത്തെ സംബ ന്ധിച്ച് ശ്രീ. എ.വി. അബ്ദുറഹിമാൻഹാജി പറയുകയുണ്ടായി. കേവലം

LIBRARY ARCHIVES Kerala Legislative Assembly

സ്കൂൾ കൊടുക്കുന്നത് മാത്രമല്ലല്ലോ; ഈ ഗവണ്മെന്റ് വന്നതിനുശേഷം നടപ്പാക്കിയ നടപടികളാണ് പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് സഹായകരമായത്. അതുപോലെ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു കൊല്ലത്തേയ്ക്ക് ആയിരം കോടി രൂപ എന്ന നിരക്കിൽ, ശരാശരി 1,000 കോടി രൂപ ഈ ഗവണ്മെന്റ് കൊടുത്തുകൊണ്ടിരിക്കുകയാണ്. അതിനൊക്കെ പണം ആവശ്യമാണ്. ആരുടെമേലും നികുതി ചുമത്താതെയാണ് ഈ പണം പിരിക്കുവാൻ തീരുമാനിച്ചത്. പരമാവധി നികുതി കുടിശ്ശിക പിരിക്കുവാൻ ആവശ്യമായിട്ടുള്ള എല്ലാ നടപടികളും സ്വീകരിച്ച് ഈ ഗവണ്മെന്റ് മുന്നോട്ടുവന്നിട്ടുണ്ട്. നികുതി പിരിക്കുവാൻ ആവശ്യമായ നടപടികൾ വളരെ ശക്തമായി നടപ്പാക്കുകയാണ്. കോടതിയിലെ കേസ്സുകൾ തീർക്കുവാൻ പ്രത്യേകമായി വക്കീലന്മാരെ നിയമിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേസുകളുടെ എണ്ണം കുറഞ്ഞുവരുകയാണ്. വ്യാപാരി-വ്യവസായി സമൂഹവുമായിട്ടുള്ള സംഘർഷം ഇന്ന് ഇല്ലാതായിക്കഴിഞ്ഞിരിക്കുന്നു. അവരുടെയൊക്കെ സഹായത്തോടെ നികുതി പിരിക്കുകയാണ് ഈ ഗവണ്മെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. ബഹുമാന്യരായ മന്ത്രിമാരോട് ഒന്നു രണ്ട് കാര്യങ്ങൾകൂടി പറയാനുണ്ട്. നികുതി ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്നിട്ടുള്ള ബില്ലിലെ 3-ാം വകുപ്പ് വളരെ ഗൗരവമായി പരിഗണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ''(എ)'' സ്വർണ്ണമോ വെള്ളിയോ കൊണ്ടുള്ള ആഭരണങ്ങളുടെ ഏതെങ്കിലും വ്യാപാരിക്ക്, തന്റെ ഇച്ഛാനുസരണം, ആ ഉപവകുപ്പിലെ വ്യവസ്ഥകളനുസരിച്ച് നികുതി നൽകുന്നതിനുപകരം, തൊട്ടു മുൻവർഷത്തെ റിട്ടേണിലോ കണക്കുകളിലോ വെളിപ്പെടുത്തിയ പ്രകാരം അയാൾ നൽകേണ്ടുന്ന നികുതിയുടെ നൂറ്റിഇരുപതു ശതമാനം നികുതിയായി നൽകാവുന്നതും അപ്രകാരമുള്ള വ്യാപാരി പുതിയ ശാഖകൾ തുറക്കുന്നപക്ഷം ഓരോ പുതിയ ശാഖയ്ക്കും ആദ്യവർഷം നൽകേണ്ട കോമ്പൗണ്ട് ചെയ്ത നികുതി മുഖ്യബിസിനസ് സ്ഥലത്തെ സംബന്ധിച്ച് കോമ്പൗണ്ട് ചെയ്ത നികുതിയുടെ ഇരുപത്തിയഞ്ചു ശതമാനം ആയിരിക്കുന്നതുമാണ്''; ഇവിടെ സദുദ്ദേശത്തോടുകൂടിയാണ് ബഹുമാനപ്പെട്ട മന്ത്രി ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നതെന്ന് എനിക്ക് അറിയാം. പക്ഷേ ആ സദുദ്ദേശത്തെ ചൂഷണം ചെയ്തുകൊണ്ട് സ്വർണ്ണവ്യാപാരികൾ എന്താണ് ചെയ്തിരിക്കുന്നത്? സ്വർണ്ണവ്യാപാരികളുടെ ഹെഡ്ഡ് ഓഫീസ് ചെറുതും ബ്രാഞ്ച് ഓഫീസ് വലുതുമായിട്ട് മാറ്റിയിരിക്കുകയാണ്. ബ്രാഞ്ചിൽ 25 ശതമാനം കൊടുത്താൽ മതി. ഹെഡ്ഡ് ഓഫീസിന് 120 ശതമാനം കൊടുക്കണം. ഗവണ്മെന്റിന്റെ ഔദാര്യത്തെ പൂർണ്ണമായി ചൂഷണം ചെയ്യുന്ന ഈ അവസ്ഥ അവസാനിപ്പിച്ച് 25 ശതമാനം എടുത്തുകളയണം. ഹെഡ് ഓഫീസിന് കൊടുക്കുന്ന അത്രയും നികുതി ബ്രാഞ്ച് ഓഫീസിനും ഈടാക്കാൻ സാധിക്കണം. 13,000 കോടി രൂപയുടെ സ്വർണ്ണം തിരുവനന്തപുരം വിമാനത്താവളത്തിൽ ഒരു കൊല്ലം വരുന്നു എന്നാണ് മനസിലാക്കുവാൻ സാധിച്ചത്. ഇതെല്ലാം ഇവിടെ ആഭരണമാക്കി മാറ്റി വിദേശത്തേക്ക് കയറ്റിക്കൊണ്ടുപോകുകയാണ്. ആ നികുതിതട്ടിപ്പ് പൂർണ്ണമായും അവസാനിപ്പിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് വിനീതമായി അഭ്യർത്ഥിക്കുവാനുള്ളത്. കെട്ടിടനികുതിയെ സംബന്ധിച്ച് ഇവിടെ കൊണ്ടുവരുന്നത് ഒരു പുതിയ ഭേദഗതിയാണ്. 278.7 ചതുരശ്ര മീറ്ററോ അതിൽക്കൂടുതലോ വിസ്തീർണ്ണമുള്ളതും 1999 ഏപ്രിൽ മാസം 1-ാം തീയതിയോ അതിനുശേഷമോ പൂർത്തിയാക്കിയതുമായ വാസഗൃഹങ്ങളുടെമേൽ വർഷംതോറും 2,000 രൂപ ആഡംബര നികുതി ചുമത്തുന്നതാണ് എന്നാണ് പറഞ്ഞിരിക്കുന്നത്. ഇതൊരു പുതിയ ഇനമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് വീട് നിർമ്മിക്കുന്നതിനാണ് നികുതി ചുമത്തുന്നത്. 278.7 ച.മീറ്ററിൽ വീടുണ്ടാക്കുന്നവരും 2,000 രൂപ മാത്രമേ കൊടുക്കുകയുള്ളൂ. അതുകൊണ്ട് ഇതൊരു ചുരുങ്ങിയ നികുതിയായി സ്വീകരിച്ച് അതിൽ കൂടുതൽ വരുന്നതിന് സ്ലാബ് അടിസ്ഥാനത്തിൽ നികുതി ചുമത്തണം. അങ്ങനെയാകുമ്പോൾ ആഡംബര കെട്ടിടങ്ങളുടെ എണ്ണം കുറയുകയും ചെയ്യും. നികുതി ഗവണ്മെന്റിനു കൂടുതൽ കിട്ടും എന്നാണ് അതു സംബന്ധിച്ച് പറയുവാനുള്ളത്. മോട്ടോർ വാഹന നികുതിയെ സംബന്ധിച്ച് ഒരു കാര്യം പറയാം. ഈ ബില്ലിൽ ഉള്ളതല്ല. 1997-ലെ ബില്ലിൽ കൊണ്ടുവന്ന ഭേദഗതിയാണ്. എൻട്രൻസ് ടാക്സ് നമ്മുടെ സംസ്ഥാനത്ത് ഏർപ്പെടുത്തിയാൽ ഒരു ആഴ്ചത്തേയ്ക്കോ 30 ദിവസത്തേയ്ക്കോ നികുതി അടച്ചാൽ മതി. അത് കോൺട്രാക്ട് ക്യാരിയേജുകൾക്കും ടൂറിസ്റ്റ് ബസുകൾക്കുമൊക്കെ ഒരുപോലെയാണ്. തീർത്ഥാടകരെ സഹായിക്കുവാൻ വേണ്ടിയാണ് ഈ ഭേദഗതി കൊണ്ടുവന്നത്. പക്ഷേ എന്താണ് ഉണ്ടായത്? നമ്മുടെ സംസ്ഥാനത്തുനിന്നും വാഹനങ്ങൾ അന്യസംസ്ഥാനങ്ങളിലേക്ക് പോകുമ്പോൾ മൂന്നുമാസത്തെ നികുതി ഒന്നിച്ച് അടയ്ക്കണം. എന്നാൽ കേരളത്തിലേക്ക് വാഹനങ്ങൾ വരുമ്പോൾ നികുതി ഈടാക്കുന്നില്ല. ഇവിടെയാണെങ്കിൽ ഗവണ്മെന്റ് വാഹനം പിടിച്ചാൽ അന്നേരം കുറച്ചു ദിവസത്തെ നികുതി അടച്ച് രക്ഷപ്പെടാൻ ശ്രമിക്കും. അതു ഒഴിവാക്കണം, അതിനുപകരം പഴയതുപോലെ ടോട്ടൽ നികുതി അടയ്ക്കാനുള്ള സംവിധാനം ഉണ്ടാക്കണമെന്നാണ് എനിക്ക് വിനീതമായി പറയുവാനുള്ളത്. ഫോട്ടോഗ്രാഫിക് ഫിലിം സംബന്ധിച്ച് പറയാം. സിനിമാ നിർമ്മാണത്തിനും ഫോട്ടോ എടുക്കുവാനുമുള്ള ഫിലിം കോടിക്കണക്കിനു രൂപയ്ക്ക് ബോംബെയിൽനിന്നാണ് വാങ്ങുന്നത്. അതിന് ഒരു ശതമാനം നികുതി മാത്രമാണ് ഈടാക്കുന്നത്. കൂടുതൽ നികുതി ഈടാക്കുവാൻ സാധിച്ചാൽ കോടിക്കണക്കിനു രൂപയുടെ നികുതി കേരളത്തിനു പിരിച്ചെടുക്കുവാൻ സാധിക്കും. തിരുവനന്തപുരം നഗരത്തിൽത്തന്നെ നിരവധി സ്ഥലങ്ങളുണ്ട്; അവിടന്നൊക്കെ പിരിച്ചെടുക്കുവാൻ സാധിച്ചാൽ നമുക്ക് വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കും. നികുതിവെട്ടിപ്പ് നടത്തുന്ന നിരവധി ഏജന്റുമാരായ വൻകിടക്കാർ നമ്മുടെ സംസ്ഥാനത്തുണ്ട്. അവരെ പിടികൂടുവാൻ ആവശ്യമായ ശക്തമായ ഏർപ്പാടുകൾ വേണം. അതിൽ ഉദ്യോഗസ്ഥന്മാർക്ക് പല ബുദ്ധിമുട്ടുകളുമുണ്ട്. കച്ചവടക്കാരുടെ സമരത്തിനൊക്കെ സഹായിച്ചത് പ്രതിപക്ഷാംഗങ്ങളാണ്. ഏതായാലും എന്നത്തേക്കാളും ശക്തമായ രീതിയിൽ നികുതി പിരിച്ചെടുക്കുവാൻ സാധിക്കണമെന്നാണ് അതു സംബന്ധിച്ച് പറയുവാനുള്ളത്. ചില മേഖലകളിൽ നികുതികൾ കുറച്ചുകൊണ്ടുവരാനും സാധിക്കും. വനിതാ സഹകരണസംഘങ്ങൾ, ഡി.ഡബ്ല്യു.സി.ആർ.എ.യുടെ കീഴിലുള്ള സംഘങ്ങൾ തുടങ്ങിയവ വളരെ ചെറിയ വ്യവസായങ്ങൾ നടത്തുന്നുണ്ട്. നികുതി അടയ്ക്കുവാൻ സാധിക്കാത്തതുകൊണ്ടാണ് തൊഴിലിനുവേണ്ടി സ്ത്രീകൾ നടത്തുന്ന ചെറിയ വ്യവസായങ്ങളെ ഈ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. എക്സൈസ് ഡ്യൂട്ടി, സെയിൽസ് ടാക്സ് ഇതൊക്കെ ഇവരിൽ നിന്നും ഈടാക്കാറുണ്ട്. അവരെ പരമാവധി നികുതിയിൽനിന്നും ഒഴിവാക്കണമെന്ന് ഞാൻ പറയുന്നില്ല. അവരുടെ നിലനിൽപ്പിനുവേണ്ടി നികുതിയിൽനിന്നും അവരെ ഒഴിവാക്കുവാൻ ആവശ്യമായിട്ടുള്ള സൗകര്യങ്ങൾ ഗവണ്മെന്റ് ഉണ്ടാക്കണം. ട്രാവൻകൂർ സിമന്റ്സുമായി ബന്ധപ്പെട്ട് വനിതായൂണിറ്റുകളുണ്ട്. അവരുടെ നിവേദനവുമായി അവരും വന്നിരിക്കുകയാണ്. അതുപോലെ കേരള ദിനേശ് ബീഡി. 40,000 തൊഴിലാളികളെ കേരള ദിനേശ്ബീഡി സഹായിച്ചിരുന്നു. ഇപ്പോൾ പുകവലി നിരോധിച്ചതിനെതുടർന്ന്

LIBRARY ARCHIVES Kerala Legislative Assembly

ബീഡിവ്യവസായം തകരുകയാണ് ചെയ്തത്. ആ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് ആവശ്യമായിട്ടുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി തേങ്ങാപ്പാലിനെ നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്; അത് വളരെയേറെ അഭിനന്ദനാർഹമായ കാര്യമാണ്. അതോടൊപ്പംതന്നെ അവർ അച്ചാർ ഉണ്ടാക്കുന്നുണ്ട്. അതിനൊക്കെ പറ്റുന്ന രീതിയിൽ, കോടിക്കണക്കിനു രൂപ നികുതി ആയിട്ട് കേരളാ ദിനേശ് ബീഡി സംഘം സംസ്ഥാനഗവണ്മെന്റിന് നൽകിയിട്ടുണ്ട്. ആ സംഘത്തിലെ തൊഴിലാളികളെ സഹായിക്കുവാൻ കഴിയണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. നികുതി പിരിവ് സംബന്ധിച്ച് എനിക്കു പറയാനുള്ളത് കച്ചവടക്കാരെ മുഴുവൻ രണ്ട് തട്ടുകളാക്കി മാറ്റുക. ഒന്ന്, ഹോൾസെയിൽ മറ്റൊന്ന്, റീട്ടെയിൽ. സാധനങ്ങൾ വാങ്ങുന്നവർ നികുതി അടയ്ക്കുന്നുണ്ടോ എന്ന് പരിശോധന നടത്തേണ്ടത് ആവശ്യമാണ്. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്രക്കാരോട് ടിക്കറ്റുവാങ്ങുവാൻ ആവശ്യപ്പെടുന്നതുപോലെ, ഈ സാധനങ്ങൾ വാങ്ങി ഉപയോഗിക്കുന്നവർ ടാക്സ് കൊടുക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാനുള്ള സംവിധാനം ഉണ്ടായാൽ കൊള്ളാം. ഞാൻ ബിൽ വാങ്ങേണ്ട ആളാണെന്ന ബോധ്യം ജനങ്ങളുടെ ഇടയിൽ ഉണ്ടാകണം. അതുപോലെ തന്നെ ഹോൾസെയിൽ.....

<u>ശ്രീ. കെ.എം. മാണി</u> : അവരെ ഹരാസ് ചെയ്യുവാൻ വേണ്ടിയാണോ?

<u>ശ്രീ. പി. രാഘവൻ</u> : ഹരാസ് ചെയ്യുവാൻ വേണ്ടിയല്ല; അവരുടെ മേൽ കേസ് എടുക്കുവാൻ വേണ്ടിയല്ല പറഞ്ഞത്. സാധനങ്ങൾ വാങ്ങുന്നവർ ബിൽ വാങ്ങണമെന്ന ബോധവൽക്കരണത്തിൽ എത്തിക്കുവാൻ വേണ്ടിയാണ് ഞാൻ പറഞ്ഞത്. ആ ബോധവൽക്കരണം അവർക്ക് ഉണ്ടായാൽ 'ഞാൻ ബില്ല് വാങ്ങേണ്ടതാണ്, ഇപ്പോൾ ക്യാഷ് കൊടുക്കുന്നുണ്ട്, ടാക്സ് കൊടുക്കുന്നുണ്ട്' എന്നുവരും. പക്ഷേ ഇപ്പോൾ വെട്ടിപ്പ് നടത്തുവാൻ കച്ചവടക്കാർക്ക് സൗകര്യം ചെയ്തുകൊടുക്കുകയാണ്. അങ്ങനെ സാധനം വാങ്ങുന്നവരെ ബോധവൽക്കരണത്തിലേക്ക് എത്തിക്കുവാൻവേണ്ടി പരിശോധനയ്ക്ക് ബിൽ കൊടുക്കാത്ത കച്ചവടക്കാർക്കെതിരെ കേസ് എടുക്കുവാൻ ആവശ്യമായ നിയമം ഉണ്ടാകണം. ഹോൾസെയിൽ കച്ചവടക്കാർ റീട്ടെയിൽ കച്ചവടക്കാർക്ക് ബിൽ കൊടുക്കണം. ബിൽ കൊടുത്തില്ലെങ്കിൽ ഹോൾസെയിൽ കച്ചവടക്കാരനെ ശിക്ഷിക്കുവാൻ ആവശ്യമായ നടപടി ഉണ്ടാകണം. അതുപോലെ ഹോൾസെയിൽ കച്ചവടക്കാർ വിതരണം ചെയ്യുന്ന എല്ലാ ഫോമുകളും ഗവൺമെന്റുതന്നെ അച്ചടിച്ച് സീൽ ചെയ്ത് കൊടുക്കേണ്ട സ്ഥിതിവിശേഷം ഉണ്ടാകണം. അങ്ങനെ വന്നാൽ നികുതി വെട്ടിപ്പ് 75 ശതമാനവും കുറയ്ക്കുവാൻ സാധിക്കുമെന്ന വിശ്വാസമാണ് എനിക്കുള്ളത്. ജനകീയാസൂത്രണം നടപ്പാക്കിയിട്ടുള്ള ഒരു ഗവൺമെന്റാണിത്, അതുകൊണ്ട് നികുതി പിരിവിൽ ജില്ലാ പഞ്ചായത്തുകളെക്കൂടി സഹകരിപ്പിക്കുവാൻ ആവശ്യമായ ഏർപ്പാട് ഉണ്ടാകണം. നമ്മുടെ ബഡ്ജറ്റ്വിഹിതത്തിൽ 40 ശതമാനം പഞ്ചായത്തുകൾക്ക് കൊടുക്കുന്നുണ്ട്. പഞ്ചായത്തുകൾക്ക് ഗവൺമെന്റ് കൊടുക്കുന്ന പണം നിർമ്മാണപ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കുകയാണ്. അതോടൊപ്പം അവരെ നികുതിപിരിവിൽക്കൂടി പങ്കാളികളാക്കുവാനുള്ള നിയമനിർമ്മാണം നടപ്പാക്കണം. ഇത് ഇന്നോ നാളെയോ സാധിക്കുമെന്നല്ല ഞാൻ പറയുന്നത്. ജനകീയാസൂത്രണത്തിന്റെ ഒരു ഭാഗം എന്ന നിലയ്ക്കു ജനങ്ങളെ മുഴുവൻ നികുതി കൊടുക്കുന്ന ബോധത്തിൽ എത്തിക്കുവാൻ വേണ്ടി ജില്ലാ പഞ്ചായത്തുകൾ നികുതി പിരിക്കുന്നതിനു തയ്യാറാകണം.

LIBRARY ARCHIVES Kerala Legislative Assembly

നികുതി ചുമത്തുന്നതിനുള്ള അധികാരം സ്റ്റേറ്റ് ഗവൺമെന്റിനാണ്. ഇപ്പോൾ സെൻട്രൽ ഗവൺമെന്റിന്റെ നികുതി നമ്മൾ പിരിച്ചിട്ട് നമ്മുടെ വിഹിതം കഴിച്ച് തിരിച്ചു കൊടുക്കുകയാണ് ചെയ്യുന്നത്. അതുപോലെ കേരളാ ഗവൺമെന്റും ജില്ലാ പഞ്ചായത്തുകളുടെ സഹായത്തോടുകൂടി നികുതി പിരിക്കുന്ന ഒരു സംവിധാനത്തിലേയ്ക്കു എന്തുകൊണ്ട് എത്തിക്കൂടാ? അക്കാര്യം ആലോചിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : അങ്ങ് സ്വാഗതാർഹമായിട്ട് പല നികുതി നിർദ്ദേശങ്ങളും പറയുന്നുണ്ട്. ഈവക നിർദ്ദേശങ്ങളൊക്കെ പാലിച്ചാൽ 12.3.1999 ൽ 91 പ്രാവശ്യം വേയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുത്തതും കഴിഞ്ഞ കൊല്ലം 7 തവണ ഒ.ഡി എടുത്തതും ഒക്കെ ഒഴിവാക്കുവാൻ പറ്റുമായിരുന്നുവെന്ന് വിശ്വസിക്കുന്നുണ്ടോ?

ശ്രീ. പി. രാഘവൻ : പ്രൊഫ. സാവിത്രി ലക്ഷ്മണൻ മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. ഇന്ത്യാരാജ്യത്തെ കടക്കണിയിൽ എത്തിച്ച പതിനായിരക്കണക്കിനു കോടി രൂപയുടെ ബാദ്ധ്യത ഉണ്ടാക്കിയതിന്റെ ഉത്തരവാദിത്വം മുഴുവൻ നിങ്ങൾക്കാണ്.

ശ്രീ. ജി. കാർത്തികേയൻ : അങ്ങ് ഗാട്ടിനെക്കുറിച്ച് പറഞ്ഞില്ല.

ശ്രീ. പി. രാഘവൻ : ഗാട്ട് മാത്രമല്ല, നിങ്ങൾ 50 വർഷക്കാലം ഭരിച്ച് ഇന്ത്യാരാജ്യത്തെ മുഴുവൻ വിദേശ സാമ്രാജ്യത്വത്തിനു അടിയറ വച്ചവരാണ്. എന്നിട്ട് ഇപ്പോൾ ..... അച്ഛനെയും അമ്മയെയും കൊന്നിട്ട് പ്രതിക്കൂട്ടിൽ കയറി നിന്നിട്ട് ഞാൻ നിരാലംബനാണ്, എനിക്ക് അച്ഛനും അമ്മയും ഇല്ല, അതുകൊണ്ട് എന്നെ വിട്ടയയ്ക്കണമെന്ന് പണ്ടൊരു പ്രതി പറഞ്ഞതുപോലെയാണ് കോൺഗ്രസ്സുകാർ ഇപ്പോൾ പറയുന്നത്.

ശ്രീ. ജി. കാർത്തികേയൻ : കോൺഗ്രസ് ഭരിച്ചു ഈ രാജ്യത്തെ കടക്കെണിയിലാക്കി എന്നാണ് ഈ സഭയിൽ പറഞ്ഞ് കേട്ടത്. അത് എല്ലാപേരും പറഞ്ഞ് ആവർത്തന വിരസമായിട്ടുണ്ട്. അത് പറയുവാൻ വേണ്ടിയല്ല. കഴിഞ്ഞ 3 വർഷക്കാലം ഭരിച്ച ഒരു ഗവൺമെന്റിന് ഉത്തരവാദിത്വമില്ലേ; സർക്കാരിനു ചെയ്യുവാൻ പറ്റാത്തത്..... ഉപഭോക്താക്കളെ ബോധവൽക്കരണത്തിൽ എത്തിക്കുവാനാണോ? അതാണോ അങ്ങ് പറയുന്നത്?

ശ്രീ. പി. രാഘവൻ : കോൺഗ്രസ്സുകാർ ചെയ്തുവച്ച ദ്രോഹം അവസാനം വരെ പറയാതിരിക്കുവാൻ കഴിയുമോ? നിങ്ങൾ ഭരിക്കുന്ന സമയത്ത് കേരളത്തിന്റെ സ്ഥിതി എന്തായിരുന്നു? ബഹുമാന്യരായ പ്രതിപക്ഷക്കാരോട് ഒരു കാര്യം ചോദിക്കുവാനുള്ളത്, കഴിഞ്ഞ 3 വർഷക്കാലം നിങ്ങൾ നടത്തിയ സമരം ഉണ്ടല്ലോ, കേരളത്തിലെ ജനകീയ പ്രശ്നം ഏറ്റെടുത്തുകൊണ്ട് ഒരു സമരം ചെയ്യുവാൻ നിങ്ങൾക്ക് സാധിച്ചോ? നിങ്ങളുടെ നിരവധി ഇറങ്ങിപ്പോക്ക് ഞാനിവിടെ കണ്ടതാണ്. എന്തിന്റെ പേരിലാണ് ഇറങ്ങിപ്പോക്ക്? ശ്രീ. ടി.കെ. രാമകൃഷ്ണൻ എഴുതിയത് നോക്കിപ്പോയി എന്നതിന്റെ പേരിലാണ് ഒരു ദിവസത്തെ ഇറങ്ങിപ്പോക്ക്. ശ്രീ. ജി. സുധാകരൻ പ്രസംഗിച്ചതിനാണ് ഒരു ദിവസത്തെ ഇറങ്ങിപ്പോക്ക്. മുഖ്യമന്ത്രി ഒരു മുണ്ടിന്റെ കാര്യം പറഞ്ഞതിനാണ് മറ്റൊരു ദിവസം ഇറങ്ങിപ്പോയത്. ശ്രീ. എസ്. ശർമ്മ പ്രസംഗിക്കുമ്പോൾ നിങ്ങൾ ആഗ്രഹിച്ചത് പറയാത്തതിന്റെ പേരിലാണ് വേറൊരു ദിവസത്തെ ഇറങ്ങിപ്പോക്ക്. ഇത്രമാത്രം ഗതികെട്ട ഒരു പ്രതിപക്ഷം കേരളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇതിനുമുൻപ് ഉണ്ടായിട്ടില്ല. ജനകീയപ്രസ്ഥാനത്തിന്റെ പേരിൽ ഇറങ്ങിപ്പോക്ക് നടത്തുവാൻ നിങ്ങൾക്ക് സാധിച്ചില്ല. അടിയന്തിരപ്രമേയസമയത്ത് മാത്രമല്ല, ചോദ്യ നറുക്കെടുപ്പിനെത്തുടർന്ന് ആദ്യം നിങ്ങൾക്ക് ചോദ്യം ഉന്നയിക്കുവാൻ അവസരം കിട്ടിയില്ല എന്നതിന്റെ പേരിൽ ബഹിഷ്കരണമാണ് നടത്തിയത്. ഇത്രമാത്രം ഗതികേടുണ്ടായ ഒരു പാർട്ടിയും ഒരു പ്രസ്ഥാനവും ഇതിനു മുൻപ് ഉണ്ടായിട്ടില്ല. എന്നിട്ട് ഞങ്ങളുടെ മുഖത്തു നോക്കി നിങ്ങൾ എപ്പോഴും ഗാട്ട് കരാറിനെപ്പറ്റി പറയുകയാണ് എന്നാണ് പറയുക. പിന്നെ ഞങ്ങൾ ആരുടെ മുഖത്ത് നോക്കിയാണ് പറയുക? ഞാൻ പറഞ്ഞുവന്നത് കേരളത്തെ സമഗ്രമായ പുരോഗതിയിലേക്ക് നയിക്കുന്ന ഗവൺമെന്റിനെ നിങ്ങൾ പ്രശംസിക്കേണ്ടവരാണ് എന്നാണ്. നിങ്ങളെ കേരളത്തിലെ ജനങ്ങൾ എന്നേ തള്ളിക്കളഞ്ഞിരിക്കുന്നു. ഈ രാഷ്ട്രീയ പശ്ചാത്തലം നിങ്ങൾക്ക് മനസ്സിലാക്കുവാൻ കഴിയുന്നില്ല. ഇന്ത്യാരാജ്യത്ത് വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ നിങ്ങൾ അനുവർത്തിക്കുന്ന നയത്തെ സംബന്ധിച്ചു പറഞ്ഞു. ബി.ജെ.പിയുടെ സാമ്പത്തികനയം തന്നെ തുടരുന്ന നിങ്ങൾക്ക് മറിച്ചു ചിന്തിക്കുവാൻ സാധ്യമല്ല എന്നുള്ളത് വസ്തുതയാണ്. ആ നിലയിൽ നിങ്ങളെയും ബി.ജെ.പി. യേയും ഇൻഡ്യൻ രാഷ്ട്രീയ മണ്ഡലത്തിൽ നിന്നും ഇല്ലായ്മ ചെയ്തു കൊണ്ട് ഒരു പുതിയ പ്രസ്ഥാനം നമ്മുടെ രാജ്യത്ത് ....

ശ്രീ. പാലോട് രവി : നിങ്ങൾ എത്ര കൊണ്ടാലും പാഠം പഠിക്കില്ല.

ശ്രീ. പി. രാഘവൻ : അത് കോൺഗ്രസ്സിനെ സംബന്ധിച്ചു പറയുവാനുള്ളതാണ്. ശ്രീ. പാലോട് രവി മനസ്സിലാക്കേണ്ട ഒരു കാര്യം മുങ്ങുവാൻ പോകുന്ന കപ്പലിനകത്ത് ..... കോൺഗ്രസ്സാകുന്ന കപ്പൽ മുങ്ങിക്കൊണ്ടിരിക്കുകയാണ്. ആ മുങ്ങുന്ന കപ്പലിലാണ് ഞങ്ങളെ ക്ഷണിക്കുന്നത്. ആ മുങ്ങുന്ന കപ്പലിൽ ....(ബഹളം) ..... ബഹുമാനപ്പെട്ട ജി. കാർത്തികേയൻ, ഏറ്റവും ഒടുവിൽ നിങ്ങളുടെ പാർട്ടിയിൽനിന്നും പോയത് ആരാണ്? ഞങ്ങളാരുമല്ല, ശ്രീ. ശരദ് പവാറല്ലേ? നിങ്ങളുടെ നേതാവ് ആയിരുന്നില്ലേ ശ്രീ. ശരദ് പവാർ? ബഹുമാനപ്പെട്ട ശരദ് പവാറും അതുപോലുള്ള മറ്റാൾക്കാരും നിങ്ങളുടെ പാർട്ടിയിൽനിന്നും, മുങ്ങുന്ന കപ്പലിൽ നിന്നും രക്ഷപ്പെടുന്നതിനുവേണ്ടി ശ്രമിക്കുകയാണ്. ആ മുങ്ങുന്ന കപ്പലിൽ നിന്നും കഴിയുന്നതും വേഗം ശ്രീ. ജി.. കാർത്തികേയനും, ശ്രീ. ആര്യാടൻ മുഹമ്മദും, ശ്രീ.പാലോട് രവിയുമൊക്കെ രക്ഷപ്പെടുന്നതായിരിക്കും നല്ലത്. ഇന്ത്യാരാജ്യത്തെ രക്ഷിക്കുവാൻ വേണ്ടിയുള്ള ഇടതു പക്ഷ ജനാധിപത്യ പ്രസ്ഥാനത്തിന്റെ ഈ മുദ്രാവാക്യം കഴിയുന്നത്ര വേഗം അംഗീകരിക്കുന്നത് നിങ്ങൾക്കുംകൂടി നല്ലതായിരിക്കും എന്നു മാത്രം പറഞ്ഞുകൊണ്ട്....

ശ്രീ. പാലോട് രവി : കോൺഗ്രസ്സിന്റെ നയങ്ങളെ നിങ്ങൾ അംഗീകരിച്ചാൽ നിങ്ങൾക്ക് കൊള്ളാം.

ശ്രീ. പി. രാഘവൻ : അത് നിങ്ങളുടെ സ്വപ്നം മാത്രമാണ്. കോൺഗ്രസിനെ പിൻതാങ്ങുന്ന പ്രശ്നമേയില്ല. മുൻപ് ഒരു ഘട്ടത്തിൽ മാത്രം സംഭവിച്ചതാണ്. കോൺഗ്രസ്സിനെ പിൻതാങ്ങുകയില്ല. ഇന്ത്യൻ രാഷ്ട്രീയത്തിൽ നിന്നും ഒളിച്ചോടിപ്പോയ നിങ്ങൾ ഇനി ഒരിക്കലും അത്തരത്തിലുള്ള സ്വപ്നം കാണേണ്ട ആവശ്യമില്ല. എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ബില്ലിനെ ഒരിക്കൽക്കൂടി പിൻതാങ്ങുന്നു.

[3 P.M.] ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, ജനദ്രോഹകരമായ ഈ ബില്ലിനെ ഞാൻ എതിർക്കുകയാണ്. ഈ ബില്ലിലെ ആദ്യനിർദ്ദേശം തന്നെ കച്ചവടക്കാരെ ചതിയും വഞ്ചനയും ചെയ്യാൻ

LIBRARY ARCHIVES Kerala Legislative Assembly

പ്രോത്സാഹിപ്പിക്കാനുള്ളതാണ്. Surcharge on Taxes Act അനുസരിച്ച് നിയമവിരുദ്ധമായി ആരെങ്കിലും ടാക്സ് പിരിക്കുന്ന പക്ഷം 5,000 രൂപ പിഴ അത്തരത്തിൽ ഈടാക്കിയ തുക കണ്ടുകെട്ടും. നിയമരഹിതമായി വാങ്ങിയ പണം തിരിച്ചുകൊടുത്താൽ പിഴയില്ല, കണ്ടുകെട്ടലുമില്ല. നിയമവിരുദ്ധമായി വാങ്ങിയ സംഖ്യ തിരിച്ചുകൊടുത്താൽ യാതൊരു നടപടിയുമില്ലെന്നുവന്നാൽ നിയമവിരുദ്ധമായി പണം വാങ്ങാനുള്ള പ്രവണത കച്ചവടക്കാരുടെയിടയിൽ വർദ്ധിക്കും. അന്യന്റെ പണം കള്ളത്തരത്തിൽ വാങ്ങുക, ചൂഷണം ചെയ്യുക, അത് കൈയിൽ വയ്ക്കുക, അതിന്റെ അടിസ്ഥാനത്തിൽ പണമുണ്ടാക്കി പിന്നെ അത് തിരിച്ചുകൊടുത്താൽ യാതൊരു ശിക്ഷയുമില്ല, പെനാലിറ്റിയുമില്ല, യാതൊരു നടപടികളുമില്ല. അത് മാറ്റണം. അതുപോലെതന്നെ ഗ്ലൂക്കോസ്, ഗ്ലൂക്കോവിറ്റ, ഹോർലിക്സ്, ബോൺവിറ്റ, കോംപ്ലാൻ മുതലായവയുടെ ടാക്സ് 20 ശതമാനമായി നിലനിർത്തിയിരിക്കുകയാണ്. അത് പാവപ്പെട്ടവരോടും രോഗികളോടും ചെയ്യുന്ന അനീതിയാണ്. ഈ നികുതി കുറച്ചുകൊണ്ടുവരണം. 100 രൂപ വിലയുള്ള ബോൺവിറ്റയ്ക്ക് 20 ശതമാനം ടാക്സും കൂടി കൂട്ടിയാൽ 120 രൂപ, അതിന്റെ കൂടെ കച്ചവടക്കാരന്റെ ലാഭം കൂട്ടിവരുമ്പോൾ അത് 144 രൂപ വരും. തേങ്ങയ്ക്കും കൊപ്രയ്ക്കും 4 ശതമാനമായി നിലനിറുത്തിയിരിക്കുകയാണ്. ഇത് ഇന്ന് വില കുറഞ്ഞിരിക്കുന്ന അവസരത്തിൽ നാളികേര കൃഷിക്കാരുടെ നട്ടെല്ലൊടിക്കും. മറ്റ് സംസ്ഥാനങ്ങളിൽ നാളികേരത്തിനും കൊപ്രയ്ക്കും ടാക്സില്ല. ഇപ്പോൾ കേരളത്തിലെ നാളികേരത്തിന് മറ്റു സംസ്ഥാനങ്ങളിൽ ഡിമാന്റുണ്ടാവില്ല. നാളികേരത്തിന് വില കുറഞ്ഞിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ നാളികേരത്തിനും കൊപ്രയ്ക്കും ഏർപ്പെടുത്തിയിരിക്കുന്ന ടാക്സ് എടുത്തുകളയണം. ടാക്സ് ഒഴിവാക്കിയിട്ടുള്ള 3-ാം പട്ടികയിൽനിന്നും കൂടുതൽ സാധനങ്ങൾ എടുത്തുകളയാനുള്ള പ്രവണത വർദ്ധിച്ചുവരികയാണ്. കഴിഞ്ഞവർഷം 18 ഇനം കോട്ടൺ ഫാബ്രിക്കുകളെ ടാക്സിൽനിന്നും ഒഴിവാക്കിയിരുന്നുവെങ്കിൽ ഇത്തവണ അത് 12 ഇനമായി കുറഞ്ഞു. ഫാബ്രിക്കുകളിൽ 19 ഇനങ്ങളെ ടാക്സിൽനിന്നും ഒഴിവാക്കിയിരുന്നുവെങ്കിൽ ഇന്നത് 6 ഇനങ്ങളായി ചുരുങ്ങുമായിരുന്നു. ഇത് ആപൽക്കരമായ പ്രവണതയാണ്. ബിൽഡിംഗ്സ് ആക്ടിനെക്കുറിച്ച് ശ്രീ. പി. രാഘവൻ ഇവിടെ പറഞ്ഞു. ഏറ്റവും ചുരുങ്ങിയത് 278.7 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടംവയ്ക്കുമ്പോൾ അതിന് 2000 രൂപ ലക്ഷ്വറി ടാക്സ് കൊടുക്കണമെന്നാണ് പറഞ്ഞത്. ഇത് എല്ലാവർഷവും അടയ്ക്കണം. പത്തോ ഇരുപതോ വർഷം കഴിയുമ്പോൾ അതിന്റെ ബുക്ക് വാല്യൂ തന്നെ കുറയും. ഓരോവർഷവും 2000 രൂപ അടയ്ക്കണം. 278.7 ചതുരശ്ര മീറ്ററെന്നു പറഞ്ഞാൽ ചെറിയൊരു വീടാണ്. വലിയ വീടൊന്നുമായിരിക്കില്ല. അതിനാണ് 2000 രൂപ കൊടുക്കേണ്ടത്. ആ വീടിന് എത്രവിലയെന്ന് കണക്കാക്കുന്നില്ല. വളരെ ലക്ഷ്വറിയായി വീടുവയ്ക്കുന്നവരുണ്ടാകും. ഗ്രാനൈറ്റും മാർബിളും മറ്റെല്ലാ സൗകര്യങ്ങളും ഉപയോഗിച്ച് വളരെ ലക്ഷ്വറിയായി ചെറിയ വീടുവയ്ക്കുന്നവർ കാണും. ആ വീടിന്റെ വിലയെക്കുറിച്ചൊന്നും പറയുന്നില്ല, അത്രയും ചതുരശ്ര മീറ്ററുണ്ടായിപ്പോയാൽ. പാവപ്പെട്ടവൻ സിമന്റിട്ട തിണ്ണയുണ്ടാക്കിയാലും ശരി, ഗ്രാനൈറ്റ് കൊണ്ട് ഫ്ളോറിംഗ് നടത്തിയാലും ശരി അവർ രണ്ടുപേരും ഒരേ ടാക്സ്തന്നെ കൊടുക്കണമെന്നു പറയുന്നത് ശരിയല്ല. കഴിയുമെങ്കിൽ വീടിന്റെ വിലയുടെ അടിസ്ഥാനത്തിൽ നികുതി കൊടുക്കാനുള്ള ഏർപ്പാടുണ്ടാകണം. അതുമാത്രമല്ല, പാവപ്പെട്ട ആളുകളെ ഇതിൽ നിന്നും ഒഴിവാക്കുകയും വേണം. വൻകിടക്കാരുടെമേൽ നികുതി ചുമത്തിയാൽ വേണ്ടിയല്ല. ശ്രീ. പി. രാഘവൻ പറഞ്ഞതുപോലെ സ്ലാബ് സിസ്റ്റമായാൽ നല്ല

LIBRARY ARCHIVES Kerala Legislative Assembly

താണ്. പാവപ്പെട്ടവർക്കുവേണ്ടി സംസാരിക്കുന്നവരാണല്ലോ നിങ്ങളുടെ പാർട്ടി, ആ പാർട്ടിയിലെ ആളുകൾതന്നെ ചെറിയ വീടുവയ്ക്കുന്നവന് ഇങ്ങനെ വലിയ നികുതി ഏർപ്പെടുത്തുന്നത് ശരിയല്ല. അതുപോലെതന്നെയാണ് കാർഷികാദായ നികുതി. കോമ്പൗണ്ടിംഗിനുമുമ്പ് 20 ഹെക്ടർവരെയുള്ള ഭൂമിക്കാണ് നികുതി, അതിപ്പോൾ 500 വരെയാക്കി. ഇത് ആരെ സഹായിക്കാൻ വേണ്ടിയാണ്? തൊഴിലാളികളെ സാഹായിക്കാനാണോ? പാവപ്പെട്ടവരെ സഹായിക്കാനാണോ? പണക്കാർക്കുവേണ്ടി മാത്രം സൗകര്യം ചെയ്തുകൊടുക്കേണ്ട കാര്യമെന്താണ്? അത് വ്യക്തമാക്കണം. അമിത നികുതി ചുമത്തിയാൽ പാവപ്പെട്ട ജനങ്ങൾക്ക് എന്താണ് ഗുണം? ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭരണത്തിൽ ജനങ്ങളുടെ ജീവിതച്ചെലവ് അടിക്കടി വർദ്ധിച്ചുവരികയാണ്. അവന്റെ മുതുകൊടിയുകയാണ്. ഏറ്റവും അവസാനമുണ്ടായത് ഇരുട്ടടിയാണ്, അതാണ് ജനങ്ങൾക്ക് കൊടുത്തിരിക്കുന്നത്. ഇലക്ട്രിസിറ്റി ചാർജ്ജ് വർദ്ധിപ്പിച്ചു. ഒരു കവിതയിൽ പറഞ്ഞതുപോലെ 'വെളിച്ചം ദുഃഖമാണുണ്ണി തമസ്സല്ലോ സുഖപ്രദം' എന്ന നിലയിൽ എത്തിനിൽക്കുന്നു. അതുപോലെ നിങ്ങൾ ഇപ്പോൾ എന്താണ് ചെയ്യുന്നത്? സാധാരണ, തെങ്ങ് പാട്ടത്തിന് എടുക്കുന്ന ആളുകൾ പാട്ടത്തിന്റെ കാലാവധി തീരുമ്പോൾ അവസാനം ചെറിയ കരിക്കുവരെ വെട്ടിയെടുക്കും. അതുപോലെയല്ലേ നിങ്ങൾ കേരളത്തിൽ ചെയ്തുകൊണ്ടിരിക്കുന്നത്? കിട്ടാവുന്നിടത്തുനിന്നൊക്കെ കടം വാങ്ങുയാണ്. സഹകരണ ബാങ്കുകളിൽ നിന്നും കടം വാങ്ങി. കേരളത്തിലെ മുടിയൻമാരായ പുത്രൻമാരാണ് നിങ്ങൾ. നിങ്ങൾ ഇതെല്ലാം വാങ്ങിയിട്ട് എന്താണ് ചെയ്യുന്നത്? നിങ്ങൾ വളരെ ആർഭാടത്തിൽ ജീവിക്കുന്നു, ധൂർത്തിൽ ജീവിക്കുന്നു. ഇതുപോലെ ധൂർത്തടിക്കുന്ന സർക്കാർ ഉണ്ടായിട്ടുണ്ടോ? ടാറ്റാ, ഗോയങ്ക, ബിർളാമാരുടെ കുടുംബാംഗങ്ങൾ ജീവിക്കുന്നതിനേക്കാൾ വളരെ ആർഭാടത്തിലല്ലേ നിങ്ങൾ ജീവിക്കുന്നത്? പാവപ്പെട്ടവന്റെ നികുതിപ്പണമല്ലേ നിങ്ങൾ ഇങ്ങനെ ധൂർത്തടിക്കുന്നത്? കൊട്ടാര സദൃശമായ വിദേശ നിർമ്മിത കാറുകൾ, എ.സി. റൂമുകൾ, കൈയിൽ വിഹിതമായും അവിഹിതമായും ധാരാളം പണം. ആന കരിമ്പിൻതോട്ടത്തിൽ കയറിയതുപോലെ നിങ്ങൾ ഖജനാവ് ഓരോ ദിവസം കഴിയുന്തോറും കൊള്ളയടിച്ചുവരികയാണ്. 'കാട്ടിലെ മരം, തേവരുടെ ആന, വലിയെടാവലി'- അതല്ലേ നിങ്ങളുടെ തത്വശാസ്ത്രം? ഞങ്ങളൊക്കെ മന്ത്രിയായിരുന്ന ആളുകളാണ്. ഞങ്ങളൊക്കെ തുക്കടാ അംബാസിഡർ കാറാണ് ഉപയോഗിച്ചിരുന്നത്. ഞങ്ങൾക്ക് എസ്കോർട്ടും പൈലറ്റുമൊന്നും ഉണ്ടായിരുന്നില്ല. ഇപ്പോൾ മന്ത്രിമാരുടെ പോക്ക് എന്താണ്? വലിയ മഹാരാജാക്കൻമാർ പോകുന്നതുപോലെയല്ലേ പോകുന്നത്? എത്ര വാഹനങ്ങളാണ് മുന്നിലും പിന്നിലുമായി പോകുന്നത്? എന്തു പോക്കാണ് നിങ്ങൾ പോകുന്നത്? ഇതിനൊന്നും ചെലവില്ലേ? പഴയമാതിരിയല്ല നിങ്ങൾ. 'മടിയിൽ കനമുള്ളവനേ വഴിയിൽ ഭയമുണ്ടാവുകയുള്ളൂ' എന്നൊരു ചൊല്ലുണ്ട്. അതുപോലെ നിങ്ങൾ പഴയ കമ്മ്യൂണിസ്റ്റുകാരല്ല, നിങ്ങൾ ഇന്ന് വലിയ ഫൈവ് സ്റ്റാർ കമ്മ്യൂണിസ്റ്റുകാർ ആണ്. ഈ ഫൈവ്സ്റ്റാർ കമ്മ്യൂണിസ്റ്റുകാർക്ക് ജനങ്ങളുടെയിടയിൽ പഴയതുപോലെ സ്വതന്ത്രമായി ഇറങ്ങിനടക്കാൻ ഇപ്പോൾ ഭയമാണ്. കാരണമെന്തെന്നറിയാമോ? നിങ്ങളെ കിട്ടിയാൽ പിടിക്കാൻവേണ്ടി നിങ്ങളുടെ പാർട്ടിക്കാർതന്നെ നിങ്ങളെ കാത്തിരിക്കുകയാണ്. അതിനാണ് നിങ്ങൾക്ക് പോലീസിന്റെ സംരക്ഷണം. അപ്പുറവും ഇപ്പുറവും പോലീസാണ്. ഇതെന്തു മന്ത്രിയാണ്? നിങ്ങളുടെ ഭരണത്തെക്കുറിച്ച് പറയുമ്പോൾ..... ബഹുമാനപ്പെട്ട ടി. ശിവദാസ മേനോനും, ശ്രീ. ഇ. ചന്ദ്രശേഖരൻ നായരും 'ഹരിവംശം' വായിച്ചിട്ടുണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

പഴയ പുരാണഗ്രന്ഥമാണ്. ആ ഹരിവംശത്തിൽ നിങ്ങളെ പരാമർശിക്കുന്ന ചില ഭാഗങ്ങളുണ്ട്. ഞാനത് വായിക്കട്ടെ, അശ്വമേധയാഗസമയത്ത് ജനമേജയ രാജാവ് വ്യാസമഹർഷിയോടു ചോദിച്ചു, ഇത് കലിയുഗമാണ്, കലിയുഗത്തിൽ ജനങ്ങൾ എങ്ങനെ ജീവിക്കും എന്ന്. നാം അധർമ്മത്തിൽനിന്നും രക്ഷപ്പെടുന്നതെങ്ങനെയാണ്? വ്യാസമഹർഷി അരുളിചെയ്തു, കലിയുഗം വന്നാൽ ജനങ്ങളെ രക്ഷിക്കാതെതന്നെ രാജാക്കൻമാർ കപ്പം വാങ്ങും, അവരുടെ സംരക്ഷണത്തിൽ മാത്രമേ ശ്രദ്ധിക്കുകയുള്ളൂ. മോഷ്ടാക്കൾ രാജാക്കൻമാരുടെ സ്ഥാനങ്ങളിൽ കയറിപ്പറ്റും. അതുപോലെതന്നെ ദരിദ്രൻ പെട്ടെന്ന് പണക്കാരനാകും. പണക്കാരൻ അതുപോലെ ദരിദ്രനും ആകും. ജനസംഖ്യയിൽ പുരുഷൻമാർ കുറവും സ്ത്രീകൾ കൂടുതലുമായിരിക്കും. ഭരണകർത്താക്കൾ, കൊള്ളക്കാർ, അഗ്നി ഇവകൊണ്ട് ജനങ്ങൾ നശിക്കും. അവസാനം അതിൽ ഒരു കാര്യംകൂടി പറയുന്നു, അത് അങ്ങേയ്ക്ക് ശ്രദ്ധിക്കാനാണ്. മനുഷ്യരൂപത്തിലുള്ള രാക്ഷസൻമാർ നുണകൾ കേൾക്കുന്നത് തൊഴിലാക്കി ഭരണം നടത്തും. നികുതിഭാരം താങ്ങാൻ കഴിയാതെ ജനങ്ങൾ കാട്ടിലേയ്ക്ക് ഓടിയൊളിക്കും. അങ്ങയുടെ നികുതിയുടെ ഭാരം താങ്ങാനാകാതെ കാട് വളരെ കുറവായതുകൊണ്ട് എവിടെയാണ് അവൻ ഓടി ഒളിക്കുക? 'ഹരിവംശം' അങ്ങെടുത്ത് വായിച്ചുനോക്കിയാൽ മതി. ബഹുമാനപ്പെട്ട ബാലൻ വൈദ്യർ തുടക്കത്തിൽ ചില രാഷ്ട്രീയ കാര്യങ്ങൾ പറഞ്ഞു. കാർഗിൽ യുദ്ധത്തെക്കുറിച്ച് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞത് ജവാൻമാരുടെ പിന്നിൽ രാഷ്ട്രം ഒറ്റക്കെട്ടാണെന്നാണ്. അദ്ദേഹം ഒരു സത്യം പറഞ്ഞു. 1962-ലെ പോലെയല്ല, 1962-ൽ നാം നമ്മുടേയെന്നും ചൈന ചൈനയുടേതെന്നും പറയാൻ ഇപ്പോൾ ആളില്ലാത്തതുകൊണ്ട് ഇന്ത്യയിലെ ജനങ്ങൾ ഇന്ന് ഒറ്റക്കെട്ടായി ഈ ജവാൻമാരുടെ കൂടെയാണ്. അതുമാത്രമല്ല അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞ ഒരു സത്യം. മൂന്നാം മുന്നണിയുടെ പ്രസക്തിയെക്കുറിച്ചൊക്കെ, ബഹുമാനപ്പെട്ട ബാലൻ വൈദ്യരും ശ്രീ. സത്യൻ മൊകേരിയും പറഞ്ഞു. ബഹുമാനപ്പെട്ട സത്യൻ മൊകേരിക്ക് എന്തുപറ്റിയെന്നറിയില്ല. കേരളത്തിലെ സി.പി.ഐ.(എം) കാരൊക്കെ വലിയ സ്വപ്നങ്ങളുള്ള ആളുകളാണ്. 1967-ൽ ഇ.എം.എസ്. പറഞ്ഞതെന്താണ്? സപ്തകക്ഷി മുന്നണി അധികാരത്തിൽ വന്നയുടനേ അദ്ദേഹം പറഞ്ഞു, ഞങ്ങൾ ചെങ്കോട്ടയിൽ ചെങ്കൊടി പാറിക്കും എന്ന്. പാറിച്ചോ ശ്രീ. ശിവദാസമേനോൻ? ശ്രീ. സത്യൻ മൊകേരി ഇവിടെ കുറേ കാര്യങ്ങൾ പറഞ്ഞു. ശ്രീ. സത്യനോട് ചോദിക്കട്ടെ, ശ്രീ. ദേവഗൗഡ ആദ്യമായി പ്രധാനമന്ത്രിപദം ഏറ്റെടുക്കുന്നതിനുവേണ്ടി ഡൽഹി വിമാനത്താവളത്തിൽ വന്നിറങ്ങിയപ്പോൾ അദ്ദേഹം എന്താണ് പറഞ്ഞത്? കോൺഗ്രസ്സിന്റെ സാമ്പത്തിക നയങ്ങൾ അതേപടി തുടരും. അതേപടി തന്നെയാണ് തുടർന്നത്. മറച്ചുവച്ചിട്ട് കാര്യമില്ല. കോമൺ മിനിമം പ്രോഗ്രാമെന്ന് പറഞ്ഞിട്ട് കാര്യമില്ല. ശ്രീ. ദേവഗൗഡ അധികാരത്തിൽ കയറി അഞ്ചാറ് മാസം കഴിഞ്ഞപ്പോൾ എന്താണ് സംഭവിച്ചതെന്ന് ദേശാഭിമാനി എടുത്തുനോക്കിയാൽ കാണാം. മാർക്സിസ്റ്റ് പാർട്ടിയും പോളിറ്റ് ബ്യൂറോയുടെ പ്രമേയവും. ആ പ്രമേയത്തിൽ എന്താണ് പറയുന്നത്? കോൺഗ്രസ്സിന്റെ സാമ്പത്തിക നയങ്ങളേക്കാൾ അറുപിന്തിരിപ്പൻ സാമ്പത്തിക നയങ്ങളാണ് ശ്രീ. ചിദംബരം തുടർന്നുകൊണ്ടിരിക്കുന്നതെന്നാണ് പോളിറ്റ് ബ്യൂറോ പ്രമേയത്തിൽ പറയുന്നത്. പിന്നെ നിങ്ങൾ ഇതൊക്കെ പറഞ്ഞിട്ട് കാര്യമില്ല. ശ്രീ. ചതുരാനനൻ മിശ്രയും അതുപോലുള്ള മന്ത്രിമാരും അവിടെയിരുന്നു പിന്തുണച്ചു. നിങ്ങൾ ശ്രീ. ഇന്ദ്രജിത്ത് ഗുപ്തയെ പിന്തുണച്ചില്ലേ? ശ്രീ. ബാലൻ വൈദ്യരോട് ഒരു കാര്യം ചോദിക്കട്ടെ, കേരളത്തിന്റേയോ

LIBRARY ARCHIVES Kerala Legislative Assembly

പശ്ചിമബംഗാളിന്റേയോ, ത്രിപുരയുടേയോ കാര്യം പറഞ്ഞാൽ മനസ്സിലാക്കാം. നിങ്ങൾ ഇപ്പോൾ ചിന്തിക്കാൻ തുടങ്ങിയിരിക്കുന്നത് കേന്ദ്രത്തിലെ ഭരണത്തെക്കുറിച്ചൊക്കെയാണ്. "പൊന്നുരുക്കുന്നിടത്ത് പൂച്ചയ്ക്കെന്തു കാര്യം." ഇന്ത്യാമഹാരാജ്യത്തിന്റെ ഭരണം ആരുടെ കൈകളിലായിരിക്കണമെന്നതിനെക്കുറിച്ച് തീരുമാനിക്കുന്നതിനുള്ള തെരഞ്ഞെടുപ്പാണിത്. കോൺഗ്രസ്സ് ഭരിക്കണമോ, ബി.ജെ.പി. ഭരിക്കണമോ എന്ന് തീരുമാനക്കേണ്ട തെരഞ്ഞെടുപ്പാണ്. അവിടെയാണ് നിങ്ങൾ മൂന്നാംമുന്നണിയുണ്ടാക്കുന്നതിനെക്കുറിച്ചൊക്കെയുള്ള സ്വപ്നലോകത്തിൽ ജീവിക്കുന്നത്. "അണ്ണാറക്കണ്ണൻ ആനയെ സമ്മന്തം കഴിക്കുക" എന്നുപറഞ്ഞാൽ അത് നടക്കുന്ന കാര്യമാണോ? ഒരു ചൊല്ലുണ്ട്. "അരിമണിയൊന്ന് കൊറിക്കാനില്ല തരിവളയിട്ട് കിലുക്കാൻ മോഹം" എന്നുപറയുന്നതുപോലെയാണ്. ശ്രീ. ബാലൻ വൈദ്യർക്കും, ശ്രീ. സത്യൻ മൊകേരിക്കുമൊക്കെ വലിയ മോഹങ്ങളാണ്. മൂന്നാം മുന്നണി ഉണ്ടാക്കുക, മൂന്നാം മുന്നണിയുണ്ടാക്കി ഭരണഭാരം ഏറ്റെടുക്കുക. എന്റെ സത്യാ, നിങ്ങൾ ഈ ഇന്ത്യൻ മഹാരാജ്യത്ത് എവിടെയുണ്ട്? കേരളത്തിലും, പശ്ചിമബംഗാളിലും, ത്രിപുരയിലുമല്ലാതെ എവിടെയുണ്ട്? ഇപ്പോൾ പറയുന്നത് ഞങ്ങൾക്ക് ശക്തിയില്ലാത്തിടത്ത് കോൺഗ്രസ്സിനെ പിന്തുണയ്ക്കാമെന്നാണ്. നിങ്ങൾക്ക് ശക്തിയില്ലാത്തിടത്ത് കോൺഗ്രസ്സിനെ പിന്തുണച്ചിട്ടെന്താണ് കാര്യം? നാല് സംസ്ഥാനങ്ങളിൽ നിയമസഭാ തെരഞ്ഞെടുപ്പ് നടന്നു. അവിടെ നിങ്ങൾക്ക് എത്ര സീറ്റാണ് കിട്ടിയത്? ഏകദേശം അറുന്നൂറോളം സീറ്റിൽ ഒരു സീറ്റോ? കോൺഗ്രസ്സിന് എന്തിനാണ് നിങ്ങളുടെ പിന്തുണ? നിങ്ങൾക്ക് 'ഇമ്മിണി വലിയ ഒന്ന്' അല്ലേ കിട്ടിയത്?" ആ നിങ്ങളാണ് പറയുന്നത് ഞങ്ങളെ സഹായിക്കാമെന്ന്. നിങ്ങൾക്ക് ശക്തിയുള്ള സംസ്ഥാനങ്ങളിൽ നിങ്ങൾ മത്സരിക്കും, കേരളത്തിലാണെങ്കിൽ മത്സരിക്കും, പശ്ചിമബംഗാളിലാണെങ്കിൽ മത്സരിക്കും, ത്രിപുരയിലാണെങ്കിൽ മത്സരിക്കും, പിന്നെ നിങ്ങളുടെ പിന്തുണ എന്തിനാണ്? ശക്തിയുള്ള സംസ്ഥാനങ്ങളിൽ ഞങ്ങൾ മത്സരിക്കും, ബാക്കി ശക്തിയില്ലാത്ത സംസ്ഥാനങ്ങളിൽ ആകെ അഞ്ചും മൂന്നും, എട്ട് വോട്ടുള്ളിടത്ത് ഞങ്ങളെ സഹായിക്കും. ഞങ്ങൾക്ക് ആ അഞ്ചും മൂന്നും, എട്ട് വോട്ട് എന്തിനാണ്? ജനങ്ങൾക്ക് കുറച്ചെങ്കിലും വിശ്വസിക്കാൻ പറ്റുന്ന കാര്യങ്ങൾ പറയണം. ഈ മൂന്നാം മുന്നണി എവിടെയാണുള്ളത്? ശ്രീ. ചന്ദ്രബാബു നായിഡു എവിടെയുണ്ട്? ശ്രീ. കരുണാനിധി എവിടെയുണ്ട്? ശ്രീ. മൊഹന്ത എവിടെയുണ്ട്? നിങ്ങളുടെ മുന്നണിയിലുള്ള പലരും എവിടെയുണ്ട്? നിങ്ങളുടെ കൂടെ ആരാണുള്ളത്? ഈ മൂന്നാം മുന്നണിയിലുള്ള സ്വപ്നം മലർപ്പൊടിക്കാരന്റെ സ്വപ്നംപോലെ അവശേഷിക്കുകയല്ലാതെ നിങ്ങൾക്ക് ഇവിടെ എന്തുചെയ്യാൻ കഴിയും? ഇന്ത്യാമഹാരാജ്യത്ത് തെരഞ്ഞെടുപ്പ് നടക്കുമ്പോൾ ഞങ്ങൾ മൂന്നാംമുന്നണിയുണ്ടാക്കും, ഞങ്ങൾ മൂന്നാം മുന്നണിയുണ്ടാക്കും എന്ന് പറയുന്നു. ഏത് മൂന്നാം മുന്നണി? വെറുതെ ആളുകളെ പറ്റിക്കാനല്ലേ? ഇപ്പോൾ ഏറ്റവും ഒടുവിലത്തെ സ്ഥിതി എന്താണെന്നറിയാമോ? ജനതാദൾ നേതാവ് ശ്രീ. കെ.എച്ച്. പട്ടേൽ കർണ്ണാടകയിൽ ബി.ജെ.പി.യുമായി ചർച്ച ചെയ്ത് സെറ്റിൽചെയ്യാൻ പോകുകയാണ്. ആകെ ജനതാദളിൽ അഞ്ചോ ആറോ പേരേയുള്ളൂ. ഇന്ത്യാമഹാരാജ്യത്ത് ജനതാദൾ വട്ടപ്പൂജ്യമാണ്. അല്പമെങ്കിലും ശക്തിയുള്ളത് കർണ്ണാടകത്തിലാണ്. ആ കർണ്ണാടകത്തിൽത്തന്നെ ശ്രീ. കെ.എച്ച്. പട്ടേൽ, ബി.ജെ.പി.യുമായി സംസാരിച്ച് ഐക്യതയുണ്ടാക്കാനുള്ള തീരുമാനത്തിലാണ്. അതുപോലെതന്നെ കഴിഞ്ഞ കാലങ്ങളിൽ ശ്രീ. പാസ്വാൻ എങ്ങനെയാണ് ജയിച്ചത്? ശ്രീ. ഗുജ്റാൾ എങ്ങനെയാണ് ജയിച്ചത്? ഇവരൊക്കെ എന്താണ് പറയുന്നത്? ഇവ

LIBRARY ARCHIVES Kerala Legislative Assembly

രൊക്കെ മൂന്നാം മുന്നണിയെക്കുറിച്ചാണോ സ്വപ്നം കാണുന്നത്? ശ്രീ. ഗുജ്റാൾ കഴിഞ്ഞതവണ ജയിച്ചതെങ്ങനെയെന്ന് അറിയില്ലേ? ശ്രീ. പാസ്വാൻ ജയിച്ചതെങ്ങനെയാണെന്ന് അറിയില്ലേ? അവരൊക്കെ ബി.ജെ.പി.യുടെ സഹായത്തോടെ ജയിച്ചവരാണ്. ജനാതാദളാണ് ഇവിടെയുള്ളത്. നിങ്ങൾ യഥാർത്ഥത്തിൽ ചെയ്തുകൊണ്ടിരിക്കുന്നത് കഴിഞ്ഞകാലത്ത് ചെയ്തതുപോലുള്ള ഏർപ്പാടുകൾ തന്നെയാണ്. കഴിഞ്ഞ കാലങ്ങളിൽ നിങ്ങൾ നേരിട്ടായിരുന്നു സഖ്യം. ഇപ്പോൾ നിങ്ങൾ ബി.ജെ.പി.യിലേയ്ക്കുള്ള റിക്രൂട്ടിംഗ് ഏജന്റുമാരാണ്. നിങ്ങളുടെ കൂടെയുള്ളവരാണ് പോയത്. ഞങ്ങളുടെ കൂട്ടത്തിൽനിന്നും ആരും പോയിട്ടില്ല. നിങ്ങളുടെകൂടെയുള്ളവരാണ് ഇന്ന് ബി.ജെ.പി.യുടെ ഭരണത്തിൽ ചേക്കേറിയിരിക്കുന്നത്. നിങ്ങൾ അവരുടെ റിക്രൂട്ടിംഗ് ഏജന്റുമാരായി, ബി.ജെ.പി.യിലേയ്ക്കുള്ള റിക്രൂട്ടിംഗ് ഏജൻസിയായി. അതുപോലെ തന്നെ കോൺഗ്രസ്സ് (എസ്)ന്റെ സ്ഥിതി എന്താണ്? കോൺഗ്രസ്സ് (എസ്)ഉം ബി.ജെ.പി.യുമായി ബന്ധമില്ലേ? നിങ്ങൾക്ക് ശക്തിയില്ലാത്തിടത്ത് ഞങ്ങളെ സഹായിക്കാമെന്നാണ്. നിങ്ങൾക്ക് യഥാർത്ഥത്തിൽ ബി.ജെ.പി.യോട് എതിർപ്പുണ്ടോ? ശ്രീ. സുർജിത് പറയുന്നത് ശ്രീമതി സോണിയാഗാന്ധിയെ പിന്തുണയ്ക്കാമെന്നാണ്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ഏറ്റവും കൂടുതൽ കോൺഗ്രസ്സ് വിരോധം സി.പി.ഐ.ക്കാർക്കാണല്ലോ? ബി.ജെ.പി.യുടെ കൂടെ കോൺഗ്രസ്സ് കൂടണമെന്നാണല്ലോ? 1967-ൽ ഇന്നത്തെ ബി.ജെ.പി. അന്നത്തെ ജനസംഘ് ആണ്. അവരുടെകൂടെ എത്ര സ്റ്റേറ്റിൽ കയറി ഭരിച്ച പാർട്ടിയാണ് സി.പി.ഐ. എന്നുള്ളകാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ? ഇന്നും ഇന്ത്യാരാജ്യത്ത് ഒരു പഞ്ചായത്ത് വാർഡിൽ തനിച്ചുനിന്ന് ജയിക്കാത്ത പാർട്ടിയാണ്. അവർ അവസരം കിട്ടിയാൽ ഇനിയും ബി.ജെ.പി.യുടെ കൂടെയടുക്കുമെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

<u>ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ</u> : ബീഹാറിൽ അടക്കം 1967-ൽ ജനസംഘിന്റെ ഭരണത്തിൽ പങ്കാളികളായവരാണ് സി.പി.ഐ.ക്കാർ. മാർക്സിസ്റ്റുകാർക്കും അതുതന്നെയാണ് സ്ഥിതി. ഭരണത്തിന് പോയിട്ടില്ല. പക്ഷേ ഒളിഞ്ഞും തെളിഞ്ഞും കാലാകാലങ്ങളിൽ ബി.ജെ.പി.യെ സഹായിച്ചത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്. 1977-ലെ സ്ഥിതി എന്താണ്? ശ്രീ. അടൽബിഹാരി വാജ്പേയും, ശ്രീ. എൽ.കെ. അദ്വാനിയും മൊറാർജി ദേശായിയുടെ മന്ത്രിസഭയിലുണ്ടായിരുന്നു. ശ്രീ. വി.പി. സിംഗിന്റെ ഭരണം വന്നപ്പോൾ ആഴ്ചതോറും അത്താഴവിരുന്ന് നടത്തിയവരല്ലേ? ആ അത്താഴ വിരുന്നിൽ ശ്രീ. ഇന്ദ്രജിത് ഗുപ്തയും, ശ്രീ. സുർജിത് സിംഗും പങ്കെടുത്തില്ലേ? നിങ്ങൾ ഭരണപരമായ കാര്യങ്ങൾ ആഴ്ചയിൽ നടക്കുന്ന അത്താഴ വിരുന്നുകളിലല്ലേ തീരുമാനിച്ചിരുന്നത്? കേരളത്തിലെ സി.പി.ഐ.(എം) കാർക്ക് അന്ധമായ കോൺഗ്രസ്സ് വിരോധമാണുള്ളത്. നിങ്ങൾ അത് മാറ്റണം. കേരളത്തിലെ സി.പി.ഐ.(എം)കാർ പ്രത്യേകിച്ചും അന്ധമായ കോൺഗ്രസ്സ് വിരോധം മാറ്റി യാഥാർത്ഥ്യബോധത്തോടുകൂടി കാര്യങ്ങൾ മനസ്സിലാക്കണം. ഈ രാജ്യത്ത് ബി.ജെ.പി.യുടെ അംഗസംഖ്യ കൂടിയാൽ കോൺഗ്രസ്സിന്റെ അംഗസംഖ്യ കുറയും. ലോകസഭയിൽ കോൺഗ്രസ്സിന്റെ അംഗസംഖ്യ കൂടണമെങ്കിൽ എന്ത് ചെയ്യണം? നിങ്ങൾക്ക് ബി.ജെ.പി.യെ ഒഴിച്ചുനിർത്തണമെന്ന് ആത്മാർത്ഥമായ ആഗ്രഹമുണ്ടെങ്കിൽ നിങ്ങൾ കോൺഗ്രസ്സിനെ സഹായിക്കണം. കേരളത്തിലും ത്രിപുരയിലും പശ്ചിമബംഗാളിലും സഹായിക്കണം. അതിന് നിങ്ങൾ തയ്യാറുണ്ടോ? ഇല്ല. പിന്നെയും പഴയ ഏർപ്പാടുതന്നെ,

LIBRARY ARCHIVES Kerala Legislative Assembly

ബി.ജെ.പി.യെ സഹായിക്കാനുള്ള ഏർപ്പാടാണ് നടത്തുന്നത്. ബഹുമാനപ്പെട്ട ശിവദാസമേനോൻ അങ്ങ് എക്സൈസ് വകുപ്പുമന്ത്രികൂടിയാണ്. അങ്ങയോട് ഒരു കാര്യം പറയട്ടെ; ഇത്തവണത്തെ കള്ള് ഷാപ്പ് ലേലം ചെയ്തത് ഏക ദേശം 125 കോടിയോളം രൂപയ്ക്കാണ്. 125 കോടി രൂപയ്ക്ക് കള്ള് വിൽക്കണ മെങ്കിൽ, ഈ 125 കോടി രൂപ മുതലാകണമെങ്കിൽ കിസ്ത് അട യ്ക്കാൻവേണ്ടി മാത്രം അഞ്ചുരൂപ വീതം ഒരു ലിറ്റർ കള്ളിന് കണക്കാക്കി യാൽ 25 കോടി ലിറ്റർ കള്ള് വിൽക്കണം. 125 കോടി രൂപ വേറെ യുമുണ്ടാക്കണമെങ്കിൽ മുതലാളിയുടെ ലാഭവും, തൊഴിലാളികളുടെ കൂലിയും ബോണസ്സും മറ്റാനുകൂല്യങ്ങളുമെല്ലാം കൂടി 25 കോടി ലിറ്റർ കള്ള് കൂടി വിൽക്കണം. അങ്ങനെ 50 കോടി ലിറ്റർ കള്ള് വിൽക്കണം. അത് പറയുവാൻ കാരണം, കേരളത്തിലാകെ ഉൽപ്പാദിപ്പിക്കുന്ന കള്ള് എത്രയാണ് എന്ന് ഞാൻ ഒരു ചോദ്യം ചോദിച്ചു. അങ്ങ് തന്ന ഉത്തരം 'വിവരം ശേഖരിച്ചുവരുന്നു' എന്നാണ്. മിസ്റ്റർ ശിവദാസമേനോൻ, കള്ള് വിൽക്കുന്നതിന്റെ വിവരം ശേഖരി ക്കാൻ ഇത്രയും ദിവസം വേണമോ? ഇപ്പോൾ കേരളത്തിൽ കള്ളുഷാപ്പുക ളിൽ പായ്ക്കറ്റ് ചാരായം കിട്ടും, വിദേശമദ്യം കിട്ടും, വ്യാജ ചാരായം കിട്ടും. നിങ്ങൾ തന്നിട്ടുള്ള കണക്ക് അനുസരിച്ച് കേരളത്തിൽ 20 ആളുകൾ വ്യാജ മദ്യദുരന്തത്തിന്റെ ഫലമായി മരിച്ചു. 20 ആളല്ല, നൂറുകണക്കിനാളുകൾ മരി ക്കുന്നുണ്ട്, ആയിരക്കണക്കിന് ആളുകൾ മരിക്കുക മാത്രമല്ല പതിനായിര ങ്ങൾ, ലക്ഷങ്ങൾ ഓരോ ദിവസവും മരണത്തിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കു കയാണ്. കാരണം വ്യാജമദ്യം കുടിച്ചാൽ ഉടനെ മരിക്കുകയില്ല. എത്രയോ ദിവസങ്ങൾ, ചിലപ്പോൾ മാസങ്ങൾ, ചിലപ്പോൾ വർഷങ്ങളെടുത്താൽ മാത്രമേ വ്യാജമദ്യത്തിന്റെ ദുരിതഫലങ്ങൾ ജനങ്ങൾക്കനുഭവപ്പെടുകയുള്ളൂ. വാസ്തവത്തിൽ ലക്ഷോപലക്ഷം ആളുകൾ മരണവക്ത്രത്തിലേയ്ക്ക് നീങ്ങു കയാണ്.

വ്യാജമദ്യത്തിന്റെ ഉൽപ്പാദനവും വിപണനവും തടയുന്നതിന് ഞങ്ങൾ ഭരിച്ചിരുന്നകാലത്ത് ഒരു മോണിറ്ററിംഗ് കമ്മിറ്റി ഉണ്ടായിരുന്നു. ആ കമ്മിറ്റി യിൽ എക്സൈസ് ഉദ്യോഗസ്ഥൻമാർ, പോലീസ് ഉദ്യോഗസ്ഥൻമാർ, ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ, റവന്യൂ ഉദ്യോഗസ്ഥൻമാർ എന്നിവർ ഉണ്ടായിരു ന്നു. ഇപ്പോൾ ഒരു മോണിറ്ററിംഗ് കമ്മിറ്റിയുണ്ട്. ആ മോണിറ്ററിംഗ് കമ്മിറ്റി യിൽ എക്സൈസ് ഉദ്യോഗസ്ഥൻമാരും പോലീസ് ഉദ്യോഗസ്ഥൻമാരും സി. പി.ഐ.(എം)-ന്റെ ജില്ലാതലത്തിലും അതിനു താഴോട്ടുമുള്ള നേതാക്കൻമാരു മാണുള്ളത്. വ്യാജചാരായം എവിടെ വിൽക്കണം, വ്യാജമദ്യം എവിടെ വിൽക്കണം എന്നൊക്കെ തീരുമാനിക്കുന്നത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി യുടെ ആഫീസിൽ വച്ചാണ്. നിങ്ങൾ മൂന്ന് ജില്ലകളിൽ മദ്യ മുതലാളിമാരുടെ ഷോപ്പുകളും ഗോഡൗണുകളും റെയ്ഡ് ചെയ്തില്ലേ? ഇന്ന് ആ കേസ്സിന്റെ സ്ഥിതി എന്താണ്? ആ ഗോഡൗണുകളിൽനിന്ന് പിടിച്ചെടുത്ത കണക്കു പുസ്തകങ്ങളിൽ സി.പി.ഐ.(എം) നേതാക്കൻമാരുടേയും സി.ഐ.ടി.യു. നേതാക്കൻമാരുടേയും പേരുകളില്ലേ? അവർക്കെതിരായി നിങ്ങൾ കേസ്സ് എടുത്തോ? മദ്യമുതലാളിമാർക്കെതിരെ കേസ്സ് എടുക്കാൻ നിങ്ങൾ തയ്യാ റായോ? ഗോഡൗണുകളിൽനിന്ന് പിടിച്ചെടുത്ത കണക്കുപുസ്തകങ്ങൾ ഇപ്പോൾ എവിടെയുണ്ട്? മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അറിഞ്ഞുകൊണ്ട് കേരളത്തിൽ അങ്ങോളമിങ്ങോളം വ്യാജമദ്യ ഏർപ്പാടുകൾ നടത്തുന്നുവെന്നു പറഞ്ഞാൽ ബഹുമാനപ്പെട്ട ശിവദാസമേനോന് അത് നിഷേധിക്കാൻ കഴിയു കയില്ല. ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥനും ഇത് നിഷേധിക്കാൻ ആവുകയില്ല. അതിന്റെ പങ്ക് കിട്ടുന്നവരാണ് നേതാക്കൻമാരെന്നു പറഞ്ഞാൽ അതും നിഷേ

LIBRARY ARCHIVES Kerala Legislative Assembly

ധിക്കാനാവുകയില്ല. ഇത്തരത്തിൽ അമിതമായി നികുതിപിരിച്ച് ജനങ്ങളെ ദ്രോഹിച്ച്, ജനങ്ങൾക്ക് ഒന്നും കൊടുക്കാതെ, ജനങ്ങളെ എല്ലാ തരത്തിലും ദുരിതപൂർണ്ണമായ ജീവിതത്തിലേയ്ക്ക് തള്ളിവിടുന്ന ഈ ധനകാര്യ ബില്ലിനെ ഞാൻ എതിർക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, Kerala Surcharge on Taxes Act, Kerala General Sales Tax Act, Kerala Buildings Tax Act, Kerala Agricultural Income Tax Act, Agricultural Tax on Entry of Goods into Local Areas Act- ഈ അഞ്ചു നിയമങ്ങളിൽ ബഡ്ജറ്റ് പ്രസംഗത്തിൽ കൊണ്ടുവന്നിട്ടുള്ള ചില നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ വേണ്ടിയാണ് ഫിനാൻസ് ബിൽ അവതരിപ്പിച്ചത്. ഇതിന്റെ ജനറൽ ഡിസ്കഷനിൽ ഇപ്പുറത്തും അപ്പുറത്തുമുള്ള മെമ്പർമാർ സജീവമായി പങ്കെടുക്കുകയുണ്ടായി. അതിൽ വളരെ കുറച്ചുപേർ മാത്രമാണ് ബില്ലിനെ സംബന്ധിച്ച് സംസാരിച്ചത്. അതിന് ചില ക്ലാരിഫിക്കേഷൻ കൊടുക്കാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. രാഷ്ട്രീയ കാര്യങ്ങൾ നമുക്ക് എപ്പോഴും പറയാമല്ലോ. ധനകാര്യ ബില്ലിനെക്കുറിച്ച് ആദ്യമായി ചർച്ച തുടങ്ങിവച്ചത് ശ്രീ. എം. മുരളിയാണ്. വളരെ കാര്യമാത്ര പ്രസക്തമായി ഈ ഫിനാൻസ് ബില്ലിലെ എല്ലാ വകുപ്പുകളും പഠിച്ചിട്ടാണ് അദ്ദേഹം ഇവിടെ പ്രസംഗം അവതരിപ്പിച്ചിട്ടുള്ളത്. പഠിച്ച് അവതരിപ്പിച്ചുവെങ്കിലും ഇതിൽ അദ്ദേഹത്തിന് തെറ്റായ ചില ധാരണകൾ വന്നിട്ടുണ്ട്. ആ ധാരണ തിരുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ഒന്നാമതായി ബ്രാൻഡ് നെയ്മിലുള്ള വസ്തുക്കളുടെ നികുതിയുടെ കൂട്ടത്തിൽനിന്നും തേയിലയെ ഒഴിവാക്കി. കേരളത്തിലുള്ള തേയിലയുടെ സിംഹഭാഗവും ലേലത്തിലാണ് പോകുന്നത്. അവിടെ ഫസ്റ്റ് പോയിന്റ് ടാക്സ് വച്ചാൽ തേയിലയുടെ ടാക്സ് ഒന്നിച്ച് ലമ്പായി ഗവൺമെന്റിന് കിട്ടും. നേരേമറിച്ച് ഇത് ബ്രാൻഡിൽക്കൂടെ കൊടുത്താൽ അത് ആകെ ചിന്നിച്ചിതറും. ടാക്സ് ഇവേഷൻ വരാൻ ധാരാളം സാദ്ധ്യതകൾ ഉള്ളതുകൊണ്ടാണ് ഫസ്റ്റ് പോയിന്റ് ടാക്സ് ഹോൾ ആയി കിട്ടുന്ന ആ സമ്പ്രദായം ഗ്യാരന്റിചെയ്യാൻവേണ്ടി ഇത് ചെയ്തത്. ഗോൾഡ് മർച്ചന്റ്സിന്റെ ടാക്സ് കോമ്പൗണ്ടിംഗിനെ സംബന്ധിച്ചതാണ് രണ്ടാമത്തെ പോയിന്റ്. കോമ്പൗണ്ട് ചെയ്ത വർഷം ബ്രാഞ്ച് തുറന്നാൽ ആ മെയിൻ ആഫീസിന്റെ 25 ശതമാനമാണ് ഫസ്റ്റ് ഇയറിൽ നികുതി അടയ്ക്കേണ്ടത്. അതിൽ എന്തോ നിഗൂഢത ഉണ്ടെന്ന് അദ്ദേഹത്തിന് തോന്നി. ആത്മാർത്ഥമായി തോന്നിയതുകൊണ്ടാകാം അദ്ദേഹം പറഞ്ഞത്. അത് ക്ലിയറാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോഴത്തെ സ്ഥിതി എന്താണ്? കോമ്പൗണ്ട് ചെയ്ത ഒരു ഗോൾഡ് മർച്ചന്റ് ഒരു ബ്രാഞ്ച് തുടങ്ങിയാൽ ആ വർഷം ആ ബ്രാഞ്ചിൽനിന്ന് ഒരു നയാ പൈസപോലും ടാക്സ് തരണ്ട. അത് 25 ശതമാനം തരണമെന്ന് ആക്കിയതിൽ നിഗൂഢത ഒന്നുമില്ല. കുറച്ചുകൂടി കാശു കിട്ടാൻവേണ്ടിയാണ് ഇപ്പോൾ ഇല്ലാത്ത ഒരു ടാക്സ് കൊണ്ടുവന്നത്. അതിൽ യാതൊരു സംശയവും വേണ്ട. പിന്നെ കാഷ്യൽ ട്രേഡേഴ്സിന്റെ കാര്യം. കാഷ്യൽ ട്രേഡേഴ്സിന്റെ രജിസ്ട്രേഷൻ ഫീ 100 രൂപയിൽനിന്ന് 1000 രൂപയാക്കിയത് കുറച്ച് കടന്നകയ്യായിപ്പോയിയെന്ന് പറയുകയുണ്ടായി. ഉത്സവകാലത്ത് കുറച്ചു ദിവസത്തേയ്ക്ക് വരുന്നവരാണ്. അവരുടെ വിറ്റുവരവ് കൃത്യമായി കണക്കാക്കി രജിസ്ട്രേഷൻ ഫീ തിട്ടപ്പെടുത്തുന്നത് അസാദ്ധ്യമാണ്. അതുകൊണ്ടാണ് 1000 രൂപയാക്കി നിശ്ചയിച്ചത്. ബുള്ളിയന്റെ കാര്യം പറഞ്ഞു. സ്വർണ്ണക്കട്ടി വാങ്ങുന്നതിന് നികുതി ഒരു ശതമാനത്തിൽനിന്ന് 0.5 ശതമാനമാക്കി ചുരുക്കി. അത് സ്വർണ്ണക്കച്ചവടക്കാർക്ക് എന്തോ ഗുണം കിട്ടാൻ വേണ്ടിയുള്ളതാണ് എന്നുള്ള രീതിയിൽ ഇവിടെ പറയുകയുണ്ടായി. തമിഴ്നാ

LIBRARY ARCHIVES Kerala Legislative Assembly

ട്ടിലും കാർണ്ണാടകയിലും 0.5 ശതമാനമാണ്. കേരളത്തിൽ 1 ശതമാനമാണ്. അതിപ്പോൾ അര ശതമാനമായി. ഒരു ശതമാനം കേരളത്തിലും അര ശതമാനം തമിഴ്നാട്ടിലും കർണ്ണാടകയിലും ആകുമ്പോൾ സ്വർണ്ണം കള്ളക്കടത്തിൽ അവിടെനിന്ന് വരുത്തും, നികുതി വെട്ടിപ്പ് നടക്കും. സ്വർണ്ണമാണെങ്കിൽ വലിയ ലോറിയിലൊന്നും കൊണ്ടുവരണ്ട. അയൽ സംസ്ഥാനങ്ങളിൽ കള്ളക്കടത്ത് നടക്കും. അത് തടയാൻ ഇവിടെ 0.5 ശതമാനമാക്കിയാൽ ബുള്ളിയൻ ഇവിടെനിന്നുതന്നെ പർച്ചേസ് ചെയ്യും. സ്വർണ്ണം വിൽക്കുന്നതിന്റെ നികുതി ഇവിടെത്തന്നെ ലഭിക്കാൻവേണ്ടിയാണ് അങ്ങനെ ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട കെ.എം. മാണിയും ബില്ലിനെ സംബന്ധിച്ച് തന്നെയാണ് സംസാരിച്ചത്. ധനകാര്യ വകുപ്പുമന്ത്രി എന്നനിലയ്ക്കുള്ള അദ്ദേഹത്തിന്റെ പരിചയവും നിയമസഭാ സാമാജികൻ എന്നനിലയ്ക്കുള്ള പരിചയവും വച്ചുകൊണ്ട് തന്നെയാണ് കാര്യങ്ങൾ അവതരിപ്പിച്ചത്. അദ്ദേഹം കുറെ ക്രിയാത്മകമായ നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. അതുപോലെ ഈ ഫിനാൻസ് ബില്ലിൽ കൊണ്ടുവന്നിട്ടുള്ള കുറെ കാര്യങ്ങളെ സ്വാഗതം ചെയ്യാനും അദ്ദേഹം മറന്നിട്ടില്ല. ശ്രീ. എം. മുരളിയും അങ്ങനെയാണ് പറഞ്ഞത്. ബിൽ വായിച്ചാൽ സ്വാഗതം ചെയ്യും. കാര്യങ്ങൾ അങ്ങനെയാണ് ചെയ്തിട്ടുള്ളത്. ശ്രീ. കെ.എം. മാണി ബില്ലിനെ സ്വാഗതം ചെയ്തതോടൊപ്പംതന്നെ ചില വിമർശനങ്ങളും കൊണ്ടുവരികയുണ്ടായി. തേങ്ങാപ്പിണ്ണാക്കിന് നികുതി 6 ശതമാനമാക്കിയില്ലേ? എണ്ണമില്ലുകളിൽ ആട്ടിയെടുക്കുന്ന തേങ്ങാപ്പിണ്ണാക്ക് വിൽക്കുമ്പോൾ 2 ശതമാനം മാത്രമേ ഇപ്പോഴും നികുതിയുള്ളൂ. ചില മില്ലുകൾ എണ്ണയുടെ സെയിൽസ് ടാക്സ് ഒഴിവാക്കാനായി കണക്കിൽ കൃത്രിമം കാണിച്ച് മറ്റ് വ്യാപാരികൾക്ക്, സോൾവന്റ് എക്സ്ട്രാക്ഷൻ യൂണിറ്റുകൾക്ക് വിൽക്കുകയാണ്. അതിൽ കാര്യമായ നികുതിവെട്ടിപ്പും നികുതിനഷ്ടവും വരുന്നുണ്ട്. തേങ്ങാപ്പിണ്ണാക്കിന്റെ വിൽപ്പന ഓയിൽ മിൽസ് ഒഴിവാക്കി നികുതിവരുമാനം കൂട്ടുന്നതിനാണ് വ്യാപാരികൾ വിൽക്കുന്ന തേങ്ങാപ്പിണ്ണാക്കിന് നികുതി നിരക്ക് 6 ശതമാനമാക്കിയത്. അല്ലാതെ പിണ്ണാക്കിൽനിന്ന് കുറേ വരുമാനം ഉണ്ടാക്കുന്നതിനു മാത്രമല്ല, സോൾവന്റ് എക്സ്ട്രാക്ഷൻ യൂണിറ്റായി പോകണ്ടായെന്നുകരുതിയാണ്. 3-ാം ഷെഡ്യൂളിൽ സെൻട്രൽ എക്സൈസ് താരിഫിന്റെ ഹെഡ്ഡിംഗ് നമ്പർ കൊടുത്തിട്ടുണ്ടെന്ന് പറഞ്ഞു. അദ്ദേഹം കാര്യമായി ചോദിച്ച, ഉത്തരം അർഹിക്കുന്ന, ഉത്തരം പറയേണ്ട ഒരു സംശയമാണ്. പഞ്ചസാര, പുകയില, ടെക്സ്റ്റയിൽ തുണിത്തരങ്ങൾ എന്നിവയ്ക്ക് അഡീഷണൽ എക്സൈസ് ഡ്യൂട്ടി ചുമത്തുന്നതുകൊണ്ട് സെയിൽസ് ടാക്സ് ചുമത്താൻ സാധിക്കുകയില്ല. സെൻട്രൽ എക്സൈസ് താരിഫിൽ ഈ ഇനങ്ങൾ പല ഹെഡ്ഡിംഗ് നമ്പരുകളിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അവയിലെ വിവരങ്ങൾ അതേപടി 3-ാം പട്ടികയിൽ ചേർക്കുന്നത് ബുദ്ധിമുട്ടായതുകൊണ്ടാണ് സെൻട്രൽ എക്സൈസ് താരിഫിൽ ഹെഡ്ഡിംഗ് നമ്പർ കൊടുത്തത്. 1992 മുതൽ ഈ രീതിയാണ് അവലംബിച്ചുവരുന്നത്. സെൻട്രൽ എക്സൈസ് താരിഫിൽ സമൂല ഭേദഗതി വന്നതുകൊണ്ടാണ് 3-ാം പട്ടികയിൽ ഭേദഗതി ആവശ്യമായിവന്നത്. പിന്നെ എസ്.എസ്.ഐ. യൂണിറ്റിന് നികുതി 4 ശതമാനത്തിൽനിന്നും 6 ശതമാനമായി. എസ്.എസ്.ഐ. യൂണിറ്റുകൾക്ക് 50 ലക്ഷം വരെ ടേൺ ഓവറിന്റെ 4 ശതമാനമാണ്. 50 ലക്ഷത്തിനും അതിനു മുകളിലും 6 ശതമാനമാണ്. അപ്പോൾ എല്ലാവരും സെയിൽടാക്സ് 50 ലക്ഷത്തിൽ കൊണ്ട് നിർത്തും. നികുതി വെട്ടിക്കുന്നു. ടാക്സസ് സെക്രട്ടറിയും ടാക്സസ് കമ്മിഷണറുമായി ഡിസ്കഷൻ നടത്തി എല്ലാവർക്കും 6 ശതമാനം ആക്കിയാൽ എസ്.എസ്.ഐ. യൂണിറ്റ്സിന് നികുതി വെട്ടിപ്പിനോ

LIBRARY ARCHIVES Kerala Legislative Assembly

ടാക്സ് evade ചെയ്യാനോ 50 ലക്ഷമായിട്ട് ടേൺഓവർ സമ്മതിച്ച് കൊടുക്കുന്നതിൽനിന്ന് ഉണ്ടാകുന്ന കറപ്ഷനിൽനിന്നോ ഈ വക കാര്യങ്ങളിൽനിന്നും അവർക്ക് ഒഴിവാകാം. ഗവൺമെന്റിന്റെ നികുതി കിട്ടുകയും ചെയ്യും. അതാണ് ഉദ്ദേശ്യം. അതുപോലെ മറ്റൊന്ന് തേങ്ങയും കൊപ്രയും ഒരേ ഇനത്തിൽ ഉൾപ്പെടുത്തിയെങ്കിലും രണ്ട് ഘട്ടങ്ങളായി നികുതി ചുമത്തുന്നത് ശരിയല്ല എന്നൊരു അഭിപ്രായവും ഇവിടെ വന്നു. പുറത്തുനിന്നും കൊണ്ടുവരുന്ന തേങ്ങയ്ക്കും കൊപ്രയ്ക്കും ആദ്യ വിൽപ്പനഘട്ടത്തിലും അകത്തുനിന്നും വാങ്ങുന്ന തേങ്ങയ്ക്കും കൊപ്രയ്ക്കും അവസാന ഘട്ടത്തിലും മാത്രമാണ് നികുതി ചുമത്തുന്നത്. കൊപ്രയ്ക്കും തേങ്ങയ്ക്കും പ്രത്യേകം പ്രത്യേകം നികുതി ചുമത്തുന്നത് ഒഴിവാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഭേദഗതി. പെട്രോളിയത്തിനെപ്പറ്റി ബഹുമാനപ്പെട്ട മാണി സാർതന്നെ പറഞ്ഞു. പെട്രോളിയത്തിന് TOT 4 ശതമാനം സർചാർജ്ജ് 10 ശതമാനം അന്യസംസ്ഥാനങ്ങളിൽ കൊണ്ടുപോയി റിഫൈനറിയിൽ റിഫൈൻ ചെയ്ത പെട്രോളിയത്തിന്റെ പ്രോഡക്ട്സ് വിറ്റാൽ അതിന്റെ 6 ശതമാനം പർച്ചേസ് ടാക്സ്. ഇത് മൂന്നും കൂടി ക്ലബ് ചെയ്തിട്ടാണ് 'സ്റ്റേറ്റ് സർചാർജ്ജ്' എന്ന് പറയുന്നത്. സ്റ്റേറ്റ് സർചാർജ് സംബന്ധിച്ച് 1994-ൽ കേന്ദ്ര ഗവൺമെന്റ് ഇങ്ങോട്ട് കത്തെഴുതി. ആ കത്തിൽ പറയുന്നത് The consumers in every State shall have ultimately to pay the irrecoverable levy thorugh enhanced price of pertroleum എന്നാണ്. ഈ TOTയും സർചാർജ്ജും പർചേസ് ടാക്സും കൺസ്യൂമർക്ക് പാസ് ചെയ്യുകയോ അങ്ങനെ എന്തെങ്കിലും ഇടപാടുകൾ ചെയ്തോളണം. അല്ലെങ്കിൽ പെട്രോളിയത്തിന്റെ വിലയിൽക്കൂടി അത് വാങ്ങും എന്നുള്ള 1994-ലെ കേന്ദ്ര ഗവൺമെന്റിന്റെ കത്ത് എന്റെ കൈയിൽ ഉണ്ട്. 1994-ൽ വന്ന കത്തിൽ 1995 വരെ ഒന്നും ആക്ട് ചെയ്തില്ല. പ്രൊപ്പോസൽ വരട്ടെ ആലോചിക്കാമെന്ന് 1995-ൽ മറുപടി കൊടുത്തു. മാണി സാർ പറഞ്ഞ ഒരു പ്രധാന പോയിന്റ്, 1997-ൽ പെട്രോളിന് വില കൂടിയപ്പോൾ ഈ സർചാർജ്ജും TOTയും purchase tax ഉം ചേർത്ത് സ്റ്റേറ്റ് സർചാർജ്ജ് എന്നൊരു പേരിട്ട് അത് പെട്രോളിന്റെ വിലയിൽക്കൂടി കൂട്ടി. അതുകൊണ്ടാണ് പെട്രോളിന് കേരളത്തിലും കർണ്ണാടകയിലും വില കൂടിയത്. 1994-ൽ കിട്ടിയ കത്തിന് ഞങ്ങൾ ഒന്നും ചെയ്യാത്തതുകൊണ്ടാണ് ആ ചെയിഞ്ച് വന്നത്. ഗവൺമെന്റ് ഓഫ് ഇന്ത്യ വളരെ ക്ലിയറായിട്ട് പറഞ്ഞിട്ടുണ്ട്. "This will not effect the Revenue of the State Government as it will be collected through the price." പ്രൈസിൽ കൂടി വാങ്ങിയാലും സ്റ്റേറ്റിന് തരുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പക്ഷേ സ്റ്റേറ്റ് സർചാർജ്ജ് നമ്മൾ അവരോട് ചോദിച്ചപ്പോൾ അത് പെട്രോളിന്റെ പ്രൈസാണ്. അത് തരാൻ പാടില്ല എന്നുള്ള നിലപാടാണ് അവർ എടുത്തിട്ടുള്ളത്. ബഹുമാനപ്പെട്ട കെ.എം. മാണി പറഞ്ഞതുപോലെ ആ പിരിച്ചത് ഫോർഫീറ്റ് ചെയ്യാൻ ഗവൺമെന്റ് നോട്ടീസ് അയച്ചു. അദ്ദേഹം ഫോർഫീറ്റ് ചെയ്യണമെന്ന് സജസ്റ്റ് ചെയ്തു. അതുകൊണ്ട് അത് ഫോർഫീറ്റ് ചെയ്തു. ഫോർഫീറ്റ് ചെയ്താൽ ഒരു നയാപൈസയില്ലാതെ തിരിച്ചു കിട്ടും, അതിൽ യാതൊരു സംശയവും വേണ്ട. ഈ മുന്നെണ്ണവും കൺസ്യൂമർക്ക് പാസ് ചെയ്യാം. അവർക്ക് ഓയിൽ പൂളിൽനിന്നും ഫണ്ട് സബ്സിഡിയുണ്ടായിരുന്നു. ഇപ്പോൾ ആ സബ്സിഡി നിർത്തലാക്കി. വെറുതെ ഒരു ലാഭം നമ്മുടേതിൽനിന്നും കിട്ടി. അങ്ങനെ കമ്പനിക്ക് ലാഭം കിട്ടാൻ പാടില്ല. It is not meant for that. ഈ കത്തിൽനിന്നും അക്കാര്യം വളരെ ക്ലിയറാണ്. The State Government will not have any loss. അതുകൊണ്ട് അത് forfeit ചെയ്യാൻ തീരുമാനിച്ചു. ഇന്ന് എ.ഐ.ടി.ക്ക് പലിശയിളവ് ബാധകമാണ്. അത് സെയിൽസ് ടാക്സ് ആക്ടിൽ വരുത്തിയ അതേ

LIBRARY ARCHIVES Kerala Legislative Assembly

മാതിരിയുള്ളതാണ്. 193-ാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നത് എ.ഐ.ടി.യെ ഉദ്ദേശിച്ചിട്ടുള്ളതാണ്. പക്ഷേ അത് ഇതിലില്ല. Agricultural income tax-നും ബാധകമാകുന്ന ഭേദഗതി കൊണ്ടുവരും. That will be included. ശ്രീ. ജോണി നെല്ലൂർ ഒന്നേകാൽ കോടി രൂപയുടെ കാറിന്റെ കാര്യം പറഞ്ഞു. ഒന്നേകാൽ കോടി രൂപയല്ല അതിന്റെ കണക്ക്. 52 ലക്ഷവും 27 ലക്ഷവും ആണ്. 52 ലക്ഷത്തിന്റേത് സ്പീക്കർക്കും മന്ത്രിമാർക്കും ഉൾപ്പെടെയുള്ള 10 കാറിനാണ്. ബാക്കിയുള്ള 27 ലക്ഷത്തന്റേത് ടൂറിസം ഡിപ്പാർട്ടുമെന്റിൽ, വി.വി.ഐ.പി. കൾക്ക് രണ്ട് സീലോ കാറും ബാക്കി അംബാസിഡർ കാറിന്റേതുമാണ്. 10 കാറിൽ 7 എണ്ണം അംബാസിഡർ കാർ ആണ്. 3 കാർ മാത്രമേ വേറെയുള്ളൂ. ഒരു കാർ ഓപ്പൽ ആസ്ട്ര, ലാൻസർ, മിത്സുബിഷി, മറ്റൊന്ന് ഫോർഡ്. ഒരു ഫോർഡ് കാർ തകർന്നു. അതിനു പകരം ഉള്ളതാണ് ഈ ഫോർഡ് കാർ. അതുപോലെ ഒരു അംബാസിഡർ കാർ തകർന്നു. കാർ വാങ്ങിയിട്ട് രണ്ട് രണ്ടര ക്കൊല്ലമായി. വഴിക്ക് നിന്നിട്ട്, ഒരു രക്ഷയുമില്ലാത്തതുകൊണ്ടാണ് പുതിയ കാർ വാങ്ങിയത്. ഇനി പഴകിയാൽ അത് scrap iron-ന് വിൽക്കണം. ഇപ്പോഴാണെങ്കിൽ നന്നാക്കി ഉപയോഗിക്കാം. അല്ലെങ്കിൽ ഒരു മാനമായ വിലയ്ക്ക് വിൽക്കാം. ഉരുക്കി തൂക്കി വിൽക്കണോ? തച്ചുപൊളിച്ചു വിൽക്കണോ? അതോ മാന്യമായ വിലയ്ക്ക് വിൽക്കണോ? അതു നോക്കിയാൽ, In the long run, it is good economy not bad economy. വാങ്ങിയിട്ട് രണ്ടരക്കൊല്ലമായ ഫോർഡ് കാർ ഒരു ദിവസംപോലും വർക്ക്ഷോപ്പിൽ പോയിട്ടില്ല. അംബാസിഡർ കാർ ഒന്നിരാടം വർക്ക്ഷോപ്പിൽ പോവുകയാണ്. വഴിക്ക് നിൽക്കുകയും ചെയ്യും. ആ രീതിയിലാണ്. പിന്നെ ഇവിടെ വന്നിട്ടുള്ള ഒരു കാര്യം യൂണിഫിക്കേഷൻ ഓഫ് ടാക്സസിനെ സംബന്ധിച്ചാണ്. യൂണിഫിക്കേഷൻ ഓഫ് ടാക്സസ് സംബന്ധിച്ച് മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിൽ തീരുമാനിച്ചു. ആ തീരുമാനത്തിൽ ഐക്യകണ്ഠേനയാണ് ആറ് അംഗങ്ങൾ അടങ്ങുന്ന കമ്മിറ്റിയെ നിയോഗിച്ചത്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് എന്റെ കൈവശമുണ്ട്. അത് ഗവൺമെന്റ് ഓഫ് ഇന്ത്യ സമ്പൂർണ്ണമായി അംഗീകരിച്ചു. എന്നിട്ട് അതിനെപ്പറ്റി നിങ്ങൾ കത്തയച്ചു. ബഹുമാനപ്പെട്ട യൂണിയൻ ഫിനാൻസ് മിനിസ്റ്റർക്കും, ചീഫ് മിനിസ്റ്റർക്കും കത്ത് എഴുതി, അതിന് ഞങ്ങൾ സമയം തരണമെന്ന മറുപടി അയച്ചു എന്നാണ് ഇവിടെ പറഞ്ഞത്. കേരളത്തിനാണാവശ്യം, സമയം തരണമെന്ന മറുപടി അല്ല. Please refer to your D.O. letter enclosing a copy of the minutes of the meeting of the Committee of Chief Ministers, for introduction of floor rates of Sales Tax, which met on 10.1.1999. I am happy that the Committee of Chief Ministers has come forward with its recommendations. I would like to convey that the recommendations relating to unified tax and unified industrial incentives is fully agreeable to our States. അത് പൂർണ്ണമായി ഈ സംസ്ഥാനം എഗ്രി ചെയ്തുകൊണ്ടുള്ള കത്തും അയച്ചു.

ശ്രീ. കെ.എം. മാണി : സർ, ബഡ്ജറ്റിൽ 154-ാമത്തെ പാരഗ്രാഫിൽ പറയുന്നുണ്ട്..... "ഈ ശുപാർശകൾ അംഗീകരിക്കുകയും നിരക്കുകൾ പ്രാബല്യത്തിൽ വരുത്തുന്നതിന് സമയപരിധി നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്" എന്ന്. മറ്റ് പല വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.

ശ്രീ. ടി. ശിവദാസമേനോൻ : സമയപരിധിയല്ല, ടൈം ബൗണ്ടായിട്ട് വേഗം നടപ്പിലാക്കണമെന്നാണ് പറഞ്ഞത്. സമയപരിധി നിശ്ചയിക്കാൻ പറഞ്ഞത് അതാണ്. It should not be unduly prolonged, it must be time bound.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.എം. മാണി : വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങൾ സമയം നിശ്ച യിച്ചിട്ടുണ്ട്.

ശ്രീ. ടി. ശിവദാസമേനോൻ : അങ്ങനെ വ്യാഖ്യാനിക്കരുത്. ഞാൻ പറ ഞ്ഞാൽ വിശ്വസിക്കാൻ ശ്രമിക്കണം. കാരണം ഇത് കഴിയുന്നതുംവേഗം അംഗീകരിക്കണമെന്നാണ്. മുഖ്യമന്ത്രിമാരുടെയും ധനകാര്യ മന്ത്രിമാരുടെയും യോഗത്തിൽ ശക്തിയായി ഇക്കാര്യം ഉന്നയിച്ചതാണ്. ഞാൻ ഡിക്ഷ്ണറി നോക്കി, എല്ലാപേരും ശ്രീ. മാണി സാറിനെ അഡീഷണാലിറ്റിയിൽ വന്ന് കളി യാക്കുന്നതു കാണാം. 'Additionality' is a correct word. ' അഡീഷണാലിറ്റി' ഞാൻ എം.എൽ.എ. ആകുന്നതിനു മുമ്പുള്ളതാണ്. ഞാൻ 1987-ലേ എം. എൽ.എ. ആയുള്ളൂ. 1982-ലാണ് ഈ 'അഡീഷണാലിറ്റി'. ഒരു സമയപരിധി നോക്കണ്ടേ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, അന്ന് അങ്ങ് ഇല്ലാത്തതുകൊണ്ട് അതുപോലെ ധാരാളം അബദ്ധം സി.പി.ഐ.(എം)ന് നിയമസഭയ്ക്കകത്ത് പറ്റിയിട്ടുണ്ട്.

ശ്രീ. ടി. ശിവദാസമേനോൻ : ബഹുമാനപ്പെട്ട ആര്യാടൻ ഐക്യജനാ ധിപത്യമുന്നണിയിൽനിന്ന് പോയിട്ട് വരാമെന്ന് വച്ചിട്ടാണ് ഞാൻ അന്ന് അസംബ്ലിയിൽ വരാത്തത്. പിന്നെ ഇതിൽ വന്നിട്ടുള്ളത് Wherever the words, 'Revenue Board' come in the Act, it will be regarded as the 'Commissioner'. റവന്യൂ എന്നുവച്ചാൽ റവന്യൂ കമ്മിഷണർ, എക്സൈസ് എന്നുവച്ചാൽ എക്സൈസ് കമ്മിഷണർ അതുകൊണ്ടാണ്. അങ്ങനെ that Act will take guard of it.

ശ്രീ. ആര്യാടൻ മുഹമ്മദ് : അങ്ങ് റവന്യൂ ബോർഡ് എന്ന് അന്ന് പറ ഞ്ഞു. അന്ന് ബോർഡ് ഉണ്ട്. റവന്യൂ ബോർഡിന്റെ നിയമത്തിൽ, ഇപ്പോൾ അബോളിഷ് ചെയ്ത നിയമത്തിൽ ആ അധികാരം കൊടുക്കേണ്ട കമ്മിഷ ണർ എന്നുപറഞ്ഞാൽ ഇന്ന് റവന്യൂ ബോർഡ് ഇല്ല, കമ്മിഷണർ എന്ന് തന്നെയാണ് പറയേണ്ടത്.

ശ്രീ. ടി. ശിവദാസമേനോൻ : ഏതെല്ലാം ആക്ടിൽ റവന്യൂ ബോർഡ് എന്നുണ്ടോ അതൊക്കെ കമ്മിഷണർ എന്നാണ് അർത്ഥം എന്ന് പറഞ്ഞിട്ടുള്ള തിനാൽ സെപ്പറേറ്റ് ഭേദഗതി ആവശ്യമില്ല. അതുകൊണ്ടാണ് അത് ചെയ്യാത്ത ത്. പിന്നെ ബഹുമാനപ്പെട്ട രാമചന്ദ്രൻ മാഷ് കുറേ കാര്യങ്ങൾ പറഞ്ഞു, അതൊന്നും ഞാൻ കാര്യമായിട്ടെടുക്കുന്നില്ല. അത് നിരവധി വട്ടം അങ്ങോട്ടും ഇങ്ങോട്ടും സംസാരിച്ച് ഒരു തേഞ്ഞ നാണയത്തിന്റെ പ്രതീതി ഉണ്ടാക്കിയിട്ടു ണ്ട്. വെറുതെ അങ്ങോട്ടുമിങ്ങോട്ടും പറയുകയാണ്. അവിടെനിന്ന് പറഞ്ഞാൽ ഇവിടന്നൊരാൾ മാറാൻ പോകുന്നില്ല, ഇവിടുന്നു പറഞ്ഞാൽ അവിടുന്ന് ഒരാൾ മാറാൻ പോകുന്നില്ല. വെറുതെ മനുഷ്യപ്രയത്നത്തിന്റെ വ്യഥാവിലുള്ള ദുർവ്യയം മാഷിനെപ്പോലെ ചെയ്യാൻ എനിക്ക് ആരോഗ്യമില്ല. ഹിറ്റ്ലർ, മുസോളിനി, ട്രോജോ, ശ്രീമതി സോണിയാ ഗാന്ധി, ശ്രീ. സുർജിത്, ശ്രീ. ആര്യാടൻ - ഇവരെപ്പറ്റിയൊക്കെ ഇനി വേറെ സമയമുള്ളപ്പോൾ പ്രതിപാദി ക്കാം. ഏതായാലും അതിനെ സംബന്ധിച്ച് പിന്നെ സംസാരിക്കാം. അതു കൊണ്ട് ഞാൻ ആ കാര്യത്തിലേയ്ക്ക് കടക്കുന്നില്ല. ഈ ബില്ലിന്റേതായി വന്ന കാര്യങ്ങൾക്കു മാത്രമേ ധനകാര്യ വകുപ്പുമന്ത്രി എന്നുള്ള നിലയ്ക്ക് ഞാൻ മറുപടി പറയുന്നുള്ളൂ. ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.എം. മാണി : സർ, സമയപരിധി നിർദ്ദേശിച്ചു എന്നു പറഞ്ഞു. ആ സമയപരിധി എന്നത്തേയ്ക്കാണെന്ന് പറയാമോ? സമയപരിധി നിശ്ചയിച്ചു എന്ന് ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നു.

ശ്രീ. ടി. ശിവദാസമേനോൻ : It must be done within a time frame work. കഴിയുന്നതുംവേഗം നമുക്ക് ചെയ്യാവുന്നതേയുള്ളൂ.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം.പി. വർഗ്ഗീസ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

1999-ലെ കേരള ധനകാര്യ ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

മി. സ്പീക്കർ : ഓർഡർ, ഓർഡർ ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1999 ജൂലൈ മാസം 15-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 3.50-ന് പിരിഞ്ഞു.)

അനുബന്ധം - 1

(താമസിച്ച് ലഭ്യമായ ഉത്തരങ്ങൾ)

(2599) റിസർവ് വനങ്ങളിലെ മരംവെട്ട്

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ദേവികുളം റേഞ്ചിലെ കാർഡമം ഹിൽ റിസർവ് വനത്തിൽനിന്നും വ്യാപകമായി മരംമുറിച്ച് കടത്തിക്കൊണ്ടുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാർഡമം ഹിൽ റിസർവ് വനത്തിലെ വിലപിടിപ്പുള്ള മരങ്ങൾ മുറിച്ചുകൊണ്ടുപോയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെപേരിൽ എന്തുനടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) പെർമിറ്റ് ആവശ്യമില്ലാത്ത മരങ്ങൾ മുറിച്ചുകൊണ്ടുപോകുന്നതിന്റെ മറവിൽ ലക്ഷക്കണക്കിന് രൂപയുടെ വിലപിടിപ്പുള്ള മരങ്ങൾ കടത്തിക്കൊണ്ടുപോയതായി അറിയുമോ;

(ഡി) ഇതു സംബന്ധിച്ച് ഫ്ളയിംഗ് സ്കാഡ് കേസ്സെടുത്തിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത മരങ്ങളുടെ മഹസ്സർ വില എത്രയാണ് കാണിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(എഫ്) ഇതേ കേസ്സിൽ മൂന്നാർ ഡി.എഫ്.ഒ. കേസ്സെടുത്തിട്ടുണ്ടോ;

(ജി) വ്യാപകമായ മരം കൊള്ളയ്ക്ക് കൂട്ടുനിന്നതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥൻമാരുടെ പേരിൽ കർശനമായ ശിക്ഷണ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

(സി) കഴിഞ്ഞ മൂന്ന് വർഷമായി പ്രസ്തുത കോർപ്പറേഷന്റെ പ്രവർത്തനത്തിനായി സർക്കാർ ചെലവഴിച്ച തുക എത്ര;

(ഡി) നാളികേര വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം; ഇതിലേയ്ക്കായി കൂടുതൽ തുക അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ കുറച്ചു കാലമായി പ്രവർത്തനരഹിതമാണ്.

(ബി) കോർപ്പറേഷന്റെ കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ ആഡിറ്റ് കഴിഞ്ഞിട്ടില്ല. എന്നാൽ പ്രവർത്തനമില്ലാത്തതിനാൽ നഷ്ടത്തിൽ തുടരുന്നു.

(സി) കഴിഞ്ഞ 3 വർഷമായി 9.05 കോടി രൂപ സർക്കാർ കോർപ്പറേഷന് നൽകി.

(ഡി) മുതൽമുടക്കിനേക്കാൾ അധികരിച്ച നഷ്ടം വരുത്തി കുറേക്കാലമായി പ്രവർത്തനരഹിതമായി കിടക്കുന്ന കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ പുനരുദ്ധരിക്കുന്നതു സംബന്ധിച്ച് പ്രസ്തുത സ്ഥാപനത്തിലെ സംഘടനാ പ്രതിനിധികൾ, മാനേജ്മെന്റ് എന്നിവരുമായി പല പ്രാവശ്യം സർക്കാർതലത്തിൽ ചർച്ച നടത്തി. ഇതുനുപുറമേ കോർപ്പറേഷനെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ പഠിച്ച് അതു പുനരുദ്ധരിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കേരഫെഡ് എം. ഡി. അദ്ധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന കമ്പനിയിൽ വീണ്ടും കുറേക്കൂടി മുതൽമുടക്കി ഇതേ രീതിയിൽ മുന്നോട്ടു കൊണ്ടുപോകുന്നത് ആശാസ്യമല്ലെന്ന് കമ്മിറ്റി കണ്ടെത്തുകയും കോർപ്പറേഷൻ പിരിച്ചുവിടുന്നതിന് സർക്കാരിനെ ഉപദേശിക്കുകയും ചെയ്തു. മേൽ നിർദ്ദേശം വിശദമായ പരിശോധനയ്ക്കും പഠനത്തിനും ശേഷം സർക്കാർ അംഗീകരിക്കുകയും കോർപ്പറേഷനിലെ ജീവനക്കാർക്ക് നിയമാനുസൃതമായ നഷ്ടപരിഹാരം നൽകി കമ്പനി ലിക്വിഡേറ്റ് ചെയ്യുന്നതിന് നടപടിയെടുക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വോളന്ററി റിട്ടയർമെന്റ് സ്കീം നടപ്പിലാക്കുന്നതിന് 433 ലക്ഷം രൂപ കോർപ്പറേഷന് സർക്കാർ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-II

TENTH KERALA LEGISLATIVE ASSEMBLY

BILL NO. 197

THE KERALA FINANCE BILL, 1999

A

BILL

to give effect to the financial proposals of the Government of Kerala for the financial year 1999-2000.

Preamble.- WHEREAS it is expedient to give effect to the financial proposals of the Government of Kerala for the financial year 1999-2000.

BE it enacted in the Fiftieth Year of the Republic of India as follows:

1. *Short title and commencement.*- (1) This Act may be called the Kerala Finance Act, 1999.

(2) It shall come into force on the Ist day of April, 1999.

2. *Amendment of Act II of 1957.*- In the Kerala Surcharge on Taxes Act, 1957 (11 of 1957), After section 3, the following section shall be inserted, namely.-

"4. *Penalty for illegal collection of surcharge.*- (1) If any person collects any sum by way of surcharge or purporting to be by way of surcharge in contravention of sub-section (2) of section 3, he shall be liable to pay penalty not exceeding five thousand rupees and any sum so collected by the person shall be liable to be forfeited to the Government by an order issued by the assessing authority after giving such person an opportunity to show cause why penalty or forfeiture shall not be ordered:

Provided that no penalty or forfeiture shall be ordered under this sub-section if the assessing authority is satisfied that the sum so collected has been returned to the person from whom it was collected.

(2) Where any sum is forfeited to the Government under sub-section (1), any person from whom the amount was collected in contravention of the provisions of sub-section (2) of section 3 may apply to the assessing authority for reimbursement of such sum and the amount shall be reimbursed to such person and the procedure prescribed for reimbursement of the tax forfeited under sub-section (1) of section 46A of the Kerala General Sales Tax Act, 1963 (Act 15 of 1963) shall mutantis mutandis apply to such reimbursement.

(3) No prosecution for an offence under sub-section (3) of section 3 shall be instituted in respect of the same facts on which a penalty has been imposed or forfeiture has been ordered under this section.

3. *Amendment of Act 15 of 1963.*- In the Kerala General Sales Tax Act, 1963 (15 of 1963).-

(1) In clause (c) of sub-section (3) of section 4, after the words "other than the Chairman", the words "or a Judicial Member" shall be inserted,

(2) In sub-section (2) of section 5, the words "sold in auction in the State" shall be omitted;

(3) In section 7-

(i) for clause (a) of sub-section (1) the following clause shall be substituted, namely:-

"(a) any dealer in gold or silver ornaments may, at his option instead of paying tax inaccordance with the provisions of that sub-section, pay tax at one hundred and twenty per cent of the tax payable by him as conceded in the return or accounts for the immediate preceding year and where any such dealer opens new branches the compounded tax payable by him in respect of each new branch for the first year shall be twentyfive percent of the compounded tax for the principal place of business:

LIBRARY ARCHIVES Kerala Legislative Assembly

Provided that where during the preceding year, the dealer had not transacted business for any period the tax payable for the whole year shall be calculated proportionately on the basis of the tax payable for the period during which such dealer had transacted business:

Provided further that where a dealer has paid tax under this clause for the preceding year, the compounded tax to be paid by him for the succeeding year shall be one hundred and twenty per cent of such tax paid or payable as per the return or accounts of the dealer for the preceding year calculated in accordance with the foregoing proviso:

Provided also that where during any month the actual tax payable for a month admitted as per the monthly return or accounts is more than the proportionate compounded tax payable by him under this clause, the excess tax shall be paid along with the monthly return and if the tax payable as per such return or accounts fall short of the proportionate compounded tax such proportionate compounded tax shall be deemed to be his actual tax liability.

(ii) in sub-section (7), after the words, "buildings, bridges, roads" the words "railway tracks, sea walls" shall be inserted.

(iii) after sub-section (7AAA), the following sub-section shall be inserted, namely:-

"(7AAAA) Notwithstanding anything contained in this Act any works contractor, who, being a dealer liable to get registered under section 13 or to file return and to pay tax in accordance with the provisions of this Act for any period prior to Ist day of April, 1999 has failed to do so, may file returns for the said period, pay tax under section 5 or under sub-section (7) or sub-section (7A) of this section, and apply for registration under section 13, as the case may be, before the 31st day of December, 1999. Upon filing of such returns, payment of tax and making of an application of registration, such works contractor shall not be liable for payment of registraton fee for the period upto 31st day of March, 1999 or to pay interests or penalties due, accrued or leviable under this Act in relation to the tax so paid.";

(4) in sub-section (i) of section 14, after the existing proviso, the following further proviso shall be inserted, namely:-

"Provided further that in the case of the casual trader, the minimum registration fee to be paid shall be one thousand rupees.";

(5) in section 17.-

(i) after sub-section (4A) the following sub-section shall be inserted, namely:-

"(4B) Notwithstanding anything to the contrary contained in the foregoing provisions of this section, in respect of works contracts the assessing authority may, on the application of the works contractor, complete the assessment in relation to such works contract for the period prior to Ist day of April, 1999, in one block and the provisions of this Act and the rules made

LIBRARY ARCHIVES Kerala Legislative Assembly

thereunder other than those relating to rate of tax, shall apply to such assessment as if it were an assessment for the year 1998-1999.":

(ii) for the second proviso to sub-section (6) the following proviso shall be substituted, namely:-

"Provided further that the assessment relating to the year 1994-1995 shall be completed on or before 31st March 2000.":

(6) in section 22, after sub-section (3) the following sub-section shall be inserted, namely.-

"(4) where any dealer fails to pay any tax collected by him under sub-section (1) to the Government, any person or persons responsible for such collection on behalf of the dealer including a Director, Manager, Secretary or other officers of a company shall be jointly and severally liable for payment of such amounts to the Government forthwith as if it were a tax due from him.

Explanation.- For the purposes of this section.-

(a) "Company" means any body corporate and includes a firm or other association of individuals, or a Co-operative society; and

(b) "Director" in relation to a firm, means as partner in the firm.":

(7) for section 23A, the following section shall be substituted, namely.-

"23A. *Reduction of interest in certain cases.*-(1) Notwithstanding anything contained in this Act or in any judgement, decree or order of any Court or tribunal, a dealer other than a company not being a small scale industrial unit or a works contractor referred to in sub-section (7AAAA) of section 7, who is in arrears to pay tax or other amount due under this Act for the period ending on the 31st day of March, 1997 shall be entitled to a reduction of sixty per cent of the amount of interest accrud on such tax or other amount under sub-section (3) of section 23:

Provided that the entire arrears of tax or other amount with the reduced interest under sub-section (2) shall be paid on or before the 30th day of September, 1999:

Provided further that the maximum interest payable after allowing the reduction mentioned above shall be limited to one hundred per cent of the principal amount of tax or any amount other than interest, outstanding on the Ist day of April, 1999.

(2) A dealer who opts for payment of the arrears under this section shall make an application to the assessing authority in writing on or before the 31st day of July, 1999.

(3) On receipt of the application, the assessing authority shall intimate the quantum of tax or other amount due under this Act and interest payable under sub-section (3) of section 23 as on the Ist day of April, 1999 and

LIBRARY ARCHIVES Kerala Legislative Assembly

the amount of interest payable after allowing the reduction of interest under this section.

(4) Where any appeal or revision is pending against any order or proceedings giving rise to any demand and a dealer has opted to avail himself of the benefit under this section in respect of such demand, such appeal or revision may be continued as if the dealer had not opted for the benefit under this section.

(5) Where the tax or other amount is reduced in appeal or revision, the tax or other amount and the interest thereon paid in excess shall be refunded to the dealer within three months from the date of receipt of the order in such appeal or revision by the assessing authority.";

(8) after section 26A, the following sections shall be inserted, namely:-

"26B. *Tax payable to be first charge on the property.*- Notwithstanding anything to the contary contained in any other law for the time being in force, any amount of tax, penalty, interest and any other amount, if any, payable by a dealer or any other person under this Act, shall be the first charge on the property of the dealer, or such person.

26C *Liability of Directors of a Private Company.*-Subject to the provisions of the Companies Act, 1956 (Central Act 1 of 1956) where any tax or other amount recoverable under this Act from any private company, whether existing or wound up or under liquidation, cannot be recovered for any reason whatsover, every person who was a director of such company at any time during the period for which the tax or other amount is due under this Act shall be jointly and severally liable for the payment of such tax or other amount.";

(9) in section 34.-

(i) in sub-section (1).-

(a) for the word, figures and Letter "section 19B" the words, figures and letters "section 19B, section 19C" and for the words, figure and letter "or section 30A", the words, figures and letters "or section 30A" or an order passed by a lower authority under section 43" shall respectively be substituted;

(b) before the existing provisos the following proviso shall be inserted, namely.-

"Provided that where the order to be appealed against involves only a question of law which has been settled by a decision of the High Court or the Supreme Court the appeal may be filed before the Appellate Tribunal.";

(c) in the existing provisos, for the words, "Provided that" and the words "Provided further that", the words "Provided further that" and the words "Provided also that" shall respectively be substituted.

(ii) in sub-section (2), for the words "rupees one hundred", the words "two hundred rupees" shall be substituted:

(10) in sub-section (2) of section 36, for the words, "rupees one hundred" the words, "two hundred rupees" shall be substituted;

LIBRARY ARCHIVES Kerala Legislative Assembly

(11). in sub-section (2) of section 38; for the words "rupees two hundred and fifty" the words "five hundred rupees" shall be substituted;

(12) in, section 39.-

(i) in sub-section (1). -

(a) for the words, "Any officer empowered by the Government in this behalf", the words, figures and brackets, "Any person objecting to an order referred to in the first proviso to sub-section (1) of section 34 or any officer empowered by the Government in this behalf" shall be substituted;

(b) the words, figures and brackets, "and any person objecting to an order passed by the Inspecting Assistant Commissioner under clause (c) or sub-section (4) of section 28" shall be omitted;

(ii) in sub-section (3) for the words, "rupees two hundred and fifty" the words "five hundred rupees" shall be substituted;

(13) in the First Schedule, -

(i) against serial number 21,

(a) in column (2) the words 'cloves, nutmeg and mace" shall be omitted;

(b) after item (b) in column (2) and the entries against it the following item and the entries against it, shall be inserted, namely:-

"(c) sold in auction At the point of sale in auction 5";

(ii) after serial No.32 and the entries against it, the following serial number and entries shall be inserted, namely.-

"32A. Cloves, nutmeg and mace

(a) Purchased within the State	At the point of first purchase in the State by a dealer who is liable to tax under section 5. -5
(b) brought from outside the State	At the point of first sale in the State by a dealer who is liable to tax under section 5 - 5:"

(iii) against serial number 35, in column (4), for the figure "3", the figure "6" shall be substituted;

(iv) against serial number 40, in column (4), for the figure "6", the figure "8" shall be substituted;

(v) after serial number 86, the following serial number and entries shall be inserted, namely.-

"86A. Motor coolant do. 15";

(vi) for serial number 87 and the entries against it, the following serial number and entries shall be substituted, namely.-

"87.	Non-alcoholic drinks whether bottled, canned or packed	do.	25

423/2010.

LIBRARY ARCHIVES Kerala Legislative Assembly

Explanation :- Powders, tablets, granules and concentrates used for the preparation of non-alcoholic drinks shall, whether or not they are bottled or canned, be liable to tax under this entry";

(vii) against serial number 97, in item (5A) in-column (2) the words "including Aviation Gasoline" shall be inserted at the end;

(viii)against serial number 104, for the words "Pressure Cooker" in column (2) the words "Pressure Cooker, non-stick cookware and utensils" shall be substituted;

(ix) after serial number 124 the following serial number and entries shall be inserted, namely-

"124A.	Squashes, sauces, aerated water, mineral water, beverages, Horlicks, Boost, Bournvita, Complan, Glucose-D, Glucovita and similar other items whether bottled, canned or packed.	do.	20

Explanation .- Powders, tablets, granules and concentrates used for the preparation of beverages shall, whether or not they are bottled or canned, be liable to tax under this entry";

(x) against serial number 127, in-column(2) the words, "including ball tamarind" shall be added at the end;

(14) in the Second Schedule, for serial number 5 and the entries against it, the following shall be substituted, namely.-

"5.	Coconut and copra		
	(a) Purchased within the State	At the point of last purchase in the State by a dealer who is liable to tax under section 5.	4
	(b) brought from outside the State	At the point of first sale in the State by a dealer who is liable to tax under section 5.	4;"

(15) in the Third Schedule, -

